


ബൈബിൾ തീർത്ഥാടനം 3

MAR LOUIS PUBLICATIONS

# ആദിചരിത്രം

## ഉത്പത്തി 1–11

ഡോ. മൈക്കിൾ കാരിമറ്റം



തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ഡോ. മൈക്കിൾ
കാരിമറ്റം

ബൈബിൾ തീർത്ഥാടനം 3

# ആദിചരിത്രം

ഇസ്രായേൽ ചരിത്രത്തിന്റെ ആമുഖമാണ് ഉൽപത്തി പുസ്തകം. ഇസ്രായേൽ ഒരു ജനതയെന്ന നിലയിൽ രൂപം പ്രാപിച്ചത് ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനവും സീനായ്മലയിലെ ഉടമ്പടിയും വഴിയായിരുന്നു. ഈജിപ്തിൽ നിന്നുള്ള മോചനം ആവശ്യമായി വന്ന സാഹചര്യമാണ് പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിലൂടെ ഉൽപത്തിപ്പുസ്തകത്തിന്റെ 2-ാം ഭാഗം അവതരിപ്പിക്കുന്നത്.

ദൈവത്തേയും പ്രപഞ്ചത്തേയും മനുഷ്യനേയും സംബന്ധിച്ച അടിസ്ഥാനപരമായ സത്യങ്ങൾ ഏറ്റം ലളിതമായ രൂപത്തിൽ ഈ പതിനൊന്നദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്നു. ആദാം മുതൽ അബ്രാഹംവരെ നീളുന്ന വംശാവലി പട്ടിക ഈ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളെ ഒരു ചരടിലെന്നപോലെ കോർത്തിണക്കിയിരിക്കുന്നു.

ISBN 978-81-939543-1-7

9 788193 954317

MAR LOUIS PUBLICATIONS

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം 1–2

# ആദിചരിത്രം

## ഉൽപത്തി 1–11

മൈക്കിൾ കാരിമറ്റം

BIBLE PILGRIMAGE - 1-2 genesis 1-11 (Malayalam)
Author: Michael Karimattam
Printed and Published by: The Department of bible Apostolate
P.B. 70, Tellichery 670 101
Printed at: DTP: Cauvery Creations, Calicut - 1
Printed at: Assissi Press Bharananganam, Phone: 048218 /487
First Published: September, 1992
Second Edition: January, 1994
Third Edition: December, 1995
Copyright: The Author
Price: Rs. 25.00

All Rights Reserved.
No part of this book may be reproduced in any manner
without the written permission of the author

## ഉള്ളടക്കം

പേജ്

**രണ്ടാം പതിപ്പിന് അവതാരിക**

**പ്രസ്താവന**

**മുഖവുര**

ബൈബിൾ ഒറ്റനോട്ടത്തിൽ - ദൈവനിവേശിത ഗ്രന്ഥം - കാനോനിക ഗ്രന്ഥങ്ങൾ - രചനാചരിത്രം - പഞ്ചഗ്രന്ഥത്തിനു പിന്നിലെ പാരമ്പര്യങ്ങൾ - ഈ പരമ്പരയെപ്പറ്റി - പഠനത്തിന് ഒരു മാർഗ്ഗരേഖ - പ്രത്യേക ശ്രദ്ധയ്ക്ക്.

**ആദിചരിത്രം**

**1. പ്രപഞ്ചസൃഷ്ടി (ഉൽപത്തി 1, 1-2, 4)**

പ്രപഞ്ചത്തിന്റെ ഉത്ഭവവും ഘടനയും :
ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും വീക്ഷണങ്ങൾ
പ്രപഞ്ചോൽപത്തി ബൈബിളിലും പുരാണേതിഹാസങ്ങളിലും

**2. മനുഷ്യനും പറുദീസായും 2, 5-25**

മനുഷ്യസൃഷ്ടി പുരാണോതിഹാസങ്ങളിൽ

**3. തിന്മയുടെ ഉദ്ഭവം 3, 1-24**

പറുദീസാ നഷ്ടം പുരാണേതിഹാസങ്ങളിൽ
ജീവന്റെ വൃക്ഷം - സർപ്പം - കെറൂബുകൾ
തീ ജ്വലിക്കുന്ന വാൾ

**4. തിന്മയുടെ വളർച്ച 4, 1-6, 4**

**5. ജലപ്രളയം 6, 5-9, 17**

പ്രളയം പുരാണേതിഹാസങ്ങളിൽ - ചരിത്രസംഭവം - പ്രളയത്തിന്റെ സന്ദേശം

**6. ജനതകളുടെ ഉദ്ഭവം**

**ഉപസംഹാരം**

**അനുബന്ധം - ഉദ്ഭവപാപം**

## രണ്ടാം പതിപ്പിന്
# അവതാരിക

ഉൽപത്തിമുതൽ വെളിപാടുവരെയുള്ള ബൈബിൾ ഗ്രന്ഥങ്ങളിലൂടെ ഏകദേശം എട്ടുവർഷം കൊണ്ടു പൂർത്തിയാക്കാവുന്ന ഒരു യാത്രയായിട്ടാണ് ബൈബിൾ തീർത്ഥാടനം എന്ന പഠന പരമ്പര വിഭാവനം ചെയ്തിരിക്കുന്നത്. 1993-ൽ ഉൽപത്തി, പുറപ്പാട് എന്നീ പുസ്തകങ്ങളെക്കുറിച്ചുള്ള പഠനം പൂർത്തിയാക്കാൻ ദൈവകൃപയാൽ ഞങ്ങൾക്കു കഴിഞ്ഞു. ബൈബിൾ വിജ്ഞാനീയത്തിൽ അവഗാഹമില്ലാത്ത സാധാരണക്കാരെ മുന്നിൽ കണ്ടു കൊണ്ടാണ് ഈ പരമ്പര തയ്യാറാക്കുന്നത്. സന്യസ്തർ, മതാദ്ധ്യാപകർ, പ്രാർത്ഥനാ ഗ്രൂപ്പുകൾ, യുവജന പഠനക്കളരികൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നു ലഭിച്ച പ്രോത്സാഹനം ഞങ്ങൾക്ക് വലിയ സന്തോഷവും ഉത്തേജനവും പ്രദാനം ചെയ്യുന്നു.

ഒരു വർഷത്തിനകം പതിനായിരം കോപ്പികൾ വിറ്റഴിഞ്ഞു എന്നത് ഇപ്രകാരമൊരു പഠന പരമ്പര കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നു തെളിയിക്കുന്നു. അനേകം വായനക്കാർ ഇക്കാര്യം ഞങ്ങളെ എഴുതിയറിയിച്ചതിനു നന്ദി പറയട്ടെ. ചില അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

''എനിക്ക് ഈ ബൈബിൾ പഠനം വളരെ ഇഷ്ടപ്പെട്ടു. ലളിതമായ ഭാഷ. വേഗം മനസിലാക്കാൻ കഴിയും. അതിലുമുപരി, പ്രാർത്ഥനയ്ക്ക് കൂടുതൽ ഉപകാരപ്രദം''.

സി. മോളി, സ്നേഹദീപം

''ബൈബിളിലെ സന്ദേശത്തെക്കുറിച്ച് വ്യക്തമായ അറിവു ലഭിക്കാനും, വളരെയേറെ സംശയങ്ങൾ ദൂരീകരിക്കാനും ഈ പുസ്തക പരമ്പര കേരളത്തിലെ സാമാന്യ ജനങ്ങൾക്ക് വളരെ സഹായകമാകും''.

സിസ്റ്റർ പെർഫെക്താ, സി.എം.സി., ഷൊർണൂർ.

''ബൈബിൾ ഇതിനുമുമ്പ് ഇത്ര സുന്ദരവും ലളിതവുമായി അവതരിപ്പിച്ചു കണ്ടിട്ടില്ല. വിശദവും സരളവുമായ പ്രതിപാദനം, ആത്മാർത്ഥത, സ്ഥിരോത്സാഹം, കഠിനാധ്വാനം, ആഴമേറിയ പഠനങ്ങൾ, സൂക്ഷ്മ





മായ നിരീക്ഷണങ്ങൾ എന്നീ വൈശിഷ്ട്യങ്ങൾ ഉടനീളം തെളിഞ്ഞു നില്ക്കുന്നു. അടിസ്ഥാനപ്രമാണങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് പാരമ്പര്യം, ചരിത്രം, ശാസ്ത്രം എന്നിവയുടെ പ്രാധാന്യം നിലനിർത്തിയിരിക്കുന്നു. സർവ്വോപരി, അത്ര ഭാഷാ ജ്ഞാനമില്ലാത്തവർക്കുപോലും ബൈബിൾ വിശദമായി മനസിലാക്കാൻ ഇതുവരെ പ്രസിദ്ധീകൃതമായ പുസ്തകങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്''.

കുരുവിള പാറേക്കാട്ടിൽ, മുണ്ടാജേ, കർണ്ണാടക

ആദ്യത്തെ രണ്ടു പുസ്തകങ്ങളുടെ പരിഷ്ക്കരിച്ച പതിപ്പാണ് ''ആദിചരിത്രം'' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം. വായനക്കാരുടെ അഭിപ്രായങ്ങളെ മാനിച്ച്, ആവശ്യമെന്നു തോന്നിയ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. പരിണാമസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ സൃഷ്ടി, ഉദ്ഭവപാപം എന്നിവയെ കുറിച്ച് ഉയരുന്ന ചോദ്യങ്ങൾക്ക് മറുപടി നല്കാൻ സഹായിക്കുന്ന ചില സൂചനകൾ പുതുതായി ചേർത്തിരിക്കുന്നു. ജീവിതയാത്രയിൽ ദൈവവചനം വഴിവിളക്കാകാൻ ഈ പഠന പരമ്പര സഹായിക്കും എന്ന പ്രതീക്ഷയോടെ ഈ രണ്ടാം പതിപ്പ് അനുവാചക സമക്ഷം സമർപ്പിക്കട്ടെ.

# പ്രസ്താവന

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി കേരളത്തിലെ കത്തോലിക്കരുടെ ഇടയിൽ ബൈബിളിനെക്കുറിച്ച് അഭൂതപൂർവ്വമായ താൽപര്യം പ്രകടമായിക്കൊണ്ടിരിക്കുന്നു. കരിസ്മാറ്റിക് നവീകരണധ്യാനങ്ങളും ബൈബിൾ കൺവൻഷനുകളും സുവിശേഷമഹോൽസവങ്ങളും ഈ താൽപര്യത്തിന് കാരണമായിട്ടുണ്ട്. "സുവിശേഷവൽക്കരണം രണ്ടായിരമാണ്ട്" എന്ന മുദ്രാവാക്യവുമായി ആഗോള കത്തോലിക്കാസഭ വചനപ്രഘോഷണരംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ബൈബിളിനോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ചില ബൈബിൾ വാക്യങ്ങൾ മാത്രമേ പലപ്പോഴും ധ്യാനങ്ങളിലും കൺവൻഷൻ പ്രസംഗങ്ങളിലും വ്യാഖ്യാനിക്കാറുള്ളൂ. ബൈബിൾ ആദ്യം മുതൽ അവസാനം വരെ വായിക്കാൻ ശ്രമിക്കുന്ന സാധാരണക്കാരെ ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളും അലട്ടുന്നു.

അമ്പത്തൊന്നു ചിത്രകഥകളിലൂടെ ബേബിൾ സന്ദേശം ലളിതവും ആകർഷകവുമായ രീതിയിൽ അവതരിപ്പിക്കാനുള്ള ശ്രമം കഴിഞ്ഞ ഏഴു വർഷം കൊണ്ട് പൂർത്തിയാക്കാൻ ദൈവകൃപയാൽ ഞങ്ങൾക്ക് സാധിച്ചു. 'വിശ്വാസത്തിന്റെ വേരുകൾ'', 'വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം' എന്നീ പുസ്തകങ്ങളിലൂടെ ബൈബിൾ സംബന്ധമായ ചില ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ, സാധാരണക്കാരുടെ ഇടയിൽ അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ബൈബിളിനോടുള്ള താൽപര്യം കൂടുതൽ വിശദവും ക്ഷമാപൂർണ്ണവുമായ പഠനങ്ങൾ അനിവാര്യമാക്കിത്തീർക്കുന്നു. ഈ സാഹചര്യത്തിലാണ് 'ബൈബിൾ തീർത്ഥാടനം' എന്ന പേരിൽ പുതിയ പരമ്പര ഞങ്ങൾ ആരംഭിക്കുന്നത്.

പരിശുദ്ധമായ ഒരു ലക്ഷ്യത്തിലേക്ക് നടത്തുന്ന യാത്രയാണ് തീർത്ഥാടനം. മനസ്സിനും ശരീരത്തിനും സൗഖ്യവും ശാന്തിയും പ്രതീക്ഷിച്ചാണ് മനുഷ്യർ തീർത്ഥാടനം നടത്തുന്നത്. ദൈവത്തിന്റെ ശക്തി പ്രത്യേകവിധം അനുഭവവേദ്യമായതും ഇന്നും അനുഭവവേദ്യമാകുന്നതുമായ സ്ഥലങ്ങളാണ് തീർത്ഥാടനകേന്ദ്രങ്ങൾ.

പ്രത്യേകമായ ഒരു സ്ഥലത്തേക്കുള്ള യാത്ര മാത്രമല്ല, മനുഷ്യജീവിതം തന്നെ ഒരു തീർത്ഥാടനമാണ് യഥാർത്ഥവും ശാശ്വതവുമായ സൗഖ്യവും ശാന്തിയും സന്തോഷവും തേടിയുള്ള തീർത്ഥാ





ടനം. ഒറ്റപ്പെട്ട വ്യക്തികൾ മാത്രമല്ല, മനുഷ്യസമൂഹവും പ്രപഞ്ചം മുഴുവനും നിരന്തരമായ ഒരു തീർത്ഥാടനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

മനുഷ്യൻ തനിച്ചല്ല ഈ തീർത്ഥാടനം നടത്തുന്നത്. അവനോടൊപ്പം ദൈവവും യാത്ര ചെയ്യുന്നു. ലക്ഷ്യം നിശ്ചയിച്ചതും ലക്ഷ്യത്തിലേക്കു നയിക്കുന്നതും ദൈവമത്രേ. മനുഷ്യനോടൊന്നിച്ചു ദൈവം നടത്തുന്ന തീർത്ഥാടനത്തിന്റെ ചരിത്രം കുറിച്ചിരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. അന്ധകാരാവൃതവും രൂപരഹിതവുമായിരുന്ന അവസ്ഥയിൽ നിന്ന് പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെടുത്തുന്നതുവരെയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ബൈബിൾ ദൈവവചനമാണ്.

വചനം എന്ന പദത്തിന് 'പറയുന്ന വാക്ക്' എന്നു മാത്രമല്ല, പ്രവൃത്തി, സംഭവം, പ്രക്രിയ എന്നൊക്കെ ബൈബിളിൽ അർത്ഥമുണ്ട്. വാക്കും പ്രവൃത്തിയും വഴി ദൈവം നൽകിയ സ്വയം വെളിപ്പെടുത്തലാണ് ദൈവവചനം. കഴിഞ്ഞ കാലത്തെ സംഭവങ്ങളുടെ വിവരണം മാത്രമല്ല ദൈവവചനമാകുന്ന ബൈബിൾ. അതിലൂടെ ദൈവം ഇന്നും സംസാരിക്കുന്നു, പ്രവർത്തിക്കുന്നു, സ്വയം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ ഈ സ്വയം വെളിപ്പെടുത്തൽ ഗ്രഹിക്കണമെങ്കിൽ ദൈവത്തോടൊപ്പം യാത്ര ചെയ്യാൻ തയ്യാറാകണം. അങ്ങനെ ബൈബിൾ ഒരു തീർത്ഥാടനമായി പരിണമിക്കുന്നു. ദൈവം നയിക്കുന്ന ലക്ഷ്യത്തിലേക്ക് അവിടുത്തോടൊന്നിച്ചു യാത്ര ചെയ്യാനുള്ള തീരുമാനത്തോടെ വേണം ബൈബിൾ വായിക്കാൻ. ദൈവവചനം പ്രകാശമാണ്. ഇരുളടഞ്ഞ ജീവിതയാത്രയിൽ അതു വഴി കാട്ടുന്നു. വചനം ജീവദായകമാണ്. മരണത്തിനും അപ്പുറത്ത്, പുനരുത്ഥാനത്തിന്റെയും നിത്യജീവിതത്തിന്റെയും മഹത്വത്തിലേക്ക് അതു നമ്മെ നയിക്കുന്നു. ഇരുവായ്ത്തല വാളിനേക്കാൾ മൂർച്ചയേറിയതാണ് ദൈവവചനം. അത് ഹൃദയപരിവർത്തനത്തിനും ജീവിതനവീകരണത്തിനും പ്രേരിപ്പിക്കുന്നു. വചനം ദൈവത്തിന്റെ ശക്തിയാണ്. തളർന്ന കാലുകളെയും തകർന്ന ഹൃദയങ്ങളെയും ബലപ്പെടുത്തി ദൈവരാജ്യത്തിലേക്കുള്ള തീർത്ഥാടനം പൂർത്തിയാക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു. വചനം ദൈവമാണ്. ബൈബിൾ വായിക്കുന്നവർ ദൈവത്തെ തേടുന്നു, ദൈവം അവർക്ക് സ്വയം വെളിപ്പെടുത്തും.

# മുഖവുര

അപരിചിതമായ ഒരു സ്ഥലത്തേക്ക് യാത്ര ചെയ്യുമ്പോൾ കടന്നു പോകേണ്ട വഴികളെക്കുറിച്ചും ചെന്നെത്തേണ്ട ലക്ഷ്യത്തെക്കുറിച്ചും ഒരു ഏകദേശരൂപമെങ്കിലും ഉണ്ടായിരിക്കുക ആവശ്യമാണ്. 'ബൈബിൾ തീർത്ഥാടനം' ഒരു പർവ്വതാരോഹണം പോലെയാണ്. തുടക്കത്തിൽ ചെറിയ കുന്നുകളും വളഞ്ഞ വഴികളുമായിരിക്കും കാണുക. കയറുന്തോറും പുതിയ പുതിയ ദൃശ്യങ്ങൾ ദൃഷ്ടിയിൽപ്പെടും. പർവ്വതമുകളിൽ എത്തുമ്പോൾ മാത്രമേ കടന്നുപോന്ന വഴികളും കയറി വന്ന കുന്നുകളും മലകളും മുഴുവനായി കാണാൻ കഴിയൂ. സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്ന, അഥവാ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്ന, നിത്യതയുടെ മുഹൂർത്തത്തിലേക്കു നയിക്കുന്ന ചിത്രമാണ് ബൈബിൾ അനാവരണം ചെയ്യുന്നത്. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതിന്റ്എ ചരിത്രമാണ് ബൈബിൾ.

## 1. ബൈബിൾ ഒറ്റ നോട്ടത്തിൽ

ആയിരത്തിൽപരം വർഷങ്ങൾകൊണ്ടു രൂപം പ്രാപിച്ച എഴുപത്തിമൂന്നു പുസ്തകങ്ങളടങ്ങുന്ന ഒരു സമാഹാരമാണ് ബൈബിൾ. അതിനെ പഴയ നിയമം എന്നും പുതിയ നിയമം എന്നും രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. പഴയ നിയമം യഹൂദരും ക്രൈസ്തവരും ഒരുപോലെ, എഴുതപ്പെട്ട ദൈവവചനമായി സ്വീകരിക്കുന്നു. 'നിയമം' എന്ന പേര് ബൈബിളിന്റ്എ ഉള്ളടക്കത്തെ പൂർണ്ണമായി പ്രകാശിപ്പിക്കുന്നില്ല. മനുഷ്യർ അനുവർത്തിക്കേണ്ട ജീവിത നിയമങ്ങൾ എന്ന സൂചന മാത്രമേ ഈ പേരു നൽകുന്നുള്ളൂ. ബൈബിളിൽത്തന്നെ കാണുന്ന 'ഉടമ്പടി' എന്ന പേരാണ് അർത്ഥം വ്യക്തമാക്കാനാ◌ കൂടുത്ല പര്യാപ്തം. സീനായ്മലയിൽ വച്ച് മോശ വഴി നൽകപ്പെട്ട ഉടമ്പടിയാണ് ആദ്യഭാഗത്തിന്റെ കേന്ദ്രം; യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട പുതിയ ഉടമ്പടി രണ്ടാം ഭാഗത്തിന്റെയും.





### *പഴയ നിയമം*

ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിന്റെ ചരിത്രമായിട്ടാണ് പഴയ നിയമം (46 പുസ്തകങ്ങൾ) പ്രത്യക്ഷപ്പെടുന്നത്. ഉൽപത്തി പുസ്തകം ആ ജനത്തിന്റെ ആരംഭവും പ്രപഞ്ചത്തിലും ലോകജനതകൾക്കിടയിലും അവർക്കുള്ള സ്ഥാനവും വിവരിക്കുന്നു. ഒരു പറ്റം അടിമകൾ ദൈവജനമായി തിരഞ്ഞെടുക്കപ്പെടുന്നതാണ് പുറപ്പാടു പുസ്തകത്തിന്റെ പ്രമേയം. ജീവിത വിശുദ്ധിയുടെ ആവശ്യകതയും ജനം ദൈവത്തിനർപ്പിക്കേണ്ട ആരാധനയുടെ പ്രത്യേകതകളും അതിന് ആവശ്യമായ നിയമങ്ങളും ലേവ്യർ പുസ്തകം പ്രതിപാദിക്കുന്നു. ജനത്തിന്റെ ഘടനയും മരുഭൂമിയിലൂടെയുള്ള അവരുടെ പ്രയാണവുമാണ് സംഖ്യാപുസ്തകത്തിൽ വിവരിക്കുന്നത്. ആ ജനത്തിന്റെ ജീവിതത്തെ നയിക്കേണ്ട സ്നേഹത്തിന്റെ ചൈതന്യത്തെ നിയമാവർത്തന പുസ്തകം വിശദീകരിക്കുന്നു. ഈ അഞ്ചു പുസ്തകങ്ങൾ പഞ്ചഗ്രന്ഥം എന്ന പേരിൽ അറിയപ്പെടുന്നു.

ദൈവരാജ്യത്തെ സംബന്ധിച്ച് അതിപ്രധാനമായൊരു പ്രമേയമാണ് വാഗ്ദത്തഭൂമി. ദൈവജനം വാഗ്ദത്തഭൂമി കരസ്ഥമാക്കുന്നതിന്റെ ചരിത്രം ജോഷ്വായുടെ പുസ്തകത്തിലും, തങ്ങൾക്കവകാശമായ ഭൂമി സ്വന്തമായ സൂക്ഷിക്കുവാൻ വേണ്ടി നടത്തുന്ന പോരാട്ടങ്ങൾ ന്യായാധിപന്മാരുടെ പുസ്തകത്തിലും വിവരിക്കുന്നു. അബ്രാഹത്തിൽ നിന്ന് ജനിച്ചവർ മാത്രമല്ല, ദൈവഹിതം അനുസരിക്കുന്ന എല്ലാവരും ദൈവരാജ്യത്തിലേക്ക് സ്വീകരിക്കപ്പെടുന്നു എന്ന് റൂത്തിന്റെ പുസ്തകം വ്യക്തമാക്കുന്നു. സാമുവേലിന്റെ രണ്ടു പുസ്തകങ്ങളിൽ ദൈവജനം രാജഭരണത്തിൻ കീഴിൽ വരുന്നതും, വിശ്വസ്തനായ ദാവീദിന്റെ കീഴിൽ ഇസ്രായേൽ ശക്തമായ ഒരു രാഷ്ട്രമായിത്തീരുന്നതും വിവരിക്കുന്നു. രാജാക്കന്മാരുടെ രണ്ടു പുസ്തകങ്ങൾ സോളമന്റെ കാലത്ത് മഹത്വത്തിന്റെ ഉച്ചകോടിയിൽ എത്തിയ ഇസ്രായേൽ ദൈവത്തിൽ നിന്നകലുന്നതും ക്രമേണ തകർന്ന്, രാജ്യം നഷ്ടപ്പെട്ട്, അടിമത്തത്തിൽ എത്തുന്നതും ചിത്രീകരിക്കുന്നു. ദാവീദിന്റെ ഭരണകാലത്താണ് മുഖ്യമായും ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്തകം വിവരിക്കുന്നത്. രണ്ടാം പുസ്തകമാകട്ടെ സോളമൻ മുതൽ പ്രവാസം വരെയുള്ള കാലത്തെ ചരിത്രം അവതരിപ്പിക്കുന്നു.

പ്രവാസത്തിൽ നിന്നു മടങ്ങിയെത്തിയ ജനം വീണ്ടും ദേവാലയം പണിയുകയും നിയമങ്ങൾ ക്രോഡീകരിച്ച് ദൈവജനത്തെ ദൈവഹിതാനുസാരം നയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിന്റെ ചരിത്രമാണ് എസ്രാ, നെഹെമിയാ എന്നീ ഗ്രന്ഥങ്ങളുടെ വിഷയം. നിയമത്തോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ് തോബിത്, യൂദിത്, എസ്തേർ എന്നീ ഗ്രന്ഥങ്ങൾ. ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ഒന്നാം പുകിതിയിൽ മതമർദ്ദനത്തിനെതിരേ ഇസ്രായേൽ ജനം നടത്തിയ ഐതിഹാസിമായ ചെറുത്തുനിൽപ്പിന്റെ ചരിത്രം മക്കബായരുടെ രണ്ടു പുസ്തകങ്ങൾ വിവരിക്കുന്നു. മേൽ വിവരിച്ച 21 പുസ്തകങ്ങൾ ചരിത്രഗ്രന്ഥങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

ജീവിതത്തെയും ജീവൽപ്രശ്നങ്ങളെയും കുറിച്ച് ദൈവജനത്തിനു ലഭിച്ച ഉൾക്കാഴ്ചകൾ അവതരിപ്പിക്കുന്ന ഏഴ് പുസ്തകങ്ങൾ ജ്ഞാനഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. "നീതിമാന്റെ സഹനം" എന്ന രഹസ്യമാണ് ജോബിന്റെ പ്രമേയം. ഇസ്രായേൽ ജനത്തിന്റെ ദൈവാനുഭവം ഏറ്റം പ്രകടമാകുന്ന പ്രാർത്ഥനകളാണ് സങ്കീർത്തനങ്ങൾ. തലമുറകളായി അനുഭവങ്ങളും വിചിന്തനങ്ങളും വഴി നേടിയെടുത്ത ജീവിതവീക്ഷണവും ഗുണപാഠങ്ങളുമാണ് സുക്ഷാഷിതങ്ങൾ. സഭാപ്രസംഗകൻ എന്ന ഗ്ഥമാകട്ടെ ജീവിതത്തിന്റെയും വ്യക്തമാക്കുന്നു. സ്ത്രീ-പുരുഷ സ്നേഹത്തിൽ പ്രതിഫലിക്കുന്ന ദൈവമനുഷ്യബന്ധത്തിന്റെ ഉദാത്തമായ കീർത്തനമാണ് ഉത്തമഗീതം. പ്രഭാഷകനും ജ്ഞാനവും ഐശ്വര്യപൂർണ്ണമായ ജീവിതത്തിനും വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

വാഗ്ദത്തഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാൻ തിരഞ്ഞെടുക്കപ്പെട്ട രാജാക്കന്മാർ സ്വാർത്ഥമതികളായ മർദ്ദകരായിത്തുടരുകയും ദൈവാരാധനയ്ക്കായി ജനത്തെ ഒരുക്കാൻ വിളിക്കപ്പെട്ട പുരോഹിതന്മാർ അവർക്ക് കൂട്ടു നില്ക്കുകയും ജനം ദൈവത്തിൽ നിന്ന് അകലുകയും ചെയ്തപ്പോൾ തന്റെ ഹിതം ശക്തവും വ്യക്തവുമായ ഭാഷയിൽ ജനത്തെ അറിയിക്കാനായി ദൈവം അയച്ചവരാണ് പ്രവാചകന്മാർ. ആമോസ് ദൈവത്തിന്റെ നീതിയും ഹോസിയ അവിടുത്തെ സ്നേഹവും പ്രഘോഷിച്ചുകൊണ്ട് വടക്കൻ രാജ്യമായ ഇസ്രായേലിനെ മാനസാന്തരത്തിനു ക്ഷണിച്ചു. അവരുടെ സ്വരത്തിന് കാതടച്ച രാജ്യം നശിപ്പിക്കപ്പെട്ടു. ഹോസിയായുടെ സമകാലീനരാണ് യൂദായിൽ പ്രസംഗിച്ച വിശുദ്ധിയുടുെ പ്രവാചകനായ ഏശയ്യായും നീതിയ്ക്കും കരുണയ്ക്കും വേണ്ടി ശബ്ദമുയർത്തിയ മിക്കായും. സുനിശ്ചിതമായ നാശത്തിലേക്കു നീങ്ങുന്ന ജനത്തെ ജറെമിയാ, സെഫാനിയാ, നാഹും, ഹബക്കൂക്ക്, ഒബാദിയാ എന്നീ പ്രവാചകന്മാർ മാനസാന്തരത്തിന് ആഹ്വാനം ചെയ്തു. ജറുസലെമിന്റെ പതനത്തിനും പ്രവാസത്തിനും തൊട്ടു മുമ്പാണ് ഇവർ അഞ്ചു പേരും യൂദായിൽ പ്രസംഗിച്ചത്. ജറുസലെമിന്റെ നാശത്തെക്കുറിച്ചുള്ള വിലാപവും അതിനു കാരണമായ പാപത്തെക്കുറിച്ചുള്ള അനുതാപവുമാണ് 'വിലാപങ്ങൾ'. ജറെമിയായുടെ ശിഷ്യനായ ബാറൂക്കിന്റെ പേരിലുള്ള പുസ്തകം പ്രവാസകാലത്തും അതിനു ശേഷവുമായി രചിക്കപ്പെട്ട അനുതാപപ്രാർത്ഥന, കൃതജ്ഞതാഗീതം, വിഗ്രഹാരാധനയുടെ മൌഢ്യം വ്യക്തമാക്കുന്ന വിചിന്തനങ്ങൾ മുതലായവയുടെ ഒരു സമാഹാരമാണ്.

പ്രവാസകാലത്ത് എസെക്കിയലും രണ്ടാം ഏശയ്യാ (ഏശ 40-55)യും ജനത്തിനു പ്രതീക്ഷ പകർന്നു. തിരിച്ചെത്തിയ ജനത്തെ ഉടമ്പടിയുടെ പ്രമാണമനുസരിച്ച് നീതിനിഷ്ഠവും വിശുദ്ധവുമായ ജീവിതം നയിക്കുന്നത് ഹാഗ്ഗായി, സഖറിയാ, മൂന്നാം ഏശയ്യ്ാ (ഏശ 56-66) ജോയേൽ, മലാക്കി എന്നിവർ ഉദ്ബോധിപ്പിച്ചു. നിയമപണ്ഡതന്മാരുടെ കീഴിൽ വീിടും സ്വാർത്ഥമതികളും ദേശീയവാദികളുമായിത്തീർന്ന ജനത്തെ ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തേയും സാർവ്വത്രിക രക്ഷാപദ്ധതിയേയും കുറിച്ചു ബോദ്ധ്യപ്പെടുത്തുന്നതാണ് യോനാ പ്രവാചകന്റെ പുസ്തകം. മതപീഡനങ്ങളിൽ മനം തകരാതെ വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ ദാനിയേൽ പ്രചോദനം നൽകുന്നു. ഈ പതിനെട്ടു പുസ്തകങ്ങൾ പ്രവാചകഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു.

### *പുതിയ നിയമം*

മനുഷ്യന് വഴിയും വഴികാട്ടിയും, ലക്ഷ്യവും നായകനുമായി ദൈവം തന്നെ മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങിവന്നതിന്റെ ചരിത്രമാണ് സുവിശേഷങ്ങൾ നാലും രേഖപ്പെടുത്തിയിരിക്കുന്നത്. യേശു

വിന്റെ ജനനം മുതൽ പുനരുത്ഥാനം വരെയുള്ള സംഭവങ്ങൾ ദൈവത്തിന്റെ അന്തിമവും പൂർണ്ണവുമായ സ്വയം വെളിപ്പെടുത്തലാണ്. യേശു സ്ഥാപിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്തലോകം മുഴുവൻ എത്തിക്കുന്നതിന്റെ ചരിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ വിവരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചവരുടെ സമൂഹങ്ങൾ നേരിട്ട വിവിധ പ്രതിസന്ധികളിൽ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി വി. പൗലോസ് എഴുതിയ കത്തുകളാണ് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പതിമൂന്ന് ലേഖനങ്ങൾ. യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തെ ഊന്നിപ്പറയുന്നതാണ് ഹെബ്രായർക്കെഴുതിയ ലേഖനം. ആഗോളസഭയെ മുന്നിൽ കണ്ടുകൊണ്ട് അപ്പസ്തോലന്മാരായ യാക്കോബ്, പത്രോസ്, യൂദാ, യോഹന്നാൻ എന്നിവർ എഴുതിയ ഏഴ് ലേഖനങ്ങൾ 'കാതോലിക ലേഖനങ്ങൾ' എന്നറിയപ്പെടുന്നു. പീഡനങ്ങളുടെ മദ്ധ്യേ നാഥനോടു വിശ്വസ്തമായി ഉറച്ചു നില്ക്കുന്ന സഭയെ വെളിപാട് പുസ്തകം വരച്ചുകാട്ടുന്നു. ദൈവം മനുഷ്യരുടെ മദ്ധ്യേ തന്റെ കൂടാരം ഉറപ്പിക്കുകയും സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ നവീകരിച്ച് പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെടുത്തുകയും ചെയ്യുന്നതോടെ ബൈബിൾ തീർത്ഥാടനം അതിന്റെ ലക്ഷ്യത്തിലെത്തുന്നു.

ഈ തീർത്ഥാടനത്തിലെ രണ്ടു താവളങ്ങളാണ് പുറപ്പാടു സംഭവവും യേശുവിന്റെ പെസഹായും. ഈജിപ്തിൽ നിന്നുള്ള മോചനവും സീനായ് ഉടമ്പടിയും വഴി ഇസ്രായേൽ ദൈവജനമായി രൂപപ്പെട്ടതാണ് പുറപ്പാട് സംഭവം. പഴയ നിയമത്തിന്റെ കേന്ദ്രമാണത്. അതിന്റെ വെളിച്ചത്തിലാണ് ദൈവജനം തങ്ങളുടെ പൂർവ്വചരിത്രത്തെ അനുസ്മരിച്ചതും പിന്നീടുള്ള സംഭവങ്ങളെ വിലയിരുത്തിയതും. ഈ വിമോചനവും ഉടമ്പടിയും വരാനിരുന്ന സമ്പൂർണ്ണ വിമോചനത്തിന്റെയും പുതിയ ഉടമ്പടിയുടെയും പ്രതീകവും മുന്നോടിയുമായിരുന്നു. യേശുവിന്റെ കുരിശുമരണവും ഉത്ഥാനവുമാണ് പെസഹാ. മാനവചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണത്. ആ സംഭവത്തിന്റെ ഒരുക്കവും വിശദീകരണവുമാണ് പുതിയ നിയമം. യേശുവിന്റെ പെസഹാരഹസ്യത്തിന്റെ വെളിച്ചത്തിലാണ് ദൈവത്തിന്റെ രക്ഷകരപദ്ധതി വ്യക്തമാകുന്നത്. ആ രഹസ്യത്തിൽ പങ്കു ചേരുകയാണ് ബൈബിൾ തീർത്ഥാടനത്തിന്റെ ലക്ഷ്യം.





## 2. ദൈവനിവേശിത ഗ്രന്ഥം

ദൈവത്തിന്റെ പ്രത്യേക പരിപാലനയും പ്രചോദനവും വഴി രചിക്കപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. മനുഷ്യരക്ഷയ്ക്കായി താൻ വെളിപ്പെടുത്തിയ കാര്യങ്ങൾ ഗ്രഹിക്കാനും അവ പൂർണ്ണമായും തെറ്റുകൂടാതെയും എഴുതിവയ്ക്കാനും ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുത്ത്, അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ഉത്തേജിപ്പിക്കുകയും ചെയ്തു. ദൈവാത്മാവിന്റെ ഈ പ്രവർത്തനത്തെ ദൈവനിവേശനം എന്നും, ഇപ്രകാരം പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴുതപ്പെട്ടതുകൊണ്ട് ബൈബിളിനെ ദൈവനിവേശിത ഗ്രന്ഥം എന്നും വിളിക്കുന്നു. ആത്യന്തികമായ അർത്ഥത്തിൽ ദൈവം തന്നെയാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ്. അതിനാൽ ബൈബിൾ ദൈവവചനമാണ് (2 തിമോ 3. 16-17).

"ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ, വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിലുള്ളതല്ല. എന്തുകൊണ്ടെന്നാൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപംകൊണ്ടതല്ല. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്" (2 പത്രോ, 1, 20-21).

## 3. കാനോനിക ഗ്രന്ഥങ്ങൾ

ദൈവനിവേശിതവും ബൈബിളിന്റെ ഭാഗവും എന്ന് സഭ ഔദ്യോഗികമായി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ കാനോനിക ഗ്രന്ഥങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. പഴയ നിയമം അധിക പങ്കും ഹെബ്രായ ഭാഷയിലാണ് എഴുതപ്പെട്ടത്. ചില പുസ്തകങ്ങൾ അരമായ ഭാഷയിലും മറ്റു ചിലത് ഗ്രീക്കു ഭാഷയിലും. ചില പുസ്തകങ്ങളുടെ ഗ്രീക്കു വിവർത്തനം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇവയിൽ ഹീബ്രുബാഷയിൽ എഴുതപ്പെട്ട പുസ്തകങ്ങൾ മാത്രമേ യഹൂദരും അവരെ അനുകരിച്ച് പ്രോട്ടസ്റ്റന്റ് സഭകളും ബൈബിളായി അംഗീകരിക്കുന്നുള്ളൂ. ഇവയ്ക്കു പുറമെ ഗ്രീക്കുഭാഷയിൽ മാത്രം ലഭ്യമായ ഏഴ് പുസ്തകങ്ങൾ കൂടി കത്തോലിക്കാസഭ ബൈബിളിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. പിന്നീട് അംഗീ

കരിക്കപ്പെട്ടവ എന്ന അർത്ഥത്തിൽ ഇവയെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Deutero Canonical books) എന്നു വിളിക്കുന്നു. ജ്ഞാനം, പ്രഭാഷകൻ, ഭാരൂക്, തോബിത്, യൂദിത്. 1, 2 മക്കബായർ എന്നിവയാണ് ഉത്തരകാനോനികഗ്രന്ഥങ്ങൾ. ഇവയ്ക്കു പുറമെ എസ്തേർ 10, 4-16, 24 ദാനിയേലിന്റെ പുസ്തകം മൂന്നാം അദ്ധ്യായം 22ഉം 24ഉം വാക്യങ്ങൾക്ക് മദ്ധ്യേ ചേർത്തിരിക്കുന്ന പ്രാർത്ഥനയും കീർത്തനവും, ദാനി 13 (സൂസന്ന), ദാനി 14 (ബേലും വ്യാളവും) എന്നീ ഭാഗങ്ങളും ഉത്തരകാനോനികഗ്രന്ഥങ്ങളിൽപ്പെടുത്തുന്നു. മറ്റു ഗ്രന്ഥങ്ങൾ പൂർവ്വകാനോനികഗ്രന്ഥങ്ങൾ (Proto canonica books) എന്നും അറിയപ്പെടുന്നു.

ഇങ്ങിനെ പ്രോട്ടസ്റ്റന്റ് ബൈബിളിൽ 39ഉം കത്തോലിക്കാ ബൈബിളിൽ 46ഉം പുസ്തകങ്ങളാണ് പഴയ നിയമത്തിലുള്ളത്. പുതിയ നിയമത്തെ സംബന്ധിച്ച് ഇപ്രകാരമൊരു വ്യത്യാസമില്ല. എല്ലാ സഭകളും 27 പുസ്തകങ്ങളെയും ബൈബിളിന്റെ ഭാഗമായി അംഗീകരിക്കുന്നു.

## 4. രചനാചരിത്രം

ബൈബിളിന്റെ ഗ്രന്ഥകർത്താവ് ദൈവം തന്നെയാണെങ്കിലും തിരഞ്ഞെടുക്കപ്പെട്ട മനുഷ്യ വ്യക്തികളിലൂടെയാണ് അതിന്റെ രചന നിർവ്വഹിക്കപ്പെട്ടത്. ബൈബിളിലെ 73 ഗ്രന്ഥങ്ങളഇൽ അധികപങ്കും ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിലുള്ള അന്തിമരൂപത്തിൽ എത്തിച്ചേർന്നതിനു പിന്നിൽ സുദീർഘമായൊരു രചനാ ചരിത്രമുണ്ട്.

പഴയ നിയമത്തിൽ ചരിത്രപരമായ 21ഉം പ്രവചനപരമായ 18ഉം പ്രബോധനപരമായ 7ഉം പുസ്തകങ്ങളാണുള്ളത്. ചരിത്രപരമായ പുസ്തകങ്ങളിൽ അധികപങ്കും അവ വിവരിക്കുന്ന സംഭവങ്ങൾ കഴിഞ്ഞ് നൂറ്റാണ്ടുകൾക്കു ശേഷമാണ് ഇന്നത്തെ രൂപത്തിൽ പുസ്തകങ്ങളായി എഴുതപ്പെട്ടത്. അതുവരെ വാചികവും ലിഖിതവുമായ പാരമ്പര്യങ്ങളായി അവ കാത്തുസൂക്ഷിക്കപ്പെട്ടു പോന്നു. മുഖ്യമായും ആരാധനാകേന്ദ്രങ്ങളിലായിരുന്നു ഈ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിച്ചിരുന്നത്. പ്രവാചകന്മാർ പൊതുവേ എഴുത്തുകാരായിരുന്നില്ല. അവർ പറഞ്ഞ കാര്യങ്ങൾ അവരുടെ ശിഷ്യസമൂഹങ്ങളാണ് രേഖപ്പെടുത്തിയത്. പ്രബോധനപരമായ ഗ്രന്ഥങ്ങളിൽ അധികപങ്കും നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട ജ്ഞാനസൂക്തങ്ങളാണ്. സങ്കീർത്തന





ങ്ങളാകട്ടെ, ഇസ്രായേലിന്റെ ചരിത്രത്തോടൊത്തു വളർന്നുവന്നു. അവയിൽ ചിലത് ദാവീദിനും മുമ്പേ ഉള്ളവയാണ്, ചിലത് പ്രവാസത്തിനു ശേഷം രചിക്കപ്പെട്ടവയും. മറ്റു ബൈബിൾ ഗ്രന്ഥങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണ്ണമായ പഞ്ചഗ്രന്ഥത്തിന്റെ രചനാചരിത്രം. അതിൽ ഉൾച്ചേർന്നിരിക്കുന്ന വിവിധ പാരമ്പര്യങ്ങളെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും ഉണ്ടായിരിക്കുന്നത് അർത്ഥം ഗ്രഹിക്കാൻ അനിവാര്യമത്രേ.

## 5. പഞ്ചഗ്രന്ഥത്തിനു പിന്നിലെ പാരമ്പര്യങ്ങൾ

ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ പഞ്ചഗ്രന്ഥം എന്ന പേരിൽ അറിയപ്പെടുന്നു. യഹൂദർ ഇവയെ തോറാ അഥവാ നിയമം എന്നു വിളിക്കുന്നു. മോശയുടെ പുസ്തകം എന്ന പേരിലും പഞ്ചഗ്രന്ഥം അറിയപ്പെടാറുണ്ട്. പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ നാലു പുസ്തകങ്ങളിലെയും മുഖ്യ കഥാപാത്രമായ മോശ തന്നെയാണ് പഞ്ചഗ്രന്ഥം മുഴുവൻ രചിച്ചതെന്ന് ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. എന്നാൽ കഴിഞ്ഞ മൂന്നു നൂറ്റാണ്ടു കാലത്തെ നിരന്തരമായ ഗവേഷണങ്ങളുടെ ഫലമായി പഞ്ചഗ്രന്ഥത്തിനു പിന്നിൽ നാലു വ്യത്യസ്ത പാരമ്പര്യങ്ങളുണ്ടെന്ന് ബൈബിൾ പഠിതാക്കൾ കണ്ടെത്തി. ഈ പാരമ്പര്യങ്ങളോരൊന്നും മുമ്പുണ്ടായിരുന്ന വാചികപാരമ്പര്യങ്ങളെ ആസ്പദമാക്കിയാണ് എഴുതപ്പെട്ടത്. ഇവ ഓരോന്നിന്റെയും രചനയിൽ ഒന്നിലധികം പേർ പങ്കു ചേർന്നിട്ടുണ്ടായിരിക്കണം.

### *a. യാഹ്‌വിസ്റ്റ് പാരമ്പര്യം (Yahwist - J)*

നാലു പാരമ്പര്യങ്ങളിൽ ആദ്യത്തേത് യാഹ്‌വിസ്റ്റ് എന്നപേരിൽ അറിയപ്പെടുന്നു. ദൈവനാമമായി 'യാഹ്‌വേ' എന്ന പേരുപയോഗിക്കുന്നതിനാലാണ് ഇത് ഈ പേരിൽ അറിയപ്പെടുന്നത്. ജർമ്മൻ ബൈബിൾ പണ്ഡിതന്മാരാണ് ഈ സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത്. അതിനാൽ ജർമ്മൻഭാഷയിൽ യാഹ്‌വേ (Jahweh) എന്ന പേരിന്റെ ആദ്യ അക്ഷരമായ J ഈ പാരമ്പര്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. മനുഷ്യസൃഷ്ടി മുതൽ മോശയുടെ മരണം വരെയുള്ള സംഭവപരമ്പരകൾ ഈ രചനയിൽ പ്രതിപാദിക്കപ്പെടുന്നു. എന്നാൽ മുഖ്യമായും ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തക

ങ്ങളിലാണ് ഈ രചനയുടെ ഭാഗങ്ങൾ കാണപ്പെടുന്നത്. ഭാഷാശൈലിയും ദൈവശാസ്ത്രപരവുമായ കാഴ്ചപ്പാടും ഊന്നൽ നല്കുന്ന പ്രമേയങ്ങളും കണക്കിൽ എടുത്തുകൊണ്ട്, ദാവീദന്റെയും സോളമന്റെയും ഭരണകാലത്ത്, ജറുസലെമിൽ വച്ചായിരിക്കണം യാഹ് വിസറ്റ് പാരമ്പര്യം എഴുതപ്പെട്ടത് എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു. മനുഷ്യനോട് അടുത്തു നില്ക്കുകയും അവനുമായി സംഭാഷണത്തിലേർപ്പെടുകയും ചെയ്യുന്ന ദൈവമാണ് യാഹ് വിസ്റ്റ് രചനയിലെ ദൈവം. പൂർവ്വപിതാക്കന്മാർക്കു നല്കിയ വാഗ്ദാനവും അവരുടെ പൂർത്തീകരണവും Jയുടെ മുഖ്യപ്രമേയമാണ് യൂദാഗോത്രത്തിന് J വലിയ പ്രാധാന്യം നല്കുന്നുണ്ട്. അബ്രാഹത്തിനു നല്കിയ വാഗ്ദാനം ഒരു പരിധിവരെ ദാവീദിൽ പൂർത്തിയായതായി J കരുതിയിട്ടുണ്ടാവണം.

### *b. ഏലോഹിസ്റ്റ് പാരമ്പര്യം (Dlohist - E)*

ദൈവത്തെ സൂചിപ്പിക്കാൻ 'ഏലോഹിം' എന്ന പേരുപയോഗിക്കുന്നതിനാൽ ഇതിനെ ഏലോഹിസ്റ്റ് പാരമ്പര്യം എന്നു വിളിക്കുന്നു. E എന്ന് ഹ്രസ്വരൂപം. അബ്രാഹത്തിന്റെ വിളി മുതൽ ആരംഭിക്കുന്ന E യുടെ വിവരണം Jയുടേതുപോലെ തന്നെ ഉൽപത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളിലാണുള്ളത്. യൂദാഗോത്രത്തെക്കാൾ റൂബെൻ, ജോസഫ് (എഫ്രേം, മനാസ്സെ) ഗോത്രങ്ങൾക്കും, വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെക്കാൾ മോശയിലൂടെ നൽകിയ ഉടമ്പടിക്കും പ്രാധാനംയ നൽകുന്നു. വടക്കന്ഡ രാജ്യമായ ഇസ്രായേലിലെ പ്രമുഖ ആരാധനാ കേന്ദ്രമായ ഷെക്കെമിൽ വച്ച് ജെറൊബൊവാം രണ്ടാമൻ രാജാവിന്റെ കാലത്തായിരിക്കണം (ബി.സി. 783-743) ഇതു വിരചിതമായത്.

രാജാക്കന്മാരുടെ ദുർവൃത്തികളും നാട്ടിൽ നടമാടിയ വിഗ്രഹാരാധനയും അവയ്ക്കെതിരായി ഏലിയാ, ആമോസ് മുതലായ പ്രവാചകൻമാർ നടത്തിയ വിമർശനങ്ങളും Eയുടെ രചനയെ സ്വാധീനിച്ചിട്ടുണ്ട്. പരമപരിശുദ്ധനും സൃഷ്ടികളിൽ നിന്ന് അനന്തമായി ഉയർന്നു നിൽക്കുന്നവനുമാണ് Eയുടെ വിവരണങ്ങളിലെ ദൈവം. അവിടുന്ന് സ്വപ്നങ്ങൾ വഴിയും മാലാഖമാർ വഴിയുമാണ് മനുഷ്യരോട് സംസാരിക്കുന്നത്. സമറിയായുടെ പതനത്തിനുശേഷം ഈ





രേഖ ജറുസലെമിൽ കൊണ്ടുവന്ന് Jയുമായി സംയോജിപ്പിച്ചു എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു.

### *c. നിയമാവർത്തനപാരമ്പര്യം (Deuteronomist - D)*

സീനായ് മലയിൽ വെച്ച് നൽകിയ നിയമങ്ങൾ മോശ വീണ്ടും ഒരിക്കൽ കൂടി ആവർത്തിച്ച് ജനങ്ങളെ അനുസ്മരിപ്പിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് നിയമാവർത്തന പുസ്തകം. ഇതിന്റെ പിന്നിലുള്ള രചനയെ നിയമാവർത്തനപാരമ്പര്യം എന്നു വിളിക്കുന്നു. (ഹ്രസ്വരൂപം D). ബി.സി. 721-ൽ വടക്കൻ രാജ്യമായ ഇസ്രായേലിനെ അസീറിയാ ആക്രമിച്ചു നശിപ്പിച്ചു. ഈ നാശത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ആരായുകയും ചെയ്ത പുരോഹിതന്മാരുടെയും പ്രവാചകന്മാരുടെയും ഒരു ഗണമാണ് നിയമാവർത്തന പാരമ്പര്യത്തിനു രൂപം നൽകിയത്. ഇതും ഷെക്കെമിൽവച്ചുതന്നെ എഴുതപ്പെട്ടിരിക്കണം. ദൈവസ്നേഹത്തിന്റെ പ്രവാചകനായ ഹോസിയായുടെ പ്രസംഗങ്ങളുടെ സ്വാധീനം ഈ രേഖയിൽ ദൃശ്യമാണ്.

ജനത്തെ അചഞ്ചലമായി സ്നേഹിക്കുകയും സൗജന്യമായി തിരഞ്ഞെടുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് D വരച്ചുകാട്ടുന്നത്. ദീർഘമായ ഉപദേശത്തിന്റെ ശൈലിയാണ് D യുടേത്. നിയമത്തിന്റെ ആന്തരികതയ്ക്കും സ്നേഹത്തിന്റെ പ്രമാണത്തിനും ഇത് ഊന്നൽ നൽകുന്നു. നിയമാവർത്തന പുസ്തകം മിക്കവാറും മുഴുവനായും D യുടെ രചനയാണ്.

### *d. പുരോഹിത പാരമ്പര്യം (Priestly - P)*

പുരോഹിതന്മാർക്കു പ്രത്യേക താൽപര്യമുള്ള വിഷയങ്ങളായ ബലിയർപ്പണം, തിരുനാളുകൾ, അവയുമായി ബന്ധപ്പെട്ട നിയമങ്ങൾ, വംശാവലികൾ മുതലായവയ്ക്ക് പ്രാധാന്യം നൽകുന്ന നാലാമത്തെ രേഖ പുരോഹിത പാരമ്പര്യം എന്നറിയപ്പെടുന്നു. ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ചരിത്രത്തെ വീമ്ടു ംഅപഗ്രഥിച്ച പുരോഹിതന്മാരുടെ ഒരു ഗണമാണ് ഈ രചന നിർവ്വഹിച്ചത്. ബി. സി. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ജറുസലെമിൽ വച്ച ഈ രചന പൂർത്തിയായി. "യാഹ്‌വേ" എന്ന പേര് മോശയ്ക്കു വെളിപ്പെടുത്തുന്നതുവരെ "ഏലോഹിം" എന്ന പേരാണ്

ദൈവത്തെ സൂചിപ്പിക്കാന്‍ ഈ രേഖ ഉപയോഗിക്കുന്നത്. ഇത് ദൈവത്തിന്റെ വിശുദ്ധിക്കു വലിയ ഊന്നല്‍ നല്‍കുന്നു. ദൈവജനം തങ്ങളെത്തന്നെ വിശുദ്ധമായി കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള നിയമങ്ങളും എടുത്തുകാട്ടുന്നു. ലേവ്യരുടെ പുസ്തകം മുഴുവന്‍ Pയുടേതാണ്. അതിനു പുറമെ ഉല്പത്തി, പുറപ്പാട്, സംഖ്യ എന്നീ പുസ്തകങ്ങളിലും Pയുടെ ഭാഗങ്ങള്‍ കാണാം.

ബി. സി. അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ, എസ്രായുടെ കാലത്തായിരിക്കണം ഈ നാലു രേഖകളും സംയോജിപ്പിച്ച് പഞ്ചഗ്രന്ഥം ഇന്നത്തെ അവസ്ഥയില്‍ അന്തിമമായി പ്രസാധനം ചെയ്തത്. ഈ പാരമ്പര്യങ്ങള്‍ ഓരോന്നിന്റെയും സവിശേഷതകള്‍ അതതിന്റെ ഭാഗങ്ങള്‍ പഠനവിഷയമാക്കുമ്പോള്‍ കൂടുതല്‍ വ്യക്തമാക്കുന്നതാണ്. (ഇവയെപ്പറ്റി വിശദമായി പഠിക്കാന്‍ ആഗ്രഹിക്കുന്നവര്‍ ഞങ്ങള്‍ പ്രസിദ്ധീകരിച്ചിട്ടുള്ള 'പഞ്ചഗ്രന്ഥം ഒരാമുഖം' എന്ന പുസ്തകം വായിക്കുക).

നൂറ്റാണ്ടുകളിലൂടെ അനേകം വ്യക്തികളുടെ പ്രയത്നഫലമായാണ് ബൈബിള്‍ എഴുതപ്പെട്ടത് എന്ന നിഗമനം അവ ദൈവനിവേശിതഗ്രന്ഥങ്ങളാണ് എന്ന വിശ്വാസത്തിനു വിരുദ്ധമല്ല. ഈ പ്രക്രിയയിലുടനീളം ദൈവത്തിന്റെ പരിപാലനയും പ്രചോദനവും ഉണ്ടായിരുന്നു. എന്നാല്‍ ഇന്നു ലഭിച്ചിരിക്കുന്ന ഗ്രന്ഥങ്ങള്‍ക്കു പിന്നിലുണ്ട് എന്ന് ബൈബിള്‍ പണ്ഡിതന്‍മാര്‍ അനുമാനിക്കുന്ന പാരമ്പര്യങ്ങളല്ല, അന്തിമമായി പ്രസാധനം ചെയ്തതും നമുക്കു ലഭിച്ചിരിക്കുന്നതുമായ ബൈബിള്‍ ഗ്രന്ഥങ്ങള്‍ മാത്രമാണ് ദൈവനിവേശിതമായി സഭ അംഗീകരിക്കുന്നത്. പാരമ്പര്യങ്ങളെക്കുറിച്ചുള്ള പഠനം പുസ്തകങ്ങളിലെ സന്ദേശം ഗ്രഹിക്കാന്‍ ഉപകരിക്കുന്നിടത്തോളം മാത്രമേ പ്രസക്തമാകുന്നുള്ളൂ.

## 6. ഈ പരമ്പരയെപ്പറ്റി

ആഴ്ചയില്‍ ഒരു മണിക്കൂര്‍ വീതം ബൈബിള്‍ പഠനത്തിനായി മാറ്റി വയ്ക്കുന്നവര്‍ക്ക് എട്ടു വര്‍ഷം കൊണ്ട് ഉല്‍പത്തി മുതല്‍ വെളിപാടുവരെയുള്ള തീര്‍ത്ഥാടനം പൂര്‍ത്തിയാക്കാന്‍ കഴിയു്ന വിധത്തില്‍ ഈ പഠന പരമ്പര സംവിധാനം ചെയ്തിരിക്കുന്നു. ആധുനിക ബൈബിള്‍ പഠനങ്ങള്‍ സംശയരഹിതമായി സ്ഥാപിച്ചിട്ടുള്ള നിഗ





മനങ്ങള്‍ കണക്കിലെടുത്തുകൊണ്ടാണ് പാഠങ്ങള്‍ അവതരിപ്പിക്കുന്നത്. ശാസ്ത്രീയ പഠനത്തിനു മുമ്പുള്ള ചില തെറ്റായ വിശ്വാസങ്ങള്‍ തിരുത്തിക്കുറിക്കാന്‍ ഇത് പ്രേരിപ്പച്ചെന്നു വരാം.

വ്യക്തികള്‍ക്കു തനിച്ചോ, പഠന-പ്രാര്‍ത്ഥനാ ഗ്രൂപ്പുകളിലോ, പഠിക്കാന്‍ കഴിയുന്ന വിധത്തിലാണ് പാഠങ്ങള്‍ തയ്യാറാക്കുന്നത്. ദൈവവചനം ജീവിതയാത്രിയല്‍ വഴിവിളക്കാകാന്‍ സഹായിക്കുകയാണ് ഈ പഠനപരിപാടിയുടെ ലക്ഷ്യം. ഓരോ പാഠത്തിന്റെയും അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങള്‍ വ്യക്തിപരമായ വിചിന്തനത്തിനും കൂട്ടായ ചര്‍ച്ചയ്ക്കും ഉപകരിക്കും. പ്രതിവര്‍ഷം ആറു വീതം ഏകദേശം 50 പുസ്തകങ്ങളാണ് ഈ പരമ്പരയില്‍ വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടായിരമാണ്ടാകുമ്പോഴേക്ക് ഈ പരമ്പര പൂര്‍ത്തിയാക്കാന്‍ കഴിയും എന്നു പ്രതീക്ഷിക്കുന്നു.

ബൈബിളിനു സമഗ്രമായൊരു വ്യാഖ്യാനമായിട്ടല്ല ഈ പരമ്പര ഉദ്ദേശിക്കുന്നത്. രക്ഷാചരിത്രത്തിന്റെ പ്രധാന ഘട്ടങ്ങള്‍ക്ക് ഊന്നല്‍ നല്കിക്കൊണ്ടുള്ള ഒരു തീര്‍ത്ഥാടനമാണിത്. മനസ്സിലാക്കാന്‍ പ്രയാസമുള്ള ഭാഗങ്ങള്‍ക്കു മാത്രമേ വിശദീകരണം നല്കുന്നുള്ളൂ. ഈ പാഠങ്ങളിലെ വിശദീകരണം വായിക്കുന്നതിനു മുമ്പേ, പഠനവിഷയമായ ബൈബിള്‍ ഭാഗം ശ്രദ്ധാപൂര്‍വ്വം വായിക്കേണ്ടതാണ്.

## 7. പഠനത്തിന് ഒരു മാര്‍ഗ്ഗരേഖ

### ഗ്രൂപ്പുകളില്‍ ഉപയോഗിക്കുമ്പോള്‍:

ഗ്രൂപ്പുകളില്‍ ഈ പരമ്പര പഠനവിഷയമാക്കുന്നവര്‍, ഗ്രൂപ്പില്‍ വരുന്നതിനു മുമ്പേ ബൈബിള്‍ ഭാഗവും പാഠവും വായിച്ചിരിക്കണം. ഗ്രൂപ്പുകളില്‍ താഴെ കൊടുത്തിരിക്കുന്ന പഠനക്രമം സ്വീകരിക്കാവുന്നതാണ്. ഗ്രൂപ്പിന് പൊതുവായി ഒരു ലീഡര്‍ ഉണ്ടായിരിക്കണം. ആഴ്ചയില്‍ ഏതെങ്കിലും ഒരു ദിവസം, നിശ്ചിത സമയത്ത് പതിവായി സമ്മേളിക്കുന്നത് നന്നായിരിക്കും. ഓരോ സമ്മേളനവും നയിക്കാന്‍ ഒരാളെ മുന്‍കൂട്ടി നിശ്ചയിക്കുന്നത് ഉപകാരപ്രദമാണ്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങള്‍ക്കും നേതൃത്വത്തിലേക്കു വളരാനും അംഗങ്ങള്‍ക്കിടയിലുള്ള തുല്യതയും കൂട്ടായ്മയും വളര്‍ത്താനും ഇതു സഹായിക്കും.

### 1. ആമുഖപ്രാർത്ഥന:

ദൈവസാന്നിധ്യം സ്മരിക്കുകയും യേശുക്രിസ്തുവിനെ സമ്മേളനത്തിന്റെ നായകനായി ക്ഷണിക്കുകയും ചെയ്യുന്ന ഒരു സ്വയം പ്രേരിതപ്രാർത്ഥന ചൊല്ലിക്കൊണ്ട് ലീഡർ സമ്മേളനം ആരംഭിക്കുന്നു.

### 2. ബൈബിൾ വായന:

ലീഡറോ, ലീഡർ മുൻകൂട്ടി നിശ്ചയിക്കുന്ന ആളോ പഠനവിഷയമായ ബൈബിൾ ഭാഗം വായിക്കുന്നു.

### 3. ദൈവവചനം:

വായിച്ചു കേട്ടതിൽ തങ്ങളെ സ്പർശിച്ച വാക്കോ വാക്യശകലമോ ഗ്രൂപ്പിലെ ഓരോ അംഗവും ഉച്ചത്തിൽ പറയുന്നു. ദൈവവചനത്തിന്റെ ശ്രദ്ധിക്കപ്പെടാതെ പോയേക്കാവുന്ന വിശദാംശങ്ങളിലേക്കു കടക്കാൻ ഇത് സഹായിക്കും. ബൈബിൾ മുഴുവൻ, അതിലെ ഓരോ വാക്യവും വാക്കും ദൈവവചനമാണ്, ദൈവം നമുക്കു നല്കുന്ന രക്ഷാകരസന്ദേശമാണ്.

### 4. ഹൃദയം കൊണ്ടു ശ്രവിക്കുക:

അടുത്തതായി നിശ്ശബ്ദതയിൽ, ദൈവം തങ്ങളോട് എന്താണ് ഈ ബൈബിൾ ഭാഗത്തിലൂടെ പറയുന്നത് എന്ന് കേൾക്കാൻ ഓരോരുത്തരും ശ്രമിക്കുന്നു.

### 5. വിചിന്തനം:

തുടർന്ന് മൂന്നു കാര്യങ്ങൾ ഓരോരുത്തരും കടലാസിൽ കുറിക്കണം.

a. വായിച്ചു കേട്ട ബൈബിൾ ഭാഗത്തിന്റെ പ്രധാന ആശയമെന്ത്?

b. ഈ ഭാഗത്ത് മനസ്സിലാക്കാൻ പ്രയാസമുള്ളത് എന്ത്?

c. എന്തു സന്ദേശമാണ് ദൈവം എനിക്കു വ്യക്തിപരമായും സമൂഹത്തിനു പൊതുവായും നല്കുന്നത്?

15 മിനിട്ടു കൊണ്ട് എഴുത്തു നിർത്തുന്നു. (ഈ കാര്യങ്ങൾ മുൻകൂട്ടി വ്യക്തിപരമായി വായിച്ച് ഒരുങ്ങി എഴുതിക്കൊണ്ടുവരുന്നത് കൂടുതൽ സഹായകരമായിരിക്കും).





### 6. ചർച്ച:

ഓരോരുത്തരും എഴുതിയ കാര്യങ്ങൾ വായിക്കുന്നു. മനസ്സിലാകാത്ത കാര്യങ്ങൾ പാഠത്തിന്റെ സഹായത്തോടെ ചർച്ച ചെയ്ത് അർത്ഥം ഗ്രഹിക്കാൻ ശ്രമിക്കുന്നു. പാഠത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. തുടർന്ന് ബൈബിൾ ഭാഗം വ്യക്തിപരവും സാമൂഹികവുമായ ജീവതത്തെ എങ്ങനെ സ്പർശിക്കുന്നു എന്ന് വിശകലനം ചെയ്യുന്നു. ചർച്ചയ്ക്കായി കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ഇതിന് ഉപയോഗിക്കാവുന്നതാണ്. ചർച്ച എന്തെങ്കിലും തീരുമാനത്തിലെത്തണം. അടുത്ത ഒരാഴ്ചയിൽ വ്യക്തിപരമായും കൂട്ടായും പ്രാവർത്തികമാക്കാവുന്നതായിരിക്കണം തീരുമാനം.

### 7. സമാപന പ്രാർത്ഥന:

കർത്താവിനു നന്ദി പറയുകയും അവിടുത്തെ കാരുണ്യത്തെ പ്രകീർത്തിക്കുകയും ചെയ്യുന്ന സ്വയം പ്രേരിത പ്രാർത്ഥനയോ ഗാനമോ കൊണ്ട് സമ്മേളനം സമാപിക്കുന്നു.

## വ്യക്തിപരമായി ഉപയോഗിക്കുമ്പോൾ:

ഒരു പ്രാർത്ഥനയോടെ തുടങ്ങുന്നു. താഴെ കൊടുത്തിരിക്കുന്ന സങ്കീർത്തനം മാതൃകയായി ഉപയോഗിക്കാവുന്നതാണ്.

“കർത്താവേ, അങ്ങയുടെ മാർഗ്ഗങ്ങൾ എനിക്കു മനസ്സിലാക്കിത്തരണമേ. അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ. അങ്ങയുടെ സത്യത്തിലേക്ക് എന്നെ നിയമിക്കണമേ. എന്തെന്നാൽ അങ്ങാണല്ലോ എന്നെ നയിക്കുന്ന ദൈവം. അങ്ങയ്ക്കു വേണ്ടി ദിവസം മുഴുവൻ ഞാൻ കാത്തിരിക്കുന്നു” (സങ്കീർത്തനം 25, 4-5).

### 8. പ്രത്യേക ശ്രദ്ധയ്ക്ക്

ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാകരസന്ദേശം ഗ്രഹിക്കാനും തെറ്റിദ്ധാരണകൾ ഒഴിവാക്കാനും താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

1. വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്ക് അതതു കാലങ്ങളിൽ നല്കപ്പെട്ട വചനങ്ങളുടെ സമാഹാരമാണ് ബൈബിൾ. ഏതു സാഹചര്യത്തിലാണ് പഠനവിഷയമായ വചനം നല്കപ്പെട്ടതെന്നും, ഇന്നത്തെ എന്റെ പ്രശ്നത്തിലേക്ക് ഈ വചനം

എന്തു വെളിച്ചമാണ് വീശുന്നതെന്നും അന്വേഷിക്കണം.

2. പരിപാടിയായിട്ടാണ് ദൈവം സ്വയം വെളിപ്പെടുത്തിയത്. അബ്രാഹം മുതൽ അപ്പസ്തോലൻമാർ വരെ ഏതാണ്ട് പതിനെട്ടു നൂറ്റാണ്ടുകളിലൂടെ ദൈവം തന്റെ ജനത്തെ പഠിപ്പിക്കുകയായിരുന്നു. വിശ്വാസത്തേയും ധാർമ്മികതയേയും സംബന്ധിച്ച പഴയ നിയമ ത്തിലെ ചില കാഴ്ചപ്പാടുകൾ പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ തിരുത്തികുറിക്കണം.

3. യേശുവിനെ കേന്ദ്രമാക്കിയാണ് രക്ഷാചരിത്രം മുന്നേറു ന്നത്. അതിനാൽ യേശുവിലൂടെ വേണം ബൈബിളിനെ മുഴുവൻ മനസ്സിലാക്കാൻ.

4. രക്ഷയ്ക്ക് ആവശ്യമായ കാര്യങ്ങൾ ഏവർക്കും ഗ്രഹി ക്കാൻ കഴിയുംവിധം വ്യക്തവും ലളിതവുമായി വേളിപ്പെടുത്തിയിട്ടു ണ്ട്. അതിനാൽ മനസ്സിലാക്കാൻ പ്രയാസമുള്ള ചില വാക്യങ്ഹളെ മാത്രം എടുത്തുകൊണ്ട് മറ്റുള്ളവയെ അവഗണിച്ച്, ഇഷ്ടാനുസരണം ബൈബിൾ വ്യാഖ്യാനിച്ചാൽ രക്ഷാകരസന്ദേശം ഗ്രഹിക്കാൻ കഴി യാതെ പോകും.

5. ശാസ്ത്രവും ചരിത്രവുമല്ല, മനുഷ്യരക്ഷയ്ക്ക് ആവശ്യ മായവയാണ് ബൈബിൾ പഠിപ്പിക്കുന്നത്. എന്നാൽ ഇവ തമ്മിൽ വൈരുദ്ധ്യമില്ല എന്നും ഓർക്കണം.

6. മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. ഓരോ ഗ്രന്ഥകർത്താവും ഉപയോഗിച്ച സാഹിത്യരൂപ ങ്ങളും ഭാഷയുടെ പ്രത്യേകതകളും കണക്കിലെടുക്കേണ്ടതുണ്ട്. ബൈബിളിലെ എല്ലാ പുസ്തകങ്ങളും ഒരുപോലെ അക്ഷരാർത്ഥ ത്തിൽ വ്യാഖ്യാനിച്ചാൽ ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹി ക്കാൻ സാധിക്കാതെ പോകും.

7. സഭയുടെ പ്രബോധനാധികാരമാണ് ബൈബിളിന് ഔദ്യോ ഗികവും അന്തിമവുമായ വ്യാഖ്യാനം നൽകുന്നത്. സഭയിലാണ് ബൈബിൾ രൂപം കൊണ്ടത്; ബൈബിൾ കാത്തുസൂക്ഷിക്കാനും പ്രഘോഷിക്കാനുമുള്ള അധികാരം സഭയ്ക്കാണു നല്കപ്പെട്ടിരിക്കു ന്നത്. അതിനാൽ സഭയുടെ ഔദ്യോഗിക പഠനത്തിനു വിരുദ്ധമാ യുള്ള ബൈബിൾ വ്യാഖ്യാനം ശരിയാവുകയില്ല.





8. ബൈബിൾ മാത്രമ പോരാ, പാരമ്പര്യവും പരിഗണിക്ക ണം. ബൈബിളിൽ നിഗൂഢവും വ്യംഗ്യവുമായി സ്ഥിതി ചെയ്യുന്ന സത്യങ്ങൾ പാരമ്പര്യത്തിലൂടെയാണ് പൂർണ്ണമായി വെളിപ്പെടുത്തപ്പെ ടുന്നത്. വെളിപ്പെടുത്തപ്പെട്ട ദൈവികസത്യങ്ങളെക്കുറിച്ചുള്ള അറിവ് സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആഴങ്ങളിലേക്കു വ്യക്തികളെയും സഭാസമൂഹത്തെയും നയിക്കുന്നു. അതിനാൽ ബൈബിളിൽ സ്പഷ്ടമായി കാണാത്ത ചില സത്യങ്ങൾ പില്ക്കാലത്തു സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടെന്നു വരാം. പാരമ്പര്യവും ബൈബിളും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പ രപൂരകങ്ങളാണ്.

9. ബൈബിൾ ജീവിതത്തിനു മാനദണ്ഡമാണ്. നമ്മുടെ ജീവിതവീക്ഷണങ്ങളെയും താൽപര്യങ്ങളെയും സാധൂകരിക്കാൻ വേണ്ടി ബൈബിൾ ഉപയോഗിക്കുകയല്ല, ബൈബിൾ വെളിപ്പെടു ത്തുന്ന സത്യത്തിന്റെ വെളിച്ചത്തിൽ അവയെ ചോദ്യം ചെയ്യുകയും തിരുത്തുകയും ആണ് വേണ്ടത്. ഇത് ഒറ്റപ്പെട്ട വ്യക്തികൾക്കും സഭാ സമൂഹങ്ങൾക്കും ബാധകമാണ്.

# ആദിചരിത്രം
## ഉൽപത്തി 1–11

### ആമുഖം

ബൈബിളിലെ ആദ്യത്തെ പുസ്തകം 'ഉൽപത്തി' എന്ന പേരിൽ അറിയപ്പെടുന്നു. പ്രപഞ്ചത്തിന്റെയും ഇസ്രായേൽ ജനത്തിന്റെയും ഉദ്ഭവത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിനാലാണ് ഈ പേര് നൽകപ്പെട്ടിരിക്കുന്നത്.

ഉൽപത്തിപ്പുസ്തകത്തെ രണ്ടായി തിരിക്കാം. 1–11 അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ആദ്യഭാഗം പ്രപഞ്ച സൃഷ്ടി മുതൽ ലോകജനതകളുടെ ഉദ്ഭവംവരെയുള്ള സുദീർഘമായ ചരിത്രത്തെ അവതരിപ്പിക്കുന്നു. 12–50 അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാംഭാഗം പൂർവ്വപിതാക്കന്മാരുടെ ചരിത്രമാണ്. ഇത് അബ്രാഹത്തിന്റെ വിളി മുതൽ ജോസഫിന്റെ ചരിത്രം വരെയുള്ളസംഭവപരമ്പരകളെ വിവരിക്കുന്നു. പ്രപഞ്ചസൃഷ്ടിയുടെ അതിഗംഭീരമായ വിവരണത്തോടെ ആരംഭിക്കുന്ന ഉൽപ്പത്തിപ്പുസ്തകം, പരിമളം പൂശി ശവപ്പെട്ടിയിൽ സൂക്ഷിക്കുന്ന ജോസഫിന്റെ മൃതദേഹത്തെ ചിത്രീകരിച്ചുകൊണ്ടാണ് അവസാനിക്കുന്നത്.

ഇസ്രായേൽ ചരിത്രത്തിന്റെ ആമുഖമാണ് ഉൽപ്പത്തിപ്പുസ്തകം. ഇസ്രായേൽ ഒരു ജനതയെന്ന നിലിയൽ രൂപം പ്രാപിച്ചത് ഈചിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനവും സീനായ്മലയിലെ ഉടമ്പടിയും വഴിയായിരുന്നു. ഈജിപ്തിൽ നിന്നുള്ള മോചനം ആവശ്യമായി വന്ന സാഹചര്യമാണ് പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിലൂടെ ഉൽപ്പത്തിപ്പുസ്തകത്തിന്റെ രണ്ടാം ഭാഗം അവതരിപ്പിക്കുന്നത്. എന്നാൽ ഉൽപത്തി 1–11ൽ വിവരിക്കുന്ന ആദിചരിത്രം ബൈബിളിന്റെ മുഴുവൻ ആമുഖമാണ്.

ദൈവത്തേയും പ്രപഞ്ചത്തേയും മനുഷ്യനേയും സംബന്ധിച്ച





അടിസ്ഥാനപരമായ സത്യങ്ങൾ ഏറ്റം ലളിതമായ രൂപത്തിൽ ഈ പതിനൊന്നദ്ധ്യായങ്ങളിൽ അവതരിപ്പിക്കുന്നു. ആദാം മുതൽ അബ്രാഹം വരെ നീളുന്ന വംശാവലി പട്ടിക ഈ അദ്ധ്യാങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളെ ഒരു ചരടിലെന്ന പോലെ കോർത്തിണക്കിയിരിക്കുന്നു. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ പല പൊരുത്തക്കേടുകളും ഈ അദ്ധ്യായങ്ങളിൽ കാണാം.

ആരംഭത്തിൽത്തന്നെ സൃഷ്ടിയുടെ രണ്ടു വിവരണങ്ങൾ നൽകിയിരിക്കുന്നു. രണ്ടിന്റെയും ശൈലിയും അവയിൽ വെളിപ്പെടുത്തപ്പെടുന്ന ദൈവത്തിന്റെ ചിത്രവും വ്യത്യസ്തങ്ങളാണ്. വംശാവലിയിലും ജലപ്രളയത്തെ സംബന്ധിച്ച വിവരണത്തിലും പൊരുത്തക്കേടുകളുണ്ട്. ഈ വ്യത്യാസങ്ങൾക്കു കാരണം രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങൾ കൂട്ടി യോജിപ്പിച്ചതാണ് എന്ന നിഗമനത്തിൽ ഇന്ന് ബൈബിൾ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

രണ്ടു പാരമ്പര്യങ്ങൾ സംയോജിപ്പിച്ചതാണെങ്കിലും ഈ പതിനൊന്നദ്ധ്യായങ്ങളെ ഒറ്റ യൂണിറ്റായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്. പാരമ്പര്യങ്ങളുടെ ഇഴകൾ വേർ തിരിക്കുകയും അവയ്ക്കു പിന്നിലുള്ള ഒറ്റപ്പെട്ട വിവരണങ്ങളെ കണ്ടെത്തി വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ ഇവയ്ക്കു മൊത്തമായുള്ള ഐക്യം വിസ്മരിച്ചുകൂടാ.

നൂറ്റാണ്ടുകളിലൂടെ ഇസ്രായേൽ ജന് വാചികമോ ലിഖിതമോ ആയി കാത്തു സൂക്ഷിച്ചിരുന്ന വിശ്വാസപൈതൃകമാണ് വി. ഗ്രന്ഥകാരന്മാർ തങ്ങളുടെ ചരിത്രപരമായ പ്രത്യേക സാഹചര്യത്തിൽ ജനത്തിന്റെ വിശ്വാസത്തെ വിശദീകരിക്കാനും ഊതിക്കത്തിക്കാനും വേണ്ടി പ്രത്യേകക്രമത്തിൽ, തങ്ങളുടേതായ ശൈലിയിൽ എഴുതിയത്. ഈ അദ്ധ്യായങ്ങളിലെ വിവരണങ്ങളിൽ പലതിനും മദ്ധ്യ പൗരസ്ത്യദേശത്തെ ഇതര ജനതകളുടെ ഇടയിൽ പ്രചാരത്തിലിരുന്ന പുരാണേതിഹാസങ്ങളോട് സാമ്യമുണ്ട്. തങ്ങളുടെ തനതായ വിശ്വാസപൈതൃകം രേഖപ്പെടുത്തിയപ്പോൾ വിശുദ്ധ ഗ്രന്ഥകാരന്മാർ ഈ കഥകളും ഉപയോഗിച്ചിട്ടുണ്ടാകണം. പുരാണേതിഹാസങ്ങളുമായുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും ഓരോ ഭാഗവും പഠിക്കുമ്പോൾ വിശകലനം ചെയ്യുന്നതാണ്.

## വിഭജനം

ആദിചരിത്രത്തെ ആറു ഭാഗങ്ങളായി തിരിക്കാം.

1. പ്രപഞ്ചസൃഷ്ടി 1, 1-2, 4
2. മനുഷ്യനും പറുദീസായും 2, 5-25
3. തിന്മയുടെ ഉദ്ഭവം 3, 1-24
4. തിന്മയുടെ വളർച്ച 4, 1-6, 4
5. ജലപ്രളയം 6, 5-9, 17
6. ലോകജനതകളുടെ ഉദ്ഭവം 9, 18-11, 32



# 1. പ്രപഞ്ച സൃഷ്ടി

## ഉൽപ. 1, 1-2, 4

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തോടെയാണ് ബൈബിൾ ആരംഭിക്കുന്നത്. ഇത് പുരോഹിത രചന (P)യുടെ ബാഗമാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സംഭവങ്ങൾ അതേപടി ക്രമമായി അവതരിപ്പിക്കുകയില്ല, പ്രപഞ്ചത്തെക്കുറിച്ചു സംരഷ്ടാവിനെ പ്രകീർത്തിക്കുകയാണ് വി. ഗ്രന്ഥകാരൻ ചെയ്യുന്നത്. ഇത് ഒരു സംഭവവിവരണമല്ല, മനോഹരമായൊരു കാവ്യമാണ്. സങ്കീ. 104; ജോബ് 37-38 എന്നീ ബൈബിൾ ഭാഗങ്ങളോട് ഈ കീർത്തനത്തിനു സാമ്യമുണ്ട.

ഘടന : ഏഴു ദിവസം എന്ന ചട്ടക്കൂട്ടിൽ ഒതുക്കിയാണ് സൃഷ്ടിയുടെ വിവരണം നല്കിയിരിക്കുന്നത്. വിവരണത്തിന്റെ ആരംഭത്തിലും (1, 1) അവസാനത്തിലും (2, 4) ഏതാണ്ട് ഒരേ വാക്യവും ആശയവും ആവർത്തിച്ചുകൊണ്ട് അവയ്ക്കു മധ്യേയുള്ള വിവരണത്തെ ഒന്നായി കാണണം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

1, 1. ''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു''.

2, 4 ''ഇതാണ് ആകാശത്തിന്റെയും ഭൂമിയുടെയും ഉൽപത്തി ചരിത്രം''.

മൂന്നു ദിവസം വീതമുള്ള രണ്ടു ഭാഗങ്ങളായി തിരിച്ചാണ് സൃഷ്ടികർമ്മം വിവരിച്ചിരിക്കുന്നത്. രണ്ടും സമാന്തരമായി നില കൊള്ളുന്നു.

ആദിയിൽ: രൂപഹരിതം - ശൂന്യം

| | |
|---|---|
| 1-ാം ദിവസം: വെളിച്ചം | 4-ാം ദിവസം: ആകാശ ഗോളങ്ങൾ |
| 2-ാം ദിവസം: ആകാശം, ജലം | 5-ാം ദിവസം: പക്ഷികൾ, ജലജീവികൾ |
| 3-ാം ദിവസം: ഭൂമി, സസ്യങ്ങൾ | 6-ാം ദിവസം: മൃഗങ്ങൾ, മനുഷ്യർ |

7-ാം ദിവസം: വിശ്രമം

രണ്ടു ഭാഗങ്ങളിലേയും പ്രവൃത്തികൾ തമ്മിൽ അഭേദ്യമായ

ബന്ധമുണ്ട്. ഒന്നാം ദിവസം സൃഷ്ടിച്ച പ്രകാശവും നാലാം ദിവസം സൃഷ്ടിച്ച ആകാശഗോളങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാം ദിവസം ആകാശവിതാനമുണ്ടാക്കി ജലത്തെ രണ്ടായി തിരിച്ചു. അഞ്ചാം ദിവസമാകട്ടെ ആകാശത്തിൽ പറക്കുന്ന പക്ഷികളേയും ജലത്തിൽ ചരിക്കുന്ന ജീവികളേയും സൃഷ്ടിച്ചു. മൂന്നാം ദിവസത്തെ സൃഷ്ടികളായ കരയും സസ്യങ്ങളും ആറാം ദിവസത്തെ സൃഷ്ടികളായ മൃഗങ്ങളുടെയും മനുഷ്യരുടേയും വാസസ്ഥലവും ആഹാരവുമാണ്. ഇതിനും പുറമേ, മൂന്നും ആറും ദിവസങ്ങളിൽ രണ്ടു സൃഷ്ടികർമ്മങ്ങൾ നടന്നതായി വിവരിക്കുന്നു. ഓരോന്നിനും ശേഷം 'നന്നായിരിക്കുന്നു' എന്ന അവലോകനവും രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോ ദിവസത്തെയും സൃഷ്ടികർമ്മം അവതരിപ്പിക്കുന്ന വിധത്തിൽ ഗ്രന്ഥകാരൻ ഒരേ വിവരണക്രമം അവലംബിച്ചിരിക്കുന്നു.

| | |
|---|---|
| 1. വിജ്ഞാപനം | : ദൈവം അരുളിച്ചെയ്തു. |
| 2. കല്പന | : ഉണ്ടാകട്ടെ |
| 3. പ്രസ്താവന | : ഉണ്ടായി |
| 4. അവലോകനം | : നല്ലതെന്നു ദൈവം കണ്ടു |
| 5. കാലസൂചന | : സന്ധ്യയായി - പ്രഭാതമായി |

ആറുതവണ ഒരേ ഘടന ആവർത്തിച്ചുകൊണ്ട് വിവരണത്തെ കവിതാരൂപത്തിൽ അവതരിപ്പിക്കുകയാണ്.

### *1, 1-2 ആമുഖം*

പ്രപഞ്ച സൃഷ്ടിയുടെ വിവരണത്തിന്റെ ആമുഖമാണ് ആദ്യത്തെ രണ്ടു വാക്യങ്ങൾ. ഒന്നാം വാക്യം ഒരു വലിയ പ്രഖ്യാപനമാണ്. 'ആകാശവും ഭൂമിയും' എന്ന പ്രയോഗം സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നു. പ്രപഞ്ചം ആകസ്മികമായി താനേ ഉണ്ടായതല്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. പ്രപഞ്ചത്തിന് ആരംഭമുണ്ടെങ്കിലും സ്രഷ്ടാവിന് ആരംഭമില്ല എന്ന് 'ആദിയിൽ' എന്ന പദം സൂചിപ്പിക്കുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു" (യോഹ 1, 1) എന്ന സുവിശേഷകന്റെ പ്രഖ്യാപനം ശ്രദ്ധിക്കുക. ഏലോഹിം എന്ന പദമാണ് 'ദൈവം' എന്നു വിവർത്തനം ചെയ്യുന്നത്. സൃഷ്ടികർമ്മം ദൈവത്തിന്റെ മാത്രം പ്രവൃത്തിയത്രേ.





പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയെ വിഭാവനം ചെയ്യാൻ ശ്രമിക്കുന്നതാണ് രണ്ടാം വാക്യം. രൂപമില്ലായ്മ, ശൂന്യത, ആഴം, അന്ധകാരം ഇവയെല്ലാം ഇല്ലായ്മയുടെ പ്രതീകങ്ങളാണ്. എങ്ങും ജലംനിറഞ്ഞ് അന്ധകാരം മുറ്റി നില്ക്കുന്ന ഒരു ചിത്രമാണ് വിശുദ്ധഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. വെള്ളത്തിനു മുകളിൽ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ചൈതന്യം സൃഷ്ടികർമ്മത്തിലുള്ള ദൈവാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു: സങ്കീ. 104, 30; ദാനി 7, 2.

**വിചിന്തനം:** ദൈവത്തിന്റെ സ്വതന്ത്രമായ തീരുമാനത്തിന്റെ ഫലമാണ് സൃഷ്ടികർമ്മം. ദൈവം താങ്ങിനിർത്തുന്നില്ലെങ്കിൽ സൃഷ്ടപ്രപഞ്ചം മുഴുവൻ ശൂന്യാവസ്ഥയിലേക്കു പിന്തിരും. പ്രപഞ്ചസൃഷ്ടിയുടെ ആരംഭം മുതലേ പ്രവർത്തനനിരതമായിരുന്ന പരിശുദ്ധാത്മാവാണ് പുതിയ സൃഷ്ടികർമ്മവും നിർവ്വഹിക്കുന്നത്. യേശുവിന്റെ ജനനത്തിലും (ലൂക്കാ 1, 35) സഭയുടെ ഉദ്ഭവത്തിലും (അപ്പ 2, 3-5) മനുഷ്യമക്കൾ ദൈവമക്കളായി ജനിക്കുന്നതിലും (യോഹ. 3, 5) പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവു തന്നെയാണു സൃഷ്ടികർമ്മത്തിനു തുടക്കം കുറിക്കുന്നത്.

### *ഒന്നാം ദിവസം - പ്രകാശം (1, 3-5)*

ഉണ്ടാകട്ടെ 'എന്ന ദൈവത്തിന്റെ കൽപന ശൂന്യതയിൽ നിന്നു സൃഷ്ടികർമ്മം നിർവ്വഹിക്കുന്നു. ദൈവവചനത്തിന്റെ ശക്തി ഇവിടെ പ്രകടമാകുന്നു. ദൈവം പറയുന്നത് സംഭവിക്കുന്നു എന്ന് ഇസ്രായേൽ ജനം അനേകം തവണ അനുഭവിച്ചറിഞ്ഞതാണ് (ഏശയ്യാ 55, 10-11) പുരാണേതിഹാസങ്ങളിലേതുപോലെ ക്ലേശപൂർണ്ണമായ അദ്ധ്വാനത്തിന്റേയോ സംഘട്ടനത്തിന്റേയോ ഫലമല്ല സൃഷ്ടി; ദൈവം അനായാസമായി സൃഷ്ടിക്കുന്നു.

ദൈവം സൃഷ്ടിച്ചതാണ് പ്രകാശം എന്ന പ്രഖ്യാപനം പ്രകാശത്തെ ദൈവമായോ ദൈവത്തിന്റെ ഗുണമായോ കരുതിയിരുന്ന പ്രാചീന മതവിശ്വാസങ്ങളെ നിഷേധിക്കുന്നു. പ്രകാശത്തേയും അന്ധകാരത്തേയും വേർതിരിക്കുന്നതിലൂടെ പകലും രാത്രിയും ഉണ്ടാകുന്നു. അങ്ങനെ കാലഗണന സാദ്ധ്യമാകുന്നു. രണ്ടിനും പേരു നൽകുമ്പോൾ ദൈവമാണ് കാലത്തിന്റെയും ചരിത്രത്തിന്റെയും നാഥൻ

എന്നു വ്യക്തമാക്കുന്നു. പേരു നൽകുന്നത് സെമിറ്റിക് ചിന്താഗതിയനുസരിച്ച് അധികാരത്തിന്റെയും ഉടമസ്ഥാവകാശത്തിന്റെയും അടയാളമാണ്.

പ്രകാശത്തിന്റെ അഭാവത്തെയാണ് നാം അന്ധകാരമായി കരുതുക. എന്നാൽ പാർജീനകാലത്ത് അന്ധകാരം അതിൽ തന്നെ ഒരു യാഥാർത്ഥ്യമായി കരുതപ്പെട്ടിരുന്നു. പ്രകാശത്തിൽ നിന്നു വേർതിരിച്ച് അന്ധകാരത്തെ രാത്രിയിൽ ഒതുക്കിനിർത്തുന്നതായാണ് സങ്കൽപം. പ്രാചീനമനുഷ്യരിൽ രാത്രി ഭയം ജനിപ്പിച്ചിരിക്കുന്നു. കാരണം സൃഷ്ടിക്കു മുമ്പുള്ള ശൂന്യാവസ്ഥയിലേക്കു പ്രപഞ്ചം പിൻതിരിയുന്നതു പോലെയാണ് രാത്രിയുടെ വരവിനെ അവർ കണ്ടിരുന്നത്. എന്നും ആവർത്തിക്കുന്ന പ്രകാശത്തിന്റെയും അന്ധകാരത്തിന്റെയും വരവ് ദൈവത്തിന്റെ സൃഷ്ടികർമ്മത്തേയും നിരന്തരമായ പരിപാലനയേയും അനുസ്മരിപ്പിക്കുന്നു. പകലും രാത്രിയും ദൈവത്തിന്റെ കല്പന അനുസരിക്കുന്നു.

## *നല്ലതെന്നു ദൈവം കണ്ടു*

നമുക്ക് ഉപകാരപ്രദാമായതിനെയാണ് നാം പൊതുവേ നല്ലതെന്നു വിളിക്കുക. എന്നാൽ ഇവിടെ ദൈവത്തിന്റെ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. ദൈവം ആഗ്രഹിച്ചവിധത്തിൽ ആയിരിക്കുന്നു എന്നതാണ് 'നല്ലത്' എന്ന വിലയിരുത്തലിന്റെ മാനദണ്ഡം. അത് പൂർണ്ണതയെ സൂചിപ്പിക്കുന്നു. ഈ അവലോകനം ഓരോ സൃഷ്ടികർമ്മത്തിനു ശേഷവും ആവർത്തിക്കുന്നതിലൂടെ പ്രപഞ്ചവസ്തുക്കളെല്ലാം അതിൽതന്നെ ഇല്ലാതാണെന്ന് വിശുദ്ധ ഗ്രന്ഥകാരൻ നമ്മെ അനുസ്മരിപ്പിക്കുന്നു.

### സന്ധ്യയായി - പ്രഭാതമായി - ഒന്നാം ദിവസം

സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് യഹൂദർ ദിവസത്തെ കണക്കാക്കിയിരുന്നത്. സൂര്യനുണ്ടാകുന്നതിനു മുമ്പേ എങ്ങനെ പകലും രാത്രിയും ഉണ്ടായി എന്ന ചോദ്യം വിശുദ്ധഗ്രന്ഥകാരൻ ഉന്നയിക്കുന്നില്ല. പ്രകാശത്തിന്റെ ഉറവിടം സൂര്യനല്ല എന്നു വ്യക്തമാക്കുകയാണ് പകലിനെ സൂര്യനിൽ നിന്നു വേർപ്പെടുത്തുന്നതുകൊണ്ട് ചെയ്യുന്നത്. സൂര്യനെ ദൈവമായി ആരാധിച്ചിരുന്ന മതങ്ങളുമായുള്ള ഒരു വിവാദവും ഈ വിവരണത്തിനു പിന്നിൽ കാണാം.





ഇവിടെ ദിവസം എന്നതുകൊണ്ട് 24 മണിക്കൂറിന്റെ ഒരു ദിവസമല്ല, സുദീർഘമായൊരു കാലഘട്ടം, അഥവാ ഒരു യുഗം ആണ് വിവക്ഷിക്കുന്നത് എന്നു വ്യാഖ്യാനിക്കാറുണ്ട്. വിശുദ്ധ ഗ്രന്ഥകാരൻ ഈ അർത്ഥത്തിലാണ് ദിവസം എന്ന പദം ഉപയോഗിച്ചത് എന്നു കരുതാൻ മതിയായ ന്യായമില്ല. ആറു ദിവസത്തെ സൃഷ്ടിയും ഏഴാം ദിവസത്തെ വിശ്രമവും സാബത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നതാണ്.

എന്നാൽ വിശുദ്ധ ഗ്രന്ഥകാരൻമാർ ഉദ്ദേശിച്ചതിനേക്കാൾ ആഴമേറിയ അർത്ഥം അവരുടെ വാക്കുകൾക്കുണ്ടാകാം എന്ന് അംഗീകരിക്കുമ്പോൾ 'യുഗം' എന്ന വ്യാഖ്യാനവും സാദ്ധ്യമാണെന്നു കാണാം. "ആയിരം വൽസരം അങ്ങയുടെ ദൃഷ്ടിയിൽ കഴിഞ്ഞു പോയ ഇന്നലെ പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രമാണ്" (സങ്കീ. 90, 4). "കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷം ഒരു ദിവസം പോലെയുമാണ്" (2 പ ത്രോ. 3, 8) എന്നിങ്ങനെയുള്ള പ്രസ്താവനകൾ ശ്രദ്ധേയമത്രേ. സൃഷ്ടികർമ്മം 24 മണിക്കൂർ വീതം ദീർഘിക്കുന്ന ആറു ദിവസങ്ങൾ കൊണ്ടു പൂർത്തിയായതല്ല, അനേക കോടി വർഷങ്ങളിലൂടെ നടന്നു കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് എന്ന ആധുനികശാസ്ത്രത്തിന്റെ നിഗമനവും ബൈബിളിന്റെ വിവരണവും തമ്മിൽ പൊരുത്തക്കേടില്ല എന്നും ഈ വ്യാഖ്യാനം തെളിയിക്കുന്നു.

**വിചിന്തനം:** 'അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു നയിക്കണമേ' എന്ന ഭാരതീയ ഋഷികളുടെ പ്രാർത്ഥന ഇന്നും നാം ആവർത്തിക്കുന്നു. അന്ധകാരം ശൂന്യതയേയും നിരാശയേയും, അജ്ഞതയേയും അടിമത്തത്തേയുമൊക്കെ സൂചിപ്പിക്കുന്നു. പ്രകാശമാകട്ടെ സന്തോഷവും പ്രത്യാശയും പ്രദാനം ചെയ്യുന്നു. അന്ധകാരാവൃതമായ ശൂന്യാവസ്ഥയിലേക്ക് ദൈവം പ്രകാശം ചൊരിഞ്ഞതുപോലെ നിരാശ നിറഞ്ഞ ജീവിതത്തിലേക്ക് അവിടുന്ന് പ്രത്യാശ ചൊരിയുന്നു. ദൈവത്തിന്റെ വചനമാണ് പ്രകാശം നൽകുന്നത് (സങ്കീ 119, 105). 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ 8, 12) എന്നു പറഞ്ഞപ്പോൾ യേശു പ്രകാശത്തിനു പുതിയൊരർത്ഥം നൽകു

കയായിരുന്നു.

### *രണ്ടാം ദിവസം - ആകാശവിതാനം (1, 6-8)*

പ്രപഞ്ചസംവിധാനത്തെ സംബന്ധിച്ച് പ്രാചീന മനുഷ്യരുടെ ഇടയിൽ നിലവിലിരുന്ന സങ്കൽപത്തിന്റെ വെളിച്ചത്തിൽ വേണം ഈ വിവരണത്തെ മനസ്സിലാക്കാൻ. ഭൂമിക്കു മുകളിൽ കമഴ്ത്തിവച്ചിരിക്കുന്ന ഭീമാകാരമായൊരു കോപ്പപോലെയാണ് ആകാശം കരുതപ്പെട്ടിരുന്നത്. മുകളിലുള്ള ജലമാണു വിതാനത്തിന്റെ വാതായനങ്ങളിലൂടെ മഴയായി വീഴുന്നത് (ലൂക്ക 4, 25). നോഹയുടെ കാലത്ത് ഈ വിതാനം പിളരുകയും താഴെയും മുകളിലുമുള്ള ജലം വീണ്ടും സംയോജിച്ചു ഭൂമിയെ പ്രളയജലത്തിൽ മുക്കുകയും ചെയ്യുന്നതായി കാണാം. അന്ധകാരമെന്നതുപോലെ തന്നെ പ്രളയജലവും പ്രപഞ്ചത്തിന് നിരന്തരഭീഷണിയായി നില കൊള്ളുന്നു.

### *മൂന്നാം ദിവസം - കരയും കടലും സസ്യങ്ങളും (1, 9-13)*

രണ്ടാം ദിവസത്തെ വിഭജനപ്രക്രിയ പൂർത്തിയാക്കുകയാണ് ദൈവം ആദ്യം ചെയ്യുന്നത്. വിതാനത്തിനു താഴെയുള്ള ജലത്തെ ഒരിടത്ത് ഒതുക്കി, ജലത്തിൽ മുങ്ങിക്കിടന്ന കര പ്രത്യക്ഷമാക്കുന്നു. പ്രളയ ജലത്തിൽ നിന്നു ഭൂമിയെ മോചിപ്പിക്കുന്ന വിമോചനപ്രവൃത്തിയാണിത്. ജലത്തിനു മുകളിൽ അദ്ഭുതകരമായി ഉറപ്പിച്ചു നിർത്തിയിരിക്കുന്ന അതിവിശാലമായൊരു പലക പോലെയാണ് മദ്ധ്യപൗരസ്ത്യദേശത്തെ പ്രാചീനർ ഭൂമിയെ കണ്ടിരുന്നത്. ചുറ്റിലും ഒതുക്കി നിർത്തിയിരിക്കുന്ന പ്രളയജലമാണ് സമുദ്രം. ദൈവം കൽപിച്ച അതിരുകൾ അത് അനുസരിക്കുന്നു (സങ്കീ. 104, 9; ജറെ 5, 22).

'ഭൂമി മുളപ്പിക്കുന്നു' എന്നു പറയുമ്പോൾ ഭൂമിയുടെ ഫലപുഷ്ടി ദൈവത്തിന്റെ ദാനമാണ് എന്ന് സൂചിപ്പിക്കുന്നു. ഭൂമിയാണ് മുളപ്പിക്കുന്നതെങ്കിലും ദൈവത്തിന്റെ കൽപനയനുസരിച്ച് അത് ചെയ്യുന്നതിനാൽ ദൈവം തന്നെയാണ് സസ്യലോകത്തിന്റേയും നാഥൻ. ആറാം ദിവസത്തെ സൃഷ്ടിയിൽ ഇവ മൃഗങ്ങൾക്കും മനുഷ്യർക്കും ആഹാരമായി ഉദ്ദേശിച്ചുള്ളതാണെന്നു വ്യക്തമാക്കുന്നു (1, 29-30).

**വിചിന്തനം:** പ്രളയ ജലത്തിനു മദ്ധ്യേ ദൈവം നിർമ്മിച്ച ഒരു കൂടാരം പോലെയാണ് വിശുദ്ധഗ്രന്ഥകാരൻ പ്രപഞ്ചത്തെ വിഭാവനം ചെയ്യുന്നത്. സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ വലയം ചെയ്തു





സംരക്ഷിക്കുന്ന ദൈവപരിപാലനയുടെ അടയാളമാണിത്. സൂര്യന്റെ മാരകമായ രശ്മികളെ തടഞ്ഞുനിർത്തുന്ന അന്തരീക്ഷ വായു മണ്ഡലത്തെക്കുറിച്ച് (ozone sphere) നമുക്ക് ഇന്ന് അറിവു ലഭിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ താപനില ഉയരുകയും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകൾ ഉരുകി ഭൂമിയുടെ നല്ലൊരു ഭാഗം ജലത്തിനടിയിലാവുകയും ചെയ്യാനുള്ള സാദ്ധ്യതകളെക്കുറിച്ച് ആധുനികശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പു നൽകുന്നുണ്ട്. പ്രാചീനവിശ്വാസവും ആധുനികശാസ്ത്രവും ഫലത്തിൽ ഒന്നുതന്നെയാണ് പഠിപ്പിക്കുക. ഭൂമിയിൽ ജീവൻ വളർന്നു വികസിക്കാൻ വേണ്ട പരിസ്ഥിതി നിരന്തരമായ ഭീഷണിയെ നേരിടുന്നുണ്ട്. ആകാശവിതാനം ഭേദിച്ചു പ്രളയജലമോ, സംരക്ഷണവലയം ഭേദിച്ച് മാരകരശ്മികളോ ഭൂമിയിൽ പതിക്കാം. ദൈവികപരിപാലനയുടെ വൈഭവം എത്രയെന്ന് ഈ അപകടാവസ്ഥ വ്യക്തമാക്കുന്നു.

### *നാലാം ദിവസം - ആകാശഗോളങ്ങൾ (1, 14-19)*

ഒന്നാം ദിവസത്തെ സൃഷ്ടിയുമായി ബന്ധപ്പെട്ടതാണ് നാലാം ദിവസത്തെ സൃഷ്ടി. ആകാശഗോളങ്ങളെ ദൈവങ്ങളായി ആരാധിച്ചിരുന്ന ലോകത്തിൽ തികച്ചും വിപ്ലവകരമായൊരു വിശ്വാസമാണ് വിഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. സൂര്യൻ, ചന്ദ്രൻ എന്ന പേരുകൾ പോലും പറയാതെ വലിയ ദീപം, ചെറിയ ദീപം എന്നു വർണ്ണിക്കുന്നതിലൂടെ അവയൊന്നും ദൈവമല്ലെന്നും ദൈവത്തിന്റെ സൃഷ്ടികൾ മാത്രമാണെന്നും ഊന്നിപ്പറയുന്നു. ആകാശഗോളങ്ങളെ അലങ്കാരങ്ങളായും കാലം അറിയിക്കുന്ന ഉപകരണങ്ങളായും ഇവിടെ ചിത്രീകരിക്കുന്നു. പഞ്ചാംഗത്തിന്റെയും ഘടികാരത്തിന്റെയും സ്ഥാനമേ അവയ്ക്കുള്ളൂ.

**വിചിന്തനം:** ആകാശഗോളങ്ങൾ മനുഷ്യന്റെ ഭാവിയെ നിർണ്ണയിക്കുന്ന ദൈവങ്ങളാണെന്നു വിശ്വസിച്ചിരുന്ന പ്രാചീനർ നിരന്തരമായ ഭീതിയിലാണ് കഴിഞ്ഞിരുന്നത്. ഈ ഭയത്തിൽ നിന്നു മോചനം നൽകുന്നതാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസം. മനുഷ്യർ ദൈവങ്ങളുടെ കരങ്ങളിലെ കളിപ്പാട്ടമല്ല. എന്നാൽ ആകാശഗോളങ്ങളുടെ നില മനുഷ്യജീവതത്തെ നിയന്ത്രിക്കുന്നു എന്ന അന്ധവിശ്വാസം പലരിലും ഇന്നും നില നിൽക്കുന്നുണ്ട്. വാരഫ

ലവും മുഹൂർത്തവും നോക്കി തീരുമാനങ്ങളെടുക്കുമ്പോൾ വിഗ്രഹാരാധനയിലേക്കു വഴുതി വീഴുകയാണെന്ന് ഓർക്കണം. ദൈവവചനം നൽകുന്ന സ്വാതന്ത്ര്യം ആസ്വദിക്കാൻ അന്ധവിശ്വാസങ്ങളെ ഉപേക്ഷിച്ചേ മതിയാവൂ.

### *അഞ്ചാം ദിവസം - ജലജീവികൾ, പക്ഷികൾ (1, 20-23)*

സസ്യലോകത്തിനു ജീവനുള്ളതായി പ്രാചീനർ കരുതിയിരുന്നില്ല. അതിനാൽ ജീവജാലങ്ങളുടെ സൃഷ്ടി അഞ്ചാം ദിവസം തുടങ്ങുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആകാശത്തെ രണ്ടു തട്ടായിട്ടാണ് ഇവിടെ കാണുന്നത്. മുകളിൽ വിരിച്ചുനിർത്തിയിരിക്കുന്ന വിതാനം. അവിടെയാണ് ആകാശഗോളങ്ങളുടെ സ്ഥാനം. അവയ്ക്കു താഴെ, ഭൂമിക്കു മുകളിലുള്ള അന്തരീക്ഷമാണ് താഴത്തെ തട്ട്. അതാണ് പക്ഷികളുടെ വിഹാരരംഗം. രണ്ടു തട്ടുകൾക്കും അവയ്ക്കു മുകളിലുള്ള ജലത്തിനും മുകളിലാണ് മൂന്നാമത്തെ തട്ട്. അത് ദൈവത്തിന്റെ ഭവനമാണ്. ഇതിനെ ഉദ്ദേശിച്ചാണ് വി. പൗലോസ് മൂന്നാം സ്വർഗ്ഗം എന്നു പറയുന്നത്. (2 കോറി 12, 2). അഞ്ചാം ദിവസത്തെ സൃഷ്ടികർമ്മം രണ്ടാം ദിവതത്തേതിനോടു ബന്ധപ്പെട്ടിരിക്കുന്നു.

ജലജീവികൾക്കും പക്ഷികൾക്കും പ്രത്യുൽപാദനശക്തി നൽകിക്കൊണ്ട് ദൈവം അവയെ അനുഗ്രഹിച്ചു. ജീവൻ നൽകാനുള്ള കഴിവ് ദൈവത്തിന്റെ പ്രത്യേക ദാനമാണ്. എല്ലാത്തരം ജീവജാലങ്ങളേയും സംരക്ഷിക്കാനും നിലനിർത്താനും ദൈവം ആഗ്രഹിക്കുന്നു എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു.

### *ആറാം ദിവസം - മൃഗങ്ങൾ, മനുഷ്യർ (1, 24-30)*

മൂന്നാം ദിവസമെന്നതുപോലെ ആറാം ദിവസവും രണ്ടു സൃഷ്ടി കർമ്മങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യമായി ജന്തുക്കളെയാണ് സൃഷ്ടിക്കുക. രണ്ടാമത്തെ പ്രവൃത്തി മനുഷ്യസൃഷ്ടിയാണ്. സൃഷ്ടികർമ്മത്തിന്റെ മകുടമായിട്ടാണ് അവസാനത്തെ സൃഷ്ടിയായ മനുഷ്യൻ പ്രത്യക്ഷപ്പെടുന്നത്. ദൈവത്തിന്റെ ആലോചന, മനുഷ്യന്റെ സ്വഭാവം, ലക്ഷ്യം എന്നിവ ഈ വിവരണത്തെ മറ്റു സൃഷ്ടികളുടെ വിവരണങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തുന്നു.

**"നമുക്ക് നമ്മുടെ"**: ഏകദൈവം എന്തുകൊണ്ട് ബഹുവചനം ഉപയോഗിക്കുന്നു? ഇത് പൂജകബഹുവചനമായി കരുതുന്നവരുണ്ട്. ദൈവത്തിന്റെ ആലോചനാ സഭയെക്കുറിച്ചാണ് ഇവിടെ സൂചന (ജോബ് 1, 6; 2, 1; 1 രാജാ 22, 19-21) എന്നു മറ്റു ചിലർ കരുതുന്നു. ദൈവത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഏലോഹിം എന്ന പദം ബഹുവചനമായതിനാൽ അതിനോട് അനുരൂപപ്പെടുത്താൻ വേണ്ടി ഇവിടെയും ബഹുവചനം ഉപയോഗിക്കുന്നു എന്ന് വേറെ ചിലർ കരുതുന്നു. ദൈവം തന്നോടു തന്നെ ആലോചിച്ചു എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. ദൈവം ആലോചിച്ചു തീരുമാനിച്ചാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നതു മനുഷ്യനു ദൈവം നല്കുന്ന പ്രാധാന്യത്തെ എടുത്തു കാട്ടുന്നു. പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള വ്യംഗ്യമായ ഒരു സൂചനയും ഈ പദപ്രയോഗത്തിലുണ്ടാകാം.





### *ഛായ - സാദൃശ്യം*

മനുഷ്യസ്വഭാവത്തേയും മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തേയും വെളിപ്പെടുത്തുന്നതാണ് ഈ പദങ്ങൾ. ഛായ എന്നു വിവർത്തനം ചെയ്യുന്ന സെലെം എന്ന ഹീബ്രുവാക്കിന് പ്രതിമ, പ്രതിരൂപം എന്നാണ് അർത്ഥം. മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ആദ്യത്തെ പദം സൂചിപ്പിക്കുന്നു. എന്നാൽ ഈ ചിന്ത അതിരു കടന്ന് മനുഷ്യനെ മറ്റൊരു ദൈവമായി കാണാതിരിക്കാൻ വേണ്ടിയാണ് സാദൃശ്യം എന്ന പദം കൂട്ടിച്ചേർത്തിരിക്കുന്നത്. ദ്മൂത് എന്നാണ് ഇതിന്റെ ഹീബ്രുമൂലം. സാമ്യമുള്ളത്, ഏകദേശരൂപം എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ചിന്തിക്കാനും സ്വതന്ത്രമായി തീരുമാനം എടുക്കാനും സ്നേഹിക്കാനും ഉള്ള കഴിവും ശാരീരികതയും ചേർന്നതാണ് ഈ പ്രതിഛായ. പൂർണ്ണമായ മനുഷ്യവ്യക്തിയാണ് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടത്. "ദൈവം സ്നേഹമാകുന്നു" (1 യോഹ. 4, 8) എന്ന പുതിയ നിയമപഠനത്തിന്റെ വെളിച്ചത്തിൽ സ്നേഹിക്കാനുള്ള കഴിവിലാണ് മനുഷ്യനിലെ ദൈവഛായ ഏറ്റം പ്രകടമാവുന്നത് എന്ന് കരുതാനാവും.

**വിചിന്തനം:** ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് മനുഷ്യമഹത്വത്തിന്റെ നിദാനം. ദൈവവുമായി വ്യക്തിപരമായ ബന്ധത്തിൽ ഏർപ്പെടാൻ അവനു കഴിയും. ഓരോ മനുഷ്യവ്യക്തിയും ദൈവത്തിനു വിലപ്പെട്ടവനാണ്, മഹത്വമു

ള്ളവനാണ് (സങ്കീ. 8; ഏശ. 43, 4). മനുഷ്യനെ ജാതിയുടെയും വർഗ്ഗത്തിന്റെയും തൊഴിലിന്റെയും മറ്റും പേരിൽ ഉയർന്നവരും താണവരും ആയി തരം തിരിക്കുന്നതും ചിലരെ അവജ്ഞയോടെ വീക്ഷിക്കുന്നതും ദൈവത്തിന്റെ പദ്ധതിക്കു വിരുദ്ധമാണ്. മനുഷ്യനെ അവഹിളിക്കുന്നവൻ ദൈവത്തെ അവഹേളിക്കുന്നു. (മത്താ. 25, 45).

പരസ്പരം സ്നേഹിക്കുകയും പൂർണ്ണമായി ദാനം ചെയ്യുകയും ചെയ്യുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ് ദൈവം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. പരസ്പരം അംഗീകരിക്കുകയും സ്നേഹിക്കുകയും പങ്കുവെയ്ക്കുകയും ചെയ്ത്, ഒരു കുടുംബമായി, കൂട്ടായ്മയായി വളരുക എന്നത് മനുഷ്യനെ സംബന്ധിച്ച ദൈവികപദ്ധതിയാണ്.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദിമനുഷ്യൻ വരാനിരിക്കുന്ന യേശുക്രിസ്തു എന്ന പൂർണ്ണ മനുഷ്യന്റെ മുന്നോടിയും പ്രതീകവുമാണ്. യേശുവിലാണ് ദൈവിക പ്രതിഛായ അതിന്റെ പൂർണ്ണതയിൽ പ്രതിഫലിക്കുന്നത് (കൊളോ. 1, 15). നാമെല്ലാം യേശുവിന്റെ പൂർണ്ണതയിലേക്കു വളരാൻ വിളിക്കപ്പെട്ടവരാണ് (എഫേ 4, 13).

***ആധിപത്യം:*** ദൈവഛായയിൽ മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം മനുഷ്യന് ഭൂമിയുടേയും അതിലെ സകല ജീവജാലങ്ങളുടേയും മേൽ ആധിപത്യം ഉണ്ടായിരിക്കുക എന്നതാണ്. സൃഷ്ടികർമ്മത്തിൽ ക്രിയാത്മകമായി പങ്കു ചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. അവൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിവിധിയായി വർത്തിക്കണം.

**വിചിന്തനം:** എല്ലാ പ്രപഞ്ചവസ്തുക്കളും മനുഷ്യന്റെ ആധിപത്യത്തിൽ ഏല്പിച്ചിരിക്കുന്നു. അവൻ സൃഷ്ടവസ്തുക്കൾ ഒന്നിന്റേയും അടിമയായിരിക്കരുത്, അവ ഒന്നിനേയും ആരാധിക്കയുമരുത്. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സൃഷ്ടപ്രപഞ്ചത്തിന്റെ മുഴുവൻ ആരാധനയും സ്തുതിയും ദൈവത്തിനു സമർപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു.

പ്രപഞ്ച രഹസ്യങ്ങൾ അന്വേഷിച്ചറിയാനും പ്രപഞ്ചത്തെ





ഏവർക്കും ഉപയുക്തമാംവിധം ക്രമീകരിക്കാനും മനുഷ്യന് ഉത്തരവാദിത്വമുണ്ട്. എന്നാൽ മനുഷ്യന്റെ ആധിപത്യം സ്വേഛാധിപത്യമാകരുത്. ദൈവത്തിന്റെ പ്രതിനിധിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അവിടുത്തെ ഹിതമനുസരിച്ചാവണം ഭൂമിയുടെ മേൽ ഭരണം നടത്തുന്നത്. സ്വാർത്ഥമോഹങ്ങളുടെ പൂർത്തീകരണത്തിനായി പ്രകൃതി നിയമങ്ങളേയും ദൈവികപദ്ധതിയേയും മാനിക്കാതെ പ്രപഞ്ചത്തെ ചൂഷണം ചെയ്യുന്നവർ നാശമാണു വരുത്തിവയ്ക്കുക. നിരന്തരം വികസിക്കുന്ന മരുഭൂമിയും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജല-വായു-ഭൂമി മലിനീകരണവും അതു പോലുള്ള മറ്റു വിനകളും ഉത്തരവാദിത്വരഹിതമായ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമത്രേ.

***സ്ത്രീയും പുരുഷനും:*** ആദാം എന്ന പദമാണ് മനുഷ്യൻ എന്നു വിവർത്തനം ചെയ്യപ്പെടുന്നത്. ഒരു വ്യക്തിയുടെ പേര് എന്നതിലുപരി "മനുഷ്യൻ" എന്ന പൊതു സ്വഭാവത്തെ ഈ വാക്കു സൂചിപ്പിക്കുന്നു. സ്ത്രീയും പുരുഷനും അടങ്ങുന്ന മനുഷ്യൻ സമൂഹജീവിയാണ്. ഈ സമൂഹത്തിലാണ് ദൈവത്തിന്റെ പ്രതിഛായ അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷമാകുന്നത്.

**വിചിന്തനം:** സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ പ്രതിഛായ വഹിക്കുന്നു. സ്ത്രീകളെ താഴ്ന്നവരായി കരുതുകയും ചൂഷണം ചെയ്യുകയും വ്യാപാരവസ്തുവാക്കുകയും ചെയ്യുന്ന സംസാക്കാരം ദൈവികപദ്ധതിക്കു വിരുദ്ധമാണ്. ഗർഭസ്ഥശിശു സ്ത്രീയാണെന്നറിഞ്ഞാൽ കൊന്നുകളയുന്ന സംസ്കാരം പൈശാചികമത്രേ.

***സന്താനപുഷ്ടി:*** മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്റെ മുഖ്യലക്ഷ്യം അവർ കുഞ്ഞുങ്ങൾക്കു ജന്മം നല്കുക എന്നതാണെന്ന് തുടർന്നു പ്രസ്താവിക്കുന്നു. സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ പരസ്പരം ഇണയും തുണയുമായി വർത്തിക്കാൻ വേണ്ടി ലൈംഗികവ്യത്യാസം എന്ന് എടുത്തു കാട്ടുന്നുണ്ട്. (ഉൽപ. 2, 18). ദാമ്പത്യബന്ധത്തിന്റെ ഏറ്റം പ്രധാനപ്പെട്ട രണ്ടു ലക്ഷ്യങ്ങളാണ് പ്രത്യുല്പാദനവും സഖിത്വവും. ലൈംഗികത ദൈവനിശ്ചിതവും വിശുദ്ധവുമാണെന്ന് ഈ രണ്ടു വിവരണങ്ങൾ വ്യക്തമാക്കുന്നു. ജന്മം

നൽകാനുള്ള കഴിവ് ദൈവത്തിന്റെ ദാനമാണ്, സന്താനപുഷ്ടി ദൈവാനുഗ്രഹമാണ്.

**വിചിന്തനം:** മൃഗങ്ങളെപ്പോലെ പെരുകുകയല്ല, വിവേകവും ബുദ്ധിയുമുള്ള മനുഷ്യനെന്ന നിലയിൽ സന്താനങ്ങൾക്കു ജന്മം നൽകി മനുഷ്യോചിതമായി വളർത്തുകയാണ് ഇവിടെ വിവക്ഷിക്കുന്ന ദൗത്യം. ഉത്തരവാദിത്വപൂർണ്ണമായ കുടുംബസംവിധാനമാണ് ദൈവം മനുഷ്യനെ ഏൽപ്പിച്ചിരിക്കുന്നത്. അതിനാൽ കൃത്രിമ കുടുംബാസൂത്രണ സംവിധാനങ്ങളെ സഭ എതിർക്കുന്നു. ഗർഭഛിദ്രമാകട്ടെ, കൊല്ലരുത് എന്ന ദൈവപ്രമാണത്തിന്റെ ലംഘനമാണ്.

***ഭക്ഷണം:*** തന്റെ സൃഷ്ടികൾക്കെല്ലാം ജീവനും നിലനില്പും സുസ്ഥിതിയും ദൈവം ഉറപ്പു വരുത്തുന്നു. കായ്കനികളും ധാന്യങ്ങളും മനുഷ്യനു ഭക്ഷണമായി നല്കുന്നു. മൃഗങ്ങൾക്കാവട്ടെ, പുല്ലും ഇലകളും. ആരും ആരെയും ദ്രോഹിക്കുകയോ വധിക്കുകയോ ചെയ്യാതെ സമാധാനത്തിലും സമൃദ്ധിയിലും കഴിയണം. ആവശ്യമായവ ആർക്കും കിട്ടാതെ വരരുത് എന്നത് ദൈവത്തിന്റെ പദ്ധതിയാണ്. ആരംഭത്തിൽ മനുഷ്യൻ സസ്യഭുക്കായിരുന്നെന്നും പിന്നീടാണ് മാംസം ഭക്ഷിക്കാൻ തുടങ്ങിയതെന്നും ഈ വിവരണം സൂചിപ്പിക്കുന്നു. പാപത്തിനധീനനായി ദൈവത്തിനൽ നിന്നകന്നുപോയ മനുഷ്യനാണ് കൊന്നു തിന്നാൻ തുടങ്ങിയത് (ഉൽപ. 9. 2-3). ഈ അവസ്ഥയ്ക്കു മാറ്റം വരുമെന്നും വീണ്ടും മനുഷ്യനും മൃഗങ്ങളും സസ്യഭുക്കുകളും സമാധാനപ്രിയരും ആകുമെന്നും ദൈവം പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്യുന്നുണ്ട്. (ഏശ. 65, 25).

**വിചിന്തനം:** മനുഷ്യനും മൃഗങ്ങൾക്കും ആഹാരത്തിനാവശ്യമായത് ഭൂമിയിൽ നിന്നു ലഭിക്കാൻ ദൈവം സംവിധാനം ചെയ്തിട്ടുണ്ട്. ഒരു ചെറിയ ന്യൂനപക്ഷം ഭൂമിയും അതിലെ വിഭവങ്ഹളും കൈയടക്കി സകലവിധ സുഖഭോഗങ്ങളും അനുഭവിക്കുകയും ഭൂരിപക്ഷത്തെ ദാരിദ്യത്തിലും പട്ടിണിയിലും ആഴ്ത്തുകയും ചെയ്യുന്ന ഇന്നത്തെ സാമ്പത്തിക സംവിധാനം ദൈവികപദ്ധതിക്കു വിരുദ്ധമാണ്. കോടിക്കണക്കിനു ജനങ്ങൾ ആവശ്യത്തിനാഹാരം കിട്ടാതെ വിഷമിക്കുമ്പോൾ ലോകകമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വില ഉയർത്താൻ വേണ്ടി ഉൽപാദനം നിയന്ത്രിക്കുകയും ഭക്ഷ്യവസ്തു





ക്കൾ നശിപ്പിക്കുകയും ചെയ്യുന്ന അന്താരാഷ്ട്രവിപണന നയവും നിയമങ്ങളും പാപകരമാണ്, അയല്ക്കാരൻ പട്ടിണി കൊണ്ടു മരിക്കുമ്പോൾ വിരുന്നാഘോഷിക്കുന്നതുപോലെ (ലൂക്ക. 16-22). ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായ അടിസ്ഥാനാവശ്യങ്ങൾ എല്ലാ മനുഷ്യർക്കും നിറവേറ്റാൻ ഉതകുന്ന ദേശീയ-അന്തർദ്ദേശീയ സംവിധാനങ്ഹൾക്കു രൂപം നൽകാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. ''അയൽക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുകയാണ്'' (പ്രഭാ. 34,22)

**"വളരെ നന്നായിരിക്കുന്നു".** ''നല്ലതെന്ന് ദൈവം കണ്ടു'' എന്ന് ആറുതവണ ആവർത്തിച്ചതിനുശേഷം ''വളരെ നന്നായിരിക്കുന്നു'' എന്ന് ഏഴാം തവണ പറയുന്നു. താൻ സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നും സൃഷ്ടികൾ എല്ലാം താൻ ആഗ്രഹിച്ചവിധത്തിൽ പൂർണ്ണമായിരിക്കുന്നു എന്നും ദൈവം തന്നെ സാക്ഷ്യപ്പെടുത്തുകയാണ്. ''ഏഴ്'' പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാതിനാൽ ഏഴു പ്രാവശ്യം ആവർത്തിക്കുന്നതിലൂടെ ഈ ആശയം അനിഷേധ്യമാം വിധം ഊന്നിപ്പറയുന്നു. തനിക്കു ചുറ്റും നടമാടുന്ന തിന്മകൾ ദൈവത്തിന്റെ സൃഷ്ടിയല്ല എന്ന വിശ്വാസം പുരോഹിത രചയിതാവ് ഇതിലൂടെ ആവർത്തിച്ചുറപ്പിക്കുന്നു. തിന്മയുടെ ഉദ്ഭവത്തെക്കറിച്ചുള്ള വിവരണത്തിന്റെ ആമുഖമാണ് ഇതെന്നും ഓർക്കുക.

### *ഏഴാം ദിവസം - വിശ്രമം 2, 1-4*

വ്യത്യസ്തങ്ങളായ എട്ടു സൃഷ്ടി കർമ്മങ്ങൾ ആറുദിവസത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി വിവരിച്ചത് ഏഴാം ദിവസത്തെ വിശ്രമത്തിന്റെ പ്രാധാന്യം എടുത്തുക്കാട്ടാൻ വേണ്ടിയാണ്. തന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ദൈവം ഏഴാം ദിവസം വിശ്രമിച്ചതുപോലെ അധ്വാനിക്കുന്നവരെല്ലാം ഏഴാം ദിവസം വിശ്രമിക്കണം എന്ന് വിശുദ്ധ ഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു. ഇത് ദൈവത്തിന്റെ വിശ്രമത്തിൽ, അഥവാ നിത്യഭാഗ്യത്തിൽ പങ്കുചേരുന്നതിന്റെ മുന്നാസ്വാദനമാണ്. പത്തു പ്രമാണങ്ങളിൽ ഒന്നായി സാബത്താചരണത്തെ അവതരിപ്പിക്കുന്നതിലൂടെ ഇതിന്റെ പ്രാധാന്യം എത്രയെന്നു വ്യക്തമാക്കുന്നു. (പുറ. 20, 8-11).

**വിചിന്തനം:** അധ്വാനിക്കുന്ന മനുഷ്യന്റെ മൗലികാവകാശ

മാണ് വിശ്രമം. മനുഷ്യൻ അധ്വാനത്തിന് അടിമയാകരുത് (യോഹ. 6, 27). എന്നാൽ, വിശ്രമം നിഷ്ക്രിയത്വമല്ല. ''ദൈവം ഏഴാം ദിവ സത്തെ അനുഗ്രഹിച്ചു വിശുദ്ധമാക്കി'' എന്ന പ്രഖ്യാപനം പ്രത്യേകം ശ്രദ്ധിക്കുക. ദൈവത്തിനു വേണ്ടി മാറ്റി വയ്ക്കപ്പെട്ടതാണ് വിശു ദ്ധം. ആത്മീയ കാര്യങ്ങളിൽ സവിശേഷമായി ശ്രദ്ധിക്കാനും അനു ദിനജീവിതത്തിൽ ദൈവികസാന്നിധ്യത്തെ പ്രത്യേകമാം വിധം അനു സ്മരിക്കാനും വേണ്ടിയാണ് ഏഴാം ദിവസം മാറ്റിവച്ചിരിക്കുന്നത്. യഹൂ ദർ ആഴ്ചയുടെ ഏഴാം ദിവസം സാബത്താചരിക്കുമ്പോൾ ക്രൈസ്ത വർ ആഴ്ചയുടെ ഒന്നാം ദിവസമാണ് വിശുദ്ധമായി ആചരിക്കുന്നത്. യേശുവിന്റെ ഉത്ഥാനത്തിലൂടെ പുതിയ സൃഷ്ടി നടത്തുകയും നിത്യ ജീവനിൽ നമുക്കു പങ്കാളിത്തം നല്കുകയും ചെയ്തതിന്റെ ഓർമ്മ യാണ് ഞായറാഴ്ച അനുസ്മരിക്കുന്നത്. കർത്താവിന്റെ ദിവസം നന്മ ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യേശുനാഥൻ പ്രത്യേകം പഠിപ്പിച്ചിട്ടുണ്ട്. ഏഴാം ദിവസത്തെ വിശ്രമം എന്നത് ദൈവശാസ്ത്ര പരമായ ഒരു കാഴ്ചപ്പാടാണ്. സൃഷ്ടികർമ്മം ഇനിയും പൂർത്തിയാ യിട്ടില്ല. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്നതു വരെ ദൈവം തന്റെ പ്രവൃത്തി തുടരുന്നു (യോഹ 5, 17). അതിൽ പങ്കു ചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രപഞ്ചത്തന്റെ ഉദ്ഭവവും ഘടനയും
## ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും വീക്ഷണങ്ങൾ

ബൈബിൾ വരച്ചുകാട്ടുന്ന പ്രപഞ്ചചിത്രം ഇന്നത്തെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അതി വിശാലമായ പ്രപഞ്ചത്തിൽ ഒരു ചെറുമണൽത്തരി മാത്രമാണ് ഭൂമി എന്ന് ശാസ്ത്രകാരന്മാർ ആധികാരികമായി തെളിവുകൾ നിരത്തി സ്ഥാപിച്ചു കഴിഞ്ഞു. സൂര്യനിൽ നിന്നു പൊട്ടിത്തെറിച്ച് സാവധാനം തണുത്തുറഞ്ഞ ഒരു ചെറുകണിക മാത്രമാണ് നാം പാർക്കുന്ന ഭൂമി. സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്ന പ്രകാശകിര ണത്തിന് ഭൂമിയിൽ നിന്ന് ചന്ദ്രനിലെത്താൻ ഒരു സെക്കന്റു സമയം മതി, പ്രകാശം സൂര്യനിൽ നിന്നു ഭൂമിയിലെത്താൻ ഏകദേശം 8 മിനിറ്റു വേണം.

സ്വയം തിരിയുകയും സൂര്യനു പ്രദക്ഷിണം വയ്ക്കുകയും





ചെയ്യുന്ന ഒരു ഗോളമാണ് ഭൂമി. ഇതുപോലെ അനേകം ഗോളങ്ങൾ സൂര്യനു ചുറ്റും കറങ്ങുന്നുണ്ട്. ചിലതു ഭൂമിയേക്കാൾ ചെറുതാണ്. മറ്റു ചിലത് അനേകായിരം മടങ്ങ് വലുതുമാണ്. സൂര്യനു ചുറ്റും തിരിയുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും കൂടി സൗരയൂഥം എന്ന പേരിൽ അറിയപ്പെടുന്നു. സൂര്യനിൽ നിന്നു പുറപ്പെടുന്ന പ്രകാശ കിരണം സൗരയൂഥത്തിന്റെ ഏറ്റം അകലെയുള്ള പ്ലൂട്ടോയിൽ എത്താൻ ഏഴു മണിക്കൂർ എടുക്കും.

കോടിക്കണക്കിന് സൗരയൂഥങ്ങൾ ഒന്നിച്ചുചേർന്ന താരാപ ഥത്തെ ക്ഷീരപഥം (Galaxy) എന്നു വിളിക്കുന്നു. ക്ഷീരപഥത്തിന്റെ ഒരറ്റത്തു നിന്ന് മറ്റേ അറ്റത്ത് എത്താൻ പ്രകാശകിരണത്തിന് മൂന്നു ലക്ഷം വർഷങ്ങൾ വേണം. ഇപ്പോഴും നാം പ്രപഞ്ചത്തിന്റെ ഒരു കോണിൽ എത്തിയതേയുള്ളൂ.

ചുരുങ്ങിയത് അഞ്ചു കോടി ക്ഷീരപഥങ്ങളെങ്കിലും ഉൾക്കൊ ള്ളുന്നതാണ് ഈ പ്രപഞ്ചമെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഈ പ്രപഞ്ചം മുഴുവൻ വലിയൊരു പൊട്ടിത്തെറിയുടെ ഫലമായി ചിന്നി ച്ചിതറുകയും നിരന്തരം കറങ്ങിക്കറങ്ങി അകന്നുപോവുകയും ചെയ്തു കൊണ്ടിരിക്കുന്ന ഭീമാകാരങ്ങളായ ധൂളീപടലം പോലെയാണ് കാണ പ്പെടുന്നത്. ഏതാണ്ട് രണ്ടായിരം കോടി വർഷങ്ങൾക്കുമുമ്പായിരി ക്കണം ഈ ആദിമസ്ഫോടനം നടന്നതെന്ന് ശാസ്ത്രജ്ഞന്മാർ കരു തുന്നു. ഈ പ്രപഞ്ചത്തിന് ആരംഭമുണ്ടെന്നും അതിനാൽത്തന്നെ അവസാനം ഉണ്ടാകുമെന്നും ശാസ്ത്രം തന്നെ സാക്ഷ്യപ്പെടുത്തു ന്നു.

പ്രപഞ്ചത്തിന്റെ ഘടനയെയും വിസ്തൃതിയെയും കുറിച്ചെ ന്നതുപോലെതന്നെ ജീവജാലങ്ങളുടെ ഉദ്ഭവത്തെയും പ്രായത്തെയും കുറിച്ചു ബൈബിളും ശാസ്ത്രവും തമ്മിൽ പ്രത്യക്ഷത്തിൽ പൊരു ത്തക്കേടുണ്ട്. ജീവജാലങ്ങളെല്ലാം ഇന്നത്തെ അവസ്ഥയിൽ ആരംഭം മുതലേ സൃഷ്ടിക്കപ്പെട്ടവയാണെന്നും രണ്ടു ദിവസത്തിനുള്ളിൽ അവ യെല്ലാം ഉണ്ടായെന്നും ബൈബിളിൽ കാണുന്നു. ബൈബിളിന്റെ വിവരണം മൊത്തമായി എടുത്താൽ ഭൂമിക്ക് ഇപ്പോൾ ഏകദേശം 6000 വർഷമേ പ്രായമുള്ളൂ. ഇതിൽ നിന്നു തികച്ചും വിഭിന്നമാണ് ശാസ്ത്രം നല്കുന്ന അറിവ്. തിളച്ചുരുകുന്ന സൂര്യഗോളത്തിൽ നിന്ന്

പൊട്ടിത്തെറിച്ച ഭൂമി അനേകകോടി വർഷങ്ങൾ കൊണ്ടാണ് തണുത്തുറഞ്ഞത്. ഭൂമിയുടെ ഉപരിതലത്തിൽ ചൂടു നിലനില്ക്കുമ്പോൾതന്നെ, ഏകദേശം 200 കോടി വർഷങ്ങൾക്കു മുമ്പ്, ജീവന്റെ ആദ്യകണിക പ്രത്യക്ഷപ്പെട്ടതായി ശാസ്ത്രജ്ഞന്മാർ കരുതുന്നു. വളർന്നു വികസിക്കാനുള്ള ശക്തി തന്നിൽത്തന്നെ ഉൾക്കൊണ്ടിരുന്ന ഈ ആദ്യജീവി സാവകാശം പെരുകി, പുതിയ രൂപങ്ങളിലും ഭാവങ്ങളിലും ജീവികൾ പ്രത്യക്ഷപ്പെട്ടു. നിരന്തരമായ പ്രമാണപ്രക്രിയയിലൂടെ വളർന്നു വികസിച്ച് ഏകദേശം 30 ലക്ഷം വർഷങ്ങൾക്കു മുമ്പ് ഇന്നത്തെ മനുഷ്യനോടു സാമ്യമുള്ള ആദ്യമനുഷ്യനുണ്ടായി. അഗ്നി ഉപയോദിക്കുകയും ആയുധമുണ്ടാക്കുകയും ചെയ്തിരുന്ന "ജാവാ മനുഷ്യൻ" എന്നറിയപ്പെടുന്ന വർഗ്ഗം ഏതാണ്ട് പത്ത് ലക്ഷം വർഷങ്ങൾക്കു മുമ്പാണ് പ്രത്യക്ഷപ്പെട്ടത്. മരിച്ചവരെ അടക്കുകയും ഗുഹകളിൽ പടം വരയ്ക്കുകയും ചെയ്യുന്ന മനുഷ്യൻ പ്രത്യക്ഷപ്പെട്ടിട്ട് ഏകദേശം എഴുപതിനായിരം വർഷമായി പതിനായിരം വർഷം വരെ പഴക്കമുള്ള പുരാതന സംസ്ക്കാരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ശാസ്ത്രം നല്കുന്ന ഈ അറിവും ബൈബിൾ വിവരിക്കുന്ന ആറു ദിവസത്തെ സൃഷ്ടിയും ഭൂമിയെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചഘടനയും തമ്മിൽ പൊരുത്തപ്പെടുത്താൻ കഴിയുമോ? ഇല്ല എന്നാണ് വാസ്തവം. എന്നാൽ രണ്ടും രണ്ടു മേഖലകളിലാണ് വർത്തിക്കുന്നതെന്നു മനസ്സിലാക്കണം. നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്ന സത്യമാണ് ശാസ്ത്രം അവതരിപ്പിക്കുന്നത്. ബൈബിളാകട്ടെ പ്രപഞ്ചത്തിന്റെ ഉദ്ഭവത്തെയും ലക്ഷ്യത്തെയും കുറിച്ചുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ്. പ്രപഞ്ചം എന്നുണ്ടായെന്നോ അതിന്റെ ഘടന എന്തെന്നോ വിവരിക്കുകയല്ല, ഇതു ദൈവത്തിന്റെ സൃഷ്ടിയാണെന്നുള്ള വിശ്വാസം ഏറ്റു പറയുകയാണ് ബൈബിൾ ചെയ്യുന്നത്. അന്നു നിലവിലിരുന്ന പ്രപഞ്ചദർശനത്തിന്റെ വെളിച്ചത്തിൽ വിശുദ്ധഗ്രന്ഥകാരൻ സൃഷ്ടികർമ്മം വിവരിക്കുന്നു. മനുഷ്യനു ഗ്രഹിക്കാൻ പറ്റുന്ന വിധത്തിലാണ് ദൈവം വെളിപാടു നല്കുന്നത്. പ്രപഞ്ചഘടനയെക്കുറിച്ചു ശാസ്ത്രീയമായ കാഴ്ചപ്പാടു ലഭിച്ച ഇന്നും നാം സൂര്യോദയത്തെയും അസ്തമയത്തെയും കുറിച്ചു പറയാറുണ്ടല്ലോ.

ജീവജാലങ്ങളെയെല്ലാം ദൈവം സൃഷ്ടിച്ചു എന്ന ബൈബി





ളിന്റെ പഠനത്തിനു വിരുദ്ധമല്ല, അനേക കോടി വർഷങ്ങൾ നീണ്ടു നിന്ന പരിണാമപ്രക്രിയയിലൂടെയാണ് അവ ഉണ്ടായത് എന്ന ശാസ്ത്രത്തിന്റെ നിഗമനം. സ്രഷ്ടാവും ജീവന്റെ നാഥനുമായ ദൈവമാണ് വളർന്നു വികസിക്കാനുള്ള ശക്തി പ്രപഞ്ചത്തിൽ നിക്ഷേപിച്ചത്. ആരംഭത്തിൽതന്നെ എല്ലാം പൂർണ്ണമായി സൃഷ്ടിച്ചതിനുശേഷം ദൈവം വിശ്രമിക്കുകയല്ല, സൃഷ്ടികർമ്മം ഇന്നും തുടരുകയാണ്. ഏഴാം ദിവസത്തെ വിശ്രമം എന്നത് ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാടാണ്. സാബത്തുവിശ്രമത്തിന്റെ പ്രാധാന്യവും നിത്യാനന്ദത്തിലേക്ക് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യവും ഇതിലൂടെ ഊന്നിപ്പറയുന്നു. സൃഷ്ടികർമ്മം ഇനിയും പൂർത്തിയായിട്ടില്ല. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്നതുവരെ ദൈവം തന്റെ പ്രവൃത്തി തുടരുന്നു (യോഹ 5, 17). അതിൽ പങ്കുചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രപഞ്ചോൽപത്തി
## ബൈബിളിലും പുരാണേതിഹാസങ്ങളിലും

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള ബൈബിളിലെ വിവരണത്തിന് മധ്യപൗരസ്ത്യദേശത്തു പാരചാരത്തിലിരുന്ന ഇതിഹാസങ്ങളോടു സാമ്യമുണ്ട്. എനുമാ എലിഷ് എന്ന ബാബിലോണിയൻ ഇതിഹാസം ഒരുദാരഹണമാണ്. മുകളിൽ ആകാശവും താഴെ ഭൂമിയും ഉണ്ടാകുന്നതിനു മുമ്പ് ആദിപിതാവായ അപ്സുവും (Apsu) ആദിമാതാവായ തിയാമത്തും (Tiamat) തങ്ങളുടെ ജലങ്ങൾ ഒരുമിച്ചു ചേർത്ത് ഒറ്റ ജലസഞ്ചയമാക്കിയിരിക്കുന്നു. ശുദ്ധജലവും ഉപ്പുവെള്ളവുമാണ് ആദിമാതാപിതാക്കന്മാരായി ഇവിടെ ചിത്രീകരിക്കപ്പെടുന്നത്. ഈ സമ്മിശ്രണത്തിൽ നിന്ന് അനേകം ദേവന്മാർ ഉണ്ടായി. അവരുടെ നിരന്തരമായ ബഹളം ആദിമാതാപിതാക്കൾക്ക് അസഹ്യമായിത്തീർന്നപ്പോൾ പിതാവായ അപ്സു ശല്യക്കാരായ മക്കളെ കൊന്നുകളയാൻ തീരുമാനിച്ചു. ഇതറിഞ്ഞ ദൈവന്മാർ ദുഃഖത്തിലാണ്ടു. എന്നാൽ മഹാജ്ഞാനിയായ എയാ (Ea) സൂത്രത്തിൽ അപ്സുവിനെ വധിച്ചു. ക്രുദ്ധയായ തിയാമത് ദേവന്മാരെ ഒന്നടങ്കം നശിപ്പിക്കാൻ സന്നാഹങ്ങൾഒരുക്കി. പക്ഷെ മർദുക്ക് അവളെ രണ്ടായി വെട്ടിമുറിച്ച് മകുൽ ഭാഗം കൊണ്ട് ആകാശവും കീഴ്ഭാഗം കൊമ്ട് ഭൂമിയും സൃഷ്ടിച്ചു.

ഈജിപ്തിൽ പ്രചാരത്തിലിരുന്ന സൃഷ്ടിയുടെ വിവരണം ഇതിലും ലളിതമാണ്. പുരാതന സമുദ്രത്തിനു മധ്യത്തിൽ ഒരു ചെറിയ കുന്നുണ്ടായിരുന്നു. ആ കുന്നിൽ ഇരുന്ന് അത്തും (Atum) ദേവൻ മറ്റു ദേവന്മാരെ പുറപ്പെടുവിച്ചു. ഇവിടെ ആകാശവും ഭൂമിയും എല്ലാം ദൈവങ്ങളാണ്. 'അത്തും' സൂര്യനാണ്. ഫെനീഷ്യക്കാരുടെ വിശ്വാസം മറ്റൊന്നായിരുന്നു. കുഴഞ്ഞ ചേറുപോലുള്ള സമുദ്രമധ്യത്തിൽ മോത്ത് (Mot) ദേവൻ ജനിച്ചു. സകല ജീവജാലങ്ങളെയും തന്നിൽ ഉൾക്കൊള്ളുന്ന വലിയൊരു മുട്ട (ബ്രഹ്മാണ്ഡം) ആയിരുന്നു മോത്ത്. ഈ മുട്ട രണ്ടായി മുറിഞ്ഞ് മുകൾഭാഗം ആകാശവും കീഴ്ഭാഗം ഭൂമിയുമായി.

ബൈബിളിലെ വിവരണത്തിൽ മേൽപ്പറഞ്ഞ ഇതിഹാസങ്ങളുമായി ചില സാമ്യങ്ങൾ കാണാം. ആരംഭത്തിലുണ്ടായിരുന്ന ജലവും ജലത്തെ വിഭജിച്ചു നടത്തുന്ന സൃഷ്ടികർമ്മവും ഈ സാമ്യങ്ങളിൽ ഉൾപ്പെടുന്നു. എന്നാൽ വ്യത്യാസങ്ങൾ ഏറെയാണ്. ഇതിഹാസങ്ങളിൽ ദേവന്മാരെല്ലാം ജലത്തിൽ നിന്നു ജനിക്കുന്നു. പരസ്പരം കലഹിക്കുന്നു, വധിക്കുന്നു. ബൈബിളിലാകട്ടെ അനാദിയായ ദൈവം അനായാസമായി സകലതും തന്റെ വചനം കൊണ്ടു സൃഷ്ടിക്കുന്നു. ദൈവം ഏകനാണ്, പ്രപഞ്ചത്തിൽ നിന്നു വ്യതിരിക്തനും പ്രപഞ്ചത്തിന് അതീതനുമാണ്. ദൈവിക വെളിപാടും മാനുഷിക ഭാവനയും തമ്മിലുള്ള വ്യത്യാസം ഇവിടെ ദൃശ്യമാകുന്നു.

## ചോദ്യങ്ങൾ

1. ഏഴു ദിവസത്തിന്റെ ചട്ടക്കൂട്ടിൽ സൃഷ്ടിയുടെ വിവരണം ഒതുക്കിയിരിക്കുന്നതിന്റെ ലക്ഷ്യമെന്ത്?
2. മനുഷ്യസൃഷ്ടി മറ്റു സൃഷ്ടികളിൽ നിന്ന് ഏപ്രകാരമാണ് വ്യത്യസ്തമായിരിക്കുന്നത്?
3. ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന പ്രസ്താവനയിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
4. ഏഴാം ദിവസത്തിന്റെ പ്രാധാന്യമെന്ത്?

## ചർച്ചയ്ക്ക്

1. ഇന്നു നിലവിലിരിക്കുന്ന വർണ്ണ-വർഗ്ഗ-ജാതി വ്യത്യാസങ്ങൾ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണോ?





2. എന്താണ് മനുഷ്യന്റെ മഹത്വത്തിനു മാനദണ്ഡം? ബൈബിളിന്റെ കാഴ്ചപ്പാടനുസരിച്ചാണോ നാം മനുഷ്യനെ വില മതിക്കുന്നത്?
3. സാബത്തിനും വിശ്രമത്തിനും ഇന്ന് എന്തു പ്രസക്തിയുണ്ട്?
4. ആഹാരം ദൈവദാനമാണ്; മനുഷ്യപ്രയത്നത്തിന്റെ ഫലവും. എല്ലാവർക്കും ആവശ്യമായ ആഹാരം ലഭ്യമാകാത്തത് എന്തുകൊണ്ട്? ലഭ്യമാക്കാൻ വേണ്ടി എന്തു ചെയ്യാൻ കഴിയും?

**പ്രാർത്ഥന:** 19-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

# 2. മനുഷ്യനും പറുദീസായും

## ഉൽപത്തി 2, 5–25

### സൃഷ്ടിയുടെ രണ്ടാം വിവരണം

അതിഗംഭീരമായ ആരാധനാ കീർത്തനത്തിൽ നിന്ന് നാടോടിക്കഥയിലേക്കു കടക്കുന്ന പ്രതീതിയാണ് ഉൽപ്പത്തി ഒന്നാം അധ്യായത്തിൽ നിന്ന് രണ്ടാം അധ്യായത്തിലേക്കു വരുമ്പോൾ ഉണ്ടാകുന്നത്. പ്രപഞ്ചസൃഷ്ടിയാണ് രണ്ടധ്യായങ്ങളുടെയും പ്രമേയമെങ്കിലും അവതരണരീതിയിലും ഊന്നലുകളിലും ഗണ്യമായ വ്യത്യാസങ്ങളുണ്ട്.

ഉൽപത്തി രണ്ടും മൂന്നും അധ്യായങ്ങളിലെ വിവരണങ്ങൾ അഭേദ്യമാംവിധം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ രണ്ടധ്യായങ്ങളും ഒരുമിച്ചു വായിച്ചതിനുശേഷം പഠനം തുടങ്ങുന്നത് ഉപകാരപ്രദമായിരിക്കും. ലളിതമായ കഥാരൂപത്തിലാണ് അവതരണമെങ്കിലും മനുഷ്യപ്രകൃതിയെ സംബന്ധിച്ച അടിസ്ഥാനപരമായ സത്യങ്ങളാണ് ഈ അധ്യായങ്ങൾ ഉൾക്കൊള്ളുന്നത്.

മുഖ്യപ്രമേയം

മനുഷ്യജീവിതം ക്ലേശപൂർണ്ണമായിരിക്കുന്നത് എന്തുകൊണ്ട്? സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വെമ്പുന്ന ഹൃദയത്തിൽ എന്തേ വിദ്വേഷത്തിന്റെ വിഷം നിറയുന്നു? മനുഷ്യൻ ആഗ്രഹിക്കുന്ന നൻമ ചെയ്യാൻ കഴിയാതെ, ആഗ്രഹിക്കാത്ത തിന്മ ചെയ്തു പോകുന്നതിന്റെ കാരണമെന്ത്? എന്തേ മനുഷ്യജീവിതം മരണത്തിൽ ചെന്നവസാനിക്കുന്നു? തികച്ചും തൃപ്തികരമായ ഉത്തരം നൽകാൻ മനുഷ്യബുദ്ധിക്കു കഴിയാത്ത ഈവിധത്തിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്കു ദൈവിക വെളിപാടിന്റെ വെളിച്ചം വീശുന്നതാണ് ഈ അധ്യായങ്ങൾ. ഇവ യാഹ്‌വിസ്റ്റ് (J) ഗ്രന്ഥകാരന്റെ രചനയാണെന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.





### ഇസ്രായേൽ ചരിത്രവുമായുള്ള ബന്ധം

ഈ അധ്യായങ്ങളഇലെ വിവരണങ്ങൾ അടുത്തു പരിശോധിച്ചാൽ ഇസ്രായേൽ ചരിത്രത്തിന്റെ മാതൃകയിലാണ് ഇവ രചിക്കപ്പെട്ടിരിക്കുന്നത് എന്നു വ്യക്തമാകും. താഴെ കൊടുത്തിരിക്കുന്ന താരതമ്യപഠനം കാണുക. ദാവീദിന്റെയും സോളമന്റെയും ഭരണകാലത്താണ് അതുവരെ വാചികവും ലിഖിതവുമായി കാത്തുസൂക്ഷിച്ചിരുന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസപാരമ്പര്യങ്ങൾ ശേഖരിച്ച് ആദ്യമായി ഗ്രന്ഥരൂപത്തിൽ എഴുതപ്പെട്ടത്. അത് ഇസ്രായേൽ ജനത്തിന്റെ ചരിത്രമായിരുന്നു. അതേ സമയം രക്ഷാചരിത്രവും.

| ഇസ്രായേൽ ചരിത്രം | ഉൽപത്തി 2- 3 |
|---|---|
| 1. മരുഭൂമിയിൽവച്ച് ഒരു ജനതയാക്കി | 1. വരണ്ട ഭൂമിയിൽവച്ച്, പൂഴിയിൽ നിന്നു മെനഞ്ഞു. |
| 2. ഫലസമൃദ്ധമായ കാനാൻ ദേശത്തേക്കു കൊണ്ടു വന്നു. | 2. പറുദീസായിലേക്കു കൊണ്ടുവന്നു |
| 3. ഉടമ്പടിയുടെ കല്പനകൾ നൽകി | 3. കല്പന നൽകി |
| 4. അനുസരിച്ചാൽ ജീവിക്കും | 4. ജീവന്റെ വൃക്ഷം |
| 5. കല്പന ലംഘിച്ചാൽ മരിക്കും | 5. കല്പന ലംഘിച്ചാൽ മരണം |
| 6. ജനം കൽപന ലംഘിച്ചു | 6. മനുഷ്യൻ കല്പന ലംഘിച്ചു |
| 7. മരുഭൂമിയിലെ ശിക്ഷ | 7. മനുഷ്യനു ശിക്ഷ |
| 8. കാനാൻ ദേശം നഷ്ടപ്പെടും | 8. പറുദീസായിൽ നിന്നു പുറത്താക്കി |

ഈ ചരിത്രത്തിനു മുഖ്യമായും രണ്ടു ഘടകങ്ങളുണ്ട്. ദൈവത്തിന്റെ സൗജന്യമായ തിരഞ്ഞെടുപ്പും അചഞ്ചലമായ സ്നേഹവും വാഗ്ദാനങ്ങളിലുള്ള വിശ്വസ്തതയുമാണ് ഒരു ഘടകം. ജനത്തിന്റെ പ്രതികരണമാണ് രണ്ടാമത്തേത്. അത് പലപ്പോഴും അവിശ്വസ്തതയായിരുന്നു. ഇസ്രായേലിന്റെ നന്മയ്ക്കും വളർച്ചയ്ക്കും കാരണം ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹമാണെന്നും അവർ അനുഭവി്കേണ്ടി വന്ന സകല തിന്മകളുടേയും കാരണം അവരുടെ അവിശ്വസ്തതയാണെന്നും അവരുടെ ചരിത്രം തന്നെ വ്യക്തമാക്കി.

ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ ദൈവ-മനുഷ്യ

ബന്ധത്തെക്കുറിച്ചും മനുഷ്യപ്രകൃതിയെക്കുറിച്ചും ലഭിച്ച അടിസ്ഥാനപരമായ ഉൾക്കാഴ്ചയാണ് ഉൽപത്തി 2-3 അധ്യാങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യപ്രകൃതിയിൽത്തന്നെ കാതലായ അപാകതയുണ്ടെന്നും അതു ദൈവസൃഷ്ടിയല്ല, മനുഷ്യന്റെ തന്നെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റഎ ഫലമാണെന്നും ഈ അധ്യായങ്ങൾ പഠിപ്പിക്കുന്നു.

മധ്യപൗരസ്ത്യദേശത്തു പ്രചാരത്തിലിരുന്ന പല പുരാണേതിഹാസങ്ങളും മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളെ ചർച്ചാവിഷയമാക്കുന്നുണ്ട്. യാഹ്‌വിസ്റ്റ് ഗ്രന്ഥകാരനും അവ പരിചിരതങ്ങളായിരുന്നു. മനുഷ്യസൃഷ്ടിയേയും പതനത്തേയും കുറിച്ചുള്ള വിവരണങ്ങളിൽ ഈ പുരാണകഥകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയെ അതേപടി സ്വീകരിക്കുകയല്ല, തനിക്കു ലഭിച്ച ദൈവിക പ്രകാശത്തിന്റെ വെളിച്ചത്തിൽ അവയെ വിശകലനം ചെയ്ത്, വിശ്വാസസത്യങ്ങൾ വ്യക്തമാക്കാൻ ഉപകരിക്കുന്നവ മാത്രം തിരഞ്ഞെടുക്കുകയാണ് വിശുദ്ധഗ്രന്ഥകാരൻ ചെയ്തത്.

രചനാരൂപം

സംഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്ന ചരിത്രരചനയല്ല, സനാതന സത്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രകാശിപ്പിക്കുന്ന കഥാരൂപത്തിലുള്ള ആഖ്യാനമാണ് ഈ അധ്യായങ്ങളിൽ കാണുന്നത്. എന്നാൽ ഒരാശയമോ ആദർശനോ അവതരിപ്പിക്കുന്ന വെറും കെട്ടുകഥകളോ ഉപമകളോ അല്ല ഇത്. ഇവിടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളും (ആദാം, ഹവ്വാ, സർപ്പം) സ്ഥലങ്ങളും (മരുഭൂമി, ഏദേൻ, പറുദീസ്) വസ്തുക്കളും (മരം, പഴം) എല്ലാം യാഥാർത്ഥ്യത്തിൽ അടിസ്ഥാനമുള്ള പ്രതീകങ്ങളാണ്. മനുഷ്യന്റെ അടിസ്ഥാന സ്വഭാവത്തേയും ലക്ഷ്യത്തേയും അവൻ നേരിടുന്ന പ്രശ്നങ്ങളേയും വിശദീകരിക്കുവാൻ കഴിയുന്ന സാർവ്വത്രികസ്വഭാവമുള്ളവയാണ് ഈ പ്രതീകങ്ങൾ. മനുഷ്യനെക്കുറിച്ച് ഇവിടെ പറയുന്ന കാര്യങ്ങൾ എല്ലാ മനുഷ്യരെയും സംബന്ധിക്കുന്ന സത്യങ്ങളുടെ ആവിഷ്ക്കരണമാണ്. അതിനാൽ ഇവയെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയല്ല, ഇവയിലെ പ്രതീകങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കയാണ് വേണ്ടത്.





2, 5 - 22 വാക്യങ്ങൾ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
1. മനുഷ്യസൃഷ്ടി (2, 5-7); 2. പറുദീസാ (2, 8-17);
3. മനുഷ്യനു തുണ (2, 18-25)

## 1. മനുഷ്യസൃഷ്ടി 2, 5-7

മനുഷ്യസൃഷ്ടിയെ കേന്ദ്രമാക്കിയുള്ള ഒരു വിവരണമാണ് ഈ മൂന്നു വാക്യങ്ങളിലുള്ളത്. മൂലഭാഷയായ ഹീബ്രുവിൽ 7-ാം വാക്യം മാത്രമാണ് പൂർണ്ണവാക്യം. മറ്റുള്ളവയെല്ലാം മനുഷ്യസൃഷ്ടിയുടെ സാഹചര്യങ്ങൾ വിവരിക്കുന്ന ഉപവാക്യങ്ങളാണ്.

**ദൈവമായ കർത്താവ് :** ''യാഹ്‌വേ ഏലോഹിം'' എന്നാണ് ഹീബ്രുമൂലം. ഉൽപ. 2-3 അധ്യായങ്ങളിൽ മാത്രമേ ഈ രണ്ടു പേരുകൾ ഒരുമിച്ചു പ്രത്യക്ഷപ്പെടുന്നുള്ളൂ. പുറപ്പാടു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് യാഹ്‌വേ എന്ന പേര് വെളിപ്പെടുത്തപ്പെട്ടത്. ഈ പേരിൽ ദൈവം വിമോചകനായി സ്വയം വെളിപ്പെടുത്തി (പുറ. 3, 14-17). ഇസ്രായേലിനെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച യാഹ്‌വേ സ്രഷ്ടാവായ ദൈവമാണെന്ന് ആരംഭത്തിലേ സൂചിപ്പിക്കുന്നു. ദൈവത്തോടുള്ള ബഹുമാനം മൂലം യഹൂദർ അവിടുത്തെ നാമം ഉച്ചരിച്ചിരുന്നില്ല. ആ പേര് കാണുമ്പോൾ ''അദോനായ്''എന്നാണ് അവർ വായിച്ചിരുന്നത്. കർത്താവ്, നാഥൻ, അധിപൻ എന്നൊക്കെ അദോനായ് എന്ന പദത്തിന്റെ അർത്ഥം. ''യാഹ്‌വേ'' എന്ന പേര് ''കർത്താവ്'' എന്നു പൊതുവെ വിവർത്തനം ചെയ്യുന്നു.

**ഭൂമിയും ആകാശവും :** ''ആകാശവും ഭൂമിയും'' എന്ന ക്രമത്തിലാണ് ബൈബിളിൽ സാധാരണ കാണാറുള്ളതെങ്കിലും ഇവിടെ ഹീബ്രുവിൽ ''ഭൂമിയും ആകാശവും'' എന്ന ക്രമമാണ് ഉപയോഗിച്ചിരിക്കുന്നത്. വാക്യത്തിൽ ആദ്യം വരുന്ന പദത്തിനാണ് ഊന്നൽ ലഭിക്കുക. മനുഷ്യന്റെ മേഖലയായ ഭൂമിക്ക് ഈ വാക്യഘടനയിൽ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു.

**ഭൂമിയുടെ അവസ്ഥ :** 5-6 വാക്യങ്ങൾ മനുഷ്യസൃഷ്ടിക്കു മുമ്പുള്ള അവസ്ഥയെ സൂചിപ്പിക്കുന്നു. ഒരു മരുഭൂമിയുടെ പ്രതീതിയാണ് ഈ വിവരണം നൽകുന്നത്. പുല്ലോ ചെടികളോ ഇല്ലാതെ, വരണ്ടുണങ്ങിയ തരിശുനിലം പോലെയാണ് ഭൂമി. ഇതിനു രണ്ടു

കാരണങ്ങൾ നൽകിയിര്കകുന്നു. 1. ദൈവം മഴ പെയ്യിച്ചില്ല. 2. കൃഷി ചെയ്യാൻ മനുഷ്യനില്ല. ജീവിതാനുഭവത്തിൽ നിന്നുള്ള ഈ വിവരണം ഭൂമിയുടെ ഫലപുഷ്ടിയിൽ ദൈവത്തിന്റെയും മനുഷ്യന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. ഭൂമിയിൽ നിന്നുയർന്ന് ഭൂതലം നനയ്ക്കുന്ന മൂടൽ മഞ്ഞ് ഭൂമിയെ ഫലപുഷ്ടമാക്കാൻ പര്യാപ്തമായില്ല.

**മനുഷ്യസൃഷ്ടി** : ആദ്യവിവരണത്തിൽ മനുഷ്യൻ ഏറ്റം ഒടുവിലത്തെ സൃഷ്ടിയാണ്; ഇവിടെയാകട്ടെ ആദ്യത്തേടും. എപ്രകാരമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്നു വർണ്ണിക്കുകയല്ല, മനുഷ്യ പ്രകൃതിയുടെ അടിസ്ഥാന ഭാവങ്ങൾ എടുത്തുകാട്ടുകയാണ് ഈ വിവരണത്തിന്റെ ഉദ്ദേശ്യം.

ആദാം എന്ന പദമാണ് "മനുഷ്യൻ" എന്നു വിവർത്തനം ചെയ്യുന്നത്. ഇവിടെ ആദാം എന്നത് ഒരു വ്യക്തിയുടെ പേര് എന്നതിലുപരി "മനുഷ്യൻ" എന്ന പൊതുനാമമാണ്. പിന്നീട് ഈ പദം ആദ്യമനുഷ്യന്റെ പേരായും ഉപയോഗിക്കുന്നുണ്ട്. മണ്ണ് എന്നർത്ഥമുള്ള "ആദമാ" എന്ന പദവുമായി ഇത് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. മണ്ണിൽ നിന്നു വന്നവനാണ് മനുഷ്യൻ എന്ന് ഈ ബന്ധം സൂചിപ്പിക്കുന്നു.

രണ്ടു ഘട്ടമായിട്ടാണ് മനുഷ്യസൃഷ്ടി വിവരിച്ചിരിക്കുന്നത്. ആദ്യത്തേത് കുശവന്റെ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നു. കുശവൻ കളിമണ്ണുകൊണ്ട് പാത്രങ്ങൾ മെനയുന്നതുപോലെ ദൈവം പൂഴി കൊണ്ട് മനുഷ്യനെ മെനഞ്ഞു. പല പുരാണേതിഹാസങ്ങളിലും കാണുന്ന ഈ പ്രയോഗം ബൈബിളിൽ പല തവണ പ്രത്യക്ഷപ്പെടുന്നുണ്ട് (ജോബ് 10, 8-9; സങ്കീ. 119, 73; ജറെ, 18, 6).

മനുഷ്യനിലേക്കു ജീവന്റെ ശ്വാസം പകരുന്നതാണ് രണ്ടാം ഘട്ടം. ശ്വസിക്കുന്ന മനുഷ്യൻ ജീവിക്കുന്നു, ശ്വാസം നിലച്ചാൽ മരിക്കുന്നു എന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ശ്വാസമാണ് ജീവൻ എന്ന വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നു. മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ രണ്ടു ചിത്രങ്ങളും ദൈവത്തിനു മനുഷ്യനോടുള്ള കരുണാർദ്രമായ സ്നേഹത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്. മനുഷ്യൻ തന്റെ അസ്തിത്വത്തിനു ദൈവത്തോടു കടപ്പെട്ടിരിക്കുന്നുവെന്നും ഈ വിവരണം പഠിപ്പിക്കുന്നു.





മണ്ണിനോടും ദൈവത്തോടും ബന്ധപ്പെട്ടതാണ് മനുഷ്യൻ. മണ്ണിൽ നിന്നു വന്ന മനുഷ്യൻ ജീവസന്ധാരണത്തിനായി മണ്ണിനെ ആശ്രയിക്കുന്നു. എന്നാൽ അവനെ മനുഷ്യനാക്കുന്നത് ദൈവത്തിന്റെ ശ്വാസമാണ്. അവനിൽ പ്രവർത്തിക്കുന്ന ദൈവിക ചൈതന്യം അവനെ മറ്റു സൃഷ്ടികളിൽ നിന്നു വ്യത്യസ്തനാക്കുന്നു. ജീവദായകമായ ദൈവശ്വാസം അവനിൽ ഉള്ളിടത്തോളം കാലം മാത്രമേ അവൻ ജീവിക്കൂ. മനുഷ്യന്റെ മഹത്വവും താഴ്മയും, നശ്വരതയും അനശ്വരതയും ഒരേ സമയം എടുത്തുകാട്ടുന്നതാണ് ഈ ചിത്രം. ദൈവത്തിന്റെ ഛായയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന പ്രഖ്യാപനം ഈ സത്യത്തെ കൂടുതൽ വിശദമാക്കുന്നുണ്ട്.

ഉണങ്ങി വരണ്ട ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കുന്നത് മരുഭൂമിയിൽവെച്ച് ഇസ്രായേലിനെ രൂപപ്പെടുത്തിയതിനെ അനുസ്മരിപ്പിക്കുന്നു. ഉണങ്ങി വരണ്ട അവസ്ഥകളിലേക്ക് ജീവശ്വാസം പ്രവേശിക്കുന്ന ചിത്രത്തിന് (എസെ 37, 10) ഇതുമായി സാമ്യമുണ്ട്. പ്രവാസികളുടെ മടങ്ങിവരവിനെക്കുറിച്ചുള്ള ഈ പ്രവചനം ഇസ്രായേൽ ചരിത്രത്തിന്റെ ഭാഗം തന്നെ.

**വിചിന്തനം** : ഓരോ മനുഷ്യവ്യക്തിയെയും ദൈവം ആർദ്രമായി സ്നേഹിക്കുന്നു. ഈ സ്നേഹമാണ് ഓരോ വ്യക്തിക്കും ജീവനും നിലനിൽപ്പും നൽകുന്നത്. മനുഷ്യന്റെ മഹത്വം കണ്ടതുകൊണ്ടല്ല ദൈവം അവനെ സ്നേഹിക്കുന്നത്, മറിച്ച് ദൈവത്തിന്റെ സ്നേഹമാണ് അവനെ മഹത്വമുള്ളവനാക്കുന്നത്.

ദൈവം ഓരോ മനുഷ്യവ്യക്തിയേയും പൂർണ്ണമായി അറിയുന്നു. അവിടുത്തെ മുമ്പിൽ ആർക്കും ഒന്നും നടിക്കാനാവില്ല; അഹങ്കരിക്കാനും കഴിയില്ല. മനുഷ്യവ്യക്തികളെയും മാനവചരിത്രത്തെയും രൂപപ്പെടുത്തുന്നതു ദൈവമാണ്. താൻ ആഗ്രഹിക്കുന്ന വിധത്തിൽ നമ്മെ രൂപപ്പെടുത്താനായി നാം ദൈവകരങ്ങൾക്കു സ്വയം വിട്ടുകൊടുക്കണം.

## 2. പറുദീസ 2, 8–17

ദൈവം മനുഷ്യനു ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്ന

തിന്റെ ചിത്രമാണ് അടുത്തതായി വി. ഗ്രന്ഥകാരൻ വരച്ചു കാട്ടുന്നത്. ഈ ഭാഗത്തെ രണ്ടായി തിരിക്കാം. a. മനുഷ്യൻ പറുദീസായിൽ (2, 8-15), b. കല്പന (2, 16-17).

## a. മനുഷ്യൻ പറുദീസായിൽ 2, 8-15

ആദ്യമനുഷ്യനെ ദൈവം പറുദീസായിൽ താമസിപ്പിച്ചു എന്നാണ് പൊതുവെ പറയാറുള്ളത്. പറുദീസാ എന്നാൽ സകല വിധ സുഖസന്തോഷങ്ങളുടെയും സ്ഥലമാണെന്നും കരുതപ്പെടുന്നു. എന്നാൽ ശ്രദ്ധിച്ചു വായിച്ചാൽ ഈ രണ്ടാശയങ്ങളും ബൈബിളിലില്ല എന്നു വ്യക്തമാകും.

''പറുദീസാ'' എന്നു പൊതുവേ അറിയപ്പെടുന്നെങ്കിലും ''തോട്ടം'' എന്നാണ് ബൈബിളിൽ കാണുന്നത്. ''ഗൻ'' എന്ന ഹീബ്രു പദമാണ് ''തോട്ടം'' എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. മതിൽ കെട്ടിയടച്ചു സുരക്ഷിതമാക്കിയതും ഫലവൃക്ഷങ്ങളും തണൽമരങ്ങളും നിറഞ്ഞതുമായ ''ഉദ്യാനം'' എന്നാണ് ഈ പദത്തിന്റെ അർത്ഥം. മധ്യപൗരസ്ത്യ ദേശത്തെ രാജാക്കന്മാർക്കും ധനികർക്കും ഇപ്രകാരമുള്ള ഉദ്യാനങ്ങളുണ്ടായിരുന്നു (എസ്തേർ 7, 7; ദാനി 13, 4). എന്നാൽ ഈ പദം ''പരദെയ്സോസ്'' (Paradeisos) എന്നു ഗ്രീക്കിലേക്കും ''പരദീസും'' (Paradisum) എന്നു ലത്തീനിലേക്കും വിവർത്തനം ചെയ്യപ്പെട്ടു അതിൽ നിന്നാണ് പാരഡൈസ് (Paradise) എന്ന ഇംഗ്ലീഷുപദവും പറുദീസാ എന്ന മലയാളപദവും ഉണ്ടായത്.

**ഏദേൻ** : ഇത് ഒരു സ്ഥലപ്പേരായി കരുതുന്നവരുണ്ട്. തോട്ടത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നതാണ് എന്നു മറ്റു ചിലർ കരുതുന്നു. ഈ അർത്ഥത്തിലാണ് ''സന്തോഷത്തിന്റെ പറുദീസ്'' (Paradisum Voluptatis) എന്നു ലത്തീനിലേക്കു വിവർത്തനം ചെയ്യപ്പെട്ടത് എന്നാൽ ഏദേൻ എന്ന പദത്തിന് ''വരണ്ട നിലം'', ''മരുഭൂമി'' എന്നും അർത്ഥമുണ്ട്. ഭൂമിയുടെ അവസ്ഥയെ കുറിച്ച് 2, 5ൽ നൽകിയ വിവരണത്തോട് കൂടുതൽ യോജിച്ചു പോകുന്നതാണ് ഈ വ്യാഖ്യാനം. ഒരു മരുപ്പച്ചയുടെ പ്രതീതിയാണ് ''എദേനിലെ തോട്ടം'' എന്ന വിവരണം ജനിപ്പിക്കുന്നത്.

**കിഴക്ക്** : തോട്ടത്തിന്റെ സ്ഥലനിർണ്ണയമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുക. പലസ്തീനായിൽ ജീവിച്ചിരിക്കുന്നവർക്ക് ജോർദ്ദാന





ക്കരെയുള്ള പ്രദേശങ്ങളെല്ലാം കിഴക്കായിരുന്നു.

**നദികൾ** : പറുദീസായുടെ സ്തലവും സ്വഭാവവും കൂടുതൽ വിശദമാക്കുന്നതാണ് നാലു നദികളെക്കുറിച്ചുള്ള വിവരണം. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾ ഏവർക്കും സുപരിചിതമാണ്. ഈ നദികൾക്കു മധ്യേയുള്ള സ്ഥലം ''മെസോപ്പൊട്ടാമിയാ'' എന്ന പേരിൽ അറിയപ്പെടുന്നു. ഈ നദീതടത്തിൽ നിന്നാണ് ഇസ്രായേലിന്റെ പൂർവ്വികർ കാനാനിലേക്കു കുടിയേറിപ്പാർത്തത്. ഈ പ്രദേശം ഇന്ന് ഇറാക്കിന്റെ ആധിപത്യത്തിലാണ്. പിഷോൺ, ഗിഹോൺ എന്നീ നദികൾ എവിടെയാണെന്ന് ആർക്കും അറിയില്ല. ദൈവം നട്ടുപിടിപ്പിച്ച തോട്ടത്തിന്റെ സ്ഥലമോ സ്വഭാവമോ അക്ഷരാർത്ഥത്തിൽ എടുക്കരുതെന്നും ആ സ്ഥലം ആരും അന്വേഷിച്ചു പോകേണ്ടതില്ലെന്നും സൂചിപ്പിക്കാനായിരിക്കാം അജ്ഞാതമായ രണ്ടു നദികളുടെ പേരു രേഖപ്പെടുത്തിയിരിക്കുന്നത്.

ബൈബിളിൽ ''നാല്'' സമഗ്രതയെ സൂചിപ്പിക്കുന്ന സംഖ്യാണ്. ഭൂതലം മുഴുവൻ ജലസേചനം ചെയ്യാൻമാത്രം ശക്തമാണ് പറുദീസായിലെ നദിയെന്ന് നിറഞ്ഞൊവുകുന്ന നാലു മഹാനദികളുടെ പ്രതീകത്തിലൂടെ വിശുദ്ധ ഗ്രന്ഥകാരൻ സൂചിപ്പിക്കുകയാവാം. മരുഭൂമിയിൽ വസിക്കുന്നവർക്ക് സമൃദ്ധിയുടെയും സൗഭാഗ്യത്തിന്റെയും പ്രതീകമാണ് ജലം.

**വൃക്ഷങ്ങൾ** : തോട്ടത്തിലെ വൃക്ഷങ്ങളെല്ലാം കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കുവാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്നവയാണ്. ഈ വിവരണം വീണ്ടും 3, 6ൽ ഒരു പ്രത്യേക വൃക്ഷത്തിന്റെ പഴവുമായി ബന്ധപ്പെടുത്തി ആവർത്തിക്കുന്നുണ്ട്. എല്ലാത്തരം ഫലവൃക്ഷങ്ങൾക്കും മധ്യേ രണ്ടു വൃക്ഷങ്ങൾ എടുത്തു പറഞ്ഞിരിക്കുന്നു. ജീവന്റെ വൃക്ഷവും നന്മതിന്മയുടെ അറിവിന്റെ വൃക്ഷവും. ആദ്യത്തേത് അമർത്യതയെ സൂചിപ്പിക്കുന്നു. ഇത് മൂന്നാം അധ്യായത്തിന്റെ അവസാനം വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ രണ്ട് അധ്യായങ്ങളിലെയും ഒരു പ്രധാന പ്രമേയമാണ് അമർത്യത എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. രണ്ടാമത്തെ വൃക്ഷം തുടർന്നുള്ള വിവരണങ്ങളിൽ അതിപ്രധാനമാണ്. കല്പനയും (2, 17) പ്രലോഭനവും (3, 5) ലംഘനവും (3, 6) എല്ലാം അതുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്താണ്

ഈ വൃക്ഷത്തിന്റെ അർത്ഥം എന്ന് കല്പനയുടെ വിശദീകരണത്തിൽ ചർച്ച ചെയ്യുന്നതാണ്.

മനുഷ്യൻ പറുദീസായിൽ

മനുഷ്യനെ തോട്ടത്തിലാക്കി എന്ന് രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ട് (2, 8.15). ''ദൈവമായ കർത്താവ് മനുഷ്യനെ എടുത്ത് ഏദേൻതോട്ടത്തിൽ വച്ചു'' എന്നാണ് രണ്ടാമത്തെ വിവരണത്തിന്റെ അക്ഷരാർത്ഥം. പുല്ലും ചെടിയും ഇല്ലാത്ത വരണ്ട ഭൂമിയിൽ നിന്ന് മനുഷ്യനെ എടുത്ത് ധാരാളം ജലവും ഫലവൃക്ഷങ്ങളും ഉള്ള തോട്ടത്തിൽ കൊണ്ടുവന്നു താമസിപ്പിക്കുന്ന ചിത്രത്തിനു പിന്നിൽ മരുഭൂമിയിൽ നിന്നു കാനാൻദേശത്തേക്ക് ദൈവം നയിച്ച ഇസ്രായേലിന്റെ ചരിത്രം കാണാൻ കഴിയും.

തോട്ടത്തിലാക്കിയ മനുഷ്യനെ ദൈവം രണ്ടു ജോലികൾ ഏൽപ്പിച്ചു. 1. കൃഷി ചെയ്യുക; 2. സംരക്ഷിക്കുക. കൃഷി ചെയ്യുക എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന് ദാസ്യവേല ചെയ്യുക എന്നാണ് അർത്ഥം. തന്നെയും തോട്ടത്തെയും സൃഷ്ടിച്ചവന്റെ ദാസനാണ് താൻ, അവൻ ഏല്പിക്കുന്ന ജോലിയാണ് താൻ ചെയ്യേണ്ടത് എന്ന ബോധ്യം മനുഷ്യനു നല്കുന്നതാണ് ഈ പ്രയോഗം. സംരക്ഷിക്കുക എന്നു വിവർത്തനം ചെയ്യുന്ന രണ്ടാമത്തെ പദം കാവൽക്കാരന്റെ ജോലിയെ സൂചിപ്പിക്കുന്നു. നിരന്തരമായ ജാഗ്രതയും അധ്വാനവും വഴി തോട്ടം സംരക്ഷിക്കാനും കാത്തുസൂക്ഷിക്കാനുമുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്. പൂർണ്ണവും എന്നേക്കും സ്വന്തമായി ലഭിച്ചതുമല്ല പരുദീസാ. ശ്രദ്ധിച്ചില്ലെങ്കിൽ അതു നഷ്ടപ്പെടാം എന്ന സൂചനയും ഈ പദങ്ങളിലുണ്ട്.

**വിചിന്തനം** : ദൈവം സൃഷ്ടിച്ച ഭൂമി മനോഹരവും ഫലസമൃദ്ധവുമാണ്. അതിന്റെ ഭംഗി കാത്തുസൂക്ഷിക്കാനും ഫലപുഷ്ടി ഉപയോഗപ്പെടുത്താനും മനുഷ്യന് ഉത്തരവാദിത്വമുണ്ട്. സ്വാർത്ഥമോഹങ്ങളുടെ പൂർത്തീകരണത്തിനായി ഭൂമിയുടെ ഭംഗിയും ഫലപുഷ്ടിയും നശിപ്പിക്കാനുള്ള മനുഷ്യന്റെ, പ്രത്യേകിച്ചും ഉപഭോക്തൃസംസ്ക്കാരത്തിന് അടിമയായിത്തീർന്നിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രവണതയും, പ്രവർത്തനങ്ങളും വിനാശകരമായിരിക്കും.

അലസൻമാരുടെ താവളമല്ല പറുദീസാ. അധ്വാനിക്കാൻ എല്ലാ





മനുഷ്യർക്കും കടപ്പാടുണ്ട്. ''അധ്വാനിക്കാത്തവർ രക്ഷിക്കാതിരിക്കട്ടെ'' (2 തെസ 3, 10) എന്ന കല്പന എല്ലാവർക്കും ബാധകമാണ്. ശാരീരികവും മാനസികവുമായ അധ്വാനം ഒരു ശാപമല്ല, മനുഷ്യപ്രകൃതിയുടെ തന്നെ ഭാഗമാണ്.

## b. കൽപന 2, 6-17

കല്പനയ്ക്കു രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗം മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും രണ്ടാം ഭാഗം ഉത്തരവാദിത്വത്തെയും എടുത്തുകാട്ടുന്നു. ജീവന്റെ വൃക്ഷം ഉൾപ്പെടെ തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിക്കാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യനു നൽകിയിരിക്കുന്നു. എന്നാൽ, താൻ സൃഷ്ടിയും ദാസനുമാണെന്ന് അനുസ്മരിപ്പിക്കുന്നതാണ് രണ്ടാംഭാഗത്തെ വിലക്ക്. അതു ലംഘിച്ചാൽ മരിക്കും എന്ന താക്കീത് ഈ കല്പനയുടെ പ്രാധാന്യം എത്രയെന്ന് വ്യക്തമാക്കുന്നു. എന്താണ് ഈ വിലക്കിന്റെ അർത്ഥം?

നന്മ തിന്മയുടെ അറിവിന്റെ വൃക്ഷം:

വൃക്ഷവും ഫലവും ഭക്ഷിക്കലും പ്രതീകങ്ങളാണ് എന്നതിൽ സംശയമില്ല. പക്ഷേ പ്രതീകങ്ങളുടെ വ്യാഖ്യാനത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്.

ലൈംഗികതയുടെ പ്രതീകമായി ഇതിനെ ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. പല പുരാതന മതങ്ങളിലും മരവും സർപ്പവും ഫലപുഷ്ടിയുടെയും ലൈംഗികതയുടെയും പ്രതീകങ്ങളായി കരുതപ്പെട്ടിരുന്നു എന്നതാണ് ഈ വ്യാഖ്യാനത്തിന്റെ ഒരു കാരണം. കൽപന ലംഘിച്ചതിനു ശേഷമുണ്ടാകുന്ന നഗ്നതാ ബോധവും ലജ്ജയും അരക്കച്ച ഉണ്ടാക്കി നാണം മറക്കാനുള്ള ശ്രമവും സ്ത്രീക്കു ശിക്ഷയായി ലഭിക്കുന്ന ഗർഭാരിഷ്ടതയും പ്രസവക്ലേശവും എല്ലാം ഈ വ്യാഖ്യാനത്തിനു പിൻതുണയായിട്ടുണ്ട്. എന്നാൽ മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും അവർ ഇണയും തുണയുമായി വർത്തിച്ച് കുഞ്ഞുങ്ങൾക്കു ജന്മ നൽകാൻ കൽപ്പിച്ചതും ദൈവം തന്നെയാണെന്ന് ഉൽപത്തി 1-2 അധ്യായങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വ്യാഖ്യാനം ശരിയല്ല. വിലക്കപ്പെട്ട കനി സ്ത്രീ പുരഷ ലൈംഗികബന്ധമല്ല; ആദിപാപം ലൈംഗിക പാപവുമല്ല.

സെമിറ്റിക് ഭാഷകളിൽ പരസ്പരവിരുദ്ധമായ രണ്ടു കാര്യങ്ങൾ ഒരുമിച്ച് പറയുമ്പോൾ അവയ്ക്കു മധ്യേയുള്ള എല്ലാം എന്ന അർത്ഥമാണുള്ളത്. ഉദാ: രാവും പകലും - സമയം മുഴുവൻ, വരവും പോക്കും - ജീവിതം മുഴുവൻ; ആകാശവും ഭൂമിയും - പ്രപഞ്ചം മുഴുവൻ. ഈ കാഴ്ചപ്പാടിൽ നന്മ തിന്മയെന്നാൽ 'എല്ലാം' എന്നാണ് അർത്ഥമാക്കുക. അതിനാൽ, നന്മതിന്മയുടെ അറിവ് സർവ്വജ്ഞാനമാണ്. ദൈവം മാത്രമാണ് സർവ്വജ്ഞൻ. ഈ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുകയെന്നാൽ ദൈവത്തിന്റെ സവിശേഷത സ്വന്തമാക്കാൻ, അഥവാ സ്വയം ദൈവമാകാൻ ശ്രമിക്കുക എന്നായിരിക്കും അർത്ഥം. പ്രലോഭകൻ പറയുന്നതും (3, 5) ഇതു തന്നെയാണ്.

അറിവ് അധികാരം നൽകുന്നു എന്നതും ശ്രദ്ധേയമത്രേ. ഈ കാഴ്ച്ചപ്പാടിൽ നന്മതിന്മയുടെ അറിവ് നന്മയുടെയും തന്മയുടെയും മേലുള്ള അധികാരത്തെ സൂചിപ്പിക്കുന്നു. സ്വന്തം ഇഷ്ടത്തെ നന്മയേത്, തിന്മയേത് എന്നു നിശ്ചയിക്കുന്ന ധാർമ്മികതയുടെ മാനദണ്ഡമായി സ്വീകരിക്കുന്നതാവും ഈ വിലക്കപ്പെട്ട കനി. ഇതും സ്വയം ദൈവമാകാനുള്ള ശ്രമം തന്നെയാണ്. ഏതു വ്യാഖ്യാനം സ്വീകരിച്ചാലും ഒരു കാര്യം വ്യകത്മാണ്. താൻ സൃഷ്ടിയും സൃഷ്ടാവിനു വിധേയനും ആണെന്ന് മനുഷ്യൻ അംഗീകരിക്കണം എന്നതാണ് ഈ കൽപനയുടെ ലക്ഷ്യം. ഇത് മനുഷ്യസ്വഭാവത്തെ അതിന്റെ പരിമിതികളോടെ സ്വീകരിക്കലാണ്. ദൈവത്തിന്റെ ശ്വാസത്താൽ ജീവിക്കുന്നവൻ ദൈവത്തോടുള്ള ബന്ധം വിച്ഛേദിച്ചാൽ മരിക്കും.

പറുദീസായുടെയും കൽപനയുടെയും വിവരണത്തിനു പിന്നിൽ ദൈവവും ഇസ്രായേൽജനവും തമ്മിലുള്ള ഉടമ്പടിയിൽ അധിഷ്ഠിതമായ ബന്ധത്തിന്റെ ഒരു ഏകദേശരൂപം കാണാൻ കഴിയും. 1. മരുഭൂമിയിൽ വെച്ചു രൂപപ്പെടുത്തി. 2. ഫലപുഷ്ടമായ ദേശത്തേക്കു കൊണ്ടു വന്നു. 3. കൽപനകൾ നൽകി. 4. കൽപന അനുസരിച്ചാൽ അനുഗ്രഹവും ലംഘിച്ചാൽ ശാപവും ഉണ്ടാകും. ഇസ്രായേൽ ജനത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ആദിമനുഷ്യന്റെ, അഥവാ മനുഷ്യസമൂഹത്തിന്റെ മുഴുവൻ അവസ്ഥയേയും അനുഭവത്തേയും വിശദീകരിക്കുന്നതാണ് ഈ വിവരണം.

**വിചിന്തനം** : സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മനുഷ്യനു നൽകിയിരിക്കുന്ന പ്രമാണങ്ങൾ നല്ലതാണ്; ജീവദായകമാണ്. അവയെ ചോദ്യം ചെയ്യാതെ അംഗീകരിക്കണം, അനുസരിക്കണം.





മനുഷ്യപ്രകൃതിക്കു പരിമിതികളുണ്ട്. ആ പരിമിതികളെ അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും ദൗർബല്യമോ ഭീരുത്വമോ അല്ല, സ്രഷ്ടാവിനോടുള്ള സ്നേഹത്തിന്റെയും വിധേയത്വത്തിന്റെയും പ്രകടനമാണ്. തന്റെ സൃഷ്ടിക്കു നന്മയേത്, തിന്മയേത് എന്ന് സ്രഷ്ടാവിനാണ് അറിയാവുന്നത്.

## 3. മനുഷ്യനു തുണ 2, 18–25

മനുഷ്യപ്രകൃതിയുടെ അടിസ്ഥാനഭാവങ്ങളായ സ്വാതന്ത്ര്യവും പരിമിതികളും എടുത്തുകാട്ടിയതിനു ശേഷം യാഹ് വിസ്റ്റ് ഗ്രന്ഥകാരൻ സൃഷ്ടിയുടെ വിവരണം തുടരുന്നു. മനുഷ്യനു ചേർന്ന ഇണയെ തേടുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ ഭാഗത്തു വരച്ചു കാട്ടുന്നത്. മനുഷ്യന്റെ ഏകാന്തതയെപ്പറ്റിയുള്ള ദൈവത്തിന്റെ വിചിന്തനം (2,18) മനുഷ്യസ്വഭാവത്തിന്റെ മറ്റൊരു പ്രത്യേകതയിലേക്കു ശ്രദ്ധ തിരിക്കുന്നു. മനുഷ്യൻ സമൂഹജീവിയാണ്. തുല്യ വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലാണ് മനുഷ്യത്വം പൂർണ്ണമാകുന്നത്.

മനുഷ്യനു തുണയായി പക്ഷിമൃഗാദികളെ സൃഷ്ടിക്കുകയും അവയ്ക്കു പേരിടാൻ മനുഷ്യനെ അനുവദിക്കുകയും ചെയ്യുന്ന ചിത്രം ദൈവത്തിനു മനുഷ്യനോടുള്ള പരിഗണനയും മനുഷ്യനു ജന്തുലോകത്തിൽ നല്കപ്പെട്ടിരിക്കുന്ന ആധിപത്യവും സൂചിപ്പിക്കുന്നു. എന്നാൽ ഇവയിലൊന്നിലും തനിക്കു ചേർന്ന ഇണയെ മനുഷ്യൻ കണ്ടെത്തിയില്ല എന്ന പ്രസ്താവന ഏകാകിയായ മനുഷ്യന്റെ അഗാധമായ വിഷാദത്തെ വ്യക്തമാക്കുന്നു. ഈ ലോകത്തിലെ സകല സമ്പത്തും കൈയടക്കിയാലും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള മനുഷ്യന്റെ അന്തർദാഹം ശമിക്കുകയില്ല.

മനുഷ്യന് ഇണയും തുണയുമായി സ്ത്രീയെ സൃഷ്ടിച്ചു നൽകുന്നതോടെയാണ് സൃഷ്ടികർമ്മം പൂർത്തിയാകുന്നത്. നിദ്രയും വാരിയെല്ലും പ്രതീകങ്ങളാണ്. ഗാഢനിദ്ര സൃഷ്ടികർമ്മത്തിന്റെയും സ്ത്രീ-പുരുഷ ലൈംഗികതയുടെയും രഹസ്യാത്മകതയെ സൂചിപ്പിക്കുന്നു. വാരിയെല്ലാകട്ടെ പുരുഷനും സ്ത്രീയും തമ്മിലുള്ള തുല്യ

തയുടേയും അഭേദ്യമായ ബന്ധത്തിന്റെയും സൂചനമാണ്. "ആദ്യത്തെ പ്രേമഗാനം" എന്നു വിശേഷിപ്പിക്കാവുന്ന പുരുഷന്റെ ഉദ്ഘോഷണം ഈ യാഥാർത്ഥ്യത്തെ ഏറ്റുപറയുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള ഗാഢമായ ഐക്യത്തെ ഊന്നിപ്പറയുന്നതാണ് "അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" എന്ന പ്രയോഗം. തന്റെ തന്നെ ഭാഗവും സ്വാഭാവത്തിൽ പങ്കുകാരിയുമായി മനുഷ്യൻ സ്ത്രീയെ കാണുന്നു. "നരൻ-നാരി" എന്നു വിവർത്തനം ചെയ്യുന്നത് "ഇഷ്-ഇഷാ" എന്നു വിവർത്തനം ചെയ്യുന്നത് "ഇഷ്-ഇഷാ" എന്ന ഹീബ്രു പദങ്ങളാണ്. ഒരേ പദത്തിന്റെതന്നെ പുല്ലിംഗവും സ്ത്രീലിംഗവും.

വിവാഹത്തിന്റെ ദൈവനിശ്ചിതമായ ചില പ്രത്യേകതകൾ ഈ വിവരണത്തിലും തുടർന്നുള്ള പ്രസ്താവനയിലും കാണാം. വിവാഹം ദൈവം തന്നെ സ്ഥാപിച്ചതാണ്. വധുവിന്റെ പിതാവ് മകളെ വരന് ഏൽപിച്ചു കൊടുക്കുന്നതുപോലെയാണ് ദൈവം സ്ത്രീയെ മനുഷ്യന്റെ മുമ്പിലേക്കു കൊണ്ടുവന്നത്. സ്ത്രീ-പുരുഷൻമാരെ പരസ്പരം അടുപ്പിക്കുകയും ബന്ധിപ്പിച്ചു നിർത്തുകയും ചെയ്യുന്ന ആകർഷണവും ദൈവം തന്നെയാണ് അവരുടെ പ്രകൃതിയിൽ നിക്ഷേപിച്ചത്. സ്ത്രീ-പുരുഷ ലൈംഗികത അതിൽത്തന്നെ നല്ലതും വിശുദ്ധവുമാണെന്ന് ഇത് പഠിപ്പിക്കുന്നു. ഒരു പുരുഷനെയും ഒരു സ്ത്രീയെയും തമ്മിൽ മരണംവരെ അഭേദ്യമാം വിധം ബന്ധിപ്പിക്കുന്നതാണ് വിവാഹം. ഏകത്വവും അവിഭാജ്യതയും വിവാഹത്തിന്റെ പ്രത്യേകതകളാണ്. സ്ത്രീ-പുരുഷന്മാർ പരസ്പരം ഇണയും തുണയുമായി വർത്തിക്കുകയാണ് വിവാഹത്തിന്റെ ലക്ഷ്യം.

മാതാപിതാക്കന്മാർ നൽകുന്ന സുരക്ഷിതത്വം ഉപേക്ഷിച്ച് സ്വന്തമായൊരു കുടുംബം സ്ഥാപിക്കാനും പരസ്പരമുള്ള ഐക്യത്തിൽ പുതിയ സുരക്ഷിതത്വം കണ്ടെത്താനും സ്ത്രീ-പുരുഷബന്ധം സഹായിക്കുന്നു. "ഒറ്റ ശരീരമായിത്തീരും" എന്ന പ്രസ്താവന വിവാഹബന്ധത്തിന്റെ അവിഭാജ്യതയും ഏകത്വവും ഉറപ്പിക്കുന്നതോടൊപ്പം ആ ബന്ധത്തെ ശാശ്വതീകരിക്കുന്ന മക്കളുടെ ജനനത്തെയും സൂചിപ്പിക്കുന്നു. ബഹുഭാര്യത്വവും വിവാഹമോചനവും ദൈവത്തിന്റെ പദ്ധതിക്കും മനുഷ്യപ്രകൃതിക്കും വിരുദ്ധമാണെന്ന് ഈ പ്രസ്താവന ഊന്നിപ്പറയുന്നു.





"മനുഷ്യനും അവന്റെ സ്ത്രീയും നഗ്നരായിരുന്നു. എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല" എന്ന പ്രസ്താവന (2, 25) രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. ദൈവം സൃഷ്ടിച്ചതു നല്ലതാണ്. ഒന്നും മറച്ചുവയ്ക്കാനില്ലാതെ, താൻ ആയിരിക്കുന്നവിധത്തിൽ അപരന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ കഴിയുന്ന ഈ മാനസികാവസ്ഥ നിഷ്ക്കളങ്കതയുടെയും ആന്തരികസ്വാതന്ത്ര്യത്തിന്റെയും പ്രതിഫലനമാണ്. 2. അടുത്ത അധ്യായത്തിൽ വിവരിക്കാൻ പോകുന്ന പാപത്തിന്റെയും തദ്ഫലമായുണ്ടാകുന്ന ലജ്ജയുടെയും (3, 7-8) ആമുഖമായും ഈ പ്രസ്താവനയെ കാണാം. പറുദീസായുടെ വിവരണത്തിന്റെ ഉപസംഹാരവും പതനത്തെക്കുറിച്ചുള്ള വിവരണത്തിന്റെ ആമുഖവും ആണ് ഈ വാക്യം.

**വിചിന്തനം** : സമ്പൂർണ്ണമായ ഐക്യത്തിന്റെയും തദ്ഫലമായ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമാണ് പറുദീസാ. ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും സൃഷ്ടപ്രപഞ്ചവും തമ്മിലും, മനുഷ്യർ തമ്മിൽത്തമ്മിലും ഉള്ള ഐക്യമാണ് പറുദീസായുടെ ചിത്രം വ്യക്തമാക്കുന്നത്. മാത്രമല്ല, മനുഷ്യനു തന്നോടു തന്നെയുള്ള ഐക്യത്തെയും ഇതു സൂചിപ്പിക്കുന്നു. ദൈവത്തിനു വിധേയനായിരിക്കുന്ന മനുഷ്യന് ജന്തുലോകവും പ്രപഞ്ചശക്തികളും വിധേയനായിരിക്കുന്ന മനുഷ്യന് ജന്തുലോകവും പ്രപഞ്ചശക്തികളും വിധേയമായിരിക്കും. മനുഷ്യർ പരസ്പരം അംഗീകരിക്കുകയും സ്നേഹത്താൽ സ്വയം മറന്നു ദാനം ചെയ്യുകയും ചെയ്യും. സൃഷ്ടിയെന്ന അവസ്ഥയിൽ മനുഷ്യൻ സന്തുഷ്ടനും സംതൃപ്തനും ആയിരിക്കും. ഇതാണ് ദൈവം ആഗ്രഹിച്ചത്. ഈ അവസ്ഥയുടെ നിലനിൽപ്പും നഷ്ടവും മനുഷ്യനെ ആശ്രയിച്ചിരിക്കുന്നു.

മനുഷ്യസൃഷ്ടി പുരാണേതിഹാസങ്ങളിൽ

മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള യാഹ് വിസ്റ്റ് വിവരണത്തിന് പുരാതനകാലത്ത് മധ്യപൗരസ്ത്യദേശത്തു പ്രചാരത്തിലിരുന്ന പല കഥകളുമായി സാമ്യമുണ്ട്. പ്രപഞ്ചസൃഷ്ടി വിവരിക്കുന്ന എനുമാ എലിഷ് എന്ന അക്കേഡിയൻ ഇതിഹാസത്തിൽ മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണമുണ്ട്. ദേവാധിദേവനായ മർദൂക്ക് കുറ്റവാളിയായ ഒരു ദേവനെ വധിച്ച് അയാളുടെ രക്തത്തിൽ നിന്ന് മനു

ഷ്യനെ നിർമ്മിച്ചു എന്നാണ് കഥയുടെ ചുരുക്കം. അമർത്യതയുടെ രഹസ്യം തേടി പുറപ്പെട്ട രാജാവിന്റെ കഥ പറയുന്ന ഗിൽഗാമെഷ് ഇതിഹാസത്തിൽ അരുരു എന്ന ദേവത എൻകിഡു എന്ന മനുഷ്യനെ കളിമണ്ണു കൊണ്ടു മെനഞ്ഞെടുത്തതായി പറയുന്നുണ്ട്. ബാബിലോണിൽ പ്രചാരത്തിലിരുന്ന അത്രാഹസിസ് എന്നു പേരായ മറ്റൊരു ഇതിഹാസത്തിൽ മാതൃദേവതയായ മാമി വധിക്കപ്പെട്ട ദേവന്റെ രക്തത്തിൽ കുഴച്ച കളിമണ്ണുകൊണ്ട് പുരുഷനെയും സ്ത്രീയെയും നിർമ്മിച്ചതായി പറയുന്നു.

ഇതുപോലുള്ള പുരാണകഥകളും യാഹ്‌വിസ്റ്റ് രചനയും തമ്മിൽ മനുഷ്യന്റെ ഉദ്ഭവത്തെയും സ്വഭാവത്തെയും കുറിച്ചുള്ള കാഴ്ചപ്പാടിൽ സാമ്യമുണ്ട്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണെന്നും അവനിൽ നശ്വരവും അനശ്വരവുമായ അംശങ്ങൾ ഉണ്ടെന്നും രണ്ടു വിവരണങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ദൈവികാംശം കലർന്ന മണ്ണാണ് മനുഷ്യൻ. എന്നാൽ രണ്ടു വിവരണങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. പരസ്പരം ദ്വേഷിക്കുകയും അസൂയപ്പെടുകയും കലഹിക്കുകയും ചെയ്യുന്ന അനേകം ദൈവങ്ങളുണ്ട്, എല്ലാ പുരാണേതിഹാസങ്ങളിലും. ബൈബിളിലാകട്ടെ, ഏകദൈവവിശ്വാസം സകല വിവരണങ്ങളുടെയും അടിസ്ഥാനമാണ്. ഇതിഹാസ കഥകളിൽ ദൈവങ്ങൾക്കു ബലിയർപ്പിക്കാനും മറ്റു ശുശ്രൂഷകൾ ചെയ്യാനും വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത്. ബൈബിൾ വിവരണമാകട്ടെ, മനുഷ്യന്റെ നന്മയും സുസ്ഥിതിയും സന്തോഷവും ഉന്നം വെയ്ക്കുന്നു. ഇതിഹാസങ്ങളിലെ മനുഷ്യൻ ദേവതകളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കും യുക്തിരഹിതമായ വികാരങ്ങൾക്കും അടിമയാമ്. ബൈബിളിലെ മനുഷ്യനാകട്ടെ ഒരു സ്വതന്ത്ര ജീവിയും. അവനു നൽകിയിരിക്കുന്ന കൽപന അവന്റെ തന്നെ നന്മയെ ലക്ഷ്യം വെയ്ക്കുന്നതാണ്.

മനുഷ്യന്റെ ഉദ്ഭവത്തെ കുറിച്ചു ഭാരതത്തിൽ പ്രചാരത്തിലിരിക്കുന്ന കാഴ്ചപ്പാട് ഇത്തരുണത്തിൽ ശ്രദ്ധേയമത്രേ. മനുഷ്യരെല്ലാം ബ്രഹ്മാവിൽ നിന്നുദ്ഭവിച്ചു എന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ എല്ലാ മനുഷ്യരും ഒരുപോലെയല്ലത്രേ ഉണ്ടായത്. ബ്രഹ്മാവിന്റെ മുഖത്തു നിന്ന് ഉദ്ഭവിച്ചവരാണ് ബ്രാഹ്മണർ; വക്ഷസ്സിൽ നിന്നു





ദ്ഭവിച്ചവർ ക്ഷത്രിയർ; തുടയിൽ നിന്നുദ്ഭവിച്ചവർ വൈശ്യർ; പാദങ്ങളിൽനിന്നു വന്നവർ പാദസേവ ചെയ്യാൻ വിധിക്കപ്പെട്ടിരിക്കുന്ന ശൂദ്രർ. എല്ലാ മനുഷ്യർക്കും ദൈവികത്വം ഉണ്ടെന്ന് അംഗീകരിക്കുന്നുണ്ടെങ്കിലും ജാതിവ്യവസ്ഥയെ നിലനിർത്തി, അധീശവർഗ്ഗത്തിൽ ആധിപത്യം ഉറപ്പിക്കാൻ വേണ്ടി കണ്ടുപവിടിച്ച മതപരമായ ഒരു വിശദീകരണമാണിത് എന്ന കാര്യത്തിൽ സംശയമില്ല. എല്ലാ മനുഷ്യരേയും തുല്യരായി കാണുന്ന ബൈബിളിന്റെ കാഴ്ചപ്പാടിൽ നിന്ന് ഈ വിശദീകരണത്തിനുള്ള വ്യത്യാസം വ്യക്തമത്രേ.

### ചോദ്യങ്ങൾ:

1. സൃഷ്ടിയെക്കുറിച്ചുള്ള യാഹ്‌വിസ്റ്റ് വിവരണവും ഇസ്രായേൽ ചരിത്രവും തമ്മിൽ താരതമ്യം ചെയ്യുക.
2. സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ പ്രത്യേകതകൾ ഏവ? ആദ്യ വിവരണത്തിലേതുമായി ഇതിനെ താരതമ്യം ചെയ്യുക.
3. പറുദീസാ എന്നാൽ എന്ത്?
4. പറുദീസായിൽ മനുഷ്യനെ ഏൽപിച്ചിരുന്ന ജോലി എന്ത്? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?
5. മനുഷ്യനു നൽകിയിരുന്ന കൽപനയെന്ത്? എന്താണ് അതിന്റെ അർത്ഥം?
6. വിവാഹത്തിന്റെ സ്വഭാവത്തെയും ലക്ഷ്യത്തെയും കുറിച്ച് എന്തു പഠനമാണ് ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നത്?

### ചർച്ചയ്ക്ക്:

1. ദൈവകൽപനകൾ മനുഷ്യസ്വാതന്ത്ര്യത്തെ എങ്ങനെ ബാധിക്കുന്നു?
2. ഭാരതത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയും സ്ത്രീകളോടുള്ള മനോഭാവവും മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വെളിച്ചത്തിൽ വിശകലനം ചെയ്യുക.
3. പ്രകൃതിയോട് നിങ്ങൾക്കുള്ള ഉത്തരവാദിത്വമെന്ത്? പരിസ്ഥിതി സംരക്ഷണം, ജല-വായു-മലിനീകരണം, വന-വന്യമൃഗസംരക്ഷണം മുതലായവയിൽ നിങ്ങൾക്ക് എന്തു ചെയ്യാനാവും?

**പ്രാർത്ഥന:** 8-8-൦ം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.

# 3. തിന്മയുടെ ഉദ്ഭവം

## ഉൽപത്തി 3, 1–24

### തകർന്ന ബന്ധങ്ങൾ

സ്നേഹബന്ധങ്ങളാണ് സമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നത്. ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യൻ തന്നോടു തന്നെയും തമ്മിൽത്തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും ഗാഢമായ ഐക്യത്തിലും സമാധാനത്തിലും വസിച്ച പറുദീസായുടെ അവസ്ഥ കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. മനുഷ്യന് ദൈവത്തോടുള്ള വിശ്വസ്തതയും വിധേയത്വവും ആയിരുന്നു ഈ ഐക്യത്തിന്റെ നിദാനം. ദൈവത്തോടു വിശ്വസ്തനായിരുന്ന മനുഷ്യർ തമ്മിൽത്തമ്മിൽ വിശ്വസ്തത പാലിച്ചു. മനുഷ്യനോടു പ്രപഞ്ചം വിശ്വസ്തതയും വിധേയത്വവും പുലർത്തി. എന്നാൽ ഈ ബന്ധങ്ങളെല്ലാം ഒന്നൊന്നായി തകരുന്നതിന്റെ ചിത്രമാണ് ഉൽപത്തി മൂന്നാം അധ്യായത്തിൽ യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. സൃഷ്ടിയുടെ വിവരണത്തിൽ വി. ഗ്രന്ഥകാരൻ ഇതിലേക്കു ചില സൂചനകൾ നൽകിയിരുന്നു. ഏദൻതോട്ടം സൂക്ഷിക്കാനുള്ള മനുഷ്യന്റെ ഉത്തരവാദിത്വം, അറിവന്റെ വൃക്ഷവുമായി ബന്ധപ്പെട്ട കൽപന, നഗ്നരായിരുന്നെങ്കിലും ലജ്ജ തോന്നിയിരുന്നില്ല എന്ന പ്രസ്താവന തുടങ്ങിയവ ഇപ്രകാരമുള്ള സൂചനകളാണ്.

തിന്മയുടെ ഉദ്ഭവമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ദൈവം സൃഷ്ടിച്ചതല്ല, മനുഷ്യൻ തന്റെ സ്വാതന്ത്ര്യം ദുരുപയോഗിച്ച് സ്രഷ്ടാവിനെതിരെ മറുതലിച്ചതിന്റെ ഫലമായുണ്ടായതാണ് തിന്മ എന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. പാപം എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും പാപത്തിന്റെ ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത് എന്നതിൽ സംശയമില്ല. പാപത്തെക്കുറിച്ച് താത്വികമായൊരു വിശകലനമോ, നിർവ്വികാരമായൊരു നിർവ്വചനമോ അല്ല, നാടകീയമാ





യൊരു ചിത്രീകരണമാണ് ഈ അധ്യായത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നത്.

ആദിയിലെ പാപം എന്നതിലുപരി, ആദി മുതലേയുള്ള പാപമാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ആദാം എന്നാൽ മനുഷ്യൻ എന്നാണ് അർത്ഥം. അതിനാൽ ആദാമിന്റെ പാപം മനുഷ്യന്റെ പാപമാണ്. പാപത്തിന്റെ തുടക്കം, സ്വാഭാവം, ഫലങ്ങൾ, പാപത്തോടും പാപിയായ മനുഷ്യനോടുമുള്ള ദൈവത്തിന്റെ സമീപനം എന്നിവയെ ഇസ്രായേൽ ചരിത്രത്തിന്റെയും സ്വന്തം അനുഭവജ്ഞാനത്തിന്റെയും വെളിച്ചത്തിൽ, ദൈവാത്മാവിന്റെ പ്രത്യേക സഹായവും പ്രചോദനവും ലഭിച്ച യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ നാടകീയമായി അവതരിപ്പിക്കുന്നതാണ് ഈ വിവരണം. അതിനാൽ പാപത്തിന്റെ അന്തഃസത്ത വ്യക്തമാക്കുന്ന ചിത്രീകരണം എന്ന നിലയിൽ ഇതിനെ മനസ്സിലാക്കണം. ആദാമിന്റെ പാപം നാം ഓരോരുത്തരുടേയും പാപമാണ്.

ഈ അധ്യായത്തെ മൂന്നായി തിരിക്കാം: 1. പ്രലോഭനവും പാപവും (3, 1-7); വിചാരണ (3, 8-13); 3. ശിക്ഷ (3, 14-24).

### 1. പ്രലോഭനവും പാപവും 3, 1–7

പാപത്തിന്റെ ഉദ്ഭവവും സ്വഭാവവും വ്യക്തമാക്കുന്നതാണ് ഈ വാക്യങ്ങൾ. പെട്ടെന്നുണ്ടാകുന്ന വികാരാവേശത്താൽ ചെയ്തുപോകുന്ന ഒരു പ്രവൃത്തിയല്ല, പൂർണ്ണമായ അറിവോടും സ്വതന്ത്രമായ മനസ്സോടും കൂടെ ചെയ്യുന്ന ദൈവകൽപനയുടെ ലംഘനമാണ് പാപം. ദൈവത്തിന്റെ കല്പന നല്ലതും ജീവദായകവും ആണെങ്കിൽ എന്തേ മനുഷ്യൻ അതു ലംഘിക്കുന്നു? ദൈവകൽപനയെ ലംഘിക്കാനുള്ള പ്രേരണയാണ് പ്രലോഭനം. അതിന് ആന്തരികവും ബാഹ്യവുമായ രണ്ടു വശങ്ങളുണ്ട്. പുറമേ നിന്നു വരുന്ന പ്രലോഭനമാണ് ഇവിടെ സർപ്പത്തിന്റെ പ്രതീകത്തിലൂടെ ചിത്രീകരിക്കുന്നത്. തീരുമാനം എടുക്കുന്നതിനു മുമ്പുള്ള ആന്തരിക സംഘർഷം സ്ത്രീയുടെ വിചിന്തനത്തിലൂടെ പ്രകടമാകുന്നു.

**സർപ്പം 3, 1 a**. പാപത്തിന്റെ തുടക്കവും തിന്മയുടെ ഉദ്ഭവവും വിവരിക്കാൻ വേണ്ടി വിശുദ്ധ ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന പ്രതീകമാണ് സർപ്പം. "മറ്റെല്ലാ വന്യമൃഗങ്ങളേക്കാളും കൗശലമേ

റിയതായിരുന്നു സർപ്പം'' എന്ന പ്രസ്താവന ഒരു പൊതുധാരണയുടെ പ്രകാശനമാണ്. അവസരോചിതമായി പെരുമാറാനുള്ള വിവേകത്തിന്റെ ഉദാഹരണമായി ക്രിസ്തുനാഥൻ തന്നെ സർപ്പത്തെ എടുത്തു കാട്ടിയിട്ടുണ്ട് (മത്താ. 10, 16).

ദൈവത്തിന്റെ സൃഷ്ടിയായ ഒരു വന്യജീവിയായിട്ടാണ് ഇവിടെ സർപ്പത്തെ അവതരിപ്പിക്കുന്നതെങ്കിലും തുടർന്നുള്ള ചിത്രീകരണം അതിനെ വെറും ഒരു ഇഴജന്തുവായി മാത്രം കരുതുക പ്രയാസമാക്കുന്നു. ''കൗശലം'' എന്ന പ്രയോഗം തന്നെ ദുഃസൂചനയാണ്. മനുഷ്യനേക്കാൾ വലിയ ബുദ്ധിശക്തിയും സത്യം വളച്ചൊടിക്കാനുള്ള സാമർത്ഥ്യവും ദൈവത്തോടു മറുതലിക്കാൻ പ്രേരിപ്പിക്കുന്ന ദുഷ്ടതയും ഒത്തിണങ്ങിയ ഈ ജീവിയുടെ മറവിൽ ഏതോ അമാനുഷിക ശക്തി നിൽക്കുന്നു എന്ന പ്രതീതിയാണ് ലഭിക്കുക. ഈ അർത്ഥത്തിലാണ് ബി.സി. ഒന്നാം നൂറ്റാണ്ടു മുതൽ യഹൂദ-ക്രൈസ്തവ പാരമ്പര്യങ്ങൾ ഈ പുരാതന സർപ്പത്തെ മനസ്സിലാക്കിയത് (ജ്ഞാനം 2, 24; യോഹ. 8, 44; 1 യോഹ. 3, 8; വെളി. 12, 9; 20, 2). പറുദീസായിലെ സർപ്പത്തെ പ്രലോഭകനായ സാത്താന്റെ പ്രതീകമായിട്ടാണ് ഇന്നു നാം കാണുന്നത്. പക്ഷേ എന്തുകൊണ്ട് സർപ്പം സാത്താന്റെ പ്രതീകമാകുന്നു എന്നതിന് ഇതിൽ ഉത്തരം ലഭിക്കുന്നില്ല.

സർപ്പത്തെക്കുറിച്ചുള്ള പൗരാണികരുടെ കാഴ്ചപ്പാടും യാഹ്വിസ്റ്റു ഗ്രന്ഥകാരന്റെ ചരിത്രപശ്ചാത്തലവും ഈ പ്രശ്നത്തിലേക്കു വെളിച്ചം വീശുന്നുണ്ട്. ആണ്ടുതോറും പടം പൊഴിക്കുന്നതിനാൽ സർപ്പം വീണ്ടും വീണ്ടും യുവത്വം വീണ്ടെടുക്കുന്നു എന്ന ഒരു ധാരണ പൗരാണികർക്കുണ്ടായിരുന്നു. അതിനാൽ പല പുരാതന മതങ്ങളും സർപ്പത്തെ ജീവന്റെ ഫലപുഷ്ടിയുടെയും ദൈവമായി ആരാധിച്ചിരുന്നു. കാനാൻകാർ ഇപ്രകാരമുള്ള സർപ്പാരാധകരായിരുന്നു. കാനാൻദേശത്തു വാസമുറപ്പിച്ച ഇസ്രായേൽകാർ കാനാൻകാരുടെ വിഗ്രഹാരാധനയിലും സർപ്പാരാധനയിലും പങ്കുചേരാൻ നിരന്തരം പ്രലോഭിക്കപ്പെട്ടിരുന്നു. വിജാതീയസ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ച സോളമന്റെ കാലത്ത് വിഗാരഹാരാധന ഇസ്രായേലിൽ വ്യാപകമായിത്തീർന്നു. വിജാതീയസ്ത്രീകൾ വഴിയാണ് ഇസ്രായേൽ പുരുഷന്മാർ വിഗ്രഹാരാധനയിലേക്കു വലിച്ചിഴക്കപ്പെട്ടത് (സംഖ്യ 25, 1-3; 1 രാജാ 11, 1-8).





ഈ പ്രവണതകൾക്കെതിരെ ശക്തമായ പ്രതികരണമായിട്ടാവണം, ആദ്യ പാപത്തിന്റെ മുഖ്യ കഥാപാത്രങ്ങളായി യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ സർപ്പത്തെയും സ്ത്രീയെയും ചിത്രീകരിച്ചത്. ജീവന്റെ ദൈവമായി ആരാധിക്കപ്പെടുന്ന സർപ്പം യഥാർത്ഥത്തിൽ പ്രലോഭകനും സകല തിന്മകളുടെയും ഉറവിടവും മരണത്തിനു കാരണക്കാരനും ആണ് എന്ന് തുടർന്നുള്ള വിവരണം വ്യക്തമാക്കുന്നു.

പ്രലോഭനം 3, 1 b -6. സർപ്പവും സ്ത്രീയും തമ്മിലുള്ള സംഭാഷണം പ്രലോഭനത്തിന്റെ വിവിധ വശങ്ങൾ വ്യക്തമായി ചിത്രീകരിക്കുന്നു. തികച്ചും അപ്രതീക്ഷിതമായി പ്രലോഭകൻ കടന്നുവന്ന് ഒരു ചോദ്യം കൊണ്ട് സംഭാഷണം ആരംഭിക്കുന്നു. ''തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം ഭക്ഷിക്കരുത് എന്നാണോ ദൈവം കൽപ്പിച്ചിരിക്കുന്നത്''? ദൈവകൽപനയെ അതികഠനവും ക്രൂരവുമായി തോന്നത്തക്കവിധം വളച്ചൊടിക്കുന്നതാണ് ഈ ചോദ്യം. കൽപന നൽകിയ ദൈവത്തെ ന്യായീകരിക്കാനെന്നവണ്ണം ഈ ചോദ്യം. കൽപന നൽകിയ ദൈവത്തെ ന്യായീകരിക്കാനെന്നവണ്ണം സ്ത്രീ മറുപടി പറഞ്ഞു. എന്നാൽ ''തൊടുകപോലും അരുത്'' എന്ന ഒരു ഘടകം കൂട്ടിച്ചേർത്തുകൊണ്ട് കൽപനയെ അവൾ കൂടുതൽ കർശനമായി അവതരിപ്പിച്ചു. ചോദ്യം ചെയ്യുന്ന ആളിന്റെ ഉദ്ദേശ്യമോ ചോദ്യത്തിന്റെ ലക്ഷ്യമോ മനസ്സിലാകാതെ സംഭാഷണത്തിലേർപ്പെട്ട സ്ത്രീ തുടർന്നുള് ആക്രമണങ്ങൾക്കു വഴി തുറന്നിടുകയാണ് ചെയ്തത്.

പ്രലോഭനത്തിന്റെ രണ്ടാം ഘട്ടം കൽപന നൽകിയ ദൈവത്തിന്റെ സത്യസന്ധതയേയും ഉദ്ദേശ്യ ശുദ്ധിയേയും ചോദ്യം ചെയ്തുകൊണ്ട് ദൈവത്തെ ധിക്കരിക്കാൻ പ്രേരിപ്പിക്കുന്നു. കല്പനയുടെ ലംഘനം വഴി മൂന്നു നന്മകൾ നേടിയെടുക്കാൻ കഴിയുമെന്ന് പ്രലോഭകൻ വാഗ്ദാനം ചെയ്യുന്നു: 1. മരിക്കുകയില്ല. ദൈവത്തിന്റെ താക്കീതിനെ പാടേ നിഷേധിക്കുന്ന ഈ പ്രസ്താവന ദൈവത്തെ നുണയനായി ചിത്രീകരിക്കുന്നു. പ്രലോഭകനായ സർപ്പം ഇവിടെ ദൈവത്തിന്റെ പ്രതിയോഗിയായി പ്രത്യക്ഷപ്പെടുന്നു. 2. കണ്ണു തുറക്കും. യാഥാർത്ഥ്യങ്ങളെ പുതിയൊരു വെളിച്ചത്തിൽ കാണാൻ കഴിയും എന്ന വാഗ്ദാനം ദൈവം അവരെ മനഃപൂർവ്വം അജ്ഞതയിൽ തളച്ചി

ട്ടിരിക്കുകയാണെന്ന് സൂചിപ്പിക്കുന്നു. 3. ദൈവത്തെപ്പോലെയാകും. വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന അറിവ് അവരെ ദൈവതുല്യരാക്കും.

നന്മതിന്മയുടെ അറിവുന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുകയെന്നാൽ നന്മയേത്, തിന്മയേത്, എന്നു നിർണ്ണയിക്കാനുള്ള അവകാശം സ്വന്തമാക്കുക എന്നാണ് അർത്ഥമെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടു. സൃഷ്ടി എന്ന അവസ്ഥയുടെ പരിമിതികൾ അംഗീകരിക്കാതെ സ്വയം ദൈവമാകാനുള്ള ശ്രമമാണിത്. ജീവിതം സ്വന്തം കൈകളിലെടുത്ത്, ദൈവത്തെ കൂടാതെ പടുത്തുയർത്താൻ ശ്രമിക്കുന്നത് സ്രഷ്ടാവിനെ നിഷേധിക്കുന്ന അഹങ്കാരമാണ്. ഇതാണ് പാപത്തിന്റെ കാതൽ. ഇതിലേക്കാണ് പ്രലോഭനം നയിക്കുന്നത്.

പ്രലോഭനത്തിന്റെ ചുഴിയിൽ പെട്ട മനുഷ്യവ്യക്തിയുടെ അവസ്ഥയാണ് സ്ത്രീയുടെ ചിന്തയിലൂടെ ചിത്രീകരിക്കുന്നത്. പഴത്തിന്റെ ആസ്വാദ്യത പഞ്ചേന്ദ്രിയങ്ങൾക്കും ഭംഗി ഭാവനക്കും അറിവേകാനുള്ള കഴിവ് ബുദ്ധിക്കും ആകർഷകമായി. തോട്ടത്തിലെ എല്ലാ മരങ്ങളുടെയും പഴങ്ങൾ സ്വാദും ഭംഗിയും ഉള്ളവയാണെന്ന കാര്യം (2,9) അവഗണിച്ച്, വിലക്കപ്പെട്ട മരത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. അതിൽ നിന്നു ഭക്ഷിക്കാൻ എടുക്കുന്ന തീരുമാനം പൂർണ്ണമായ അറിവോയുടം സ്വതന്ത്രമായ മനസ്സോടുംകൂടി ചെയ്യുന്ന കല്പനയുടെ ലംഘനമാണ്. ദൈവത്തേക്കാളുപരി സർപ്പത്തെ വിശ്വസിക്കുകയും ദൈവകൽപനയേക്കാൾ സ്വന്തം ഇഷ്ടത്തെ അനുസരിക്കുകയും ചെയ്യലാണത്.

''അവൾ പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു'' എന്ന കാര്യമാത്രപ്രസക്തമായ പ്രസ്താവന പ്രലോഭനത്തിന്റെ അന്ത്യം കുറിക്കുന്നതോടൊപ്പം പാപത്തിലുള്ള കൂട്ടായ്മയും വ്യക്തമാക്കുന്നു. പ്രലോഭനത്തിൽ വീണവർ മറ്റുള്ളവരേയും പാപത്തിലേക്കു നയിക്കുന്നു. സ്ത്രീയുടെ വാക്കു കേട്ട്, വിലക്കപ്പെട്ട കനി ഭക്ഷിച്ച പുരുഷന്റെ ചിത്രത്തിനു പിന്നിൽ സ്ത്രീകൾ വഴി വിഗ്രഹാരാധനയിലേക്കു വശീകരിക്കപ്പെട്ട ഇസ്രായേലിന്റെ അനുഭവം നിഴലിക്കുന്നുണ്ട്.

**വിചിന്തനം :** മനുഷ്യൻ സ്രഷ്ടാവിനു തുല്യനാകാൻ ശ്രമി





ച്ചതാണ് പറുദീസായിലെ പാപത്തിന്റെ കാതൽ. ഏതു പാപത്തിന്റെയും അന്തഃസത്ത ഇതുതന്നെയാണ്. ദൈവത്തെ അവിശ്വസിക്കുക, ദൈവത്തെ തിരസ്ക്കരിക്കുക, ദൈവത്തെ കൂടാതെ സ്വന്തം ജീവിതം പടുത്തുയർത്താൻ ശ്രമിക്കുക ഇതാണ് പാപം. (ഏശ 1, 3-4). ഓരോ പാപകൃത്യത്തിലും ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാകണമെന്നില്ല. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ ഓരോ പാപത്തിന്റെയും പിന്നിൽ ഇപ്രകാരമൊരു മനോഭാവം ദൃശ്യമാകും. ഈ മനോഭാവത്തെയാണ് ''അഹങ്കാരം'' എന്ന ഒറ്റവാക്കിൽ നാം ഒതുക്കിപ്പറയുന്നത്. ഇത് ആതാമിന്റെ പാപമാണ്; ഓരോ മനുഷ്യന്റെയും പ്പവുമാണ്.

പാപത്തിന്റെ ഫലം 3, 7. പ്രലോഭകർ പറഞ്ഞതെല്ലാം അർദ്ധ സത്യങ്ങളായിരുന്നു. അവർ മരിക്കുകയില്ല എന്നു പറഞ്ഞു. പഴം തിന്ന ഉടനെ അവർ ശാരീരികമായി മരിച്ചില്ല. എന്നാൽ ദൈവവുമായുള്ള സ്നേഹബന്ധം വിഛേദിക്കുക വഴി ദൈവികജീവൻ അവർക്കു നഷ്ടപ്പെട്ടു, ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കാനുള്ള അവകാശം ഇല്ലാതായി. അവരുടെ കണ്ണു തുറന്നു. എന്നാൽ അതുവഴി ലഭിച്ചത് ദൈവതുല്യരാക്കുന്ന സർവ്വജ്ഞാനമല്ല, തങ്ങൾ നഗ്നരാണെന്ന അറിവാണ്. ''അവർ നഗ്നരായിരുന്നു; എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല'' (2, 25) എന്ന പ്രസ്താവനയുമായി ബന്ധപ്പെടുത്തി ഇതിനെ മനസ്സിലാക്കണം.

നഗ്നതയെക്കുറിച്ചുള്ള പുതിയ അറിവ് മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. അവർക്കു തങ്ഹളുടെ മഹത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. യുദ്ധത്തിൽ കീഴടക്കിയ ശത്രുക്കളെയും വധിക്കാൻ കൊണ്ടുപോകുന്ന കുറ്റവാളികളെയും നഗ്നരാക്കി നടത്തുക പതിവായിരുന്നു. 2. അവരുടെ വ്യക്തിത്വത്തിൽ തന്നെ പിളർപ്പുണ്ടായി. ആയിരിക്കുന്ന വിധത്തിൽ തങ്ങളെ സ്വീകരിക്കാൻ അവർക്കു കഴിയുന്നില്ല. ആത്മാഭിമാനം നഷ്ടപ്പെട്ട ഇവർ സ്വയം വെറുത്തു. കുറ്റബോധം അവരെ വേട്ടയാടി. ഭയം അവരെ കീഴടക്കി. 3. അവർ പരസ്പരം അകന്നു. അത്തിയില കൊമ്ട് അരക്കച്ചയുണ്ടാക്കുന്നത് പാഴ് വേലയാണെന്ന് അടുത്ത വാക്യം വ്യക്തമാക്കുന്നു. പുരുഷൻ സ്ത്രീയെ തള്ളിപ്പറയുന്നതായും താമസിയാതെ കാണും. ദൈവം വിധി പ്രസ്താ

വിക്കുന്നതിനു മുമ്പുതന്നെ പാപത്തിന്റെ ഫലം അവർ അറിഞ്ഞു, ദൈവം പുറത്താക്കുന്നതിനു മുമ്പേ പറുദീസാ അവർക്കു നഷ്ടപ്പെട്ടു. വികാരങ്ങൾ ലജ്ജാകരമാംവിധം നിയന്ത്രണാതീതമായി എന്ന സൂചനയും നഗ്നതാബോധത്തിലുണ്ട്.

## 2. വിചാരണ 3, 8-13

പാപിയായ മനുഷ്യന്റെ ആന്തരികഭാവവും അവനോടുള്ള ദൈവത്തിന്റെ സമീപനവും വ്യക്തമാക്കുന്ന ഈ വാക്യങ്ങൾ ഒരു നിയമനടപടിയുടെ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം മനുഷ്യനും ദൈവവും തമ്മിൽ നിലനിന്ന ഗാഢമായ ഐക്യം വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ശബ്ദം പാപിയായ മനുഷ്യനിൽ ഭയം ജനിപ്പിക്കുന്നു. ഓടിയൊളിക്കാനുള്ള ശ്രമം പാപം വഴി മനുഷ്യൻ ദൈവത്തിൽനിന്ന് അകന്നുപോകുന്നു എന്നു വ്യക്തമാക്കുന്നു. ''നീ ഇവിടെയാണ്'' എന്ന ചോദ്യം തന്റെ തന്നെ അവസ്ഥയെക്കുറിച്ചു ബോധവാനാകാൻ മനുഷ്യനെ സഹായിക്കുന്നു. ആത്മശോധനയ്ക്കുള്ള ആഹ്വാനമാണിത്. കുറ്റാരോപണമോ ശാസനയോ അല്ല, പിതൃസഹജമായ വാത്സല്യമാണ് ഈ ചോദ്യത്തിൽ പ്രതിധ്വനിക്കുന്നത്.

പാപം മറച്ചുവയ്ക്കാനും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള മനുഷ്യരുടെ പൊതുവായ പ്രവണതയാണ് പുരുഷന്റെയും സ്ത്രീയുടെയും ഉത്തരങ്ങളിൽ പ്രതിഫലിക്കുന്നത്. പുരുഷൻ സ്ത്രീയുടെ മേലും, സ്ത്രീ സർപ്പത്തിൻമേലും കുറ്റം ആരോപിക്കുന്നു. തെറ്റു സമ്മതിക്കുന്നുണ്ടെങ്കിലും ഇരുവരും തങ്ങളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. ''അങ്ങെനിക്കു കൂട്ടിനു തന്നെ സ്ത്രീ'' എന്ന വിശേഷണത്തിൽ പാപത്തിന്റെ ഉത്തരവാദി അത്യന്തികമായ ദൈവം തന്നെയാണ് എന്ന ധ്വനിയുണ്ട്. ഇരുവരും പറയുന്നതു സത്യമാണ്. പുറമേ നിന്നുണ്ടായ പ്രലോഭനമാണ് പാപത്തിന് കാരണമായത്. സർപ്പം സ്ത്രീയെയും സ്ത്രീ പുരുഷനെയും പ്രലോഭിപ്പിച്ചു. എന്നാൽ ഇത് സ്വതന്ത്രമായി ചെയ്ത പ്രവൃത്തിയുടെ ഉത്തരവാദിത്വം ഇല്ലാതാക്കുന്നില്ല.

പ്രലോഭനം തുടങ്ങിവച്ച സർപ്പത്തെ ദൈവം ചോദ്യം ചെയ്യു





ന്നില്ല എന്നതു ശ്രദ്ധേയമത്രേ. തിന്മയുടെ ഉദ്ഭവം മനുഷ്യന് അഗ്രാഹ്യമായ ഒരു രഹസ്യമാണ് എന്ന് ഇതുവഴി വിശുദ്ധ ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന തിന്മയുടെ കാരണം മനുഷ്യന്റെ തന്നെ പാപമാണ്. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വവും മനുഷ്യനുണ്ട്. എന്നാൽ അതിനും മുമ്പേ തിന്മയുടെ ശക്തി ഉണ്ടായിരുന്നു. അത് എങ്ങിനെ ഉണ്ടായി എന്നു വിശദീകരിക്കുന്നില്ല.

**വിചിന്തനം :** തന്നിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിക്കുന്ന മനുഷ്യനെ അവന്റെ നഗ്നതയിലും ഭയത്തിലും ദൈവം ഉപേക്ഷിക്കുന്നില്ല. പാപിയെ തേടിയിറങ്ങുന്ന ദൈവത്തിന്റെ യാത്ര പറുദീസായിൽതന്നെ തുടങ്ങുന്നു. നല്ല ഇടയന്റെ ചിത്രത്തിലൂടെ പിന്നീടു വ്യക്തമാക്കപ്പെടുന്ന ദൈവസ്നേഹത്തിന്റെ ആദ്യപ്രകടനമാണ് ഇവിടെ കാണുന്നത്. ദൈവത്തെ ധിക്കരിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന മനുഷ്യൻ സഹോദരങ്ങളെ തള്ളിപ്പറയുന്നു. പാപം ബന്ധങ്ങളെ ശിഥിലീകരിക്കുന്നു. സ്ത്രീയെ ആദ്യമായി കണ്ടപ്പോൾ ''എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവും'' എന്നു സ്വയം മറന്നു പാടിയ പുരുഷൻ പാപത്തിനുശേഷം ''നീ എനിക്കു കൂട്ടിനു തന്ന സ്ത്രീ'' എന്നു വിശേഷിപ്പിക്കുന്നത് സ്നേഹബന്ധങ്ങൾ തകർന്നതിന്റെ തെളിവാണ്. സ്വന്തം തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കുന്നതും അതു മറ്റുള്ളവരുടെ മേൽ ആരോപിക്കുന്നതും വലിയ പാപമാണ്.

## 3. ശിക്ഷ 3, 14-24

കുറ്റം തെളിയിച്ചതിനുശേഷം വിധി പ്രസ്താവിക്കുകയായി. കുറ്റകൃത്യത്തിന് ആനുപാതികമായ യഥാർത്ഥ ശിക്ഷ അവസാനഭാഗത്താണ് (3, 22-24) വിവരിക്കുന്നത്. അതിനുമുമ്പേ ഓരോ കുറ്റവാളിയുടെയും മേലുള്ള ശിക്ഷാവിധി വിവരിക്കുന്നു. ഈ അധ്യായത്തിലെ മൂന്നു ഭാഗങ്ങളിലും മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ക്രമം ശ്രദ്ധേയമത്രേ.

| | | |
|---|---|---|
| പ്രലോഭനം | : | സർപ്പം - സ്ത്രീ - പുരുഷൻ |
| വിചാരണ | : | പുരുഷൻ - സ്ത്രീ |

ശിക്ഷാവിധി : സർപ്പം - സ്ത്രീ - പുരുഷൻ

കുറ്റകൃത്യത്തിനു തുടക്കം കുറിച്ച സർപ്പത്തിന്മേലാണ് ആദ്യമേ ശിക്ഷാവിധി പ്രസ്താവിക്കുന്നത്. ഇവിടെ പ്രത്യക്ഷപ്പെടുന്ന മൂന്നു കഥാപാത്രങ്ങളും ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല, ഓരോ വർഗ്ഗത്തിന്റെ പ്രതിനിധിയായിട്ടാണ് നില കൊള്ളുന്നത്. അവരുടെ മേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധി ആ വർഗ്ഗത്തെ മുഴുവൻ ബാധിക്കുന്നു. സർപ്പത്തിന്റെയും സ്ത്രീയുടെയും പുരുഷന്റെയും അവസ്ഥയെ വിശദീകരിക്കുന്നതാണ് ശിക്ഷാവിധിയുടെ ചിത്രീകരണം.

## a. സർപ്പത്തിനു ശിക്ഷ 3, 14-15

സർപ്പത്തിന്റെ സ്വഭാവത്തെയും അതിനു മനുഷ്യവർഗ്ഗത്തോടുള്ള ബന്ധത്തേയും സ്പർശിക്കുന്നതാണ് സർപ്പത്തിന്റെ മേൽ പ്രഖ്യാപിക്കപ്പെടുന്ന ശിക്ഷാവിധി. മറ്റു ജന്തുക്കളിൽ നിന്നു വ്യത്യസ്തമായി എന്തേ സർപ്പം നിലത്ത് ഇഴയുന്നു? മറ്റു ജീവികൾ തമ്മിൽ ഇല്ലാത്തത്ര ശത്രുത എന്തുകൊണ്ട് മനുഷ്യനും സർപ്പവും തമ്മിൽ നിലനിൽക്കുന്നു? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് പ്രത്യക്ഷത്തിൽ ഈ വാക്യങ്ങളിലുള്ളത്. മണ്ണിൽ ഇഴയുന്നതും പൊടി തിന്നുന്നതും അപമാനത്തിന്റെ അടയാളമാണ്. യുദ്ധത്തിൽ പരാജയപ്പെട്ടവരെ ജേതാവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് പൊടിനക്കാൻ നിർബന്ധിക്കുക പതിവായിരുന്നു. എല്ലാ വന്യജീവികളിലും വച്ച് ഏറ്റം കൗശലമേറിയ സർപ്പം ഏറ്റം ശപിക്കപ്പെട്ടതായിത്തീരുന്നു. കാനാനിൽ നിലനിന്നതും ഇസ്രായേൽക്കാർ സ്വീകരിച്ചതുമായ സർപ്പാരാധനയ്ക്കെതിരേയുള്ള ശ്കതമായ വിമർശനം ഈ ശാപത്തിൽ കാണാം.

കൽപന ലംഘിച്ച് ദൈവത്തിൽ നിന്നകലാൻ മനുഷ്യനെ പ്രേരിപ്പിച്ച സർപ്പം വെറും ഒരു ഇഴജന്തു മാത്രമല്ല, തിന്മയുടെ ശക്തിയുടെ പ്രതീകമാണെന്നു നാം കണ്ടു കഴിഞ്ഞു. സ്ത്രീയും സർപ്പവും, ഇരുവരുടെയും സന്തതികളും തമ്മിലുള്ള ശത്രുത തിന്മയ്ക്കെതിരെയുള്ള മനുഷ്യവർഗ്ഗത്തിന്റെ സന്ധിയില്ലാ സമരമാണ്. ദൈവം തന്നെയാണ് ഈ യുദ്ധം പ്രഖ്യാപിക്കുന്നത്. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും എന്ന പ്രഖ്യാപനം അന്തിമവിജയം മനുഷ്യന്റേതായിരിക്കും എന്നു പഠിപ്പിക്കുന്നു. തല തകർക്കുന്നത് കൊല്ലുന്നതിന്റെ





സൂചനയാണ്. കുതികാലിൽ ഏൽക്കുന്ന പരിക്ക് മാരകമല്ല. ഈ സമരത്തിൽ തിന്മ ഉൻമൂലനം ചെയ്യപ്പെടും. എന്നാൽ മനുഷ്യന് പരിക്കേൽക്കും. മനുഷ്യനു ലഭിക്കാനിരിക്കുന്ന രക്ഷയെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനമാണിത്.

'സ്ത്രീയുടെ സന്തതി' എന്ന പ്രയോഗം മനുഷ്യവർഗ്ഗത്തെ മുഴുവനായോ ഒറ്റ വ്യക്തിയെയോ സൂചിപ്പിക്കുന്താവാം. രണ്ടാമത്തെ അർത്ഥത്തിലാണ് സഭ ഈ പ്രവചനത്തെ മനസ്സിലാക്കുന്നത്. അതിനാൽ ഇതിനെ ആദ്യസുവിശേഷം എന്നു വിളിക്കുന്നു. സ്ത്രീയിൽ നിന്നു ജനിച്ച ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും വഴിയാണ് മനുഷ്യവർഗ്ഗത്തിനു തിന്മയുടെ മേൽ വിജയം ലഭിച്ചത്. ആത്യന്തികമായി തിന്മ ഉൻമൂലനം ചെയ്യപ്പെടുന്നതിന്റെ ചിത്രം വെളിപാടു ഗ്രന്ഥത്തിൽ വരച്ചു കാട്ടുന്നുണ്ട്. (വെളി 12, 1-18; 20, 10).

ബി.സി. പത്താം നൂറ്റാണ്ടിൽ എഴുതുന്ന യാഹ്‌വിസ്റ്റ് ഗ്രന്ഥകാരന് ഈ പ്രവചനത്തിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ സർപ്പാരാധനകരായ കാനാൻകാരെ കീഴടക്കിയ ദാവീദിൽ ഈ പ്രവചനത്തിന്റെ ഭാഗികമായ പൂർത്തീകരണം കാണാൻ കഴിയുമായിരുന്നു. ദാവീദിന്റെ ശാശ്വതമായ രാജ്യത്തെക്കുറിച്ചുള്ള നാഥാന്റെ പ്രവചനം (2 സാമു 7, 8-16) വിശുദ്ധ ഗ്രന്ഥകാരനു പരിചിതമായിരുന്നു എന്നും ഓർക്കണം. ദാവീദിന്റെ ഗോത്രത്തിൽ പിറക്കാനിരുന്ന രക്ഷകനെക്കുറിച്ചു പിന്നീടുണ്ടായ പ്രവചനങ്ങളിലെല്ലാം ഈ ആദ്യപ്രവചനത്തിന്റെ സ്വാധീനം കാണാം.

## b. സ്ത്രീക്കു ശിക്ഷ 3, 16

സ്ത്രീക്കു നൽകുന്ന ശിക്ഷ അവളുടെ ജീവിതാനുഭവത്തെ വിശദീകരിക്കുന്നു. സ്ത്രീത്വം ഫലമണിയുന്നത് മാതൃത്വത്തിലാണെങ്കിലും ഗർഭാരിഷ്ടതകളും പ്രസവവേദനയും മാതൃത്വത്തെ ക്ലേശപൂർണ്ണമാക്കുന്നു. സ്വയം മറന്നു ദാനം ചെയ്യാനും പുരുഷന് ഇണയും തുണയുമായിരിക്കാനുമുള്ള നൈസർഗിക വാസന സ്ത്രീത്വത്തിന്റെ ഭാഗമാണ്. എന്നാൽ അവൾക്കു ലഭിക്കുന്നത് അടിമത്തമത്രേ. അടിയറവുവയ്ക്കാൻ തയ്യാറാകുന്നവളെ അടിമയാക്കുന്ന പുരുഷനോടുള്ള അഭിനിവേശം അവൾക്ക് ഉപേക്ഷിക്കാൻ കഴിയുന്നില്ല.

സ്ത്രീകൾ അനുഭവിക്കുന്ന സകല ക്ലേശങ്ങളുടെയും രത്നച്ചുരുക്കം എന്ന നിലയിലാണ് ഈ രണ്ടു കാര്യങ്ങൾ വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത്. ഇതു പുരുഷമേധാവിത്വത്തെ സാധൂകരിക്കുകയോ സ്ത്രീയെ അടക്കിഭരിക്കാൻ പുരുഷന് അധികാരം കൊടുക്കുകയോ ചെയ്യുന്നില്ല. പാപത്തിന്റെ ഫലമായുണ്ടായ അവസ്ഥാവിശേഷണമാണിത്. സ്ത്രീകളോടുള്ള യേശുവിന്റെ സമീപനവും സ്ത്രീത്വത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള അവിടുത്തെ പഠനങ്ങളും ഈ അവസ്ഥക്കു മാറ്റം വരുന്നതിന്റെയും, മാറ്റം വരുത്തേണ്ടതിന്റെയും സൂചനകളാണ്.

### c. പുരുഷന് ശിക്ഷ 3, 17-19

പുരുഷന്റെമേൽ ശിക്ഷാവിധി പ്രസ്താവിക്കുന്നതിനു മുമ്പേ ശിക്ഷയുടെ കാരണം വ്യക്തമാക്കുന്നു. കർത്താവിന്റെ കൽപന ലംഘിച്ചു എന്നതാണ് കുറ്റം. സ്ത്രീയുടെ വാക്കു കേട്ടതാണ് ലംഘനത്തിനു കാരണം. ഇസ്രായേലിനെ യാഹ്വേയിൽ നിന്നകറ്റി വിഗ്രഹാരാധനയിലേക്കു നയിച്ചതിൽ സ്ത്രീകൾക്കുണ്ടായിരുന്ന പങ്ക് ഈ ആരോപണത്തിന്റെ പിന്നിൽ പ്രതിധ്വനിക്കുന്നുണ്ട്. ആദാമിന്റെ പാപത്തിനു മൂന്ന് ശിക്ഷകളാണ് ദൈവം കൽപ്പിക്കുന്നത്: 1. മണ്ണ് ശാപഗ്രസ്തമാകും. 2. അധ്വാനം ക്ലേശകരമാകും. 3. മനുഷ്യൻ മരണത്തിന് ഇരയാകും. മനുഷ്യന്റെ അനുദിനാനുഭവത്തിന്റെ വിശദീകരണമാണ് ശിക്ഷാരൂപത്തിൽ ഇവിടെയും അവതരിപ്പിക്കുന്നത്.

***1. മണ്ണിനു ശാപം :*** മണ്ണ് മുള്ളും മുൾച്ചെടികളും മുളപ്പിക്കാൻ കാരണം അതു ദൈവത്തിന്റെ ശാപമേറ്റതാണെന്ന് വിശുദ്ധഗ്രന്ഥകാരൻ വിശദീകരിക്കുന്നു. മണ്ണിൽ അധ്വാനിച്ച് അതിനെ ഫലപുഷ്ടമാക്കാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ടായിരുന്നു. എന്നാൽ ദൈവകൽപന ലംഘിക്കുക വഴി ഭൂമിയുടെ മേൽ മനുഷ്യൻ ശാപം വിളിച്ചുവരുത്തി. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ഐക്യം വിഛേദിക്കപ്പെട്ടു. ദൈവത്തിനെതിരേ തിരിഞ്ഞ മനുഷ്യന് പ്രപഞ്ചം അന്യവും ശത്രുവുമായിത്തീർന്നു. തനിക്കു പരിചിതമായ മരുഭൂമിയുടെ ചിത്രം ഉപയോഗിച്ചാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ഈ സത്യം വിശദീകരിക്കുന്നത്.

***2. ജീവിതക്ലേശങ്ങൾ :*** അദ്ധ്വാനം അതിൽത്തന്നെ തിന്മയായി





വി. ഗ്രന്ഥകാരൻ കാണുന്നില്ല. പറുദീസായിലും മനുഷ്യൻ അദ്ധ്വാനിക്കണമായിരുന്നു. എന്നാൽ അദ്ധ്വാനം ക്ലേശകരവും ഏറിയ കൂറും ഫലരഹിതവുമായിത്തീരുന്നതാണ് തിന്മ. ഇതു ദൈവികപദ്ധതിയുടെ ഭാഗമായിരുന്നില്ല. പാപമാണ് ഇതിനു കാരണം "കഠിനാദ്ധ്വാനം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന്റെ അർത്ഥം "ക്ലേശം" എന്നാണ്. സ്ത്രീയുടെ പ്രസവവേദനയെ സൂചിപ്പിക്കാൻ ഉപയോഗിച്ച അതേ പദമാണ് പുരുഷന്റെ കഠിനാദ്ധ്വാനത്തിനും ഉപയോഗിച്ചിരിക്കുന്നത്. സ്ത്രീ കഠിനവേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കുന്നതുപോലെയാണ് മനുഷ്യൻ ഭൂമിയിൽ നിന്നു ഫലം പുറപ്പെടുവിക്കുന്നത്. സന്തോഷകരമായിരിക്കേണ്ട സന്താനോൽപാദനവും ഭക്ഷ്യോൽപാദനവും ക്ലേശകരമായിത്തീർന്നിരിക്കുന്നത് പാപത്തിന്റെ ഫലമാണ്. ചുരുക്കത്തിൽ, മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂലകാരണം ദൈവത്തെ ധിക്കരിച്ചതാണെന്ന് വി. ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

***3. മരണം :*** ക്ലേശകരമായ അദ്ധ്വാനത്തിന്റെ അവസാനമായിട്ടാണ് മരണത്തെ കാണുന്നത്. മണ്ണിൽ നിന്ന് എടുക്കപ്പെട്ട മനുഷ്യൻ, മണ്ണിന്റെ മേൽ ശാപം വിളിച്ചുവരുത്തിയ മനുഷ്യൻ, അവസാനം മണ്ണിലേക്കു തന്നെ മടങ്ങുന്നു. മനുഷ്യജീവിതം മരണംകൊണ്ട് അവസാനിക്കുന്നു എന്ന വിശ്വാസമാണ് ഈ വാക്യത്തിലുള്ളത്. ജീവന്റെ വൃക്ഷത്തെക്കുറിച്ചുള്ള പരാമർശത്തിൽ മരണം എന്ന പ്രമേയം വീണ്ടും അവതരിപ്പിക്കുന്നുണ്ട്.

### d. പറുദീസായ്ക്ക് പുറത്ത് 3, 20-24

തമ്മിൽ അകന്ന ബന്ധം മാത്രമുള്ള നാലു കാര്യങ്ങൾ അവതരിപ്പിക്കുന്ന ഈ അഞ്ചു വാക്യങ്ങൾ തിന്മയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള വിവരണത്തിന്റെ സമാപനമാണ്.

ഹവ്വാ എന്ന പേര് : ആദാം തന്റെ ഭാര്യക്കു പേരിടുന്നതിലൂടെ അവളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയായി. "അവൻ നിന്നെ ഭരിക്കും" എന്ന ശിക്ഷാവിധി നടപ്പിലായിത്തുടങ്ങി. എന്നാൽ ആദാം നൽകുന്ന പേര് തികച്ചും ശോകമൂകമായ അന്തരീക്ഷത്തിൽ പ്രത്യാശയുടെ കിരണം വീശുന്നതാണ്. "ജീവിക്കുന്നവരുടെയെല്ലാം മാതാവാണ് ഹവ്വാ" എന്ന വി. ഗ്രന്ഥകാരന്റെ വിശദീകരണം കുഞ്ഞു

ങ്ങളെ പ്രസവിച്ചു കൊണ്ട് ജീവൻ നിലനിർത്തുന്ന സ്ത്രീയുടെ മഹത്തായം ധർമ്മം എടുത്തു കാട്ടുന്നു. ദൈവത്തിന്റെ പേരായ ''യാഹ്‌വേ'' എന്ന പദവും സ്ത്രീക്കു നൽകപ്പെട്ട ''ഹവ്വാ'' എന്ന പദവും ഒരേ ധാതുവിൽനിന്നു തന്നെയാണ് വരുന്നതെന്നതും ശ്രദ്ധേയമത്രേ. തന്നിൽത്തന്നെ ജീവനുള്ളവനും ജീവന്റെ ഉടയവനുമായ ദൈവം ജീവൻ നിലനിർത്താനുള്ള വരവും അമ്മയായിരിക്കുക എന്ന മഹനീയ ദൗത്യവും സ്ത്രീക്കു നൽകിയിരിക്കുന്നു.

തോലുകൊണ്ട് ഉടയാട തന്നെ ധിക്കരിച്ച മനുഷ്യനെ ദൈവം ശിക്ഷിച്ചെങ്കിലും കൈവെടിയുന്നില്ല. നഗ്നനും അവമാനിതനുമായ മനുഷ്യനെ അവൻ ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ ദൈവം സ്വീകരിക്കുന്നു. നഗ്നത മറയ്ക്കാൻ അപര്യാപ്തമായ അത്തിയിലകൾക്കു പകരം തോലുകൊണ്ട് ഉടയാടയുണ്ടാക്കി ഉടുപ്പിക്കുമ്പോൾ മക്കളുടെ നന്ദിഹീനതയിൽ മുറിവേറ്റ പിതൃഹൃദയത്തിന്റെ വിങ്ങുന്ന വാത്സല്യമാണ് വി. ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്.

***ജീവന്റെ വൃക്ഷം :*** പറുദീസായെക്കുറിച്ചുള്ള വിവരണത്തിൽ പ്രത്യക്ഷപ്പെട്ട ജീവന്റെ വൃക്ഷം (2, 9) ഇവിടെ വീണ്ടും ചർച്ചാവിഷയമാകുന്നു. അറിവിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിച്ച മനുഷ്യന്റെ അവസ്ഥയെക്കുറിച്ചുള്ള ദൈവത്തിന്റെ അവലോകനം പരിഹാസമല്ല, ദുഃഖകരമായൊരു യാഥാർത്ഥ്യത്തിന്റെ അംഗീകാരമാണ്. വിലക്കപ്പെട്ട കനി തിന്നാൽ ദൈവത്തെപ്പോലെയാകും എന്നു സർപ്പം പറഞ്ഞത് വികലമായൊരർത്ഥത്തിൽ നിറവേറി. മനുഷ്യൻ നന്മയുടെയും തിന്മയുടേയും മേൽ അധിപത്യം സ്ഥാപിച്ചു, അഥവാ തനിക്കു നന്മയേത്, തിന്മയേത് എന്നു നിശ്ചയിക്കാനുള്ള അധികാരം സ്വന്തമാക്കി എന്നു ദൈവം തന്നെ അംഗീകരിക്കുന്നു. ദൈവമല്ലാതിരിക്കെ താൻ ദൈവമാണെന്ന് മനുഷ്യൻ അവകാശപ്പെട്ടി. ഇതിന്റെ ഫലം എന്താണെന്നു നാം കണ്ടു കഴിഞ്ഞു.

നഗ്നതയും ലജ്ജയും ഭയവും നിറഞ്ഞ ജീവിതം ശാശ്വതമാക്കാതിരിക്കാൻ വേണ്ടിയാണ് ദൈവം ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴിയടക്കുന്നത്. കൽപന ലംഘിക്കുന്നതിനുമുമ്പ് ആ വൃക്ഷത്തിൽ നിന്നു മനുഷ്യനു ഭക്ഷിക്കാമായിരുന്നു. എന്നാൽ പാപത്തിലധീനനായതിനുശേഷം അതു ഭക്ഷിക്കുക അസഹ്യമായിരിക്കും.





**വിചിന്തനം :** പാപത്തിന്റെ ഫലം പേറുന്ന മനുഷ്യന് മരണം ശാപമല്ല, അനുഗ്രഹമാണ്. എല്ലാ ക്ലേശങ്ങൾക്കും ദുഃഖങ്ങൾക്കും അറുതിവരുത്തുന്ന മരണത്തെ ഒരു ദാനമായി വേണം കരുതാൻ (പ്രഭാ. 41, 2). പാപത്തിൽനിന്നു മോചനം നേടിയാലേ മരണത്തിൽ നിന്നു മോചനം ലഭിക്കൂ. അത് യേശുക്രിസ്തുവിലൂടെ ദൈവം നൽകുന്ന ഏറ്റം വലിയ ദാനമായിരിക്കും. അവസാനംവരെ തന്നോടു വിശ്വസ്തത പുലർത്തുന്നവർക്ക് ജീവന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കാൻ കൊടുക്കും എന്ന യേശുക്രിസ്തുവിന്റെ വാഗ്ദാനം (വെളി. 2, 7) പുതിയ സൃഷ്ടിയലാണ് പൂർത്തിയാകുന്നത്. (വെളി. 22, 2.14).

***പറുദീസായിൽനിന്നു ബഹിഷ്കരണം :*** ''മണ്ണിൽ നിന്നെടുത്ത മനുഷ്യനെ മണ്ണിൽ വേല ചെയ്യാനായി ദൈവം പറഞ്ഞയച്ചു'' എന്നാണ് പറുദീസായിൽനിന്നുള്ള ബഹിഷ്കരണത്തെ വിശുദ്ധ ഗ്രന്ഥകാരൻ വിവരിക്കുന്നത്. ഏദേൻ തോട്ടത്തിൽ മനുഷ്യനെ പാർപ്പിച്ചപ്പോൾ ഏൽപ്പിച്ച ഒരു ദൗത്യമായിരുന്നു വേല ചെയ്യുക എന്നത്. ''ദാസ്യവേല'' എന്നർത്ഥമുള്ള അതേ പദം തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. വേല ചെയ്യുന്ന സ്ഥലം വേലയുടെ സ്വഭാവത്തെ വ്യത്യസ്തമാക്കിയിരിക്കുന്നു. ശാപഗ്രസ്തമായ മണ്ണിലാണ് അവൻ ഇനി വേലചെയ്യേണ്ടത്.

മനുഷ്യനു പറുദീസായിൽവച്ചു നൽകിയ കൽപനയും ഇസ്രായേൽ ജനത്തിനു സീനായ് ഉടമ്പടിയിലൂടെ നൽകിയ കൽപനയും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. കൽപന ലംഘിച്ച മനുഷ്യൻ പറുദീസായിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടു. അതുപോലെ ഇടമ്പടിയുടെ പ്രമാണങ്ങൾ ലംഘിച്ചാൽ ഇസ്രായേൽ ജനത്തിന് വാഗ്ദത്തഭൂമി നഷ്ടപ്പെടും എന്ന ഒരു താക്കീത് ഈ വാക്യത്തിലുണ്ട്.

***കെരൂബുകളും വാളും :*** പറുദീസായ്ക്കു കാവൽ നിൽക്കുന്ന കെരൂബുകളും തീ ജ്വലിക്കുന്ന വാളും മനുഷ്യന് പറുദീസായും നിത്യജീവനും നഷ്ടപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. എന്നാൽ ഈ നഷ്ടം ശാശ്വതമല്ല എന്നും ദൈവം വീണ്ടും മനുഷ്യനെ പറുദീസായിലേക്കു പ്രവേശിപ്പിക്കും എന്നുമുള്ള വിശ്വാസം യാഹ്‌വിസ്റ്റ് ഗ്രന്ഥകാരനുണ്ട്. ആദ്യ മനുഷ്യനെ പറുദീസായിൽ നിന്നു പുറത്താക്കിയ ദൈവം അബ്രാഹം എന്ന മറ്റൊരു മനുഷ്യനെ തന്റെ

നാട്ടിൽ നിന്നു പുറത്തേക്കു വിളിക്കുമ്പോൾ പറുദീസായിലേക്കുള്ള മടക്കയാത്ര ആരംഭിക്കും.

## 3. പറുദീസാനഷ്ടം പുരാണേതിഹാസങ്ങളിൽ

**ജീവന്റെ വൃക്ഷം :** അമർത്ത്യതയ്ക്കായുള്ള അന്വേഷണത്തെ കുറിച്ചും മരണമില്ലാത്ത ജീവിതത്തിനുള്ള ഉപാധികളെക്കുറിച്ചും പല ഇതിഹാസങ്ങളിലും പരാമർശമുണ്ട്. ഗിൽഗാമെഷ് ഇതിഹാസത്തിലെ കഥാനായകനായ ഗിൽഗാമെഷ് ശ്രമകരമായ അന്വേഷണത്തിന്റെ ഫലമായി അമർത്യത നൽകാൻ കഴിവുള്ള ചെടി കണ്ടെത്തി. പക്ഷേ മടക്കയാത്രയിൽ കഥാനായകന്റെ അശ്രദ്ധമൂലം ഒരു സർപ്പം ജീവന്റെ സസ്യം മോഷ്ടിച്ചു. അസീറിയൻ ലിഖിതങ്ങളിൽ ജീവന്റെ സസ്യത്തെക്കുറിച്ചു പല പരാമർശങ്ങളുണ്ട്. അമർത്യതയുടെ സാധ്യത ലഭിച്ചിട്ടും നഷ്ടപ്പെടുത്തിയ ഒരു വ്യക്തിയുടെ കഥയാണ് ''ആദപ്പാ'' എന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു ബാബിലോണിയൻ ഇതിഹാസത്തിലുള്ളത്. ദേവലോകത്തേക്കു ക്ഷണിക്കപ്പെട്ട ആദപ്പായ്ക്ക് ദേവൻമാർ അമർത്യതയുടെ അപ്പവും ജീവന്റെ ജലവും നൽകി. പക്ഷേ അതു വിഷമാണെന്ന് തെറ്റിദ്ധരിച്ച ആദപ്പാ അവ സ്വീകരിച്ചില്ല. അങ്ങനെ അമർത്യനാകാൻ ലഭിച്ച അവസരം നഷ്ടപ്പെടുത്തി. പാലാഴി കടഞ്ഞു കിട്ടിയ അമൃതിന്റെ കഥ ഭാരതത്തിൽ സുപരിചിതമാണല്ലോ. എന്നേക്കും ജീവിക്കാനുള്ള മനുഷ്യന്റെ ആഗ്രഹവും അതിനെ നിഷ്ഫലമാക്കുന്ന ''മരണം'' എന്ന യാഥാർത്ഥ്യവുമാണ് ഈ കഥകളിലെല്ലാം പ്രതിഫലിക്കുന്നത്. ദൈവകൽപന ലംഘിച്ചതാണ് മരണത്തിന്റെ കാരണം എന്ന ബൈബിളിന്റെ പഠനം മനുഷ്യന്റെ വ്യക്തപരമായ ഉത്തരവാദിത്വത്തിന് ഊന്നൽ നൽകുന്നു.

**സർപ്പം :** സർപ്പത്തിന് അതിമാനുഷിക ശക്തിയുള്ളതായി പല പുരാതന മതങ്ങളിലും കരുതിയിരുന്നു. കാനാനിൽ സർപ്പത്തെ ഫലപുഷ്ടിയുടെയും ജീവന്റെയും ദൈവമായി ആരാധിച്ചിരുന്നു. ഗിൽഗാമെഷ് ഇതിഹാസത്തിൽ സർപ്പമാണ് ജീവന്റെ സസ്യം മോഷ്ടിച്ചത് എന്നതു ശ്രദ്ധേയമത്രേ. സ്ത്രീയെ വഞ്ചിച്ച സർപ്പത്തെ തിന്മയുടെ ശക്തിയും ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവായി യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നു. സർപ്പാരാധനയ്ക്കെതി





രേയുള്ള ശക്തമായ ഒരു താക്കീതും ഈ ചിത്രീകരണത്തിലുണ്ട്.

**കെരൂബുകൾ :** മൊസോപ്പൊട്ടാമിയിലെ രാജകൊട്ടാരങ്ങളുടെയും ക്ഷേത്രങ്ങളുടെയും പ്രധാന കവാടങ്ങൾക്കു മുന്നിൽ കാവൽക്കാരെന്ന പോലെ ഭീമാകാരങ്ങളായ പ്രതിമകൾ സ്ഥാപിച്ചിരുന്നു. മനുഷ്യന്റെ മുഖവും സിംഹത്തിന്റെ ഉടലും കാളയുടെ കുളമ്പും കഴുകന്റെ ചിറകുമുള്ള ഈ പ്രതിമകൾ കെരൂബു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇതിൽ നിന്നാവണം കെരൂബുകളെക്കുറിച്ചുള്ള ബൈബിൾ സങ്കൽപം രൂപം കൊണ്ടത്. പിൽക്കാലത്ത് കെരൂബുകൾ മാലാഖമാരുടെ ഒരു ഗണമായി പരിഗണിക്കപ്പെട്ടു. കെരൂബുകളുടെമേൽ ഉപവിഷ്ടനായിരിക്കുന്ന ദൈവത്തെക്കുറിച്ച് ബൈബിളിൽ അനേകം പരാമർശങ്ങളുണ്ട് (സങ്കീ. 18, 10; 2 സാമു. 22, 11; എസെ. 1, 4-28).

**തീ ജ്വലിക്കുന്ന വാൾ :** ഇടിമിന്നലിന്റെ ഇതിഹാസരൂപത്തിലുള്ള ചിത്രീകരണമാണിത്. താൻ കീഴടക്കിയ ഒരു നഗരത്തിന്റെ കവാടത്തിൽ ഒടുകൊണ്ടുണ്ടാക്കിയ ആഗ്നേയഖഡ്ഗം സ്ഥാപിച്ചതായി ബി. സി. പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അസീറിയൻ ചക്രവർത്തിയായ തിഗ്ലാത് പിലേസർ ഒന്നാമന്റെ ഒരു ശിലാലിഖിതത്തിൽ കാണുന്നു. അതിക്രമിച്ചു കടക്കുന്നവർ മരണശിക്ഷയനുഭവിക്കേണ്ടിവരും എന്ന സൂചനയാണിതു നൽകുന്നത്. അപകടമേഖലയെ സൂചിപ്പിക്കാനായി വരയ്ക്കുന്ന തലയോടിന്റെയും എല്ലിന്റെയും ധർമ്മമാണ് ഈ പ്രതീകത്തിനുള്ളത്.

**വിചിന്തനം :** പാപത്തിനധീനമായ മനുഷ്യപ്രകൃതിയുടെ ഭാഗമാണ് സഹനം. ശാസ്ത്ര സാങ്കേതിക വിദ്യകൾക്കൊന്നും സഹനത്തെ ഉൻമൂലനം ചെയ്യാൻ സാധിച്ചിട്ടില്ല. സഹനത്തിന്റെയും കാഠിന്യം കുറയ്ക്കാൻ ശ്രമിക്കുമ്പോഴും അതിനെ സ്വീകരിക്കാനും വളർച്ചക്കുള്ള മാർഗ്ഗമാക്കി മാറ്റാനും പരിശീലിക്കണം.

അമർത്യതയും നിത്യയൗവനവും മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുള്ള സ്വപ്നങ്ങളാണ്. യൗവനം നിലനിർത്താനും മരണത്തെ അകറ്റി നിർത്താനും മനുഷ്യർ എന്നും പരിശ്രമിക്കുന്നുണ്ട്. പക്ഷേ മരണം മനുഷ്യപ്രകൃതിയുടെ തന്നെ ഭാഗമാണ്. എന്നാൽ മനുഷ്യന്റെ മേലുള്ള അവസാനത്തെ വാക്ക് മരണത്തിന്റേതല്ല എന്നു പുതിയ

നിയമവെളിപാടിൽ നിന്നു നാം ഗ്രഹിക്കുന്നു. മരിച്ചവർ നിത്യജീവിനിലേക്ക് ഉയർപ്പിക്കപ്പെടും എന്ന് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ യേശുനാഥൻ ഉറപ്പു തരുന്നു. പുനരുത്ഥാനത്തിലുള്ള വിശ്വാസം സഹനത്തെയും മരണത്തെയും പ്രത്യാശയോടെ, ധീരമായി നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറ്റൊരു മരണത്തെക്കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നുണ്ട്. ജീവന്റെ ഉറവിടമായ ദൈവത്തിൽ നിന്നു പാപം വഴി അകന്നു പോകുന്നതിലൂടെ സംഭവിക്കുന്ന മരണമാണിത്. രണ്ടാമത്തെ മരണം എന്നാണ് ഇതിനെ ബൈബിൾ വിളിക്കുന്നത് (വെളി. 20, 14) ഇതിനെ ഭയപ്പെടണം.

**ചോദ്യങ്ങൾ:**

1. ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തിന്റെ പാപമാണ്. വിശദീകരിക്കുക.
2. പ്രലോഭനത്തിന്റെ വിവരണത്തിൽ നിന്ന് എന്തുൾക്കാഴ്ചയാണ് നിങ്ങൾക്കു ലഭിക്കുന്നത്?
3. എന്തായിരുന്നു ആദിമാതാപിതാക്കന്മാരുടെ പാപം?
4. നന്മതിന്മയുടെ അറിവിന്റെ വൃക്ഷം എന്തിന്റെ പ്രതീകമാണ്?
5. ഈ അധ്യായത്തിലെ വിവരണത്തിൽ എപ്രകാരമാണ് ദൈവത്തിന്റെ കരുണയും നീതിയും പ്രകടമാകുന്നത്?
6. തിന്മയുടെ ഉദ്ഭവത്തെക്കുറിച്ച് ഈ അധ്യായത്തിൽ എന്താണ് പഠിപ്പിക്കുന്നത്?

**ചർച്ചയ്ക്ക്:**

1. ദൈവത്തെ നിഷേധിക്കുന്നവർ സഹജീവികളെയും നിഷേധിക്കുന്നു. ഇന്നത്തെ ലോകത്തിൽ ഇത് എപ്രകാരമാണ് പ്രകടമാകുന്നത്?
2. സഹനത്തെ എപ്രകാരം ഉപകാരപ്രദമാക്കി മാറ്റാൻ കഴിയും?

**പ്രാർത്ഥന** : 51-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക.



# 4. തിന്മയുടെ വളർച്ച

## ഉൽപത്തി 4, 1-6, 4

നന്മ മാത്രമായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിലേക്ക് മനുഷ്യന്റെ പാപം വഴി തിന്മ കടന്നുവന്നതിന്റെ വിവരണമാണ് കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടത്. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം ദുഃഖിക്കാൻ മാത്രം ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത പെരുകിയതിന്റെ ചരിത്രം യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ (J) തുടർന്നു വിവരിക്കുന്നു. ഈ വിവരണത്തിനു മധ്യേ പുരോഹിതഗ്രന്ഥകാരന്റെ (P) രചനയായ ആദാം മുതൽ നോഹ വരെയുള്ള ഒരു വംശാവലി പട്ടിക (5, 1-32) ഉൾക്കൊള്ളിച്ചിരുന്നു.

മനുഷ്യൻ പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ടതു മുതൽ ജലപ്രളയം വരെയുള്ള സുദീർഘമായ കാലഘട്ടത്തെ ഒരു കുഴൽക്കണ്ണാടിയിലൂടെ കാണുന്നതുപോലെ വിശുദ്ധ ഗ്രന്ഥകാരൻ വളരെ ചുരുക്കമായി അവതരിപ്പിക്കുന്നു. പാപത്തിൽ അടിയുറയ്ക്കുന്ന മനുഷ്യനെയും, പാപത്തെ വെറുക്കുകയും എന്നാൽ പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തെയും സംബന്ധിച്ച പ്രാതിനിധ്യ സ്വഭാവമുള്ള ചില സംഭവങ്ങളാണ് ഈ ഭാഗത്തു ചിത്രീകരിച്ചിരിക്കുന്നത്. ഇതിനെ നാലായി തിരിക്കാം. 1. കായേനും ആബേലും (4, 1-16); 2. കായേലിന്റെയും സേത്തിന്റെയും സന്തതികൾ (4, 17-26); 3. ആദാം മുതല് നോഹവരെയുള്ള വംശാവലി (5, 1-32); 4. തിന്മയുടെ പാരമ്യം (6, 1-4).

### 1. കായേനും ആബേലും 4, 1-16

ആദത്തിന്റെയും ഹവ്വായുടെയും രണ്ടു മക്കളുടെ കഥയിലൂടെ യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ പാപത്തിനധീനമായ മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം തുടർന്നു വിവരിക്കുന്നു. പറുദീസായിലെ പാപം

ദൈവനിഷേധമായിരുന്നു. ദൈവത്തെ നിഷേധിക്കുന്ന മനുഷ്യൻ സഹോദരനെതിരേ തിരിയും എന്നു വ്യക്തമാക്കുന്നതാണ് കായേന്റെയും ആബേലിന്റെയും അനുഭവം. ഇതു പാപത്തിന്റെ മറുവശമാണ്. ദൈവനിധേഷവും സഹോദരനിഷേധവും ഒരുപോലെ പാപമാണെന്നും ഒന്നു മറ്റേതിലേക്കു നയിക്കുമെന്നും പഠിപ്പിക്കുന്ന ഈ വിവരണത്തെ നാലായി തിരിക്കാം. a. സഹോദരന്മാരുടെ ജനനം. b. ബലിയർപ്പണം സഹോദരവധം. c. വിചാണയും d. ശിക്ഷയും.

## a. സഹോദരന്മാരുടെ ജനനം - 4, 1-2

പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ട മനുഷ്യർക്കു മക്കൽ ജനിക്കുന്നതിലൂടെ മനുഷ്യവർഗ്ഗം പെരുകി ഭൂമിയിൽ നിറയുന്നു. മനുഷ്യർ പാപം വഴി തന്നെ ധിക്കരിച്ച് അകന്നുപോയെങ്കിലും അവർക്കു നൽകിയ അനുഗ്രഹം ദൈവം പിൻവലിക്കുന്നില്ല. 'ആദാം തന്റെ ഭാര്യയായ ഹവ്വായെ അറിഞ്ഞു' എന്നാണ് ഹീബ്രുമൂലം. ഭാര്യാഭർതൃബന്ധത്തിലെ ഗാഢമായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രകടനമാണിത്. 'അവർ ഒറ്റ ശരീരമായിത്തീരും' (2, 24) എന്ന പ്രസ്താവന ഇവിടെ യാഥാർത്ഥ്യമായിത്തീരുന്നു. മാതാപിതാക്കന്മാരുടെ ഗാഢമായ സ്നേഹബന്ധത്തിന്റെ ഫലമാണ്. മക്കൾ. അതേ സമയം മക്കൾ ദൈവത്തിന്റെ ദാനവുമാണ്. തന്റെ ആദ്യജാതനെ കായേൻ എന്ന പേരിടുമ്പോൾ ഹവ്വ ഈ സത്യം ഏറ്റുപറയുന്നു.

**കായേൻ** : സമ്പാദിക്കുക, നേടിയെടുക്കുക എന്നൊക്കെ അർത്ഥമുള്ള ഖാനാ എന്ന ഹീബ്രുപദത്തിൽ നിന്നാവണം കായേൻ എന്ന പേരുണ്ടായത്. 'എനിക്കൊരു പുത്രനെ ലഭിച്ചിരിക്കുന്നു' എന്ന ഹവ്വായുടെ ഉദ്ഘോഷണം ഈ അർത്ഥമാണ് പേരിനു നല്കുന്നത്. എന്നാൽ ലോഹപ്പണിക്കാരൻ എന്നർത്ഥമുള്ള ഖയ്ൻ എന്ന പദത്തിൽ നിന്നാണ് കായേൻ എന്ന പേരിന്റെ ഉദ്ഭവം എന്നു കരുതുന്നവരുമുണ്ട്. ഒരിടത്തും സ്ഥിരമായി താമസിക്കാതെ നാടു ചുറ്റിനടന്നിരുന്ന കേന്യർ എന്നൊരു വർഗ്ഗം പലസ്തീനായിലുണ്ടായിരുന്നു. അവർ ലോഹപ്പണിക്കാരായിരുന്നു (ഉൽപ, 15, 19; സംഖ്യ 24, 21-22). അവരുടെ പൂർവ്വപിതാവായി കായേനെ അവതരിപ്പിക്കുന്നതാവണം ഹവ്വാ നല്കുന്ന പേര്. എന്തുകൊണ്ട് മറ്റു ജനതകളിൽ നിന്നു വ്യത്യസ്തരായി കേന്യർ നാടു ചുറ്റി നടക്കുന്നു എന്നതിന് വിശദീകരണമായിരിക്കണം കായേനു ലഭിക്കുന്ന ശിക്ഷ (4, 14).





**ആബേൽ** : രണ്ടാമത്തെ മകന്റെ പേര് ശ്വാസം, നാരാവി എന്നൊക്കെ അർത്ഥമുള്ള ഹേബെൽ എന്ന ഹീബ്രുപദത്തിൽ നിന്നുണ്ടായതാണ്. മനുഷ്യജീവിതം എത്ര ഹ്രസ്വവും നശ്വരവുമാണെന്ന് ഈ പേരു സൂചിപ്പിക്കുന്നു (സഭാ 2, 16-17; 3, 19; ഏശ 40, 6-8). പുതിയ നിയമത്തിൽ ആബേൽ ആദ്യത്തെ രക്തസാക്ഷിയും (ലൂക്ക 11, 51) പീഡിപ്പിക്കപ്പെടുന്ന നീതിമാന്റെ പ്രതീകവും (മത്താ 23.35) സ്വന്തം രക്തം ബലിയർപ്പിച്ച യേശുവിന്റെ മുന്നോടിയും (ഹെബ്രാ 12, 24) ആയി കരുതപ്പെടുന്നു. കായേനാകട്ടെ സകല അക്രമികളുടെയും കൊലപാതകികളുടെയും മുന്നോടിയും (1 യോഹ 3, 12; യൂദാ 11).

കായേനും ആബേലും രണ്ടു വ്യക്തികൾ എന്നതിലുപരി മനുഷ്യസമൂഹത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്ന രണ്ടു പ്രതീകങ്ങളാണെന്ന് അവരുടെ തൊഴിലിനെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നു. തന്നെയുമല്ല, കായേന്റെ ഭാര്യയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ (4, 17) വേറെയും മനുഷ്യർ ഭൂമുഖത്തുണ്ടായിരുന്നെന്ന് വിശുദ്ധ ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്. ഏതു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെങ്കിലും മനുഷ്യരെല്ലാം സഹോദരങ്ങളാണ്. യാഹ്വിസ്റ്റ് ഗ്രന്ഥകാരന്റെ കാലത്ത് പ്രചാരത്തിലിരുന്ന രണ്ടു പ്രധാന തൊഴിലുകളായിരുന്നു കൃഷിയും ആടുമേയ്ക്കലും. തന്റെ സമകാലികർക്ക് പരിചിതമായ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് വിശുദ്ധ ഗ്രന്ഥകാരൻ ആദ്യ സഹോദരൻമാരുടെ ചരിത്രം വിവരിക്കുന്നത്. അതിനാൽ ആദിചരിത്രത്തിലെ മറ്റു സംഭവങ്ങളിലെന്ന പോലെ ഇവിടെയും വിവരണത്തിലെ വിശദാംശങ്ങളുടെ ചരിത്രപരതയേക്കാൾ അവയിലൂടെ നൽകപ്പെടുന്ന സന്ദേശത്തിനാണ് പ്രാധാന്യം നൽകേണ്ടത്.

## b. ബലിയർപ്പണം 4, 3-7

വായനക്കാരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്ന വിശദാംശങ്ങളിൽ തങ്ങിനില്ക്കാതെ, ഏറ്റം കാതലായ കാര്യങ്ങൾ മാത്രമാണ് വിശുദ്ധ ഗ്രന്ഥകാരൻ വിവരിക്കുന്നത്. എന്തുകൊണ്ട് കായേന്റെ

ബലി ദൈവം സ്വീകരിച്ചില്ല, എങ്ങനെ കായേൻ അതു മനസ്സിലാക്കി എന്ന ചോദ്യങ്ങൾക്കൊന്നും ഇവിടെ ഉത്തരം ലഭിക്കുന്നില്ല. കായേന്റെ മനോഭാവം പ്രകടമാക്കുന്ന പ്രവൃത്തികൾക്കും അവയോടുള്ള ദൈവത്തിന്റെ പ്രതികരണത്തിനും മാത്രമേ പ്രാധാന്യം നൽകുന്നുള്ളൂ.

കായേനും ആബേലും തങ്ങളുടേതായ ഉൽപന്നങ്ങളിൽ നിന്ന് ബലിയർപ്പിച്ചു. കായേൻ നൽകിയത് മോശമായവയും ആബേൽ അർപ്പിച്ചത് നല്ലവയും ആയിരുന്നു എന്ന വിശദീകരണത്തിന് ബൈബിളിൽ അടിസ്ഥാനമില്ല. എന്തുകൊണ്ട് ദൈവം ആബേലിന്റെ ബലി സ്വീകരിക്കുകയും കായേന്റേതു തിരസ്ക്കരിക്കുകയും ചെയ്തു എന്നത് പൂർണ്ണമായ ഉത്തരം കിട്ടാത്ത ഒരു രഹസ്യമായി നിൽക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് എന്ന രഹസ്യത്തിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. ദൈവം തനിക്കിഷ്ടമുള്ളവരെ തിരഞ്ഞെടുക്കുന്നു. അതിനെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. (പുറ. 33, 19; റോമാ. 9, 15-18).

കായേൻ ബലവാനും ആബേൽ ദുർബലനും ആയിരുന്നുവെന്ന് തുടർന്നുള്ള വിവരണത്തിൽ നിന്നു കാണാം. ബലഹീനരെ പ്രത്യേകം സ്നേഹിക്കുകയും വലിയ കാര്യങ്ങൾക്കായി ചെറിയവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തന ശൈലിയാണ് ഇവിടെ പ്രകടമാകുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിന്റെ ആരംഭം മുതലേ വെളിപ്പെടുന്നതാണ് ഈ തിരഞ്ഞെടുപ്പ്. ഇസഹാക്കും യാക്കോബും യൂദായും ജോസഫും ഒക്കെ ഇളയ മക്കളായിരുന്നു. ജെസ്സെയുടെ ഏറ്റം ഇളയ മകനായ ദാവീദിനെയാണ് ഇസ്രായേലിന്റെ രാജാവാകാൻ ദൈവം തിരഞ്ഞെടുക്കുന്നത്.

കായേന്റെ മനോഭാവമാണ് അവന്റെ ബലി സ്വീകരിക്കപ്പെടാതിരിക്കാൻ കാരണം എന്ന് വിശുദ്ധ ഗ്രന്ഥകാരൻ സൂച്പ്പിക്കുന്നുണ്ട്. 'ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകര്യനാവില്ലേ?' എന്ന ദൈവത്തിന്റെ ചോദ്യം കായേന്റെ പ്രവൃത്തിയിൽ എന്തോ അനൗചിത്യം സംഭവിച്ചു എന്ന സൂചന നൽകുന്നു. എന്താണതെന്നു വിശദീകരിക്കുന്നില്ല. എന്നാൽ കായേന്റെ വിഷാദവും തുടർന്നുള്ള പ്രവൃത്തിയും അവന് സഹോദരനോട് അസൂയയും ശത്രുതയും ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്നു. സഹോദരനോടു രമ്യതയിൽ കഴിയാത്തവന്റെ ബലി കർത്താവിനു സ്വീകാര്യമല്ല എന്ന പാഠമാണ് ഇതിൽ നിന്നു ലഭിക്കുന്നത് (മത്താ. 5, 23-24).





കർത്താവു തന്റെ ബലി സ്വീകരിക്കാത്തത് കായേനെ കുപിതനാക്കി. 'മുഖം കറുത്തു' എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുപദത്തിന്റെ വാചാർത്ഥ്യം 'മുഖം കുനിഞ്ഞു' എന്നാണ്. മുഖം ഉയർത്തുന്നത് സന്തോഷത്തിന്റെയും അന്യരോടു ബന്ധപ്പെടാനുള്ള ആഗ്രഹത്തിന്റെയും പ്രകടനമാണ്; മുഖം കുനിക്കുന്നതാകട്ടെ ബന്ധങ്ങൾ വിഛേദിച്ച് തന്നിലേക്കു തന്നെ ഒതുങ്ങിക്കൂടുന്നതിന്റെയും. ഉള്ളിൽ അസൂയ നിറഞ്ഞ കായേൻ ദൈവത്തോടും സഹോദരനോടും ബന്ധപ്പെടാൻ തയ്യാറല്ല എന്നും ഈ മുഖഭാവം സൂചിപ്പിക്കുന്നു.

താൻ തിരസ്ക്കരിക്കപ്പെട്ടിട്ടില്ല എന്നും ഇനിയും ദൈവത്തിനു സ്വീകാര്യനാവാൻ തനിക്കു കഴിയുമെന്നും കായേനെ അനുസ്മരിപ്പിക്കുന്നതാണ് ദൈവത്തിന്റെ ചോദ്യങ്ങൾ. വാതിൽക്കൽ പതിയിരിക്കുന്ന പാപത്തെക്കുറിച്ചുള്ള പരാമർശം പ്രലോഭനത്തെയാണ് സൂചിപ്പിക്കുന്നത്. തന്റെ വിശ്വസ്തതയും നന്മയും തെളിയിക്കാൻ കായേനു ലഭിച്ച അവസരമായിരുന്നു ഇത്. ഈ അവസരത്തെ എങ്ങനെ ഉപയോഗിക്കും എന്നത് അവന്റെ മാത്രം തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. പ്രലോഭനത്തെ കീഴടക്കാനുള്ള ശക്തി അവനുണ്ട് എന്നും ദൈവം അനുസ്മരിപ്പിക്കുന്നു. ദൈവം താക്കീതു നൽകുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വാതന്ത്ര്യത്തെ എടുത്തു കളയുന്നില്ല.

## c. സഹോദരവധം 3, 8

കായേൻ പ്രലോഭനത്തെ കീഴടക്കുന്നതിനു പകരം പ്രലോഭനത്തിനു സ്വയം കീഴടങ്ങുന്നതിന്റെ ചിത്രമാണ് വിശുദ്ധഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. ഈ തീരുമാനത്തിന് കായേനെ പ്രേരിപ്പിച്ചതെന്താണെന്നു വ്യക്തമാക്കുന്നില്ല. ഹവ്വായുടെ കാര്യത്തിലെന്നതുപോലുള്ള ഒരു മാനസികാപഗ്രഥനം ഇവിടെയില്ല. നേരിട്ടു പ്രവൃത്തിയിലേക്കാണ് കടക്കുന്നത്.

'കായേൻ തന്റെ സഹോദരൻ ആബേലിനോടു സംസാരിച്ചു' എന്നു മാത്രമേ ഹീബ്രുമൂലത്തിലുള്ളൂ. 'നമുക്കു വയലിലേക്കു

പോകാം' എന്നതു പുരാതന വിവർത്തനങ്ങളിലാണ് കാണുന്നത്. എന്തു പറഞ്ഞു എന്നതിനേക്കാൾ എന്തു ചെയ്തു എന്നതിന് വി. ഗ്രന്ഥകാരൻ പ്രാധാന്യം നൽകുന്നു. കായേൻ സംസാരിച്ചു; അതു വഞ്ചനാപരമായ സംസാരമായിരുന്നു. തുടർന്നുള്ള പ്രവർത്തനം രണ്ടു ഘട്ടങ്ങളിലായി ചിത്രീകരിച്ചിരിക്കുന്നു. 'കായേൻ ആബേലിനോടു കയർത്ത് അവനെ കൊന്നു' എന്നു വിവർത്തനം ചെയ്തിരിക്കുന്നതിന്റെ ഹീബ്രുമൂലം 'കായേൻ തന്റെ സഹോദരനായ ആബേലിനെതിരെ എണീറ്റ് അവനെ കൊന്നു' എന്നാണ്.

എതിരേ എണീയ്ക്കുക എന്നത് കരുതിക്കൂട്ടി ഒരുങ്ങിയ ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു. പെട്ടെന്നുണ്ടായ വികാരത്തള്ളിലന്റെ ഫലമല്ല, ആലോചിച്ചുറച്ച തീരുമാനം നടപ്പാക്കലാണത്. അതു കൊലപാതകമായിരുന്നു. വയലിൽ വച്ചാണ് കൊല ചെയ്തത് എന്നത് കുറ്റകൃത്യത്തിന് സാക്ഷികളോ ബലഹീനനെ സഹായിക്കാൻ ആളുകളോ ഇല്ലായിരുന്നു എന്നു സൂചിപ്പിക്കുന്നു. ഈ വാക്യത്തിൽ സഹോദരൻ എന്ന പദം രണ്ടു തവണ ആവർത്തിച്ചിട്ടുണ്ട്. അടുത്ത വാക്യങ്ങളിൽ ഇതേ പദം മൂന്നുതവണ കൂടി ആവർത്തിക്കുന്നു. സാഹോദര്യം എന്ന പ്രമേയമാണ് ഈ വിവരണത്തിന്റെ കേന്ദ്രം. ആദാം തന്റെ സഖിയായ ഹവ്വായ്ക്കെതിരെ കുറ്റാരോപണം നടത്തി. കായേൻ തന്റെ സഹോദരനെ കൊല ചെയ്തു. അതിവേഗം വളർന്നു ശക്തിപ്പെടുന്ന പാപത്തിന്റെ ചിത്രമാണിത്.

**വിചിന്തനം** : ഒരു ബലിയർപ്പണത്തിന്റെ പശ്ചാത്തലത്തിലാണ് കൊലപാതകം വിവരിക്കുന്നത് എന്നതു ശ്രദ്ധേയമത്രേ. കായേൻ ദൈവത്തിനു ബലിയർപ്പിച്ചു. എന്നാൽ ബലിയർപ്പണം അവനെ ദൈവത്തോടോ സഹോദരനോടോ അടുപ്പിച്ചില്ല. നേരെ മറിച്ച് സഹോദരനോടുള്ള അസൂയയുയുടെയും വിദ്വേഷത്തിന്റെയും വിഷവിത്ത് അവന്റെ ഹൃദയത്തിൽ വിതയ്ക്കാനേ അതു കാരണമായുള്ളൂ. ഹൃദയപരിവർത്തനം കൂടാതെ ബാഹ്യാചാരങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതവും മതാനുഷ്ഠാനങ്ങളും മനുഷ്യരെ പരസ്പരം അകറ്റാനും ശത്രുതയിലേക്കും കൊലപാതകത്തിലേക്കും നയിക്കാനും കാരണമായേക്കും എന്ന് ഈ സംഭവം പഠിപ്പിക്കുന്നു. ലക്ഷ്യം തെറ്റിയ ആചാരാനുഷ്ഠാനങ്ങളും കടിഞ്ഞാൺ പൊട്ടിയ മത





വികാരങ്ങളും വരുത്തിവച്ച വിനാശങ്ങൾ മാനവചരിത്രത്തിലുടനീളം കാണാം. അതുകൊണ്ടാണ് അനീതിക്കു മറപിടിച്ച മതാനുഷ്ഠാനങ്ങൾക്കെതിരേ പ്രവാചകന്മാരും യേശുവും ശക്തമായി പ്രതിഷേധിച്ചത്.

## d. വിചാരണയും ശിക്ഷയും 4, 9-16

ആദ്യ പാപത്തോടനുബന്ധിച്ചു വിവരിച്ച വിചാരണയുടെ രീതിയിൽ തന്നെയാണ് ഇവിടെയും വിചാരണയും വിധിയും വിവരിക്കുന്നത്. ദൈവം ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് കുറ്റവാളിക്കു തന്റെ കുറ്റത്തെക്കുറിച്ചു ബോധ്യമുണ്ടാകാനും അതിനു വിശദീകരണം നൽകാനും അവസരം കൊടുക്കുന്നു. കുറ്റം തെളിയിച്ചതിനുശേഷം പ്രസ്താവന ശിക്ഷാവിധി പിന്നീടു മയപ്പെടുത്തുന്നു.

"നിന്റെ സഹോദരൻ ആബേൽ എവിടെ?" എന്ന ചോദ്യം "നീ എവിടെയാണ്?" എന്ന് ആദാമിനോടു ചോദിച്ച ചോദ്യത്തെ അനുസ്മരിപ്പിക്കുന്നു. എന്നാൽ ഇവിടെ ശ്രദ്ധാകേന്ദ്രം സഹോദരനാണ്. തന്റെ ഇളയ സഹോദരനെ കാത്തു സൂക്ഷിക്കാനും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ചു കായേനെ അനുസ്മരിപ്പിക്കുന്നതാണ് ഈ ചോദ്യം. പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിൽ വിശദമായി ചർച്ച ചെയ്യപ്പെടാൻ പോകുന്ന ഒരു പ്രധാന പ്രമേയമാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇവിടെ ലംഘിക്കപ്പെട്ട സാഹോദര്യം അബ്രാഹാമും ലോത്തും തമ്മിലും (ഉൽപ. 13, 8) ജോസഫും സഹോദരങ്ങളും തമ്മിലും (ഉൽപ. 37-50) ഉള്ള ബന്ധത്തിൽ പുനഃസ്ഥാപിക്കുന്നതായി കാണാം.

നുണ പറഞ്ഞുകൊണ്ട് കുറ്റം നിഷേധിക്കുകയും മറുചോദ്യം കൊണ്ട് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയും ചെയ്യുന്ന കായേന്റെ പ്രവൃത്തി ആദിമാതാപിതാക്കന്മാരുടേതിൽ നിന്ന് വ്യത്യസ്തമാണ്. അവർ ഉത്തരവാദിത്വത്തിൽ ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും കുറ്റം സമ്മതിച്ചായിരുന്നു. അനുതപിക്കാത്ത പാപിയുടെ ഹൃദയകാഠിന്യമാണ് കായേന്റെ മറുപടിയിലൂടെ വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നത്. ബലഹീനരെ പീഡിപ്പിക്കുകയും എതിരാളികളെ ഉന്മൂലനം ചെയ്യുകയും, എന്നിട്ടും യാതൊരു തെറ്റും ചെയ്തിട്ടില്ല എന്നു നടിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ചിത്രമാണിത്.

ദൈവത്തിന്റെ രണ്ടാമത്തെ ചോദ്യം കായേന്റെ കുറ്റം തെളിയിക്കുന്നു. മണ്ണിൽ നിന്നു നിലവിളിക്കുന്ന രക്തമാണ് തെളിവ്. ജീവന്റെ ഇരിപ്പിടമായിട്ടാണ് ബൈബിളിൽ രക്തം പരിഗണിക്കപ്പെടുന്നത്. നിഷ്ക്കളങ്കരക്തം ചിന്തുന്നത് ജീവന്റെ നാഥനെതിരായ കുറ്റമാണ്. മൃതശരീരം മറവു ചെയ്യാമെങ്കിലും രക്തം മറവു ചെയ്യാനാവില്ല എന്ന വിശ്വാസവും ബൈബിളിലുണ്ട്. നീതി ലഭിക്കുന്നതുവരെ അതു ജീവന്റെ നാഥനോടു നിലവിളിച്ചു കൊണ്ടിരിക്കും (ജോബ് 16, 18; എസെ. 24, 7; ഏശ. 26, 21).

'സ്ആഖാ' എന്ന ഹീബ്രു വാക്കാണ് നിലവിളി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. നീതി എന്ന് അർത്ഥമുള്ള 'സ്ദാഖാ' എന്ന പദവുമായി ഇതിനു സാമ്യമുണ്ട്. നീതി നിഷേധിക്കപ്പെട്ടവരിൽ നിന്ന് ഉയരുന്ന നിലവിളിലാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഇപ്രകാരമുള്ള നിലവിളി കേൾക്കുമ്പോൾ ദൈവം അടങ്ങിയിരിക്കുകയില്ല. ഇറങ്ങി വന്ന് കാര്യം അന്വേഷിക്കുകയും മർദ്ദകനെ ശിക്ഷിച്ചു കൊണ്ട് മർദ്ദിതനു നീതി നല്കുകയും ചെയ്യും (ഉൽപ 18, 10; പുറ 2, 23; 3, 7-9; ഏശ 5, 7).

കൊലപാതകിയെ ശിക്ഷിച്ച്, കൊല്ലപ്പെട്ടവനു വേണ്ടി നീതി നടത്താൻ മരിച്ചവന്റെ അടുത്ത ബന്ധുവിനു കടമയുള്ളതായി പഴയ നിയമത്തിൽ പഠിപ്പിക്കുന്നുണ്ട് (സംഖ്യ 35, 19). ഇപ്രകാരം നീതി നടത്താൻ കടപ്പെട്ടവനെ ഗോയേൽ എന്നു വിളിക്കുന്നു. ആബേലിന്റെ കാര്യത്തിൽ ദൈവം ഗോയേൽ ആയി പ്രത്യക്ഷപ്പെടുന്നു. അനീതിക്കും മർദ്ദനത്തിനും ഇരയാകുന്ന പാവപ്പെട്ടവർക്കു നീതി നടത്തിക്കൊടുക്കുന്നവനാണ് ദൈവം. ശിക്ഷാഭീതി കൂടാതെ അക്രമം തുടരാൻ ദൈവം ആരേയും അനുവദിക്കുകയില്ല.

അനിഷേധ്യമാംവിധം കുറ്റം തെളിയിച്ചതിനു ശേഷം ദൈവം ശിക്ഷാവിധി പ്രസ്താവിക്കുന്നു. കുറ്റവാളി ശപിക്കപ്പെടുന്നു എന്നതു ശ്രദ്ധേയമത്രേ. ആദാമിന്റെ കുറ്റത്തിന് ഭൂമിയുടെ മേലായിരുന്നു ശാപം. എന്നാൽ സഹോദരനെ വധിച്ച കായേൽ തന്നെ ശപിക്കപ്പെടുന്നു. "ഭൂമിയിൽ ശപിക്കപ്പെട്ടവനായിരിക്കും" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാചകം "ഭൂമിയാൽ ശപിക്കപ്പെട്ടവനായിരിക്കും" എന്നു വിവർത്തനം ചെയ്യാവുന്നതാണ്. "രക്തം കുടിക്കാൻ വാ പിളർന്നു"





എന്ന വിശേഷണം ഭൂമിയെ വധിക്കപ്പെട്ട മനുഷ്യന്റെ അമ്മയായി ചിത്രീകരിക്കുന്നു. ദൈവത്തിന്റെയും ഭൂമിയുടെയും ശാപം പേറുന്ന കായേന് ഭൂമി സംരക്ഷണം നല്കുകയില്ല. ആഹാരവും പാർപ്പിടവും ഇല്ലാതെ അലയാൻ വിധിക്കപ്പെട്ടവനാണ് കൊലപാതകിയായ കായേൻ. ഭൂമിയിൽ നിന്നുതന്നെ ഭ്രഷ്ടു കൽപ്പിക്കപ്പെട്ടവനാണവൻ.

സമൂഹത്തിൽ നിന്നു ഭ്രഷ്ടനാക്കപ്പെട്ടയാൾക്ക് ആ സമൂഹത്തിലുള്ള ആരും ആഹാരമോ പാർപ്പിടമോ കുടിവെള്ളം പോലുമോ കൊടുക്കുകയില്ല. ഗോത്രങ്ങളുടെ ഇടയിൽ നിലവിലിരുന്ന ഈ ആചാരത്തിൽ നിന്ന് കായേന്റെ ശിക്ഷയെ മനസ്സിലാക്കാൻ കഴിയും. താങ്ങാനാവാത്തത്ര കഠിനമാണ് ഈ ശിക്ഷ എന്നു പരാതിപ്പെടുമ്പോഴും കായേൻ തന്റെ തെങ്ങിനെക്കുറിച്ച് അനുതപിക്കുകയോ മാപ്പിരക്കുകയോ ചെയ്യുന്നില്ല. ശിക്ഷയേറ്റിട്ടും അനുതപിക്കാത്ത പാപിയുടെ പ്രതീകവും പ്രതിനിധിയുമാണ് കായേൻ. "കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും എന്ന വിലാപം ഭൂമിയിൽ മറ്റു മനുഷ്യരുണ്ടായിരുന്നു എന്ന സൂചന വീണ്ടും നൽകുന്നു.

അനുതപിക്കാത്ത പാപിയെപ്പോലും ദൈവം ഉപേക്ഷിക്കുന്നില്ല. കൊലപാതകിയുടെയും ജീവൻ ദൈവം രക്ഷിക്കുന്നു. കാരണം പാപിയുടെ മരണമല്ല, മാനസാന്തരമാണ് അവിചുന്ന് ആഗ്രഹിക്കുന്നത് (എസെ 33, 11). ഏഴിരട്ടി പ്രതികാരവും അടയാളവും ദൈവം നൽകുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു. കായേന്റെ മേൽ ദൈവം പതിച്ച അടയാളം എന്താണെന്ന് വി. ഗ്രന്ഥകാരൻ വിശദീകരിക്കുന്നില്ല. പല ഗോത്രവർഗ്ഗക്കാരും ഗോത്രത്തിന്റെ അടയാളമായി മുഖത്തോ കൈയിലോ മുറിവേല്പിച്ച മാതാത്ത അടയാളങ്ങൾ ഉണ്ടാക്കാറുണ്ട്. ഈ ആചാരത്തെ മുന്നിൽ കണ്ടു കൊണ്ടാവണം കായേന്റെ മേൽ പതിച്ച അടയാളത്തെക്കുറിച്ച് വി. ഗ്രന്ഥകാരൻ പറയുന്നത്. കായേന്റെ സന്തതികൾ എന്നു കരുതപ്പെടുന്ന നാടോടികളായ കേന്യർ നെറ്റിയിൽ ഒരു പ്രത്യേക അടയാളം ധരിച്ചിരുന്നു എന്നും പറയപ്പെടുന്നു.

ആദിമാതാപിതാക്കൾ പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ടു. എന്നാൽ കായേൻ കർത്താവിന്റെ സന്നിധിയിൽ നിന്ന് ഇറങ്ങിപ്പോവുകയാണ്. "ഏദേനു കിഴക്ക്" എന്ന വിശേഷണം ദൈവസന്നി

ധിയിൽ നിന്ന് അകന്നു പോകുന്നതിനെ സൂചിപ്പിക്കുന്നു. നോദ് എന്ന പേരിന് "നാദ്" ഹീബ്രുനാമവുമായി സാമ്യമുണ്ട്. ഒളിച്ചോടുന്നവൻ, അഭയാർത്ഥി, നാടോടി എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. സഹോദരനെ വധിച്ച് ദൈവത്തിൽ നിന്നകന്നു പോകുന്ന മനുഷ്യന്റെ അസ്വസ്ഥവും അരക്ഷിതവുമായ അവസ്ഥയെ സൂചിപ്പിക്കുന്നതാണ് നോദ്.

**വിചിന്തനം** : മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന രണ്ടു സഹോദരങ്ങൾ മാത്രമല്ല കായേനും ആബേലും. അവർ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതീകങ്ങളാണ്, മർദ്ദകനായ ബലവാന്റെയും മർദ്ദിതനായ ദരിദ്രന്റെയും പാവപ്പെട്ടവരെ ഉപദ്രവിക്കുകയോ ചൂഷണം ചെയ്യുകയോ അരുത്. ദൈവമായ കർത്താവ് അവരുടെ പക്ഷത്താണ്. അവിടുന്ന് പകരം ചോദിക്കും. ശക്തന്മാരുടെ കൈകളിൽ നിന്ന് പാവപ്പെട്ടവരെ വിടുവിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ് ബൈബിളിൽ ഉടനീളം രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ തുടക്കമാണ് കായേന്റെ മേലുള്ള ശിക്ഷാവിധി.

## 2. കായേന്റെയും സേത്തിന്റെയും സന്തതികൾ 4, 17–26

കായേന്റെ പാപവും അതിനുള്ള ശിക്ഷയും വിവരിച്ചതിനു ശേഷം യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ ആദിചരിത്രത്തിന്റെ വിവരണം തുടരുന്നു. തലമുറകളുടെ തുടർച്ചയായിട്ടാണ് ചരിത്രത്തെ അവതരിപ്പിക്കുന്നത്. ആദാം മുതൽ ലാമേക്കിന്റെ സന്തതികൾ വരെ എട്ടു തലമുറകളുടെ ഒരു പട്ടിക വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. 4, 1-2ൽ തുടങ്ങിവെച്ച ഈ പട്ടിക കായേന്റെയും ആബേലിന്റെയും ചരിത്രത്തിനു ശേഷം തുടരുന്നു.

അലയാൻ വിധിക്കപ്പെട്ടവനാണ് കായേൻ എന്നു പറഞ്ഞുവച്ചെങ്കിലും അയാളുടെയും സന്തതികളുടെയും നേട്ടങ്ങളാണ് യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ ഇവിടെ എടുത്തുകാട്ടുന്നത്. കായേന് എവിടെനിന്ന് ഭാര്യയെകിട്ടി എന്ന ചോദ്യം വിശുദ്ധ ഗ്രന്ഥകാരൻ ഉന്നയിക്കുന്നില്ല. സംഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയല്ല, മനുഷ്യസ്വഭാവത്തെ വിശദീകരിക്കാൻ ഉതകുന്നതും എന്നാൽ യാഥാർത്ഥ്യത്തിൽ അടിസ്ഥാനമുള്ളതുമായ പ്രതീകങ്ങളിലൂടെ ആദി





ചരിത്രം ചുരുക്കിപ്പറയുകയാണ് ഈ അധ്യായങ്ങളിൽ ചെയ്യുന്നത് എന്നു നാം കണ്ടു കഴിഞ്ഞു. ഈ വംശാവലിയിൽ നാലു കാര്യങ്ങൾ ശ്രദ്ധേയമാണ്. a. കായേന്റെ നഗരം b. വ്യവസായത്തിന്റെ തുടക്കം. c. ലാമേക്കിന്റെ കീർത്തനം. d. സേത്തിന്റെ സന്തതികൾ.

### a. കായേന്റെ നഗരം 4, 17

കായേൻ പട്ടണം പണിയുന്നതും അതിന് തന്റെ പുത്രന്റെ പേരിടുന്നതും ശ്രദ്ധേയമത്രേ. ദൈവത്തിൽ നിന്നകന്നുപോകുന്ന കൊലപാതകിയാണ് ആദ്യത്തെ നഗരം നിർമ്മിച്ചത് എന്നു പറയുമ്പോൾ നഗരവും നാഗരികതയും അക്രമികളുടെ സൃഷ്ടിയും അക്രമങ്ങളുടെ വിളനിലവുമാണ് എന്ന് സമർത്ഥിക്കുന്നു. മെസൊപ്പൊട്ടാമിയായിലെയും ഈജിപ്തിലെയും വൻനഗരങ്ങളെക്കുറിച്ചും അവയിൽ നടമാടിയിരുന്ന അക്രമങ്ങളെ കുറിച്ചും വി. ഗ്രന്ഥകാരന് അറിവുണ്ടായിരുന്നു. സോളമന്റെ നഗരനിർമ്മാണ പ്രവർത്തനങ്ങളും അതിനു വേണ്ടി സാധാരണ ജനം അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളും അടിമത്തവും കണ്ടറിഞ്ഞ ആളാണ് യാഹ്‌വിസ്റ്റ്.

നഗരവൽക്കരണം വ്യക്തികളുടെ മനോഭാവത്തിലും വ്യക്തിബന്ധങ്ങളിലും കാതലായ വ്യതിയാനങ്ങൾ വരുത്തിവയ്ക്കുന്നു. ചുരുക്കം പേർ മാത്രം വസിക്കുന്ന ഗ്രാമങ്ങളിൽ എല്ലാവരും പരസ്പരം അറിയും. ഈ അറിവും പരിചയവും ധാർമ്മിക ജീവതത്തിന് പ്രേരകമായി നിൽക്കുന്നു. എന്നാൽ ആരുമാരും പരസ്പരം അറിയാത്ത വൻനഗരങ്ങൾ അക്രമികളുടെ താവളങ്ങളായിത്തീരുന്നു. നഗരങ്ങളിൽ നിലനിൽക്കുന്നതും വളരുന്നതുമായ സംസ്ക്കാരം, അഥവാ നാഗരികത വ്യവസ്ഥാപിതമായ അക്രമത്തിനു രൂപം നൽകുന്നു എന്ന അനുഭവത്തിൽ നിന്നായിരിക്കണം നാഗരികതയുടെ ഉപജ്ഞാതാവായി കായേനെ ചിത്രീകരിക്കുന്നത്.

കായേന്റെയും സന്തതികളുടെയും ചരിത്രത്തിൽ ദൈവത്തിന്റെ പേരു പോലും പറയുന്നില്ല. സ്വന്തം വ്യക്തിമഹത്വത്തിന്റെ ശാശ്വത സ്മാരകമായിട്ടാണ് താൻ പണിത നഗരത്തിന് കായേൻ തന്റെ പുത്രന്റെ പേരു നൽകുന്നത്. ജീവിതത്തിന്റെ ചക്രവാളത്തിൽ നിന്നു ദൈവത്തെ നിഷ്കാസനം ചെയ്തുകൊണ്ട് കായേൻ പടുത്തുയർത്തിയ നഗരവും നാഗരികതയും നിരീശ്വരവും ്ക്രമാസക്തവു

മാണ് എന്ന സൂചനയിലൂടെ ദൈവത്തെ നിഷേധിക്കുകയും സഹോദരങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന സകല നാഗരികതകൾക്കും എതിരേ വി. ഗ്രന്ഥകാരൻ ദൈവത്തിന്റെ വിധി പ്രസ്താവിക്കുന്നു.

## b. വ്യവസായത്തിന്റെ തുടക്കം 4, 18–22

നഗരനിർമ്മിതിയ്ക്കു ശേഷം നാലു തലമുറകളുടെ പേരു മാത്രം പറഞ്ഞിട്ട് ലാമേക്കിന്റെ സന്തതികളെക്കുറിച്ച് വി. ഗ്രന്ഥകാരൻ ചെറിയൊരു വിവരണം നൽകുന്നു. മനുഷ്യൻ വ്യത്യസ്ത തൊഴിലുകൾ സ്വീകരിക്കുകയും തൊഴിലടിസ്ഥാനത്തിൽ വിവിധ ഗോത്രങ്ങളായി തിരിയുകയും ചെയ്യുന്നതിന്റെ ചരിത്രമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇടയൻമാർ, കലാകാരന്മാർ, ലോഹപ്പണിക്കാർ എന്നിങ്ങനെ മൂന്നുതരം തൊഴിലുകൾ ചെയ്യുന്നവരെക്കുറിച്ചാണ് പരാമർശം. ഇരുമ്പും ചെമ്പും കൊണ്ട് ഉപകരണങ്ങൾ നിർമ്മിക്കാൻ ആരംഭിക്കുന്നത് വ്യവസായത്തിന്റെ തുടക്കമാണ്. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയും നേട്ടങ്ങളുമാണ് ഇവിടെ ചിത്രീകരിക്കുന്നത് എന്നതിൽ സംശയമില്ല. എന്നാൽ ഈ നേട്ടങ്ങൾക്ക് ഒരലു മറുവശമുണ്ടെന്ന് ലാമേക്കിന്റെ പ്രതികാരകീർത്തനം എടുത്തുകാട്ടുന്നു.

## c. ലാമേക്കിന്റെ കീർത്തനം 4, 23–24

ലാമേക്കിന്റെ ചിത്രീകരണത്തിൽ രണ്ടു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ബഹുഭാര്യാത്വം. 2. അക്രമത്തിന്റെ മഹത്വീകരണം. മനുഷ്യസൃഷ്ടിയുടെ വിവരണത്തിൽ വിവാഹത്തിന്റെ പ്രത്യേകതയായി ഏകത്വം എടുത്തു കാട്ടിയിരുന്നു. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണം വരെയുള്ള അഭേദ്യമായ ബന്ധമാണ് സ്രഷ്ടാവ് നിശ്ചയിച്ചത്. എന്നാൽ രണ്ടു ഭാര്യമാരെ സ്വീകരിച്ചുകൊണ്ട് ലാമേക്ക് ഈ നിയമത്തെ മറി കടക്കുന്നു.

കായേനെ കൊല്ലുന്നവർക്കെതിരെ ഏഴിരട്ടി പ്രതികാരം ചെയ്യും എന്നു പറഞ്ഞത് അക്രമത്തെ തടയാൻ വേണ്ടിയായിരുന്നു. പ്രതികാരം ദൈവത്തിന്റെ മാത്രം അവകാശമായിട്ടാണ് അവിടെ അവതരിപ്പിച്ചത്. എന്നാൽ ഈ അവകാശം ലാമേക്ക് സ്വന്തമാക്കുന്നു. തന്നെയുമല്ല, പരിധിയില്ലാത്ത പ്രതികാരമാണ് ഇവിടെ അവകാശപ്പെടുന്നത്. അളവില്ലാത്ത അക്രമത്തെ പുകഴ്ത്തിപ്പാടുന്ന ലാമേക്കിന്റെ





പ്രതികാരകീർത്തനം നാഗരികതയും വ്യവസായപുരോഗതിയും എങ്ങോട്ടാണ് നയിക്കുന്നത് എന്നു സൂചിപ്പിക്കുന്നു.

**വിചിന്തനം :** വ്യവസായവൽക്കരണവും ഭൗതിക പുരോഗതിയും നല്ലതാകാം. ജീവിതം എല്ലാവർക്കും കൂടുതൽ എളുപ്പവും സന്തോഷപ്രദവും ആക്കാൻ അതു സഹായിക്കും. എന്നാൽ ഭൗതികസമ്പത്ത് ചുരുക്കം പേരുടെ കൈകളിൽ ഒതുക്കാനും ബഹുഭൂരിപക്ഷം ജനങ്ങളെയും ദാരിദ്ര്യത്തിലും പട്ടിണിയിലും അടിമത്തത്തിലും തളച്ചിടാനും അതിനു കഴിയും. തന്നെയുമല്ല, കുന്നു കൂട്ടുന്ന സമ്പത്ത് ദൈവത്തെയും സഹോദരങ്ങളെയും കൂടാതെ തനിക്കു ജീവിക്കാനാവും എന്ന അപകടകരമായ സ്വയം പര്യാപ്തതയുടെ മിഥ്യാബോധത്തിലേക്കും മനുഷ്യനെ നയിക്കും. ആത്യന്തികമായി ഏകാന്തതയിലും നിരാശയിലും നാശത്തിലുമാണ് അത് അവനെ കൊണ്ടു ചെന്നെത്തിക്കുക. ഭോഷനായ ധനികന്റെയും, ധനവാന്റെയും ലാസറിന്റെയും ഉപമകളിലൂടെ (ലൂക്ക 12, 16–21; 16, 19–31) ഈ സത്യമാണ് യേശു പഠിപ്പിക്കുന്നത്.

ലാമേക്കിന്റെ അക്രമകീർത്തനം എന്നത്തേക്കാളേറെ ഇന്നു പ്രസക്തമാണ്. ജാതിയുടെയും വർഗ്ഗത്തിന്റെയും പേരിൽ നടക്കുന്ന അക്രമങ്ങൾ, വ്യക്തികളും വ്യവസായകമ്പനികളും ബഹുരാഷ്ട്രകുത്തകകളും നടത്തുന്ന നിർലജ്ജമായ ചൂഷണങ്ങൾ, തടങ്കൽ പാളയങ്ങളിലെ പൈശാചിക പീഡനങ്ങൾ, ജനസമൂഹങ്ങളെ ഒന്നടങ്കം നശിപ്പിക്കാൻ കഴിയുന്ന ആയുധങ്ങൾ നിർമ്മിക്കാനും ശേഖരിക്കാനുമുള്ള വ്യഗ്രത, ഇവയുടെ പേരിൽ നടത്തുന്ന വീരവാദങ്ങൾ ഇവയെല്ലാം ആധുനിക ലാമേക്ക്മാരുടെ കീർത്തനങ്ങളാണ്. ദൈവത്തിന്റെ കോപവും ശാപവും വിളിച്ചുവരുത്തുന്നതാണ് ഈ അക്രമങ്ങൾ.

## d. സേത്തിന്റെ മക്കൾ 4, 25–26

ആദാമിന്റെ മൂന്നാമത്തെ മകനായിട്ടാണ് ഇവിടെ സേത്ത് പ്രത്യക്ഷപ്പെടുന്നത്. അടുത്ത അധ്യായത്തിലെ വംശാവലി പട്ടികയിൽ ആദാമിന്റെ ആദ്യമകനാണ് സേത്ത് എന്ന പ്രതീതിയാണു ലഭിക്കുക. സേത്തിന്റെ സന്തതിപരമ്പരയാണ് പുരോഹിത രചനയുടെ (p) ഭാഗമായ ആ പട്ടിക അവതരിപ്പിക്കുന്നത്. ഇവിടെയാകട്ടെ സേത്തിന്റെ ഒരു മകനെ കുറിച്ചു മാത്രമെ പരാമർശിക്കുന്നുള്ളൂ. എന്നാലും മാന

വചരിത്രത്തെ സംബന്ധിച്ച യാഹ്‌വിസ്റ്റ് ഗ്രന്ഥകാരന്റെ കാഴ്ചപ്പാടു വ്യക്തമാക്കാൻ പോരുന്നതാണ് രണ്ടു തലമുറകൾ മാത്രം ഉൾക്കൊള്ളുന്ന ഈ പട്ടിക.

"പകരം നൽകപ്പെട്ടവൻ" എന്ന അർത്ഥമാണ് സേത്ത് എന്ന പേരിനുള്ളത്. ദൈവപ്രീതിക്കു പാത്രമാവുകയും അതിന്റെ പേരിൽ കൊല്ലപ്പെടുകയും ചെയ്ത ആബേലിനു പകരം നൽകപ്പെട്ടവനാണ് സേത്ത്. ദൈവനിഷേധികളും അക്രമകാരികളുമായ കായേന്റെ സന്തതികൾക്കു സമാന്തരമായി മറ്റൊരു തലമുറയെ അവതരിപ്പിക്കുന്നതിലൂടെ നന്മ ഭൂമിയിൽ നിന്നു പൂർണ്ണമായും അറ്റുപോയിട്ടില്ല എന്നും എടുത്തുകാട്ടുന്നു. ഇതു കൂടുതൽ വ്യക്തമാക്കുന്നതാണ് സേത്തിന്റഎ പുത്രനായ ഏനോഷിന്റെ കാലത്ത് മനുഷ്യർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി എന്ന പ്രസ്താവന. എനോഷ് എന്ന പേരിന്, ആദാം എന്ന പേരുപോലെ തന്നെ "മനുഷ്യൻ" എന്നാണ് അർത്ഥം. കായേന്റെ നിരീശ്വര നാഗരികതക്കു സമാന്തരമായി ദൈവവിശ്വാസികളുടെ സംസ്കാരവും ഭൂമിയിൽ വളർന്നു വരുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഈ വംശാവലി.

## 3. ആദാം മുതൽ നോഹവരെ 5, 1–32

ഉൽപത്തി അഞ്ചാം അധ്യായത്തിലേക്കു വരുമ്പോൾ പുറകോട്ടു പോകുന്ന ഒരു പ്രതീതിയാണുണ്ടാവുക. 2-4 അധ്യായങ്ങളിൽ വിവരിച്ചതെല്ലാം പ്രത്യക്ഷത്തിൽ അവഗണിച്ചുകൊണ്ട് വീണ്ടും മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിൽ ആരംഭിക്കുന്നു. വ്യത്യസ്തങ്ങളായിരുന്ന രണ്ട് രചനകൾ സംയോജിപ്പിച്ചതിന്റെ ഫലമാണ് ഈ ആവർത്തനം എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഉൽപ 2, 4-ൽ അവസാനിച്ച സൃഷ്ടിയുടെ വിവരണത്തിന്റെ തുടർച്ചയാണ് 5-ാം അധ്യായത്തിലുള്ളത്. രണ്ടും പുരോഹിതരചനയുടെ (p) ഭാഗമാണ്. ഇവയ്ക്കു മധ്യേ യാഹ്‌വിസ്റ്റ് രചന ചേർത്തപ്പോൾ മനുഷ്യസൃഷ്ടിയെക്കുറിച്ചു വീണ്ടും ചുരുക്കമായി പ്രതിപാദിക്കേണ്ടിവന്നു.

ആദാം മുതൽ നോഹവരെയുള്ള ആദിമാതാപിതാക്കന്മാരുടെ വംശാവലിയാണ് അഞ്ചാം അധ്യായത്തിൽ അവതരിപ്പിക്കുന്നത്. ഈ പട്ടികയിൽ പത്തു പേരുകളുണ്ട്. ഓരോ വ്യക്തിയെക്കുറിച്ചും പ്രതി





പാദിക്കുമ്പോൾ ഒരേ നിശ്ചിതക്രമം ഉപയോഗിച്ചിരിക്കുന്നതായി കാണാം.

1. ആദിപിതാവിന്റെ പേര്
2. ആദ്യപുത്രന്റെ ജനനവും പേരും
3. ആദ്യപുത്രൻ ജനിക്കുമ്പോൾ പിതാവിന്റെ പ്രായം
4. മറ്റു പുത്രന്മാരുടെയും പുത്രിമാരുടെയും ജനനം
5. ജീവിതദൈർഘ്യം
6. മരണം

ഈ അവതരണക്രമത്തിന്റെ ആവർത്തനം സൃഷ്ടിയുടെ ആദ്യവിവരണത്തിൽ നാം കണ്ടതാണ്. പുരോഹിതരചനയുടെ പ്രത്യേകശൈലിയാണിത്. പേരിലും പ്രായത്തിലും ജീവിതദൈർഘ്യത്തിലും വ്യത്യാസമുണ്ടെങ്കിലും മൂന്നു കാര്യങ്ങളിൽ എല്ലാവരും തുല്യരാണ്. ജനനം, സന്താനോൽപാദനം, മരണം മനുഷ്യരുടെ ജീവിതത്തിൽ വൈവിധ്യങ്ങളും, നേട്ടങ്ങളിലും കോട്ടങ്ങളിലും വ്യത്യാസങ്ങളും ഉണ്ടെങ്കിലും എല്ലാ മനുഷ്യരെയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയിൽ മാറ്റമില്ലെന്നും ദൈവം നൽകിയ അനുഗ്രഹം തലമുറകളിലൂടെ തുടരുന്നു എന്നും സൂചിപ്പിക്കുന്നതാണ് ഈ മൂന്നു ഘടകങ്ങൾ.

പുരോഹിത രചനയിലെ വംശാവലിയിൽ ആദാം മുത്ല നോഹവരെയും നോഹയുടെ പുത്രനായ ഷേം മുതൽ അബ്രാഹം വരെയും പത്തു തലമുറകൾ വീതമാണുള്ളത്. ഇത് ചരിത്രപരം എന്നതിനെക്കാൾ പ്രതീകാത്മകമായ അവതരണമാണ്. ബൈബിളിൽ പത്ത് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യാണ്. പത്തു തലമുറകൾ വീതമുള്ള രണ്ടു ഗണങ്ങൾ സൃഷ്ടി മുതൽ രക്ഷാചരിത്രത്തിന്റെ ആരംഭം വരെയുള്ള ചരിത്രത്തെ പൂർണ്ണമായി അവതരിപ്പിക്കുന്നു.

ഓരോ തലമുറയിലും അനേകം വ്യക്തികളുണ്ടെങ്കിലും അവരിൽ ഒരാളെ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാണ് വംശാവലി ചരിച്ചിരിക്കുന്നത്. അത് അബ്രാഹം എന്ന ഒരു വ്യക്തിയിൽ ചെന്നു നിൽക്കുന്നു. ഒരേ മാതാപിതാക്കളിൽ നിന്നു ജനിച്ചതിനാൽ മനുഷ്യവർഗ്ഗം മുഴുവൻ ഒറ്റ കുടുംബവും പരസ്പരം സഹോദരങ്ങളും ആണെന്നും ഒരു മനുഷ്യവ്യക്തിയിലൂടെ ദൈവം പ്രവർത്തിച്ച രക്ഷാകർമ്മത്തിൽ എല്ലാ

മനുഷ്യരും പങ്കു ചേർന്നു എന്നും ഈ വംശാവലി പഠിപ്പിക്കുന്നു.

പുരോഹിത രചനയിലെ വംശാവലി യാഹ്‌വിസ്റ്റിന്റേതിനു സമാന്തരമാണെന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകും.

| ഉൽപ. 4, 1-2 17-26 | ഉൽപ. 5, 1-32 | സന്താനോൽപാദന പ്രായം | ജീവിത ദൈർഘ്യം |
|---|---|---|---|
| (J) | (P) | | |
| 1. ആദാം | 1. ആദാം | 130 | 930 |
| 2. കായേൻ | 2. സേത്ത് | 105 | 912 |
| 3. ഏനോക്ക് | 3. ഏനോഷ് | 90 | 905 |
| 4. യീരാദ് | 4. കെയ്നാൻ | 70 | 910 |
| 5. മെഹുയായേൽ | 5. മഹ്ലേൽ | 65 | 895 |
| 6. മെഥുശായേൽ | 6. യാരെദ് | 162 | 962 |
| 7. ലാമെക്ക് | 7. ഹെനോക്ക് | 65 | 365 |
| 8. യാബെൽ, യൂബാൽ | 8. മെത്തുശെലാഹ് | 187 | 969 |
| തൂബെൽ കയീൻ | 9. ലാമെക്ക് | 182 | 777 |
| | 10. നോഹ | 500 | 950 |

പേരുകളുടെ ക്രമത്തിലും ഉച്ചാരണത്തിലും ഉള്ള നിസ്സാരമായ വ്യത്യാസങ്ങൾ ഒഴിച്ചാൽ രണ്ടു പട്ടികയും ഫലത്തിൽ ഒന്നുതന്നെയാണെന്നു കാണാം. യാഹ്‌വിസ്റ്റ് പട്ടികയിൽ നന്മയും തിന്മയും സമാന്തരമായി വളരുന്നത് കാണിക്കുമ്പോൾ പുരോഹിത പട്ടിക മനുഷ്യവംശത്തിന്റെ തുടർച്ചയക്കു പ്രാധാന്യം നൽകുന്നു. ആദിമനുഷ്യനു ദൈവം നൽകിയ അനുഗ്രഹങ്ങൾ തലമുറകളായി കൈമാറി ഇസ്രായേലിൽ ചെന്നെത്തുന്നതിനാണ് പുരോഹിരരചന പ്രാധാന്യം നൽകുന്നത്. തന്റേതായ കാഴ്ചപ്പാട് അവതരിപ്പിക്കാൻ വേണ്ടി പുരോഹിതരചയിതാവ് യാഹ്‌വിസ്റ്റിന്റെ പട്ടികയിൽ വ്യതിയാനങ്ങൾ വരുത്തിയതാവാം. അല്ലെങ്കിൽ രണ്ടു രചനകളും സമാന്തരങ്ങളായ രണ്ടു പാരമ്പര്യങ്ങളിൽ നിന്നു സ്വീകരിച്ചതാവാം. ബാബിലോണിൽ പ്രചാരത്തിലിരുന്ന രാജാക്കന്മാരുടെ പട്ടിക ഇവിടെ ശ്രദ്ധേയമാണ്. പ്രളയത്തിനു മുമ്പു ജീവിച്ചിരുന്ന പത്തു രാജാക്കന്മാരുടെ പേരുവിവരമാണ് ഈ പട്ടികയിലുള്ളത്. ഇപ്രകാരമുള്ള അതിപുരാതനമായ ഏതെ





ങ്കിലും വംശാവലിയിൽ നിന്നായിരിക്കണം വി. ഗ്രന്ഥകാരൻമാർ തങ്ങളുടെ പട്ടിക തയ്യാറാക്കിയത്.

പിതാക്കന്മാരുടെ അസാധാരണമായ ആയുർദൈർഘ്യം ഒരു വലിയ പ്രശ്നമായി പലരും കരുതാറുണ്ട്. ചിലർ ഇതിനെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു. എന്നാൽ കാലം കഴിയുന്തോറും മനുഷ്യരുടെ ആയുസ് കുറയുകയല്ല കൂടുകയാണ് ചെയ്യുന്നതെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതിനാൽ ഈ ആയുർദൈർഘ്യം അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടത് എന്ന് പൊതുവെ കരുതപ്പെടുന്നു. ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാടാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്.

പ്രളയത്തിനു മുമ്പത്തെ പിതാക്കന്മാരുടെ ആയുസ് ആയിരത്തിനും എഴുനൂറിനും മധ്യേ വർഷങ്ങളായിരുന്നെങ്കിൽ പ്രളയത്തിനു ശേഷമുള്ളവരുടെ പ്രായം (ഉൽപ 11, 10-32) അറുനൂറിനും ഇരുനൂറിനും മധ്യേയാണ്. ആദ്യസൃഷ്ടിയിൽ നിന്നും സ്രഷ്ടാവിൽ നിന്നും അകന്നു പോകുന്തോറും മനുഷ്യായുസ് ചുരുങ്ങി വരുന്ന എന്ന സൂചനയാണ് ഇതിലൂടെ വി. ഗ്രന്ഥകാരൻ നൽകുന്നത്. മനുഷ്യന്റെ പാപം മൂലം അവന്റെ ആയുസ് 120 വർഷമായി ചുരുക്കിയിരിക്കുന്നു എന്ന പ്രസ്താവന (ഉൽപ 6, 3) ശ്രദ്ധിക്കുക.

ആദിപിതാക്കന്മാരുടെ പ്രായം അവിശ്വസനീയമാം വിധം ദീർഘമാണെന്നു തോന്നിയേക്കാം. എന്നാൽ ബാബിലോണിൽ പ്രചാരത്തിലിരുന്ന പുരാതന രാജാക്കന്മാരുടെ പ്രായവുമായി താരതമ്യം ചെയ്താൽ ഇതു വളരെ കുറവാണെന്നു മനസ്സിലാകും. എഴുപതിനായിരത്തിൽപരം വർഷം ജീവിച്ചിരുന്ന രാജാക്കന്മാരെക്കുറിച്ച് ആ പട്ടികയിൽ പരാമർശമുണ്ട്. അക്ഷരാർത്ഥത്തിലല്ല ഇതൊന്നും എടുക്കേണ്ടത് എന്നതിൽ സംശയത്തിനിടയില്ല.

പിതാക്കന്മാർ ദീർഘകാലം ജീവിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ പ്രായത്തിൽ ആകെത്തുക കണക്കുകൂട്ടിയാൽ പ്രപഞ്ചസൃഷ്ടി മുതൽ പ്രളയം വരെ 1656 വർഷവും പ്രയം മുതൽ അബ്രാഹത്തിന്റെ ജനനംവരെ 390 വർഷവും മാത്രമാണുള്ളത്. 75-ാം വയസ്സിൽ അബ്രാഹം വിളിക്കപ്പെടുന്നത് ഈ കണക്കനുസരിച്ച് പ്രപഞ്ചസൃഷ്ടിക്കു ശേഷം 2120-ാം വർഷമാണ്. പ്രപ

ഞ്ചോൽപത്തിയും മനുഷ്യന്റെ ഉദ്ഭവത്തെയും കുറിച്ച് അനിഷേധ്യമായ തെളിവുകൾ നിരത്തിക്കൊണ്ട് ശാസ്ത്രം നൽകുന്ന പഠനവുമായി ഈ കണക്ക് പൊരുത്തപ്പെടുന്നില്ല. എന്നാൽ ഓരോ ഗോത്രപിതാവിനും അസാധാരണമായ ആയുർദൈർഘ്യം ആരോപിക്കുന്നതു വഴി മനുഷ്യന്റെ ഉദ്ഭവം അതിവിദൂരമായ ഭൂതകാലത്താണു സംഭവിച്ചത് എന്ന പ്രതീതി നൽകുന്നു.

വംശാവലിയെ സംബന്ധിച്ച് പൊതുവായ ഈ നിരീക്ഷണങ്ങൾക്കു പുറമേ ചില വാക്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

## 5, 1. വംശാവലി ഗ്രന്ഥം

"ആദാമിന്റെ വംശാവലി ഗ്രന്ഥമാണിത്" എന്ന തലവാചകം പുരോഹിത രചനാശൈലിയുടെ പ്രത്യേകതയാണ്. "ഗ്രന്ഥം" എന്ന വാക്കു കൂടാതെ ഈ പ്രയോഗം പഞ്ചഗ്രന്ഥത്തിൽ വീണ്ടും പത്തു തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ഉൽപ. 6, 9; 10, 1; 11, 10. 27; 25. 12. 19 36, 1.19; 37,2; സംഖ്യ 3, 1. ഇതേ വാക്കുകൾ കൊണ്ടാണ് സൃഷ്ടിയുടെ വിവരണം അവസാനിപ്പിച്ചത് (ഉൽപ 2, 4). മലയാള വിവർത്തനത്തിൽ ഭാഷാഭംഗി പരിഗണിച്ച് ഈ പ്രയോഗം പലവിധത്തിൽ തർജ്ജിമ ചെയ്തിരിക്കുന്നെങ്കിലും മൂലഭാഷയായ ഹീബ്രുവിൽ ഒരേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

മാനവചരിത്രത്തെക്കുറിച്ചുള്ള വി. ഗ്രന്ഥത്തിന്റെ കാഴ്ചപ്പാട് ഈ പദപ്രയോഗത്തിൽ നിന്നും തെളിഞ്ഞുവരുന്നു. തലമുറകളുടെ തുടർച്ചയാണ് ചരിത്രം. ആദ്യമനുഷ്യനു ദൈവം നൽകിയ അനുഗ്രഹവും വാഗ്ദാനവും തലമുറകളിലൂടെ തുടരുന്നു. മാനവരക്ഷകനായ യേശുക്രിസ്തുവിൽ സംഭവിച്ച പൂർത്തീകരണത്തിലേക്കു നയിക്കുന്നതാണ് തലമുറകളുടെ ഈ ചരിത്രം. പുതിയ നിയമത്തിൽ നൽകിയിരിക്കുന്ന രണ്ടു വംശാവലികൾ (മത്താ. 1, 1-17; ലൂക്കാ 3, 23-38) ഈ സത്യം കൂടുതൽ വ്യക്തമാക്കുന്നു.

## 5,1-3 സാദൃശ്യവും ഛായയും

മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ഒന്നാം അധ്യായത്തിലെ വിവരണം ചുരുക്കം വാക്കുകളിൽ ആവർത്തിച്ചതിനു ശേഷം ദൈവം നൽകിയ അനുഗ്രഹം എപ്രകാരമാണ് പിൻതലമുറകൾക്കു കൈമാറ





പ്പെടുന്നത് എന്നു വിവരിക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ആദാമിന് അവന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും ഒരു പുത്രൻ ജനിച്ചു എന്ന പ്രസ്താവന സൃഷ്ടിയിലൂടെ ആദ്യമനുഷ്യനു ലഭിച്ചതെല്ലാം പ്രത്യുല്പാദനത്തിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ കൈമാറുന്നു എന്നു സൂചിപ്പിക്കുന്നു. ദൈവം തന്റെ അനുഗ്രഹങ്ങളും വാഗ്ദാനങ്ങളും പിൻവലിക്കുന്നില്ല. ഓരോ മനുഷ്യവ്യക്തിയും ദൈവത്തിന്റെ ഛായയും സാദൃശ്യവും വഹിക്കുന്നു.

## 5, 21-24 ഹെനോക്ക്

വംശാവലിയിൽ ഏഴാമത്തെ ആളായ ഹെനോക്കിനെക്കുറിച്ചുള്ള വിവരണത്തിൽ ചില പ്രത്യേകതകളുണ്ട്. "ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു" എന്ന് രണ്ടു തവണ രേഖപ്പെടുത്തിയിരിക്കുന്നു. "ദൈവത്തോടുകൂടെ നടന്നു" എന്നാണ് ഹീബ്രുമൂലം. നോഹയെയും (ഉൽപ 6, 9) അബ്രാഹത്തെയും (ഉൽപ. 17, 1) കുറിച്ച് ഇപ്രകാരം ഒരു പരാമർശമുണ്ട്. ദൈവത്തിന്റെ മുമ്പിൽ കുറ്റമറ്റവനായി ജീവിച്ചു എന്നാണ് ഇതിന്റെ അർത്ഥം.

ഹെനോക്കിന്റെ മരണത്തെക്കുറിച്ചു പറയുന്നില്ല എന്നതും ശ്രദ്ധേയമത്രെ. "ഹെനോക്ക് ദൈവത്തോടു കൂടെ ജീവിച്ചു. പിന്നെ അവനെ കണ്ടില്ല ദൈവം അവനെ എടുത്തു" എന്ന പ്രസ്താവനയിൽ എന്തോ നിഗൂഢതയുണ്ട്. ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് ഇതിനെ സാധാരണ വ്യാഖ്യാനിക്കുക. ഏലിയായെക്കുറിച്ചും ഇപ്രകാരം ഒരു വിശ്വാസം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (2- രാജാ 2, 11; പ്രഭാ 48, 9). ശാരീരികമായ സ്വർഗ്ഗാരോപണം എന്നതിലുപരി പൂർണ്ണതയിലെത്തിയ ജീവിതമായിരുന്നു ഈ വ്യക്തികളുടേത് എന്ന സൂചനയാണ് ഈ പ്രസ്താവനകളിൽ നിന്നു ലക്ഷിക്കുക. 365 വർഷം എന്ന പ്രായവും ഈ നിഗമനത്തിനു സഹായിക്കുന്നു. 365 ദിവസം കൊണ്ടാണ് ഒരു സൂര്യവർഷം പൂർത്തിയാവുന്നത്. 365 വർഷം ജീവിച്ച വ്യക്തി ജീവിതത്തികവിൽ എത്തിയ ആളാണ്. ഏഴ് പൂർണ്ണതയുടെ പ്രതീകമാകയാൽ വംശാവലിയിലെ ഏഴാമത്തെയാൾ പരിപൂർണ്ണനായിരുന്നു എന്ന സൂചനയും ലഭിക്കുന്നുണ്ട്.

### 5, 28-32 ലാമെക്ക്

യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ വരച്ചുകാട്ടിയതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു ചിത്രമാണ് ലാമെക്കിനെ കുറിച്ചുള്ള പുരോഹിതഗ്രന്ഥകാരന്റെ വിവരണത്തിൽ നിന്നു ലഭിക്കുന്നത്. ആദ്യവിവരണത്തിൽ ലാമെക്ക് പ്രതികാരമൂർത്തിയും നാലു മക്കളുടെ പിതാവുമായിരുന്നു. എന്നാൽ ഇവിടെ നോഹയുടെ പിതാവായി പ്രത്യക്ഷപ്പെടുന്ന ലാമെക്കിന്റെ സ്വഭാവം വ്യത്യസ്തമാണ്. അദ്ദേഹത്തിന്റെ ജീവിതകാലം 777 വർഷമായിരുന്നു എന്ന പ്രസ്താവന പൂർണ്ണതയെ സൂചിപ്പിക്കുന്നു. പൂർണ്ണതയുടെ സംഖ്യയായ ഏഴ് മൂന്നു തവണ ആവർത്തിക്കുക വഴി കിട്ടുന്ന സംഖ്യ പരിപൂർണ്ണതയുടെ അടയാളമാണ്. ഹെനോക്കിനെപ്പോലെ തന്നെ ലാമെക്കും ജീവിതത്തികവിൽ എത്തിയ വ്യക്തിയാണ്.

നോഹ

"ആശ്വസിപ്പിക്കുന്നവൻ" എന്നാണ് പേരിന്റെ അർത്ഥം. നോഹ ആശ്വാസം നേടിത്തരും എന്ന പ്രതീക്ഷ തുടർന്നു വിവരിക്കാൻ പോകുന്ന ജലപ്രളയത്തെയും അതിനു ശേഷമുണ്ടായ ഉടമ്പടിയെയും കുറിച്ച് ഒരു സൂചന നൽകുന്നു. നോഹ നേടിത്തരും എന്നു പറയുന്ന ആശ്വാസം അദ്ദേഹത്തിന്റെ മുന്തിരികൃഷിയെയും വീഞ്ഞുല്പാദനത്തെയുമാണ് സൂചിപ്പിക്കുന്നത് എന്നു കരുതുന്നവരുമുണ്ട്. വീഞ്ഞ് മനുഷ്യഹൃദയത്തെ സന്തോഷിപ്പിക്കുന്നു (സങ്കീ. 104, 15 പ്രഭാ 31, 27-28) എങ്കിലും ഈ വ്യാഖ്യാനം സംശയാസ്പദമാണ്.

**വിചിന്തനം :** തിന്മ ശക്തമാണെങ്കിലും നന്മ കൂടുതൽ ശക്തമാണ്, സ്നേഹം വിദ്വേഷത്തേക്കാളും ജീവൻ മരണത്തേക്കാളും ശക്തമായിരിക്കുന്നതുപോലെ. ചുറ്റും സംഹാരനൃത്തം ചവിട്ടുന്ന തിന്മക്കു മധ്യേ ചെറുത്തുനിൽക്കുകയും ദൈവത്തോടൊന്നിച്ചു നടക്കുകയും ചെയ്യുന്ന വ്യക്തികളിലൂടെയാണ് മാനവചരിത്രം മുന്നോട്ടു പോകുന്നത്. കായേൻ പ്രതിനിധാനം ചെയ്യുന്ന ആധിപത്യ സംസ്കാരം വിനാശത്തിലേക്കു നയിക്കുമ്പോൾ സേത്തും ഹേനോക്കും നോഹയും നടന്ന ദൈവത്തിന്റെ മാർഗ്ഗം മനുഷ്യവർഗ്ഗത്തെ നീതിയിലും സമാധാനത്തിലും ഒന്നിപ്പിക്കുന്നു.





## 4. തിന്മയുടെ പാരമ്യം 6, 1-4

ജലപ്രളയത്തിനു മുമ്പുള്ള ചരിത്രത്തിന്റെ അവസാനഭാഗം അവതരിപ്പിക്കുന്ന ഈ നാലു വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയുടെ ഭാഗമായി കരുതപ്പെടുന്നു. കായേന്റെ നിരീശ്വര നാഗരികതയും ലാമെക്കിന്റെ പ്രതികാരകീർത്തനവും അവതരിപ്പിച്ചതിനു ശേഷം തിന്മ അതിന്റെ പാരമ്യത്തിലെത്തിയതിന്റെ ചിത്രമാണ് വി. ഗ്രന്ഥകാരൻ ഇവിടെ വരച്ചു കാട്ടുന്നത്. ഇവിടെ മൂന്നു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. a. നിഷിദ്ധ വിവാഹം. b. ആയുസിന്റെ പരിമിതി. c. അതികായന്മാർ.

### a. നിഷിദ്ധ വിവാഹം 6, 1-2

ദൈവങ്ങളും മനുഷ്യസ്ത്രീകലും തമ്മിലുള്ള വിവാഹത്തെയും അവർക്കു ജനിക്കുന്ന അതിമാനുഷരായ മക്കളെയും കുറിച്ചുള്ള വിശ്വാസം പല പുരാതന മതങ്ങളിലും പ്രചാരത്തിലിരുന്നു. മൊസോപ്പൊട്ടാമിയായിൽ പ്രചാരത്തിലിരുന്ന ഇപ്രകാരമുള്ള വിശ്വാസത്തെ പാപത്തിന്റെ ഏറ്റം കഠിനരൂപമായി വി. ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നതാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. തങ്ങളുടെ പൂർവ്വികർ ദൈവങ്ങളായിരുന്നു, അഥവാ ദൈവത്തിൽ നിന്നു ജനിച്ചവരായിരുന്നു എന്നുള്ള ചിന്താഗതിയെ സൃഷ്ടപ്രകൃതിയുടെ പരിമിതികളെ അതിലംഘിക്കാനുള്ള ശ്രമമായി ഈ വിവരണം അവതരിപ്പിക്കുന്നു. എന്നാൽ ഏകദൈവവിശ്വാസിയായ വി. ഗ്രന്ഥകാരന് എങ്ങിനെ അനേകം ദൈവങ്ങളെ കുറിച്ചു പറയാനാവും? അതിനാൽ "ദൈവപുത്രന്മാർ" എന്നു വിശേഷിക്കപ്പെടുന്നത് ദൈവത്തിന്റെ ദൂതന്മാരായ മാലാഖമാരാണെന്നും അവർ തങ്ങളുടെ പരിധികളെ അതിലംഘിച്ച് മനുഷ്യസ്ത്രീകളുമായി ബന്ധപ്പെട്ട് അധഃപതിച്ചതിന്റെ ചരിത്രമാണ് ഇവിടെ അവതരിപ്പിക്കുന്നതെന്നും മറ്റു ചിലർ കരുതുന്നു. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ ശിക്ഷിക്കപ്പെടേണ്ടത് മാലാഖമാരാണ്. എന്നാൽ ഇവിടെ ശിക്ഷിക്കപ്പെടുന്നത് മനുഷ്യരാണ്. അപ്പോൾ വി. ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത് മറ്റെന്തോ ആയിരിക്കണം.

വിവരണത്തിലെ ഓരോ ഘടകവും സൂക്ഷ്മമായി പരിശോ

ധിച്ചാൽ ചില നിഗമനങ്ങളിൽ എത്താനാവും. മനുഷ്യർ ഭൂമിയിൽ പെരുകാൻ തുടങ്ങിയപ്പോഴാണ് സംഭവം നടന്നത്. അതിനാൽ മനുഷ്യസൃഷ്ടിയുടെ ആരംഭത്തിലോ അതിനു മുമ്പോ നടന്ന മാലാഖമാരുടെ പതനമല്ല ഇവിടെ വിവരിക്കുന്നത്. മനുഷ്യപുത്രിമാരുടെ അഴകിൽ ആകൃഷ്ടരായവരാണ് സംഭവത്തിന് ഉത്തരവാദികൾ. അവർ തങ്ങൾക്ക് ഇഷ്ടമുള്ളവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു. ലാമെക്കിന്റെ ബഹുഭാര്യാത്വത്തെ ബഹുദൂരം പിന്നിട്ട ഒരു പ്രവൃത്തിയാണിത്. സ്ത്രീകളുടെ അഴകിൽ ആകൃഷ്ടരായവർ തങ്ങൾക്കിഷ്ടമുള്ളവരെയെല്ലാം സ്വന്തമാക്കുന്ന ഈ ചിത്രത്തെ ഇസ്രായേലിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തിയാൽ രണ്ടു വിശദീകരണങ്ങൾ സാധ്യമാണ്.

ഇസ്രായേൽക്കാരെ ദൈവപുത്രന്മാരും വിജാതീയ സ്ത്രീകളെ മനുഷ്യപുത്രിമാരും ആയി കാണുന്നതാണ് ഒരു വിശദീകരണം. ദൈവം ഇസ്രായേലിനെ തന്റെ പുത്രനായി ഏറ്റുപറയുന്ന ബൈബിൾ ഭാഗങ്ങളുണ്ട് 9പുറ 4, 22; ഹോസി 11, 1). തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്ന ഇസ്രായേൽ ജനത്തിന്റെ അവബോധമാണതു പ്രകടിപ്പിക്കുന്നത്. ഇസ്രായേൽക്കാർ വിജാതീയ സ്ത്രീകളെ വിവാഹം ചെയ്യാൻ പാടില്ല എന്ന നിയമമുണ്ടായിരുന്നു. എന്നാൽ കാനാനിൽ വാസമുറപ്പിച്ച ഇസ്രായേൽക്കാർ കാനാൻകാരികളുമായി വിവാഹബന്ധത്തിലേർപ്പെടുകയും അതുവഴി വിഗ്രഹാരാധനയിൽ വീഴുകയും ചെയ്തു. ഈ ചരിത്രവസ്തുതയെ പുരാണങ്ങളിൽ നിന്നു ലഭിച്ച പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നതായിരിക്കണം ദൈവപുത്രന്മാരും മനുഷ്യപുത്രികളും തമ്മിലുള്ള വിവാഹം എന്ന് ചിലർ കരുതുന്നു.

ഇവിടെ വിവരിച്ചിരിക്കുന്ന ദൈവപുത്രന്മാരുടെ പ്രവർത്തന ശൈലിയെ കണക്കിലെടുത്തുകൊണ്ടു നൽകുന്ന മറ്റൊരു വിശദീകരണം കൂടുതൽ സ്വീകാര്യമായി തോന്നുന്നു. ''ദൈവപുത്രന്മാർ'' എന്നു വിളിക്കപ്പെടുന്നവർ സ്ത്രീകളുടെ സൗന്ദര്യത്താൽ ആകർഷിക്കപ്പെടുന്നു; തങ്ങൾക്കിഷ്ടമുള്ളവരെയെല്ലാം ഭാര്യമാരായി സ്വീകരിക്കുന്നു. ഇപ്രകാരമുള്ള രണ്ടു സംഭവങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുന്ദരിയായ ഭാര്യയെ അപഹരിക്കാൻ വേണ്ടി





ഈജിപ്തുകാർ തന്നെ കൊന്നു കളഞ്ഞേക്കും എന്ന് അബ്രാഹം ഭയപ്പെട്ടതും ഫറവോ സാറായെ സ്വന്തമാക്കാൻ ശ്രമിക്കുന്നതും (ഉൽപ 12, 10-16) ആണ് ആദ്യത്തേത്. ബത്ഷേബായുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ ദാവീദ് അവളെ പരിഗ്രഹിക്കാൻ വേണ്ടി അവളുടെ ഭർത്താവായ ഊറിയായെ കൊല്ലിക്കുന്നതാണ് രണ്ടാമത്തേത് (2 സാമു 11). ഈ രണ്ടു സംഭവങ്ങളിലും സ്ത്രീയുടെ സൗന്ദര്യത്താൽ ആകൃഷ്ടനായ പുരുഷൻ ശക്തനാണ്. അവനെ തടയാൻ ആർക്കും കഴിയുന്നില്ല. തനിക്കിഷ്ടപ്പെട്ട സ്ത്രീയെ സ്വന്തമാക്കാൻ വേണ്ടി എന്തക്രമവും ചെയ്യാൻ അയാൾ മടിക്കുന്നുമില്ല. ലാമെക്കിന്റെ ബഹുഭാര്യാത്വത്തെയും പ്രതികാരകീർത്തനത്തെയും നിസ്സാരമാക്കിത്തീർക്കുന്ന ഈ കടുത്ത അക്രമത്തെ ഇതിഹാസരൂപേണ ചിത്രീകരിക്കുന്നതാവണം ദൈവപുത്രന്മാരുടെ വിവാഹം. വിവാഹത്തിന്റെ പവിത്രതയും സ്ത്രീയുടെ മഹത്വവും ബലഹീനനായ മനുഷ്യന്റെ അവകാശങ്ങളും കുടുംബബന്ധങ്ങളും ചവിട്ടിയരക്കുന്ന അക്രമികളായ ശക്തൻമാരാണ് ഇവിടെ പ്രതിപാദിക്കുന്ന ദൈവപുത്രന്മാർ. മധ്യപൗരസ്ത്യദേശത്ത് രാജാക്കന്മാർ ദൈവപുത്രന്മാരായി പൊതുവേ പരിഗണിക്കപ്പെട്ടിരുന്നു എന്നതും ശ്രദ്ധേയമത്രേ. ഈ വിശദീകരണവും പൂർണ്ണമായും തൃപ്തികരമല്ല. എന്താണ് വി. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നതെന്നു തീർത്തു പറയുക പ്രയാസമാണ്. മേൽവിവരിച്ച വിശദീകരണങ്ങളെല്ലാം പരസ്പരപൂരകങ്ങളായി കരുതുകയാവും ഉചിതം.

## b. ആയുസിന്റെ പരിമിതി - 6, 3

സകല അതിരുകളെയും അതിലംഘിച്ച മനുഷ്യന്റെ പാപത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിലയിരുത്തലാണ് ഈ വാക്യം. ബലഹീനവും നശ്വരവും തിന്മയിലേക്കു ചാഞ്ഞിരിക്കുന്നതുമായ മനുഷ്യപ്രകൃതിയെയാണ് ജഡം എന്ന പദം സൂചിപ്പിക്കുന്നത്. സൃഷ്ടിയുടെ വിവരണത്തിലെ പൂഴി എന്ന പദത്തിനു തുല്യമാണിത്. മനുഷ്യയുസ് 120 വർഷമായി കുറയ്ക്കാൻ കാരണം മനുഷ്യന്റെ പാപമാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. മൂന്നാം അധ്യായം മുതൽ വിവരിച്ച പാപത്തിന്റെ വളർച്ചയെക്കെതിരെ ദൈവം എടുക്കുന്ന ശിക്ഷാനടപടിയായി ഇതിനെ കണക്കാക്കാം. ജലപ്രളയത്തിനു ശേഷ

മുള്ള പുതിയ സംവിധാനത്തിലേക്കു ശ്രദ്ധ തിരിക്കുന്നതാണ് ആയുസിന്റെ പരിമിതി.

## c. അതികായൻമാർ 6, 4

പുരാണേതിഹാസങ്ങളിൽ കാണുന്ന ഒരു പ്രമേയമാണ് അതികായന്മാർ. അസാധാരണമായ ശക്തിയും ധീരതയും പ്രകടിപ്പിച്ച വീരൻമാരെക്കുറിച്ച് പിൽക്കാലത്ത് അതിശയോക്തി കലർത്തി രചിച്ച കഥകളാണിത്. ദേവൻമാർ മനുഷ്യസ്ത്രീകളിൽ നിന്നു ജനിപ്പിച്ച സന്തതികളാണ് ഈ അതികായൻമാർ എന്നു യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ പറയുന്നില്ല. എങ്കിലും സാഹചര്യത്തിൽ നിന്ന് അങ്ങനെയൊരു സൂചനയാണ് ലഭിക്കുക.

“പുരാതനകാലത്തെ മല്ലന്മാർ” എന്ന വിശേഷണം അവരെ ഒരു പ്രത്യേക വർഗ്ഗമായി എടുത്തു കാട്ടുന്നു. അനാക്കിന്റെ മക്കൾ, റഫായിം എന്നീ പേരുകളിൽ അവർ വീണ്ടും ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുണ്ട് (സംഖ്യ 13, 33; നിയ 2, 20-21; 3, 11; ആമോസ് 2, 9). ദൈവനിശ്ചിതമായ അതിരുകളെ മറി കടക്കാനുള്ള മനുഷ്യന്റെ ശ്രമമായിട്ടാണ് വിശുദ്ധ ഗ്രന്ഥകാരൻ ഈ അതികായന്മാരെയും അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ ശിക്ഷ വിളിച്ചു വരുത്തുന്ന അഹങ്കാരത്തിന്റെ പാരമ്യമാണിത്.

**വിചിന്തനം :** ദൈവനിശ്ചിതമായ പരിമിതികളെ മറികടക്കാനുള്ള മനുഷ്യന്റെ പ്രലോഭനം വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. അതിമാനുഷനെ (Super man) സംബന്ധിച്ച സ്വപ്നങ്ങളും അതു സാക്ഷാത്ക്കരിക്കാൻ വേണ്ടി ജൈവശാസ്ത്രം തുടങ്ങി അനേകശാസ്ത്രശാഖകൾ നടത്തുന്ന പരിശ്രമങ്ങളും ഈ പ്രലോഭനത്തിന്റെ പ്രകടനങ്ങളാണ്. മനുഷ്യനിർമ്മിതമായ അതിമാനുഷസങ്കൽപങ്ങൾ യഥാർത്ഥ്യമായാൽ സംഭവിക്കാവുന്ന ദുരന്തത്തിന്റെ ഭാവനാത്മകമായ ഒരു ചിത്രീകരണമാണ് നിയന്ത്രണം വിട്ട യാന്ത്രികമനുഷ്യനായ “ഫ്രാങ്കിൻ സ്റ്റൈൻ”. ലോകവിഭവങ്ങൾ ഒട്ടുമുക്കാലും കൈയ്യടക്കുകയും, ബഹുഭൂരിപക്ഷം ജനങ്ങളെയും ദാരിദ്ര്യത്തിലും പട്ടിണിയിലും ആഴ്ത്തുകയും ചെയ്യുന്ന ബഹുരാഷ്ട്ര കോർപ്പറേഷൻ ഭീമൻമാർ ഇപ്രകാരമുള്ള അതിമാനുഷ സങ്കൽപത്തിന്റെ ആനുകാലിക പതിപ്പുകളാണ്.





## ചോദ്യങ്ങൾ

1. കായേൻ, ആബേൽ, സേത്ത്, ഏനോഷ് എന്നീ പേരുകളുടെ അർത്ഥമെന്ത്?
2. കായേന്റെ ബലികർത്താവു സ്വീകരിക്കാതിരുന്നത് എന്തുകൊണ്ട്?
3. ആബേലിനെ വധിച്ച കായേനോട് കർത്താവ് ചോദിച്ചതെന്ത്? ഇന്ന് ആ ചോദ്യത്തിന് എന്തു പ്രസക്തിയുണ്ട്?
4. കായേനും ആബേലും പ്രതീകങ്ങളാണ്. വിശദീകരിക്കുക.
5. കർത്താവ് കായേനു സംരക്ഷണം നൽകുന്നതിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുക?
6. J യുടെ വംശാവലി പട്ടികയുടെ പ്രത്യേകതകളും ലക്ഷ്യവും വിശദീകരിക്കുക.
7. P യുടെ വംശാവലി പട്ടികയിൽ നിന്നു ലഭിക്കുന്ന സന്ദേശമെന്ത്?

## ചർച്ചയ്ക്ക്

1. കായേനും ആബേലും ഇന്നും ജീവിക്കുന്നു. എവിടെ? എങ്ങനെ?
2. ലാമെക്കിന്റെ കീർത്തനം ഇന്ന് ഒരു യാഥാർത്ഥ്യമായിത്തീരുന്നുണ്ടോ? ഏതേതു സാഹചര്യങ്ങളിൽ? ആ കീർത്തനത്തോടു നിങ്ങളുടെ മനോഭാവമെന്ത്?
3. ദൈവത്തോടു കൂടെ നടക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

**പ്രാർത്ഥന :** 133-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# 5. ജലപ്രളയം

## ഉൽപത്തി 6, 5-9, 17

ആദിചരിത്രത്തിന്റെ മൂന്നിലൊരു ഭാഗം ജലപ്രളയത്തിന്റെ വിവരണത്തിനായി മാറ്റിവച്ചിരിക്കുന്നു. ചരിത്രത്തെത്തന്നെ രണ്ടായി തിരിക്കുന്ന വിധത്തിലാണ് വിശുദ്ധ ഗ്രന്ഥകാരൻ ഈ സംഭവത്തെ രേഖപ്പെടുത്തിയിരിക്കുന്നത്. സൃഷ്ടികർമ്മത്തിൽ ആരംഭിച്ച ആദിയുഗം പ്രളയത്തോട് അവസാനിക്കുകയും അതിനു ശേഷം ഇന്നു നാം ജീവിക്കുന്ന യുഗം ആരംഭിക്കുകയും ചെയ്യുന്ന പ്രതീതി ജനിപ്പിക്കുന്നതാണ് പ്രളയത്തിന്റെ വിവരണം. ഈ സംഭവത്തിന് വി. ഗ്രന്ഥകാരൻ നൽകുന്ന പ്രാധാന്യം എത്രയെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നു.

തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം പേരൊഴികെ ഭൂമുഖത്തെ സകല ജീവജാലങ്ങളുടെയും നാശത്തിനു കാരണമായ ഒരു ജലപ്രളയത്തെ കുറിച്ച് മിക്കവാറും എല്ലാ ജനതകളുടെയും പുരാണേതിഹാസങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. മാനവചരിത്രത്തിന്റെ ആരംഭത്തിൽ എന്തോ സംഭവിച്ച വലിയൊരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മയായിരിക്കാം ഇവയിലെല്ലാം പ്രതിഫലിക്കുന്നത്.

മൊസൊപ്പൊട്ടാമിയായിൽ പ്രചാരത്തിലിരുന്ന പല പ്രളയകഥകളോടും സാമ്യമുള്ളതാണ്. ബൈബിളിലെ വിവരണം. ഈ സാമ്യം ഏറ്റം കൂടുതൽ പ്രകടമാകുന്നത് ഗിൽഗാമെഷ് ഇതിഹാസത്തിലെ വിവരണത്തോടാണ്. സാമ്യങ്ങൾ ഏറെയുണ്ടെങ്കിലും പ്രളയത്തിന്റെ കാരണം, പ്രളയമയ്ക്കുന്ന ദൈവത്തിന്റെ സ്വഭാവം, പ്രളയത്തോടും അതിനു ശേഷം നടന്ന ബലിയർപ്പണത്തോടുമുള്ള ദൈവത്തിന്റെ പ്രതികരണം എന്നിങ്ങനെ പല കാര്യങ്ങളിലും രണ്ടു വിവരണങ്ങളും തമ്മിൽ കാതലായ വ്യത്യാസങ്ങളുണ്ട്. തനിക്കു പരിചിതമായ പ്രളയകഥകൾ ഉപയോഗിച്ചു കൊണ്ടാവണം വി. ഗ്രന്ഥകാരൻ പ്രളയത്തിന്റെ വിവരണം രചിച്ചത്. എന്നാൽ പുരാണകഥകളെ അതേപടി സ്വീകരിക്കുകയല്ല, തനിക്കു ലഭിച്ച ദൈവിക വെളിപാടിന്റെ വെളിച്ച





ത്തിൽ അവയെ വ്യാഖ്യാനിക്കുകയും തനതായ രീതിയിൽ പുനരാഖ്യാനം ചെയ്യുകയുമാണ് വി. ഗ്രന്ഥകാരൻ ചെയ്തത്.

പരമകാരുണികനും ദയാനിധിയുമായ ദൈവം എന്തുകൊണ്ട് തന്റെ സൃഷ്ടികളായ ജീവജാലങ്ങളെയെല്ലാം ജലത്തിൽ മുക്കിക്കൊന്നു കളഞ്ഞു? ഇനിയും ഇതുപോലൊരു സമൂലനാശം ഉണ്ടാകുമോ? പ്രളയജലം ഇനിയും പ്രപഞ്ചത്തെ മൂടുകയില്ല എന്നതിന് എന്തുറപ്പാണുള്ളത്? ഇപ്രകാരമുള്ള ചോദ്യങ്ങൾക്കു മറുപടി നൽകുന്നതാണ് ബൈബിളിലെ ജലപ്രളയത്തിന്റെ വിവരണം.

ബൈബിളിലെ പ്രളയകഥയിൽ അനേകം ആവർത്തനങ്ങളും പരസ്പരവിരുദ്ധങ്ങളായ പ്രസ്താവനകളും ഉണ്ട്. മനുഷ്യന്റെ പാപത്തെക്കുറിച്ചുള്ള ദൈവത്തിന്റെ അവലോകനം (6, 5=6, 12); ശിക്ഷിക്കാനുള്ള ദൈവത്തിന്റെ തീരുമാനം (6, 7 = 6, 13); പ്രളയത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് (6, 17 = 7, 4); നോഹയോടു പെട്ടകത്തിൽ കയറാൻ കൽപന (6, 18=7, 1); നോഹയുടെ അനുസരണം (6, 22=7,4); സകല ജീവജാലങ്ങളുടെയും നാശം (7, 21=7, 2223), ഇനിയൊരിക്കലും ജലപ്രളയം വഴി ഭൂമിയെ നശിപ്പിക്കുകയില്ല എന്ന വാഗ്ദാന (8, 21=9, 11) ഇവയെല്ലാം ഈ രണ്ടു തവണ ആർത്തിക്കുന്നു. പെട്ടകത്തിൽ കയറിയ മൃഗങ്ങളുടെ എണ്ണം (6, 19-29/7, 2-3); പ്രളയം ഉണ്ടായ വിധം (7, 4.12/7, 11; 8, 2); പ്രളയത്തിന്റെ ദൈർഘ്യം (7, 4.12; 8, 6-12/7, 24; 8, 3-13) എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്.

യാഹ്വിസ്റ്റ് (J) പുരോഹിത (P) രചനകൾ പരസ്പരം യോജിപ്പിച്ച് ഒറ്റ വിവരണമാക്കിയതാണ് ഈ ആവർത്തനങ്ങളുടെയും വൈരുധ്യങ്ങളുടെയും കാരണം. ഉൽപത്തി 1-5 അധ്യായങ്ങളിൽ ഈ രണ്ടു രചനകൾ വെവ്വേറെയാണ് അവതരിപ്പിക്കുന്നത്. എന്നാൽ പ്രളയത്തിന്റെ വിവരണത്തിൽ അവശ്യം വേണ്ടി ക്രമീകരണങ്ങളോടെ അവ കൂട്ടിയോജിപ്പിച്ചിരിക്കുന്നു. സുദീർഘവും ശ്രമകരവുമായ പഠനങ്ങളുടെ ഫലമായി ഈ രണ്ടു പാരമ്പര്യങ്ങളെയും വേർതിരിക്കാൻ ബൈബിൾ പണ്ഡിതന്മാർക്കു കഴിഞ്ഞിട്ടുണ്ട്. പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള നിഗമനങ്ങളുടെ വെളിച്ചത്തിലാണ് തുടർന്നുള്ള വ്യാഖ്യാനം തയ്യാറാക്കിയിരിക്കുന്നത്. ഓരോ വാക്യവും ഏതു രച

നയുടെ ഭാഗമാണെന്ന് അതതു വാക്യങ്ങൾ വിശദീകരിക്കുമ്പോൾ എടുത്തുകാട്ടുന്നതാണ്.

ഘടന

സർവ്വ ജീവജാലങ്ങളെയും നശിപ്പിക്കാനുള്ള ദൈവത്തിന്റെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടാണ് വിവരണം ആരംഭിക്കുന്നത്. ഇനിയൊരിക്കലും ജീവജാലങ്ങളെ നശിപ്പിക്കുകയില്ല എന്ന ദൈവത്തിന്റെ തീരുമാനത്തോടെ വിവരണം അവസാനിക്കുന്നു. നശിപ്പിക്കാനും ഒപ്പം കാത്തുസൂക്ഷിക്കാനുമുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നതിന്റെ വിവരണമാണ് ഇവയ്ക്കു മധ്യേ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രളയം നാശകാരണമാകുമ്പോൾ പെട്ടകവും പ്രളയത്തിന്റെ അന്ത്യവും സംരക്ഷണം ഉറപ്പു വരുത്തുന്നു. ജലപ്രളയത്തിന്റെ വിവരണത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം.

1. നശിപ്പിക്കാനുള്ള ദീരുമാനം 6, 5-13
2. സംരക്ഷണോപാധി - പെട്ടകം 6, 14-22
3. പ്രളയം - നാശം 7, 1-24
4. പ്രളയത്തിന്റെ അന്ത്യം 8, 1-19
5. പരിപാലിക്കാനുള്ള തീരുമാനം 8, 20-9, 17

## 1. നശിപ്പിക്കാനുള്ള തീരുമാനം 6, 5-13

ആകസ്മികമായി ഉണ്ടായതോ, പുരാണേതിഹാസങ്ങളിൽ വിവരിക്കുന്നതുപോലെ ദേവന്മാരുടെ അസൂയയുടെയും ശണ്ഠയുടെയും ഫലമോ അല്ല, മനുഷ്യന്റെ പാപത്തിനു ശിക്ഷയായി ദൈവം അയച്ചതാണ് ജലപ്രളയം എന്ന് വി. ഗ്രന്ഥകാരൻ തുടക്കത്തിലേ വ്യക്തമാക്കുന്നു.

### a. 6, 5-8 (J)

വളരെവേഗം പടർന്നു പന്തലിക്കുന്ന തിന്മയുടെ ചിത്രം അവതരിപ്പിച്ച യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ മനുഷ്യന്റെ പാപത്തിന്റെയും ദുഷ്ടതയുടെയും മുമ്പിൽ ദൈവത്തിന്റെ പ്രതികരണം വിവരിക്കുന്നു. വാകാരങ്ങളുടെ മാത്രമല്ല, ചിന്തയുടെയും തീരുമാനത്തിന്റെയും ഉറവിടമായിട്ടാണ് ബൈബിൾ ഹൃദയത്തെ കാണുന്നത്. ''ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണ്'' എന്ന അവലോകനം മനുഷ്യന്റെ





ദുഷ്ടത അതിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. ശിക്ഷ അനിവാര്യമാക്കിത്തീർക്കുന്ന സാഹചര്യമാണിത്.

ദൈവത്തിൽ മാനുഷികവികാരങ്ങൾ ആരോപിക്കുക യാഹ്‌വിസ്റ്റ് രചനയുടെ പ്രത്യേകതയാണ്. ദുഷ്ടത നിറഞ്ഞ മനുഷ്യഹൃദയവും ദുഃഖപൂരിതമായ ദൈവഹൃദയവും വരച്ചുകാട്ടുമ്പോൾ പാപത്തിന്റെ യഥാർത്ഥസ്വഭാവത്തിലേക്കു വി. ഗ്രന്ഥകാരൻ വെളിച്ചം വീശുന്നു. മനുഷ്യന്റെ പാപം ദൈവത്തെ എത്ര മാത്രം വേദനിപ്പിക്കുന്നു എന്ന് എടുത്തുകാട്ടാൻ വേണ്ടി മൂന്നു തവണ ഒരേ കാര്യം ആവർത്തിച്ചിരിക്കുന്നു. ''കർത്താവ് പരിതപിച്ചു, അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു,.... ഞാൻ ദുഃഖിക്കുന്നു''. തെറ്റു ചെയ്തവരെ ശിക്ഷിക്കുന്ന നിർവ്വികാരനായൊരു വിധിയാളനല്ല, മക്കളുടെ നന്ദിഹീനതയിൽ ഹൃദയം നീറുന്ന സ്നേഹനിധിയായ പിതാവാണ് ദൈവം (ഹോസി 11, 7-10; മിക്കാ 6, 1-5). ധൂർത്തപുത്രന്റെ മടങ്ങിവരവിനു വേണ്ടി കാത്തിരിക്കുന്ന പിതാവിന്റെയും, വഴി തെറ്റിയ ആടിനെ തേടിയിറങ്ങുന്ന ഇടയന്റെയും ഉപമകളിലൂടെ (ലൂക്ക 15) യേശു പഠിപ്പിച്ചതും ദൈവത്തിന്റെ പിതൃഹൃദയത്തെക്കുറിച്ചാണ്. ഗദ്സെമിനിയിലെ പ്രാർത്ഥനയും കുരിശിലെ നിലവിളിയും ദൈവത്തിന്റെ ദുഃഖം വെളിപ്പെടുത്തുന്ന മുഹൂർത്തങ്ങളത്രേ.

ദൈവത്തിന്റെ വിങ്ങുന്ന ഹൃദയത്തിലേക്ക് എത്തിനോക്കുന്ന വി. ഗ്രന്ഥകാരൻ സൃഷ്ടിയും പ്രളയവും തമ്മിൽ ബന്ധപ്പെടുത്തുന്നു. എല്ലാം നന്നായി സൃഷ്ടിച്ച ദൈവം തന്നെയാണ് തന്റെ സൃഷ്ടിയെ നശിപ്പിക്കാൻ നിർബന്ധിതനാകുന്നത്. മനുഷ്യന്റെ സംരക്ഷണത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഭൂമിയും ജീവജാലങ്ങളും അവന്റെ പാപത്തിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു. ''ഭൂമുഖത്തുനിന്നു ഞാൻ തുടച്ചുമാറ്റും'' എന്നത് വളരെ കഠിനമായൊരു തീരുമാനമാണ്. ദൈവത്തിന്റെ നീതിയും കരുണയും ഒരേ സമയം വെളിപ്പെടുത്തുന്നതാണ് തീവ്രമായ ദുഃഖവും ശിക്ഷിക്കാനുള്ള തീരുമാനവും.

തികച്ചും നിരാശാജനകമായ ഈ ചിത്രത്തിൽ പ്രത്യാശയുടെ കിരണം തെളിയ്ക്കുന്നതാണ് നോഹയെ കുറിച്ചുള്ള പരാമർശം. നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമാകാൻ കാരണം എന്തെന്ന്

വി. ഗ്രന്ഥകാരൻ ഇവിടെ പറയുന്നില്ല. എന്നാൽ തുടർന്നുള്ള വിവരണത്തിൽ നോഹ കർത്താവിന്റെ കൽപനയനുസരിച്ചു പ്രവർത്തിച്ചു എന്ന് എടുത്തുകാണിക്കുന്നുണ്ട്. മനുഷ്യന്റെ പാപത്തെ പ്രതിശിക്ഷ അയക്കുമ്പോഴും തന്റെ സൃഷ്ടിയെ ദൈവം പരിപൂർണ്ണമായി നശിപ്പിക്കുന്നില്ല. സൃഷ്ടിപ്രപഞ്ചത്തിന്റെ നിലനിൽപിനായി ദൈവം ഒരു വ്യക്തിയെ കാത്തു പരിപാലിക്കുന്നു.

വിചിന്തനം : മനുഷ്യന്റെ പാപം ദൈവത്തെ വേദനിപ്പിക്കുന്നു. എന്റെ ജീവിതം ദൈവത്തിനു വേദനാജനകമാകുന്നുണ്ടോ? എന്നെ സൃഷ്ടിച്ചതിൽ ദൈവം ദുഃഖിക്കാൻ ഞാൻ ഇട വരുത്തുന്നുണ്ടോ?

## b. 6, 9-13 (p)

പുരോഹിതഗ്രന്ഥകാരൻ പ്രളയത്തിനു നൽകിയിരിക്കുന്ന ആമുഖം തികച്ചും വ്യത്യസ്തമാണ്. നീതിമാനായ നോഹയുടെ ചരിത്രം അവതരിപ്പിച്ചുകൊണ്ടാണ് വിവരമം ആരംഭിക്കുന്നത്. തുടർന്ന്, യാതൊരു മുന്നറിയിപ്പും കൂടാതെ ദുഷിച്ചുപോയ ഭൂമിയുടെ ചിത്രം അവതരിപ്പിക്കുന്നു. യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ തിന്മയുടെ വളർച്ച പടിപടിയായി അവതരിപ്പിച്ചു. എന്നാൽ ഇവിടെ മനുഷ്യരെല്ലാം പെട്ടെന്നു ദുഷിച്ചുപോയതായി ചിത്രീകരിക്കുന്നു. സൃഷ്ടികർമ്മത്തിന്റെ അവസാനം എല്ലാം വളരെ നന്നായിരിക്കുന്നു എന്നു കണ്ട ദൈവം തന്നെയാണ് ഇപ്പോൾ ഭൂമിയാകെ ദുഷിച്ചതായി കാണുന്നത്. യാഹ് വിസ്റ്റ് രചനയിലെന്നതുപോലെ ഇവിടെയും ദൈവം നന്മ മാത്രമായി സൃഷ്ടിച്ച പ്രപഞ്ചത്തെ മനുഷ്യൻ തന്റെ ദുഷ്ടത മൂലം ദുഷിപ്പിക്കുന്നതായി ചിത്രീകരിക്കുന്നു. മനുഷ്യനെയും ഭൂമിയെയും നശിപ്പിക്കാൻ തീരുമാനിക്കുമ്പോഴും നീതിമാനായ നോഹയെ ദൈവം കാത്തു സൂക്ഷിക്കുന്നു. അഗ്രാഹ്യമായ ദൈവികപരിപാലനയ്ക്ക് യാഹ്‌വിസ്റ്റ് ഊന്നൽ നൽകിയപ്പോൾ ദൈവത്തിന്റെ നീതിക്കാണ് പുരോഹിതരചയിതാവ് ഊന്നൽ നൽകുന്നത്.

"സരവ ജഡത്തിന്റെയും അന്ത്യം എന്റെ മുമ്പിൽ വന്നു കഴിഞ്ഞു" എന്നാണു "ജീവജാലങ്ങളെയെല്ലാം നശിപ്പിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു" എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രു മൂലത്തിന്റെ വാച്യാർത്ഥം. ഇസ്രായേൽ ജനത്തിൻമേൽ പ്രവാചകൻമാർ പ്രഖ്യാപിച്ച ശിക്ഷാവിധികളെ അനുസ്മരിപ്പിക്കുന്നതാണ് ഈ





പ്രസ്താവന (ആമോ 8, 2; എസെ 7, 2-3). അവിശ്വസ്തതയുടെ പേരിൽ ഇസ്രായേലിനെ ശിക്ഷിച്ചതു പോലെയാണ് ദൈവം പ്രപഞ്ചത്തെ മുഴുവൻ ശിക്ഷിച്ചത് എനനു പുരോഹിതഗ്രന്ഥകാരൻ എടുത്തു കാട്ടുന്നു. ഇസ്രായേൽ ചരിത്രത്തിന്റെ മാതൃകയിലാണ് ആദിചരിത്രം രചിക്കപ്പെട്ടിരിക്കുന്നത് എന്ന സൂചനയാണഅ ഇതിൽ നിന്നു ലഭിക്കുന്നത്. മനുഷ്യന്റെ പാപം പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നു. അതുപോലെ ഒരു മനുഷ്യന്റെ നീതിനിഷ്ടമായ ജീവിതം പ്രപഞ്ചത്തിനു മുഴുവൻ രക്ഷാകരമായിത്തീരാം എന്നും വ്യക്തമാക്കുന്നു. നീതിനിഷ്ഠമായ തന്റെ ജീവിതം വഴി പ്രപഞ്ചത്തിനു രക്ഷാകാരണമായ നോഹ ലോകത്തെ മുഴുവൻ പാപത്തിൽ നിന്നു രക്ഷിച്ച (റോമ : 5, 15-21) യേശുവിന്റെ മുന്നോടിയും പ്രതീകവുമാണ്.

## 2. പെട്ടകം 6, 14-22 (p)

ഈ ഭാഗം മുഴുവൻ p യുടേതാണ്. സർവ്വജീവജാലങ്ങളെയും നശിപ്പിക്കാൻ തീരുമാനിച്ച ദൈവം വരാൻ പോകുന്ന നാശത്തിൽ നിന്നു രക്ഷപ്രാപിക്കാൻ നോഹയ്ക്കു മുന്നറിയിപ്പു നൽകി. ജലപ്രളയം അയച്ചാണ് ഭൂമിയെ നശിപ്പിക്കാൻ പോകുന്നതെന്ന് മുൻകൂട്ടി അറിയിച്ചുകൊണ്ട് പെട്ടകം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. 450 അടി നീളവും 75 അടി വീതിയും 45 അടി ഉയരവുമുള്ള ഭീമാകാരമായൊരു പെട്ടി പോലെയാണ് പ്രളയത്തിൽ നിന്നു രക്ഷപ്പെടാനുള്ള കപ്പൽ വിഭാവനം ചെയ്തിരിക്കുന്നത്. നോഹയും കുടുംബവും മാത്രമല്ല, സകല ജീവജാലങ്ങളും ഓരോ ജോഡി പെട്ടകത്തിൽ പ്രവേശിക്കണം എന്നു പറയുന്നതിലൂടെ സൃഷ്ടവസ്തുക്കളുടെ നിലനിൽപ് ദൈവത്തിന്റെ പദ്ധതിയാണെന്നു വ്യക്തമാക്കുന്നു. അവയ്ക്ക് ആവശ്യമായ ആഹാരം ശേഖരിച്ചു വയ്ക്കാൻ കല്പിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക. സൃഷ്ടിയുടെ വിവരണത്തോടു സാമ്യമുള്ളതാണ് സംരക്ഷണത്തെക്കുറിച്ചുള്ള ഈ വിവരണം. ഉടമ്പടിയെക്കുറിച്ചുള്ള പരാമർശം പ്രളയത്തിനുശേഷം നടക്കുന്ന ഉടമ്പടിയുടെ വിവരണത്തിനു കളമൊരുക്കുന്നു. നോഹയുടെ അനുസരണം പരാമർശം പെട്ടക നിർമ്മാണത്തെയാണ് ഉദ്ദേശിക്കുന്നത്. രക്ഷ പ്രാപിക്കാൻ ദൈവകൽപനയെ അനുസരിക്കുക ആവശ്യമാണ്.

**വിചിന്തനം :** മനുഷ്യൻ ഒറ്റയ്ക്കല്ല നിലനില്ക്കുന്നതും നശിക്കുന്നതും. സർവ്വജീവജാലങ്ങളും തമ്മിൽ ആന്തരികവും അഭേദ്യവുമായ ബന്ധമുണ്ട്. മനുഷ്യന്റെ തന്നെ നിലനില്പിന്നും സുസ്ഥിതിക്കും മറ്റു ജീവജാലങ്ങളുടെ നിലനില്പ് ആവശ്യമാണ്. പരിസ്ഥിതിയുടെയും വന്യമൃഗങ്ങളുടെയും സംരക്ഷണം മനുഷ്യവർഗ്ഗത്തിനു ജീവൽപ്രധാനമാണ്.

## 3. പ്രളയം 7, 1–24

നോഹയുടെയും കൂട്ടരുടെയും പെട്ടകപ്രവേശം, ജലപ്രളയത്തിന്റെ തുടക്കം, വെള്ളപ്പൊക്കത്തിന്റെ വിവരണം, ജീവജാലങ്ങളുടെ നാശം, എന്നിവയെല്ലാം വിഭിന്നമായ വിധത്തിൽ രണ്ടുതവണ രേഖപ്പെടുത്തിയിട്ടുണ്ട്.

### a. നോഹയും കൂട്ടരും പെട്ടകത്തിൽ 7, 1–5. 7–9. 16 b (J)

സ്വന്തം കുടുംബാംഗങ്ങളെയും സകല ജീവജാലങ്ങളുടെയും പ്രതിനിധികളെയും പെട്ടകത്തിൽ കയറ്റാൻ ദൈവം നോഹയ്ക്കു കൽപന നൽകുന്നതും നോഹ അത് അനുസരിക്കുന്നതും ഈ വാക്യങ്ങളിൽ യാഹ്വിസ്റ്റ് രചയിതാവ് വിവരിക്കുന്നു. 6, 8ലെ വി. ഗ്രന്ഥകാരന്റെ പ്രസ്താവനയുടെ ന്യായീകരണം എന്നോണമാണ് 7, 1ൽ കർത്താവു തന്നെ നോഹയെ നീതിമാനായി പ്രഖ്യാപിക്കുന്നത്. നോഹ നീതിമാനായിരുന്നുവെന്ന് പുരോഹിത രചയിതാവും എടുത്തു പറയുന്നുണ്ട് (6, 9). ദൈവത്തിന്റെ പ്രമാണമനുസരിച്ചു ജീവിക്കുകയും സഹോദരങ്ങളോടു നീതിനിഷ്ഠമായി പെരുമാറുകയും അവരെ നിസ്വാർത്ഥമായി സ്നേഹിക്കുകയും ചെയ്യുന്നവനാണ് നീതിമാൻ (സങ്കീ. 1; 15).

പെട്ടകം നിർമ്മിക്കാനുള്ള കൽപന യാഹ്വിസ്റ്റ് രചനയിൽ കാണുന്നില്ല. പുരോഹിത രചനയിൽ ദീർഘമായ വിവരണമുള്ളതിനാൽ രണ്ടുരചനകളും കൂട്ടിച്ചേർത്തന പ്രസാധകർ അതു വിട്ടുകളഞ്ഞതാവാം എന്നു കരുതുന്നവരുണ്ട്. സകല ജീവികളുടെയും നാശം പ്രഖ്യാപിക്കുമ്പോൾത്തന്നെ അവയുടെ നിലനില്പും ദൈവം നിശ്ചയിക്കുന്നു. അതിനുവേണ്ടിയാണ് എല്ലാറ്റിന്റെയും പ്രതിനിധികളെ പെട്ടകത്തിൽ കയറ്റാൻ ആജ്ഞാപിക്കുന്നത്. പുരോഹിതരചനയിൽ





എല്ലാ ജീവികളിൽനിന്നും ഓരോ ജോഡിയെ പെട്ടകത്തിൽ പ്രവേശിപ്പിക്കാനാണ് കൽപന. ഇവിടെ ശുദ്ധമായവയിൽ നിന്ന് ഏഴു ജോഡിയും അശുദ്ധമായവയിൽ നിന്ന് ഓരോ ജോഡിയും എന്നു വേർതിരിച്ചു പറയുന്നു.

ഭക്ഷിക്കാൻ കൊള്ളാവുന്നതും കൊള്ളാത്തതും എന്ന നിലയിലായിരിക്കണം പക്ഷി മൃഗാദികളെ ശുദ്ധവും അശുദ്ധവും എന്നു തരം തിരിക്കാൻ തുടങ്ങിയത്. പിൽക്കാലത്ത് അതൊരു മതപരമായ നിയമമായി ഇസ്രായേലിൽ അംഗീകരിക്കപ്പെട്ടു. ചരിത്രപരമായ ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് പുരോഹിതരചനയിൽ ശുദ്ധാശുദ്ധ വിവേചനം ഒഴിവാക്കിയിരിക്കുന്നു. എന്നാൽ യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ഈ വ്യത്യാസം ആരംഭം മുതലേ നിലനിന്നതായി കരുതുന്നു. ശുദ്ധമായ പക്ഷിമൃഗാദികളെ മാത്രമേ ബലിയർപ്പിക്കാൻ പാടുള്ളൂ എന്ന കാഴ്ചപ്പാട് 8, 20ൽ ആവർത്തിക്കുന്നുണ്ട്.

നോഹയെ കർത്താവു പെട്ടകത്തിൽ അടച്ചു എന്ന 7, 16—ാം വാക്യത്തിന്റെ അവസാനഭാഗം (16 b) യാഹ് വിസ്റ്റിന്റെതാണ്. പെട്ടകപ്രവേശകത്തിന്റെ സമാപനം കുറിക്കുന്ന ഈ വാക്യശകലം കർത്താവിന്റെ കാരുണ്യവും വാത്സല്യവും പ്രകടമാക്കുന്നു.

### 7, 13–16 a (P)

നോഹയും കൂട്ടരും പെട്ടകത്തിൽ കയറിയതിന്റെ പുരോഹിതവിവരണമാണ് ഈ വാക്യങ്ങൾ. ഇതിനോടകം നമുക്കു പരിചിതമായിക്കഴിഞ്ഞിരിക്കുന്ന, വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതും ആവർത്തനവിരസവുമായ പുരോഹിത ശൈലി ഈ വാക്യങ്ങളിൽ വീണ്ടും പ്രകടമാകുന്നു. 6, 18-20ൽ നൽകിയ കൽപനയുടെ അനുവർത്തനമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. നോഹയും കുടുംബവും എന്ന് J ചുരുക്കി പറഞ്ഞപ്പോൾ P നോഹയുടെ മൂന്നു പുത്രന്മാരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. സ്ത്രീകളിൽ ആരുടെയും പേരു പറയുന്നില്ല എന്നതു ശ്രദ്ധേയമത്രേ. സൃഷ്ടിയുടെ വിവരണത്തിൽ സ്ത്രീക്കും പുരുഷനും തുല്യത നൽകിയിരുന്നെങ്കിലും തുടർന്നുള്ള വിവരണങ്ങളിൽ "ഭാര്യ" എന്ന നിലയിൽ മാത്രമാണ് സ്ത്രീകളെക്കുറിച്ചു പരാമർശിക്കുന്നത്. വി. ഗ്രന്ഥകാരൻമാരുടെ കാലത്ത് ഇസ്രായേൽ സമൂഹത്തിൽ സ്ത്രീക്കുണ്ടായി

രുന്ന രണ്ടാംകിട സ്ഥാനത്തെ കുറിച്ചുള്ള ഒരു സൂചനയാവാം ഇത്.

## b. പ്രളയത്തിന്റെ വിവരണം

പ്രളയത്തിന്റെ തുടക്കം, സ്വഭാവം, കാലദൈർഘ്യം എന്നിവയെക്കുറിച്ച് രണ്ട് രചനകളും തമ്മിൽ കാര്യമായ വ്യത്യാസങ്ങളുണ്ട്.

### 7, 10. 2. 17 (J)

പ്രളയത്തെക്കുറിച്ചുള്ള മുന്നറിയിപ്പുമായി ബന്ധപ്പെടുത്തിയാണ് യാഹ് വിസ്റ്റ് പ്രളയത്തിന്റെ തുടക്കം വിവരിക്കുന്നത്. ഏഴ് എന്ന സംഖ്യക്ക് ഈ വിവരണത്തിൽ വലിയ പ്രാധാന്യം നൽകുന്നു. ഏഴാം ദിവസം പ്രളയം ആരംഭിക്കുന്നു. ഏഴു ജോഡി ശുദ്ധജീവികളെ പെട്ടകത്തിൽ കയറ്റുന്നു. ഏഴു ദിവസം ഇടവിട്ട് പ്രാവിനെ അയയ്ക്കുന്നു. (8, 10, 12). ബൈബിളിൽ പൂർണ്ണതയുടെ സംഖ്യയാണ് ഏഴ്. എല്ലാം പൂർണ്ണമായും ദൈവനിശ്ചിതമായ വിധത്തിൽ സംഭവിച്ചു എന്നു കാണിക്കാനാവാം ഈ സംഖ്യ ആവർത്തിച്ചുപയോഗിക്കുന്നത്. നാൽപതു രാപ്പകൽ മഴ പെയ്തതിന്റെ ഫലമായാണ് ഭൂമിയിൽ വെള്ളം പൊങ്ങിയത്. അസാധാരണമെങ്കിലും സംഭവ്യമായ ഒരു വെള്ളപ്പൊക്കത്തിന്റെ ചിത്രമാണ് യാഹ് വിസ്റ്റ് ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. മഴ നിലച്ചപ്പോൾ വെള്ളം സാവധാനം പിൻവാങ്ങുന്നതായി തുടർന്നു വിവരിക്കുന്നുണ്ട് (8, 3). ജലനിരപ്പ് ഉയർന്നു എന്നല്ലാതെ എത്രമാത്രം ഉയർന്നുവെന്ന് (J) വിവരിക്കുന്നില്ല.

### 7, 6. 11. 18-20 (P)

പുരോഹിത രചയിതാവ് ജലപ്രളയത്തിന്റഎ തുടക്കത്തെ നോഹയുടെ പ്രായവുമായി ബപന്ധപ്പെടുത്തിയിരിക്കുന്നു. അറുനൂറാം വർഷം രണ്ടാം മാസം പതിനേഴാം ദിവസം എന്നു കൃത്യമായ കണക്ക് പുരോഹിതശൈലിയുടെ ഭാഗമാണ്. പ്രളയത്തിന്റെ അന്ത്യത്തിലും ഇപ്രകാരമൊരു കണക്കു നൽകുന്നുണ്ട് (8, 1).

സാധാരണമായ മഴയല്ല P യുടെ വിവരണത്തിൽ പ്രളയത്തിനു കാരണം. "അഗാധങ്ങളിലെ ഉറവകൾ പൊട്ടിയൊഴുകി, ആകാശത്തിന്റെ ജാലകങ്ങൾ തുറന്നു" എന്ന വിവരണം അതിഭയാനകമായൊരു ചിത്രമാണ് അവതരിപ്പിക്കുന്നത്. പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ എങ്ങും തിങ്ങിനിന്ന ജലത്തെ ആകാശവിതാനത്തിനു മുകളിലും താഴെയുമായും, വിതാനത്തിനുതാഴെയുള്ള ജലത്തെ വീണ്ടും ഭൂമിയ്ക്കടിയിലും കടലിലുമായും ദൈവം ഒതുക്കി നിർത്തിയതിന്റെ പശ്ചാത്തലത്തിൽ വേണം ഈ വിവരണം മനസ്സിലാക്കാൻ. ജലത്തിനു മുകളിൽ ഉറപ്പിച്ചു നിർത്തിയിരിക്കുന്ന ഭൂമിയിലേക്ക് അഗാധജലം അതിരുകൾ ഭേദിച്ചു പ്രവഹിച്ചു. മുകളിലത്തെ ജലം വിതാനം തകർത്തു താഴേക്കു നിപതിച്ചു. സൃഷ്ടികർമ്മത്തിനു മുമ്പുണ്ടായിരുന്ന രൂപരഹിതവും ശൂന്യവുമായ അവസ്ഥയിലേക്കു പ്രപഞ്ചം പിന്തിരിയുന്ന പ്രതീതിയാണ് ഈ വിവരണം നൽകുന്നത്. ജലനിരപ്പ് ഉയരുന്നതിനെ കുറച്ച് ആവർത്തിച്ചുള്ള പരാമർശവും അവസാനം ഭൂമിയിലെ ഏറ്റം വലിയ പർവ്വതത്തെക്കാൾ പതിനഞ്ചു മുഴം ഉയരത്തിൽ വെള്ളം എത്തിനിൽക്കുന്നതിന്റെ ചിത്രീകരണവും ഈ പ്രതീതി വർദ്ധിപ്പിക്കുന്നു.

പ്രളയത്തിന്റെ സ്വഭാവത്തിനനുയോജ്യമാണ് അതിന്റെ കാലദൈർഘ്യം. J യുടെ വിവരണത്തിൽ നാൽപതു ദിവസത്തെ മഴയ്ക്കുശേഷം സാവധാനം വെള്ളം ഇറങ്ങി. എന്നാൽ ഇവിടെ നൂറ്റമ്പതു ദിവസത്തേക്ക് പ്രളയജലം ഭൂമുഖത്ത് ഉയർന്നു നിൽക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു.

## C. ജീവജാലങ്ങളുടെ നാശം 7.21 (P) 7, 22-23 (J)

രണ്ടു രചനകളും ഏതാണ്ട് ഒരേ വിധത്തിൽ തന്നെയാണ് ജീവജാലങ്ങളുടെ നാശം വിവരിച്ചിരിക്കുന്നത്. P യുടെ പട്ടികയിൽ മനുഷ്യൻ അവസാനമാണ് വരുന്നത്; J യുടെ പട്ടികയിലാകട്ടെ ആദ്യവും. സൃഷ്ടിയുടെ വിവരണത്തിൽ ഇരുവരും പാലിച്ച ക്രമം തന്നെ ഇവിടെയും പാലിക്കുന്നു. ദൈവത്തിന്റെ ശിക്ഷാവിധി പൂർണ്ണമായും നടപ്പിലായി എന്ന് എടുത്തുകാട്ടുന്നതാണ് ഈ വിവരണം. ജീവജാലങ്ങളെല്ലാം ചത്തൊടുങ്ങിയെന്ന് P പ്രസ്താവിക്കുമ്പോൾ "ദൈവം തുടച്ചു മാറ്റി"യെന്നാണ് J എഴുതുന്നത്. ആദ്യത്തെ പ്രസ്താവന ദൈത്തിന്റെ മഹത്വവും ആജ്ഞാശക്തിയും വെളിപ്പെടുത്തുമ്പോൾ രണ്ടാമത്തേത് ദൈവത്തിന്റെ നേരിട്ടുള്ള പ്രവർത്തനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൂഴിയിൽനിന്ന് മനുഷ്യനെ മെനയുകയും തോട്ടം നട്ടുപിടിപ്പിക്കുകയും പക്ഷി മൃഗാദികളെ മണ്ണിൽനിന്നു രൂപപ്പെടുത്തുകയും ചെയ്ത കർത്താവാണ് അവയെല്ലാം ഭൂമുഖത്തു നിന്നു തുടച്ചു

മാറ്റിയത് എന്ന J യുടെ പ്രസ്താവന തികച്ചും വികാരസാന്ദ്രമാണ്. ശിക്ഷാവിധി പ്രാഖ്യാപിക്കുമ്പോൾ ദൈവം അനുഭവിച്ച ദുഃഖം ഇവിടെയും പ്രകടമാകുന്നു. നോഹയും അയാളോടൊപ്പം പേടകത്തിലുണ്ടായിരുന്നവരും മാത്രം അവശേഷിച്ചു എന്നു പറയുന്ന ഗ്രന്ഥകാരൻ തന്റെ അഗാധമായ ദുഃഖവും നഷ്ടബോധവും വ്യക്തമാക്കുന്നു.

**വിചിന്തനം** : ഈ പ്രപഞ്ചവും അതിന്റെ സകല ശക്തികളും നിയമങ്ങളും ദൈവത്തിന്റെ നിരന്തരമായ പരിപാലനയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യന്റെ നിരുത്തരവാദിത്വപരവും പാപകരവുമായ പ്രവർത്തനങ്ങൾ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്കുതന്നെ മാറ്റം വരുത്തുമെന്ന് ഇന്നു നാം അനുഭവത്തിൽ നിന്നു പഠിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യനിർമ്മിതമായ വാതകങ്ങൾ വായു മണ്ഡലത്തിൽ വരുത്തിയ മാറ്റങ്ങൾ അന്തരീക്ഷത്തിലെ താപനില ഉയർത്തുകയും തന്മൂലം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകൾ ഉരുകി ഭൂമിയുടെ നല്ലൊരു ഭാഗം സമുദ്രത്തിനടിയിലാകുകയും ചെയ്യുമെന്നും, അതോടൊപ്പം, വർദ്ധിച്ച താപനില മരുഭൂമികളുടെ വികസനത്തിനു കാരണമാകുമെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. മനുഷ്യന്റെ പാപം വ്യക്തിതലത്തിലും ഹൃദയതലത്തിലും മാത്രം ഒതുങ്ങി നില്ക്കുന്നില്ല. അതു പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നുവെന്ന് ഉത്തരോത്തരം വ്യക്തമായിക്കൊണ്ടിരിക്കുകയാണ്.

സകലജീവജാലങ്ങളും ജലത്തിൽ മുങ്ങിമരിച്ചപ്പോഴും നോഹയ്ക്കും കൂട്ടർക്കും രക്ഷ നൽകിയ പെട്ടകം ക്രിസ്തുവിന്റെ സഭയുടെ പ്രതീകമായി സഭാപിതാക്കന്മാർ കരുതിയിരുന്നു. എന്നാൽ പെട്ടകം ഒരുപകരണം മാത്രമാണ്. നോഹയുടെ നീതിനിഷ്ഠമായ ജീവിതമാണ് അയാളെയും കുടുംബത്തെയും പ്രളയത്തിൽ നിന്നു രക്ഷിച്ചത്. അതിനാൽ പെട്ടകത്തിന്റെ പ്രതീകത്തെ ഒരു പരിധിയിൽ കവിഞ്ഞ് ഉപയോഗിക്കാനാവില്ല. ദൈവത്തിലുള്ള വിശ്വാസവും നീതിനിഷ്ഠമായ ജീവിതവുമാണ് മനുഷ്യന്റെ ഭാഗത്തുനിന്നും രക്ഷയ്ക്ക് ആവശ്യമായിരിക്കുന്നത്.

## 4. പ്രളയത്തിന്റെ അന്ത്യം 8, 1–19

പ്രളയത്തിന്റെ ആരംഭം എന്നതുപോലെ തന്നെ അവസാനവും





പടിപടിയായിട്ടാണ് വി. ഗ്രന്ഥകാരൻ വിവരിക്കുന്നത്. ഇവിടെയും Jയും Pയും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്.

### 8, 1–5. 13–14 (P)

നോഹയെയും പെട്ടകത്തിലുണ്ടായിരുന്ന ഇതരജീവികളെയും ദൈവം ഓർത്തു എന്ന പ്രസ്താവന പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽക്കാർ നിലവിളിച്ചപേക്ഷിച്ചപ്പോൾ ദൈവം പിതാക്കന്മാരോടു ചെയ്ത ഉടമ്പടി ഓർത്തു എന്നു രേഖപ്പെടുത്തിയിരിക്കുന്ന പുരോഹിതഗ്രന്ഥകാരനാണ് (പുറ 2, 24;6, 5) ഇതും രേഖപ്പെടുത്തിയിരിക്കുന്നത്. ജനത്തിനു വിമോചനം നൽകുന്ന പ്രവർത്തന പരമ്പരയുടെ തുടക്കം കുറിയ്ക്കുന്നതാണ് ആ ഓർമ്മയ്ക്കൽ.

ഭൂമിയിൽ പ്രളയജലത്തിനു മുകളിൽ വീശുന്ന കാറ്റ് സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ രൂപരഹിതമായ ജലസഞ്ചയത്തിനു മുകളിൽ ചലിച്ചുകൊണ്ടിരുന്ന കർത്താവിന്റെ ചൈതന്യത്തെ അനുസ്മരിപ്പിക്കുന്നു. ഒരു പുതിയ സൃഷ്ടികർമ്മം നടക്കുന്നു എന്ന സൂചനയാണ് ഇതു നല്കുന്നത്. അഗാധങ്ങളുടെ ഉറവകൾ നിലയ്ക്കുകയും ആകാശജാലകങ്ങൾ അടയുകയും ചെയ്യുന്നത് താഴെയും മുകളിലുമായി ജലത്തെ വേർതിരിച്ച രണ്ടാം ദിവസത്തെ സൃഷ്ടികർമ്മത്തെ അനുസ്മരിപ്പിക്കുന്നു. "മഴ നിലച്ചു, ജലം പിൻവാങ്ങിക്കൊണ്ടിരിക്കുന്നു" എന്ന പ്രസ്താവന J യുടെതാണ്. 8, 3ലെ നൂറ്റമ്പതു ദിവസത്തെക്കുറിച്ചുള്ള പരാമർശം 7, 24ൽ പറഞ്ഞത് ആവർത്തിക്കുന്നു.

അന്ന് അറിയപ്പെട്ടിരുന്ന ഏറ്റം ഉയർന്ന പർവ്വതമായിരുന്നിരിക്കണം അറാറാത്ത്. കാസ്പിയൻ കടലിനും കരിങ്കടലിനും മധ്യേ, കൗക്കസസ് പർവ്വത നിരകൾക്കു തെക്ക് സ്ഥിതി ചെയ്യുന്ന ആ പർവ്വതം ഇന്നത്തെ അർമേനിയായിലാണ്. പെട്ടകം പർവ്വതത്തിൽ "ഉറച്ചു" എന്നു വിവർത്തനം ചെയ്യുന്ന "നുവാഹ്" എന്ന ഹെബ്രായ വാക്കിന്റെ അർത്ഥം "വിശ്രമിച്ചു" എന്നാണ്. നോഹ എന്ന പേരും ഈ വാക്കിൽ നിന്നാണ് ഉണ്ടായത്. ജലനിരപ്പു താഴുന്നതിനെക്കുറിച്ചുള്ള പരാമർശനങ്ങൾ ജലനിരപ്പ് ഉയരുന്നതിനെക്കുറിച്ചു നടത്തിയ വിവരണത്തെ അനുസ്മരിപ്പിക്കുന്നു. P യുടെ കണക്കനുസരിച്ച് പ്രളയം ഒരു വർഷവും പത്തു ദിവസവും ദീർഘിച്ചു (7, 11; 8, 14)

8, 6-12 (J)

അസാധാരണമായൊരു പ്രകൃതിക്ഷോഭം എന്ന നിലയിലാണ് യാഹ് വിസ്റ്റ് ഗ്രന്ഥകാരൻ പ്രളയത്തിന്റെ തുടക്കം വിവരിച്ചത്. മഴ നിലച്ചപ്പോൾ വെള്ളം പിൻവാങ്ങിത്തുടങ്ങി എന്ന പ്രസ്താവന (8, 3) പ്രളയത്തിന്റെ അന്ത്യത്തെയും തികച്ചും പ്രകൃതി സഹജമായിത്തന്നെ ചിത്രീകരിക്കുന്നു. കര എവിടെയാണെന്നറിയാൻ കപ്പലിൽ നിന്നു പക്ഷികളെ അയയ്ക്കുക പുരാതന കാലത്ത് നാവികരുടെ പതിവായിരുന്നു.

പെട്ടകത്തിൽ കിളിവാതിലുകളുണ്ടാക്കുകയും അതിലൂടെ പക്ഷികളെ അയച്ച് പ്രളയത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കുകയും കര പ്രത്യക്ഷപ്പെട്ടു എന്നറിഞ്ഞിട്ടും വീണ്ടും കുറച്ചു നാൾകൂടി കാത്തിരിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങളിലൂടെ നോഹയെ ബുദ്ധിമാനും വിവേകമതിയുമായ ഒരു മനുഷ്യനായി വി. ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നു. തനിക്കു പ്രാപ്യമായ സകല മാർഗ്ഗങ്ങളും ഉപയോഗിച്ച് ശരിയായ തീരുമാനം എടുക്കാൻ ശ്രമിക്കുന്ന നോഹയെക്കുറിച്ചുള്ള വിവരണം മനുഷ്യന്റെ ഉത്തരവാദിത്വത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു.

J യുടെ വിവരണം അനുസരിച്ച് പ്രളയം എത്രദിവസം നീണ്ടുനിന്നു എന്ന് കൃത്യമായി പറയാനാവില്ല. 8, 6ൽ പറയുന്ന നാല്പതു ദിവസം 7, 12ൽ പറഞ്ഞ ദിനരാത്രങ്ങൾ തന്നെ ആയിരിക്കണം. മഴ നിലച്ച ഉടനേ ആയിരിക്കണം മലങ്കാക്കയെ അയച്ചത്. കാക്കയെയും പ്രാവിനെയും ഒരുമിച്ചാണോ, അതോ കാക്കയെ അയച്ച് 7 ദിവസം കഴിഞ്ഞാണോ പ്രാവിനെ അയച്ചത് എന്ന് വിവരണത്തിൽ നിന്നു വ്യക്തമല്ല. തന്നെയുമല്ല, കാക്കയെ അയച്ചതിന്റെ വിവരണം P യുടെ ഭാഗമായി കരുതുന്നവരുമുണ്ട്. ഏതായാലും J യുടെ വിവരണമനുസരിച്ച് പ്രളയം 61 ദിവസം നീണ്ടുനിന്നു എന്നാണ് പൊതുവേ കരുതപ്പെടുന്നത്.

ചുണ്ടിൽ ഒലിവിലയുമായി തിരിച്ചുവരുന്ന പ്രാവ് പ്രളയം അവസാനിച്ച് ഭൂമിയിൽ വീണ്ടും ജീവൻ പ്രത്യക്ഷപ്പെട്ടു എന്നതിന്റെ അടയാളമാണ്. ദൈവം മനുഷ്യനുമായി രമ്യതയിലെത്തിയിരിക്കുന്നെന്നും ഇതു സൂചിപ്പിക്കുന്നു. അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും അടയാളമായിട്ടാണല്ലോ ഒലിവിലയേന്തിയ പ്രാവിന്റെ ചിത്രം ഇന്നും കരുതപ്പെടുക. മൂന്നാം തവണ അയച്ച പ്രാവ് മടങ്ങിവരാതിരുന്നത് പ്രളയം പൂർണ്ണമായി അവസാനിച്ചുവെന്ന് സൂചിപ്പിക്കുന്നു.





**8, 15-19 (P)**

നോഹയോടും കൂട്ടരോടും പെട്ടകത്തിൽ നിന്ന് ഇറങ്ങിവരാൻ ദൈവം ആജ്ഞാപിക്കുന്നതും അവർ അനുസരിക്കുന്നതും പെട്ടകത്തിൽ കയറാൻ നല്കിയ കല്പനയെയും അനുസരണത്തെയും അനുസ്മരിപ്പിക്കുന്നു. സൃഷ്ടികർമ്മത്തിലെന്നതുപോലെ ഇവിടെയും ദൈവം സർവ്വജീവജാലങ്ങളെയും ഫലപുഷ്ടി നൽകി അനുഗ്രഹിക്കുന്നതായി പറയുമ്പോൾ പ്രളയാനന്തരമുള്ള പുതിയ തുടക്കത്തെ ൊരു പുതിയ സൃഷ്ടിപോലെയാണ് വി. ഗ്രന്ഥകാരൻ കാണുന്നത് എന്ന സൂചന ലഭിക്കുന്നു.

## 5. പരിപാലിക്കാൻ തീരുമാനം 8, 20-9, 17

മനുഷ്യന്റെ പാപം മൂലം പ്രപഞ്ചത്തെ ശിക്ഷിക്കാനുള്ള ദൈവത്തിന്റെ തീരുമാനം അറിയിച്ചുകൊണ്ടു തുടങ്ങിയ പ്രളയത്തിന്റെ വിവരണം പ്രപഞ്ചത്തെ പരിപാലിക്കാനുള്ള ദൈവത്തിന്റെ തീരുമാനം അറിയിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ ഒരു ബലിയർപ്പണത്തിന്റെ പശ്ചാത്തലത്തിൽ ദൈവത്തിന്റെ വാഗ്ദാനം വിവരിക്കുമ്പോൾ അനുഗ്രഹത്തിന്റെയും ഉടമ്പടിയുടെയും ശൈലിയിലാണ് പുരോഹിതഗ്രന്ഥകാരൻ ദൈവത്തിന്റെ തീരുമാനത്തെ ചിത്രീകരിക്കുന്നത്.

### a. ബലിയർപ്പണവും വാഗ്ദാനവും 8, 20-22 (J)

അക്രമികൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു കഴിഞ്ഞപ്പോൾ പുതിയൊരു സമൂഹത്തിന്റെ തുടക്കം എന്നതുപോലെ നീതിമാനായ നോഹ ദൈവത്തിനു ബലിയർപ്പിച്ചു. മാരകമായ അപകടത്തിൽ നിന്നു രക്ഷിച്ചതിനു നന്ദിസൂചകമായി അർപ്പിക്കുന്ന കാഴ്ചയായിട്ടാണ് ഇവിടെ നോഹയുടെ ബലിയെ ചിത്രീകരിക്കുന്നത്. ശുദ്ധമായ മൃഗങ്ങളെ മാത്രമേ ബലിയർപ്പക്കാവൂ എന്ന് പില്ക്കാലത്തു പ്രചാരത്തിൽ വന്ന ഇസ്രായേൽ നിയമം, കാല പരിഗണന കൂടാതെ, ഇവിടെ അവ

തരിപ്പിച്ചിരിക്കുന്നു. സമ്പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ പ്രതീകമാണ് മൃഗത്തെ മുഴുവനായി ദഹിപ്പിക്കുന്ന ദഹനബലി. അതുവഴി ബലിയർപ്പകൻ ദൈവത്തിനു തന്റെമേലുള്ള കർതൃത്വം ഏറ്റുപറയുകയും മൃഗത്തിന്റെ പ്രതീകത്തിലൂടെ തന്നെത്തന്നെ ദൈവത്തിനു കാഴ്ച വയ്ക്കുകയും ചെയ്യുന്നു.

ബലിയർപ്പണം കർത്താവു സ്വീകരിച്ചു എന്നു സൂചിപ്പിക്കുന്നതാണ് ഹൃദ്യമായ പരിമളം ആസ്വദിച്ചു, പ്രസാദിച്ചു എന്ന പ്രസ്താവനകൾ. ദൈവം മനുഷ്യനുമായി രമ്യതയിലെത്തിയിരിക്കുന്നു എന്നതിനു തെളിവാണിത്.

മനുഷ്യന്റെ ഹൃദയം തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു എന്നതാണ് പ്രളയം അയയ്ക്കുന്നതിനു കാരണമായി വിവരണത്തിന്റെ ആരംഭത്തിൽ എടുത്തു കാട്ടിയത്. ഇപ്പോൾ അതേ കാരണം തന്നെ മനുഷ്യനെയും സകല ജീവജാലങ്ങളെയും ഈ പ്രപഞ്ചം മുഴുവനെയും കാത്തു സൂക്ഷിക്കുന്നതിനു പ്രേരകമായി എടുത്തു കാട്ടുന്നു. തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യനെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കാൻ എടുക്കുന്ന തീരുമാനം ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. നീതിമാൻമാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും (മത്തായി 5, 45) നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുകയും (ലൂക്കാ 6, 35) ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെ കുറിച്ച് യേശു പഠിപ്പിച്ചതിന്റെ ഒരു മുന്നാസ്വാദനമാണിത്. മനുഷ്യന്റെ ബലഹീനതയെ കണക്കിലെടുത്തുകൊണ്ട് നീതിപൂർവ്വകമായ ശിക്ഷാവിധിയെ ദൈവം കരുണ കൊണ്ടു മയപ്പെടുത്തുന്നു.

തുടർന്നുള്ള വാഗ്ദാനം ദൈവത്തെ കാലത്തിന്റെയും ചരിത്രത്തിന്റെയും നാഥനായി എടുത്തു കാട്ടുന്നു. ഭൂമിയുടെയും കാലഋതുക്കളുടെയും നില നില്പും തുടർച്ചയും ദൈവം തന്നെ ഉറപ്പു വരപുത്തിയിരിക്കുന്നു. "ഭൂമിയുള്ളിടത്തോളം കാലം" എന്നതുകൊണ്ട്, ദൈവം നിശ്ചയിക്കുന്നിടത്തോളം കാലം എന്നേ അർത്ഥമുള്ളൂ. ഈ സൃഷ്ടപ്രപഞ്ചം നിത്യം നിലനില്ക്കുമോ ഇല്ലയോ എന്ന് ഈ വാഗ്ദാനം സൂചിപ്പിക്കുന്നില്ല. മനുഷ്യന്റെ പാപത്തെ പരിഗണിക്കാതെ, ദൈവം തന്റെ സൃഷ്ടിയായ പ്രപഞ്ചത്തെ മുഴുവൻ കാത്തുപാ





ലിക്കും എന്ന നിരുപാധികമായ വാഗ്ദാനത്തിനാണ് ഇവിടെ ഊന്നൽ നൽകുന്നത്. മുടങ്ങാതെ മാറി മാറി വരുന്ന രാവും പകലും ഋതുക്കളും ദൈവപരിപാലനയുടെ അടയാളങ്ങളാണ്.

## b. അനുഗ്രഹവും ഉടമ്പടിയും 9, 1-17 (P)

പ്രപഞ്ചത്തിന്റെയും സർവ്വജീവജാലങ്ങളുടെയും നിലനില്പിന് ദൈവം തന്നെ ഉറപ്പു നല്കുന്നതായി ചിത്രീകരിച്ചുകൊണ്ടാണ് പ്രളയത്തെക്കുറിച്ചുള്ള പുരോഹിതരചനയും സമാപിക്കുന്നത്. യാഹ്‌വിസ്റ്റ് രചനയുടെ സമാപനത്തിൽ കണ്ട ആശയം തന്നെ ഇവിടെയും കാണുന്നു. J യുടേതിനേക്കാൾ സുദീർഘവും ആവർത്തനങ്ങൾ നിറഞ്ഞതുമാണ് Pയുടെ ഉപസംഹാരം. ഇതിനെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു (9, 1-7, 8-17). രണ്ടിന്റെയും ആരംഭത്തിലും അവസാനത്തിലും ഏതാണ്ട് ഒരേ വാക്യങ്ങൾ തന്നെ ആവർത്തിച്ചുകൊണ്ട് ഓരോ ഭാഗത്തും അവതരിപ്പിക്കുന്ന പ്രധാന ആശയം എന്തെന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

### I അനുഗ്രഹം 9, 1-7

അക്രമികളെ ഭൂമുഖത്തു നിന്നു തുടച്ചു മാറ്റിയെങ്കിലും ദൈവം മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ആരംഭത്തിൽ നല്കിയ ഫലപുഷ്ടി (ഉൽപ. 1, 28) പിൻവലിച്ചിട്ടില്ല എന്ന് അനുഗ്രഹം ആവർത്തിച്ചുകൊണ്ട് വ്യക്തമാക്കുന്നു. എന്നാലും മനുഷ്യനും ഇതര ജീവികളും തമ്മിലുള്ള ബന്ധത്തിൽ മാറ്റം വന്നിരിക്കുന്നതായും വി. ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നുണ്ട്. ആരംഭത്തിലുണ്ടായിരുന്ന പരസ്പര വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും സ്ഥാനത്ത് ഭയം കടന്നുകൂടിയിരിക്കുന്നു. ജീവജാലങ്ങൾക്ക് മനുഷ്യനെ ഭയമായിരിക്കും എന്നുള്ള പ്രസ്താവന മനുഷ്യന്റെ അക്രമാസക്തമായ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

മാംസാഹാരത്തെക്കുറിച്ചുള്ള പരാമർശവും ഇതേ സൂചന തന്നെ നൽകുന്നു. ആരംഭത്തിൽ മനുഷ്യൻ സസ്യഭുക്കായിരുന്നു (ഉൽപ. 1, 29). പാപത്തിനധീനനായ മനുഷ്യനാണ് ഇതര ജീവികളെ കൊന്നു തിന്നാൻ തുടങ്ങിയത്. തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിയെ കുറിച്ച് J യുടെ വിവരണത്തിൽ കണ്ട അതേ ആശയം മറ്റു പ്രതീകങ്ങളിലൂടെ P അവതരിപ്പിക്കുന്നു.

അക്രമാസക്തമായ പ്രകൃതിക്കു കടിഞ്ഞാണിടുന്ന നിയമമാണ് തുടർന്നു പ്രഖ്യാപിക്കുന്നത്. രക്തം ജീവന്റെ ഇരിപ്പിടമായി കരുതപ്പെട്ടിരുന്നു. അതിനാൽ ജീവന്റെ നാഥനായ ദൈവത്തിനു മാത്രമേ രക്തത്തിൻമേൽ അവകാശമുള്ളൂ. രക്തം ഭക്ഷിക്കരുത് എന്ന വിലക്ക് ജീവനെ മാനിക്കാനുള്ള കല്പനയാണ്. പുതിയനിയമകാലത്ത് ക്രിസ്ത്യാനികളുടെ ഇടയിലും ഈ നിയമത്തിന് എത്രമാത്രം പ്രാധാന്യമുണ്ടായിരുന്നുവെന്ന് ജറുസലെം സൂനഹദോസിന്റെ തീരുമാനത്തിൽ നിന്ന് (അപ്പ 15, 20-29) വ്യക്തമാകുന്നു.

''സഹോദരന്റെ ജീവനു കണക്കു ചോദിക്കും'' എന്ന പ്രഖ്യാപനം രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. മനുഷ്യരെല്ലാം സഹോദരങ്ങളാണ്. 2. ഓരോ മനുഷ്യന്റെയും ജീവന് ദൈവം സംരക്ഷണം നല്കുന്നു. കായേന്റെയും ആബേലിന്റെയും കഥയിലൂടെ J അവതരിപ്പിച്ച അതേ ആശയമാണ് (ഉൽപ. 4, 9-12) P ഇവിടെ അതരിപ്പിക്കുന്നത്. ശിക്ഷിക്കപ്പെടും എന്ന ഭയം കൂടാതെ ആരും സഹജീവികൾക്കെതിരേ അക്രമം ചെയ്യാതിരിക്കാൻ വേണ്ടിയാണ് കൊലപാതകിയെ കൊന്ന് നീതി നടപ്പാക്കാനുള്ള ഉത്തരവാദിത്വം മനുഷ്യനെ എല്പിക്കുന്നത്. പാവങ്ങൾക്കും ബലഹീനർക്കും സംരക്ഷണം നല്കാനുള്ള ഉത്തരവാദിത്വം മനുഷ്യന്റേതാണ്.

കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന പ്രതികാരനിയമത്തിന്റെ (പുറ 21, 23-25; ലേവ്യ 24, 17-21) തുടക്കം ഇവിടെ കാണാം. എന്നാൽ പരിധിയില്ലാത്ത പ്രതികാരത്തിനു സ്വാതന്ത്ര്യം നല്കുകയല്ല, അക്രമത്തിന് അതിരു നിശ്ചയിക്കുകയും സാധുക്കൾക്കു സംരക്ഷണം നല്കുകയുമാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

മനുഷ്യനു സംരക്ഷണം നല്കേണ്ടതിന്റെ ഏറ്റം പ്രധാന കാരണം അവൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഈ പ്രസ്താവനയും സൃഷ്ടികർമ്മത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ദൈവത്തിന്റെ പ്രതിരൂപവും പ്രതിനിധിയുമായ മനുഷ്യനെതിരേ അക്രമം പ്രവർത്തിക്കുന്നവർ ദൈവത്തിനെതിരെയാണ് അക്രമം പ്രവർത്തിക്കുന്നത്. സന്താനങ്ങൾ ദൈവത്തിന്റെ ദാനമാണെന്ന് വീണ്ടും അനുസ്മരിച്ചുകൊണ്ട് അനുഗ്രഹം സമാപിക്കുന്നു.





## II ഉടമ്പടി 9, 8-17

ദൈവം മനുഷ്യനുമായി ചെയ്ത ഉടമ്പടികളുടെ ചരിത്രമാണ് ബൈബിൾ. അവയിൽ ആദ്യത്തേതാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രളയത്തിന്റെ ആരംഭത്തിൽ നോഹയ്ക്കു നല്കിയ വാഗ്ദാനം (6, 18) ദൈവം പൂർത്തിയാക്കുകയാണിവിടെ. വ്യക്തികൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ ഉള്ള ബന്ധങ്ങളെ ക്രമീകരിക്കുന്നതിനായി അവർ തമ്മിൽ നടത്തുന്ന കരാറിനെയാണ് ഉടമ്പടി എന്നപദം കൊണ്ട് സാധാരണമായി നാം വിവക്ഷിക്കുക. ഉടമ്പടിയുടെ പങ്കാളികൾക്ക് അവകാശങ്ങളും കടമകളും ഉണ്ടായിരിക്കും. അവ അനുസരിക്കുന്നതിനുള്ള പ്രചോദനത്തിനായി അനുഗ്രഹങ്ങളും, ശാപങ്ങളും, ഉടമ്പടിയെക്കുറിച്ച് ഇരു കൂട്ടരെയും അനുസ്മരിപ്പിക്കാൻ അടയാളവും ഉടമ്പടിയിൽത്തന്നെ നിശ്ചയിക്കും.

ദൈവം മനുഷ്യരുമായി ചെയ്യുന്ന ഉടമ്പടികളിൽ ചില വ്യത്യാസങ്ങൾ കാണാം. ദൈവമാണ് എപ്പോഴും മുൻകൈ എടുത്ത് ഉടമ്പടി ഉറപ്പിക്കുന്നതും നിബന്ധനകൾ നിശ്ചയിക്കുന്നതും. മനുഷ്യന്റെ ഭാഗത്തു നിന്ന് അനുസരണം മാത്രമാണ് ആവശ്യപ്പെടുക. എന്നാൽ നോഹയുമായുള്ള ുടമ്പടിക്കു രണ്ടു പ്രത്യേകതകളുണ്ട്.

1. ഉടമ്പടി നിരുപാധികമാണ്. മനുഷ്യന്റെ ഭാഗത്തു നിന്ന് യാതൊന്നും ആവശ്യപ്പെടുന്നില്ല. പ്രപഞ്ചത്തെ കാത്തു സൂക്ഷിക്കാൻ ദൈവം ഏകപക്ഷീയമായി എടുക്കുന്ന തീരുമാനവും ഏറ്റെടുക്കുന്ന ഉത്തരവാദിത്വവുമാണ് ഒരു പ്രത്യേകത. മനുഷ്യന്റെ പ്രതികരണം എന്തുതന്നെ ആയിരുന്നാലും ദൈവം തന്റെ വാക്കുപാലിക്കും. ഈ അർത്ഥത്തിൽ ഇത് ഉടമ്പടി എന്നതിനേക്കാൾ ഒരു വാഗ്ദാനമാണ്.

2. ഉടമ്പടി സാർവ്വത്രികമാണ്. ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയോ സമൂഹമോ മനുഷ്യവർഗ്ഗം മുഴുവനുമോ അല്ല, സകല ജീവജാലങ്ങളുമാണ് ഉടമ്പടിയുടെ പങ്കാളികൾ. അടയാളമായി ദൈവം നല്കുന്ന മഴവില്ല് ഉടമ്പടിയുടെ സാർവ്വത്രികസ്വഭാവം എടുത്തുകാട്ടുന്നു. സൃഷ്ടപ്രപഞ്ചം മുഴുവനുമായി ദൈവം ഉറപ്പിച്ച ഉടമ്പടി എന്ന അർത്ഥത്തിൽ ഇതിനെ പ്രാപഞ്ചികോടമ്പടി (Cosmic covenant) എന്നു വിളിക്കുന്നു.

ഒരേ ഒരു കാര്യമാണ് ഈ ഭാഗത്ത് വി. ഗ്രന്ഥകാരൻ വീണ്ടും

വീണ്ടും ആവർത്തിക്കുന്നത്. ദൈവം പ്രപഞ്ചത്തെ വീണ്ടും നശിപ്പിക്കുകയില്ല. ജീവജാലങ്ങളുടെ മാത്രമല്ല, ഈ പ്രപഞ്ചത്തിന്റെ തന്നെ നിലനില്പ് എത്രമാത്രം ദുർബലവും അപകടം നിറഞ്ഞതുമാണെന്ന് പ്രളയത്തിന്റെ ചരിത്രത്തിലൂടെ വിശദമാക്കിയതിനു ശേഷം നിരന്തരമായ അസ്തിത്വഭീതിയിൽ കഴിയുന്ന മനുഷ്യന് ധൈര്യവും പ്രത്യാശയും പകരുന്നതാണ് ഈ വാഗ്ദാനം. പ്രപഞ്ചം നിലനില്ക്കും. കാരണം ദൈവം തന്നെ അതിന്റെ നിലനില്പ്പിന് ഉറപ്പു നല്കിയിരിക്കുന്നു.

മഴവില്ല് എന്ന അടയാളം ഉടമ്പടിയെക്കുറിച്ച് ദൈവത്തെ അനുസ്മരിപ്പിക്കും എന്ന പ്രസ്താവന പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവം നോഹയെയും കൂട്ടരെയും ഓർമ്മിച്ചപ്പോഴാണ് പ്രളയത്തിന് അന്ത്യം കുറിച്ചത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനപ്രക്രിയ തുടങ്ങിയത് ദൈവം ഇസ്രായേലിന്റെ പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം അനുസ്മരിച്ചപ്പോഴാണ്. ദൈവം ഓർമ്മിപ്പിക്കും എന്നത് അവിടുന്നു നല്കുന്ന രക്ഷയെ കുറിച്ചുള്ള ഉറപ്പാണ്.

**വിചിന്തനം** : 1 എല്ലാ മനുഷ്യരും സഹോദരങ്ങളാണ്. സഹോദരങ്ങൾ പരസ്പരം സംരക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നു. 2. മനുഷ്യനെതിരേ ചെയ്യുന്ന അക്രമം ദൈവത്തിനെതിരേയുള്ള പാപമാണ്. 3. മനുഷ്യന്റെ നന്മയുടെ നേട്ടങ്ങളുമല്ല, ദൈവത്തിന്റെ കാരുണ്യവും പരിപാലനയുമാണ് നമ്മുടെ പ്രതീക്ഷയുടെ അടിസ്ഥാനം. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. അവിടുത്തെ വിശ്വസ്തതയിലും അചഞ്ചലമായ സ്നേഹത്തിലുമാണ് ലോകവും കാലവും നില നില്ക്കുന്നത്. നമ്മുടെ വിശ്വാസത്തിന്റെ ഇളകാത്ത അടിത്തറയും പ്രതീക്ഷയുടെ ഉറവിടവും മറ്റൊന്നല്ല.

## ജലപ്രളയം പുരാണേതിഹാസങ്ങളിൽ

തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം പേർ മാത്രം രക്ഷപ്പെട്ട അതിപുരാതനമായ ഒരു ജലപ്രളയത്തെക്കുറിച്ചുള്ള കഥകൾ ലോകമെങ്ങുമുള്ള ജനതകളുടെ ഇടയിൽ പ്രചാരത്തിലുണ്ട്. പ്രളയകഥയുടെ പൊതുവിവരണങ്ങളിലെല്ലാം ശ്രദ്ധേയമായ സാമ്യമുണ്ട്. ബൈബിളിലെ വിവരണവുമായി ഏറ്റം അടുത്ത ബന്ധമുള്ളത് ബാബിലോണിൽ പ്രചാരത്തിലിരുന്ന ഗിൽഗാമെഷ് ഇതിഹാസത്തിലെ പ്രളയകഥയ്ക്കാണ്.





തന്റെ ഉറ്റ മിത്രമായ എൻകിഡുവിന്റെ മരണത്തിൽ ദുഃഖാർത്തനായ ഗിൽഗാമെഷ് അമർത്യതയുടെ രഹസ്യം തേടി നടത്തുന്ന യാത്രയാണ് ഇതിഹാസത്തിന്റെ ഇതിവൃത്തം. സുദീർഘവും അപകരകരവുമായ യാത്രയ്ക്കുശേഷം തന്റെ പൂർവ്വികനായ ഉട്നാപിഷ്ടിമിന്റെ അടുക്കൽ എത്തിയ ഗിൽഗാമെഷിനോട് താൻ എപ്രകാരമാണ് അമർത്യനായിത്തീർന്നത് എന്ന് പൂർവ്വികൻ വിവരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രളയകഥ അവതരിപ്പിക്കുന്നത്.

ലോകത്തെ മുഴുവൻ ജലപ്രളയത്താൽ നശിപ്പിക്കാൻ ദൈവലോകത്തുണ്ടായ തീരുമാനം എയാ (Ea) എന്ന ദേവൻ തന്റെ ഭക്തനായ ഉട്നാപിഷ്ടിമിനു വെളിപ്പെടുത്തി. നേരിട്ടു സംസാരിക്കുന്നതിനു പകരം ഈറ്റക്കുടിലിന്റെ ചുവരിനോടാണ് എയാ സംസാരിച്ചത്. ആസന്നമായിരിക്കുന്ന പ്രളയത്തിൽ നിന്നു രക്ഷപ്പെടാനായി ഏകദേശം 70 മീറ്റർ നീളവും അത്രതന്നെ വീതിയും ഉയരവുമുള്ള പെട്ടകം നിർമ്മിച്ച ആവശ്യമുള്ള ആഹാരസാധനങ്ങളെല്ലാം സംഭരിക്കാൻ എയാ ഉപദേശിച്ചു. പെട്ടകനിർമ്മാണത്തിന്റെ ഉദ്ദേശ്യം മറ്റാരും അറിയാതിരിക്കാനായി അനേകം നുണകൾ പറയാനും ദേവൻ ഉപദേശം നല്കി.

ഏഴുദിവസം കൊണ്ട് പെട്ടക നിർമ്മാണം പൂർത്തിയായി. ഉട്നാപിഷ്ടിം തന്റെ കുടുംബാംഗങ്ങളെയും വേലക്കാരെയും അനേകം പക്ഷിമൃഗാദികളെയും പെട്ടകത്തിൽ കയറ്റി. ഉടനെ അതിഭയങ്കരമായ ജലപ്രളയമുണ്ടായി. ഭൂമിയിൽ ഉയർന്ന പ്രളയജലം ദേവലോകം വരെ എത്തി. പ്രളയത്തെ അഴിച്ചുവിട്ട ദേവതകളെല്ലാം ഭയന്നു നിലവിളിച്ചു. ഏഴാംദിവസം പ്രളയം നിലച്ചു. ജലനിരപ്പ് അറിയാനായി ഉട്നാപിഷ്ടിം മൂന്നു തവണ പെട്ടകത്തിൽ നിന്നു പക്ഷികളെ അയച്ചു. അവസാനം പെട്ടകത്തിൽ നിന്നു പുറത്തു വന്നവർ ദേവതകൾക്ക് കൃതജ്ഞതാ ബലിയർപ്പിച്ചു.

തങ്ങളിലൊരാൾ തങ്ങളുടെ രഹസ്യം ഒരു മനുഷ്യനു വെളിപ്പെടുത്തിയതിനാൽ ക്രൂദ്ധരായെങ്കിലും, ബലിയുടെ സുഗന്ധത്തിൽ എല്ലാം മറന്ന് ഈച്ചകളെപ്പോലെ ദേവതകൾ ബലി മൃഗത്തിനു ചുറ്റും

പറ്റം ചേർന്നു. സംതൃപ്തരായ ്വർ ഉട്നാപിഷ്ടിമിനെയും ഭാര്യയെയും അമർത്യത നല്കി അർദ്ധ ദൈവങ്ങളാക്കി.

ഈ കഥയും ബൈബിളിലെ വിവരണവും തമ്മിൽ പ്രത്യക്ഷത്തിൽ അനേകം സാമ്യങ്ങളുണ്ട്. എന്നാൽ വ്യത്യാസങ്ങളും ഏറെയുണ്ട്. ദൈവത്തിന്റെ സ്വഭാവത്തെയും പ്രവൃത്തിയെയും സംബന്ധിച്ചതാണ് പ്രധാന വ്യത്യാസങ്ങൾ. ഗിൽഗാമെഷ് ഇതിഹാസത്തിൽ യാതൊരു കാരണവും കൂടാതെയാണ് ദേവതകൾ പ്രളയം സൃഷ്ടിക്കുന്നത്. ബൈബിളിലാകട്ടെ പാപത്തിനു ശിക്ഷയാണ് പ്രളയം. പ്രളയത്തെക്കുറിച്ചു മുന്നറിയിപ്പു നല്കുന്ന വിധവും കാരണവും രണ്ടു വിവരണങ്ങളിലും വ്യത്യസ്തങ്ങളാണ്. പ്രളയം തുടങ്ങിക്കഴിഞ്ഞപ്പോൾ ദേവതകൾക്കു നിയന്ത്രണം നഷ്ടപ്പെട്ടു. ബൈബിളിലാകട്ടെ പ്രളയം എപ്പോഴും ദൈവത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ്. രണ്ടു വിവരണങ്ങളിലും ബലിയർപ്പണം ഉണ്ടെങ്കിലും ബലിയോടുള്ള ദൈവത്തിന്റെ പ്രതികരണം വ്യത്യസ്തമത്രേ. അവസാനം ഉട്നാപിഷ്ടിം അർദ്ധ ദൈവമായിത്തീർന്നു; നോഹയാകട്ടെ ഒരു മനുഷ്യൻ മാത്രമായി തുടർന്നു.

ഗിൽഗാമെഷ് ഇതിഹാസത്തിൽ നിന്നാണ് ബൈബിളിലെ വിവരണം രൂപം കൊണ്ടത് എന്നു കരുതുന്നവരുണ്ട്. അല്ല, രണ്ടിനും പൊതുവായ മറ്റേതോ പുരാതന വിവരണമുണ്ടായിരുന്നിരിക്കണം എന്നു മറ്റു ചിലർ കരുതുന്നു. ഏതായാലും ബൈബിളിലെ രണ്ടു വിവരണങ്ങളും അതിപുരാതനമായ ഒരു പ്രളയ കഥയുടെ പുതിയ പതിപ്പുകളാണ്. തങ്ങൾക്ക് ലഭിച്ച കഥകൾ അതേപടി പകർത്തിയെഴുതുകയല്ല, ദൈവത്തെയും മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച അടിസ്ഥാനപരമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തനതായ രീതിയിൽ അതിനെ തിരുത്തിയെഴുതുകയാണ് വി. ഗ്രന്ഥകാരൻ ചെയ്തത്.

## ചരിത്രസംഭവം

ബൈബിളിൽ മാത്രമല്ല, എല്ലാ ഭൂഖണ്ഡങ്ങളിലും പാർക്കുന്ന പുരാതന ജനതകൾക്കിടയിൽ ഒരേ തീരിയിലുള്ള പ്രളയകഥകൾ പ്രചാരത്തിലിരിക്കുന്നതിനാൽ ഏതോ അതിപുരാതനമായൊരു സംഭവത്തെ





യാണ് ഇവയെല്ലാം വിവരിക്കുന്ത് എന്ന് അനുമാനിക്കാനാവും. വലിയ നാശനഷ്ടങ്ങൾ വരുത്തി വയ്ക്കുന്ന വെള്ളപ്പൊക്കങ്ങൾ എല്ലാ രാജ്യങ്ങളിലും ഉണ്ടാകാറുള്ളതിനാൽ ഇങ്ങനെയൊരു കഥ എല്ലാ ജനതകളിലും വന്നു എന്ന വിശദീകരണം തൃപ്തികരമല്ല. ഒരേ സംഭവത്തിന്റെ വിവരണം തലമുറകൾ കൈമാറി വന്നതാവണം എന്ന വിശദീകരണമാണ് കൂടുതൽ സ്വീകാര്യം. എന്നാൽ വിശദാംശങ്ങളെല്ലാം ചരിത്രവസ്തുതകളാവണമെന്നില്ല. അതിനാൽ അറാറത്തു പർവ്വതമുകളിൽ പെട്ടകത്തിന്റെ അവശിഷ്ടങ്ങൾ തേടുന്നത് അർത്ഥ ശൂന്യമാണ്. വിവരണത്തിന്റെ വിശദാംശങ്ങളല്ല, വിവരണത്തിൽ പ്രതിഫലിക്കുന്ന വിശ്വാസസത്യമാണ് പ്രധാനം. അതു വളരെ ലളിതവും ഏവർക്കും സുഗ്രാഹ്യവുമാണ്.

## പ്രളയത്തിന്റെ സന്ദേശം

മനുഷ്യന്റെ പാപത്തെ, പ്രത്യേകിച്ചും മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന അക്രമത്തെ, ദൈവം എത്രമാത്രം വെറുക്കുന്നുവെന്ന് പ്രളയത്തിന്റെ വിവരണം വ്യക്തമാക്കുന്നു. ബലഹീനർക്കെതിരേ ബലവാൻമാർ ചെയ്യുന്ന അക്രമങ്ങൾ ദൈവകോപവും ശിക്ഷാവിധിയും വിളിച്ചു വരുത്തുന്നു.

ബൈബിളിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവം നിർവ്വികാരമായൊരു ശക്തിയല്ല, ഇച്ഛാശക്തിയുള്ള ഒരു വ്യക്തിയാണ്. മനുഷ്യന്റെ നന്മയിലും സന്തോഷത്തിലും അവിടുന്ന് സന്തോഷിക്കുന്നു; മനുഷ്യന്റെ പാപത്തിലും അക്രമത്തിലും ദുഃഖിക്കുന്നു. മനുഷ്യർ ഭൂമിയിൽ സഹോദരങ്ങളായി സന്തോഷത്തിൽ കഴിയണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. നീതിയും കരുണയും, സ്നേഹവും ക്രോധവും ദൈവസ്വഭാവത്തിന്റെ ഭാഗങ്ങളാണ്.

അനീതിയും അക്രമവും നിറഞ്ഞ ലോകത്തിന്മേൽ ദൈവം നടപ്പാക്കിയ ആദ്യശിക്ഷവിധിയാണ് ജലപ്രളയം. നശിപ്പിക്കാനുള്ള ദീരുമാനവുമായാണ് ജലപ്രളയം ആരംഭിച്ചതെങ്കിലും പ്രപഞ്ചത്തെ കാത്തു പരിപാലിക്കാനുള്ള തീരുമാനത്തോടെയാണ് അത് അവസാനിക്കുന്നത്. ചരിത്രത്തിന്റെ അവസാനത്തിൽ വീണ്ടും ഒരു ശിക്ഷാവിധിയുണ്ടായിരിക്കും. വെളിപാടു ശൈലിയിൽ (Apocalyptic) എഴു

തപ്പെട്ട പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ഭാഗങ്ങൾ (ഏശ 24, 16-23; ജറെ 4, 23-26; ജോയേൽ 2, 30-31; മർക്കോ 13, 24-25; 2 പത്രോ 3, 12; വെളി 8, 7-12) അഗ്നിയാലുള്ള ശിക്ഷാവിധിയായിട്ടാണ് ഇതിനെ ചിത്രീകരിക്കുന്നത്. യേശുവിന്റെ തന്നെ വാക്കുകൾ വിധിയുടെ വ്യക്തമായൊരു ചിത്രം വരച്ചു കാട്ടുന്നുണ്ട് (മത്താ 25, 31-46). മനുഷ്യപുത്രനായ യേശുക്രിസ്തു ആയിരിക്കും വിധിയാളൻ. ഓരോരുത്തരും സഹോദരങ്ങളോട്, പ്രത്യേകിച്ചും ബലഹീനരും അവശരുമായ സഹോദരങ്ങളോട്, സ്വീകരിക്കുന്ന സമീപനമായിരിക്കും വിധിയുടെ മാനദണ്ഡം. ഈ കാഴ്ചപ്പാടിൽ ആധ്യവിധി അന്തിമവിധിയുടെ മുന്നോടിയും പ്രതീകവുമാണ്. മനുഷ്യൻ മനുഷ്യനെതിരെ ചെയ്യുന്ന അക്രമമാണ് ശിക്ഷാവിധിക്കു കാരണം.

ദുഷ്ടരെയെല്ലാം ഭൂമുഖത്തു നിന്നു തുടച്ചു നീക്കിയ പ്രളയജലത്തെ മനുഷ്യരിൽ നിന്നു പാപം തുടച്ചു നീക്കുന്ന മാമ്മോദീസായുടെയും, നോഹയുടെ പെട്ടകത്തെ സഭയുടെയും പ്രതീകങ്ങളായിട്ടാണ് പുതിയ നിയമം (1 പത്രോ. 3, 20-21) കാണുന്നത്. സഭയ്ക്കു പുറമേയുള്ളവരുടെ രക്ഷയെക്കുറിച്ച് രണ്ടാംവത്തിക്കാൻ സൂനഹദോസ് വ്യക്തമായ നിലപാടു സൂചിപ്പിച്ചിട്ടുണ്ട്. "സ്വന്തം കുറ്റത്താലല്ലാതെ സുവിശേഷം അറിയാതിരിക്കുന്നവരെ ദൈവം ദനിക്കു മാത്രം അറിയാവുന്ന മാർഗ്ഗങ്ങളിലൂടെ വിഴ്സാവസത്തിലേക്കു നയിക്കും" (പ്രേഷിത പ്രവർത്തനം No. 7)

## ചോദ്യങ്ങൾ

1. പ്രളയത്തെക്കുറിച്ചുള്ള ബൈബിളിലെ രണ്ടു വിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
2. ബൈബിളിലെയും ഗിൽഗാമെഷ് ഇതിഹാസത്തിലെയും പ്രളയവിവരണങ്ങൾ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും എടുത്തു കാട്ടുക.
3. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം ദുഃഖിച്ചത് എന്തുകൊണ്ട്?
4. ബൈബിലിലെ വിവരണത്തിൽ സൃഷ്ടിയും പ്രളയവും തമ്മിൽ എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നത്?
5. പ്രളയത്തിൽ ദൈവത്തിന്റെ നീതിയും കരുണയും പ്രത്യക്ഷമാകുന്നു. വിശദീകരിക്കുക.





6. ആദ്യവിധിയും അന്തിമവിധിയും തമ്മിലുള്ള ബന്ധമെന്ത്?
7. പ്രാപഞ്ചികോടമ്പടി എന്നാൽ എന്ത്? നോഹയുമായി ദൈവം ചെയ്ത ഉടമ്പടിയുടെ പ്രത്യേകതകൾ എന്തെല്ലാം?
8. ജലപ്രളയത്തിന്റെ വിവരണം നൽകുന്ന രക്ഷാകരസന്ദേശം എന്ത്?

## ചർച്ചയ്ക്ക്

1. മനുഷ്യന്റെ പാപം ദൈവത്തെ ദുഃഖിപ്പിക്കുന്നു.
2. മനുഷ്യൻ മനുഷ്യനെതിരെ ചെയ്യുന്ന അക്രമം ദൈവത്തിന്റെ ശിക്ഷാവിധി വിളിച്ചു വരുത്തുന്നു. ഇന്നും ഇതു പ്രസക്തമോ?

**പ്രാർത്ഥന** : 33-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

# 6. ജനതകളുടെ ഉദ്ഭവം

## ഉൽപത്തി 9, 18-11, 32

സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ എന്ന് സൃഷ്ടികർമ്മത്തിന്റെ അവസരത്തിലും (ഉൽപ 1, 28) പ്രളയത്തിനു ശേഷവും (ഉൽപ. 9, 7) ദൈവം മനുഷ്യനു നല്കിയ അനുഗ്രഹവും കല്പനയും നിറവേറുന്നതിന്റെ ചരിത്രമാണ് വി. ഗ്രന്ഥകാരൻ ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. പ്രളയത്തിൽ നിന്നു രക്ഷപ്പെട്ട നോഹയുടെ മൂന്നു മക്കളിൽ നിന്ന് ലോകജനതകൾ മുഴുവൻ ഉദ്ഭവിക്കുന്നതായി ഇവിടെ വിവരിക്കുന്നു. ആദിചരിത്രത്തിന്റെ ആദ്യഘട്ടത്തിലെന്നതുപോലെ പ്രളയത്തിനു ശേഷമുള്ള രണ്ടാം ഘട്ടത്തിലും നന്മയും തിന്മയും ഒരുമിച്ചു വളരുന്നതായി കാണാം. മനുഷ്യന്റെ പാപം ദൈവശിക്ഷ വിളിച്ചു വരുത്തുന്നുണ്ടെങ്കിലും ദൈവം മനുഷ്യനെ കൈവിടുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല എന്നും ഇവിടെ വിവരിക്കുന്ന സംഭവങ്ങൾ വ്യക്തമാക്കുന്നു.

പ്രളയം മുതൽ അബ്രാഹം വരെയുള്ള ചരിത്രം അവതരിപ്പിക്കുന്ന ഈ ഭാഗത്ത് പാപത്തെയും ശിക്ഷയെയും ചിത്രീകരിക്കുന്ന രണ്ടു സംഭവങ്ങളും (9, 18-29; 11, 1-9) മനുഷ്യർ പെരുകി ഭൂമിയിൽ നിറയുന്നതിനെ വിവരിക്കുന്ന രണ്ടു വംശാവലിപട്ടികകളും (10, 1-32; 11, 10-32) ഉണ്ട്. സംഭവങ്ങൾ രണ്ടും യാഹ്വിസ്റ്റ് രചനയാണ്. മുഖ്യമായും പുരോഹിതരചയിതാവിന്റേതായ വംശാവലിയിൽ Jയുടെ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 1. ലഹരിയും ശാപവും 9, 18-29 (J)

മുന്തിരി കൃഷിയുടെയും മദ്യോൽപാദനത്തിന്റെയും തുടക്കത്തെക്കുറിച്ചു പ്രചാരത്തിലിരുന്ന ഒരു കഥ തന്റേതായ കാഴ്ച്ചപ്പാടിന് അനുയോജ്യമായ വിധത്തിൽ യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ അനുരൂപപ്പെടുത്തി അവതരിപ്പിക്കുന്നതാണ് നോഹയെയും മക്കളെയും സംബ





ന്ധിച്ച ഈ വിവരണം എന്നു പൊതുവെ കരുതപ്പെടുന്നു. വിവിധ ജനതകളുടെ അവസ്ഥയും അവർ തമ്മിൽ നിലനിന്ന ബന്ധവും വിവരിക്കാൻ സഹായിക്കുന്നതാണ് അനുഗ്രഹവും ശാപവും. ഷേം, ഹാം, യാഫെത്ത് എന്ന മൂന്ന് പേർ മൂന്ന് ജനപദങ്ങളുടെ പ്രതിനിധികളാണ്. ഇസ്രായേൽക്കാർക്കു കാനാൻകാരെ കീഴടക്കാനും അവരുടെ ദേശം സ്വന്തമാക്കാനും കഴിഞ്ഞതിന്റെയും വാഗ്ദത്തഭൂമിയായ കാനാൻ ദേശത്തു ഫിലിസ്ത്യരും അവകാശം സ്ഥാപിച്ചതിന്റെയും കാരണങ്ങൾ വിശദമാക്കാൻ ഈ സംഭവത്തിന്റെ വിവരണം സഹായിക്കുന്നു. ജലപ്രളയത്തിനും ജനതകളുടെ ഉദ്ഭവം വിവരിക്കുന്ന പത്താം അധ്യായത്തിലെ വംശാവലിപ്പട്ടികക്കും മധ്യേയാണ് ഈ വിവരണം ചേർത്തിരിക്കുന്നത്.

18-19 വാക്യങ്ങൾ നോഹയുടെ മൂന്നു പുത്രന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നു. ഷേം, ഹാം, യാഫെത്ത് എന്നിവരുടെ കൂടെ ഹാമിന്റെ പുത്രനായ കാനാനെക്കുറിച്ചു പരാമർശിച്ചുകൊണ്ട് കാനാന്റെ മേലുള്ള ശാപത്തിനു വഴിയൊരുക്കുന്നു. നോഹയുടെ മൂന്ന് പുത്രന്മാർ വഴി ഭൂമി ജനങ്ങളെക്കൊണ്ടു നിറഞ്ഞു എന്ന പ്രസ്താവന മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഐക്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഏതു ജാതിയിലും വർഗ്ഗത്തിലും പെട്ടവരായാലും മനുഷ്യരെല്ലാം ഒരേ പിതാവിന്റെ മക്കളും പരസ്പരം സഹോദരങ്ങളുമാണ്.

20-21 വാക്യങ്ങൾ മുന്തിരി കൃഷിയുടെയും മദ്യോൽപാദനത്തിന്റെയും ഉപജ്ഞാതാവായി നോഹയെ അവതരിപ്പിക്കുന്നു. പ്രളയത്തിനുമുമ്പ് നീതിമാനായി ചിത്രീകരിക്കപ്പെട്ട നോഹയും ലഹരിക്കടിപ്പെട്ട് നഗ്നനായി കൂടാരത്തിൽ കിടക്കുന്ന നോഹയും തമ്മിൽ ഏറെ അന്തരമുണ്ട്. നോഹയുടെ പ്രവൃത്തിയെക്കുറിച്ച് വി. ഗ്രന്ഥകാരൻ ധാർമ്മികമായ ഒരു വിലയിരുത്തലും നടത്തുന്നില്ല. എങ്കിലും അയാളുടെ ഉൻമത്തതയും നഗ്നതയുമാണ് തുടർന്നുള്ള ശാപത്തിനു കാരണമായത്. സുബോധം നഷ്ടപ്പെടുത്തുന്ന ലഹരിയുടെ ദോഷവശത്തെക്കുറിച്ചുള്ള ഒരു സൂചനയും ഈ വിവരണത്തിൽ കാണാം.

22-23 വാക്യങ്ങൾ നോഹയുടെ പുത്രന്മാരുടെ വ്യത്യസ്തങ്ങളായ പ്രതികരണങ്ങൾ രേഖപ്പെടുത്തുന്നു. പിതാവിന്റെ നഗ്നത കാണുകയും അതിനെക്കുറിച്ചു മറ്റുള്ളവരോടു പറയുകയും ചെയ്യുന്ന

ഹാം കാനാന്റെ പിതാവാണ് എന്ന് എടുത്തു പറയുമ്പോൾ കാനാൻകാർക്കെതിരെയുള്ള കുറ്റാരോപണത്തിന്റെ ധ്വനിയാണ് ലഭിക്കുക. ഹാമിന്റെ പ്രവൃത്തിയെ കുറ്റപ്പെടുത്തുന്ന വി. ഗ്രന്ഥകാരൻ മറ്റു പുത്രന്മാരുടെ പ്രവൃത്തിയെ പ്രശംസിക്കുന്നു. പിതാവിനോടുള്ള ബഹുമാനമാണ് ഇവിടെ പ്രധാന ശ്രദ്ധാവിഷയം.

നഗ്നത എന്ന പദം ഇവിടെ അഞ്ചു തവണ ഉപയോഗിച്ചിട്ടുണ്ട്. കാനാൻകാരുടെ ഇടയിൽ നിലനിന്ന മ്ലേച്ഛതകളെക്കുറിച്ചുള്ള അറപ്പും വെറുപ്പും (ലേവ്യർ 18, 24-25) പ്രകടമാക്കുന്നതാണ് ആവർത്തിച്ചുള്ള ഈ പരാമർശം എന്നു കരുതപ്പെടുന്നു. വിഗ്രഹങ്ങൾക്കുമുമ്പിൽ അഴിഞ്ഞാടുകയും ഫലപുഷ്ടിയുടെ ദേവതകളെ പ്രീതിപ്പെടുത്താൻ ലൈംഗികമ്ലേച്ഛതകളിൽ മുഴുകുകയും ചെയ്ത കാനാൻകാർ തങ്ങളുടെ പിതാവിന്റെ പാരമ്പര്യം തുടരുകയാണ് എന്ന സൂചനയും ഇതിലുണ്ട്.

24-25 വാക്യങ്ങൾ രേഖപ്പെടുത്തുന്ന നോഹയുടെ ശാപം കുറ്റവാളിയുടെ മേലുള്ള ശിക്ഷാവിധിയാണ്. ഇതിനു മുമ്പുകണ്ട പാപത്തിന്റെ വിവരണങ്ങളിലെല്ലാം ദൈവം നേരിട്ടാണ് ശിക്ഷാവിധി പ്രഖ്യാപിച്ചത്. ''ശപിക്കപ്പെട്ടവനാകട്ടെ'' എന്നതിനു ദൈവത്താൽ ശപിക്കപ്പെട്ടവനാകട്ടെ എന്നാണ് അർത്ഥം. അതിനാൽ ആത്യന്തികമായി ശിക്ഷയും സമ്മാനവും ദൈവം തന്നെയാണ് നൽകുന്നത്. ബൈബിളിന്റെ കാഴ്ചപ്പാടിൽ അനുഗ്രഹവും ശാപവും വെറും വാക്കുകളില്ല, പറയുന്നതു നിറവേറ്റാൻ കഴിവുള്ള ശക്തമായ വചനമാണ്.

തെറ്റു ചെയ്തത് ഹാം ആണെങ്കിലും ശാപം നിപതിക്കുന്നത് മകനായ കാന്റെ മേലാണ്. യാഹ് വിസ്റ്റ് ഗ്രന്ഥകാരന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്നും ഇതു മനസ്സിലാക്കാൻ കഴിയും. കാനാൻകാർ ഇസ്രായേൽകാർക്കു പൂർണ്ണമായും കീഴടങ്ങി അവരുടെ അടമകളായി ജീവിക്കേണ്ടിവന്നു. എന്തുകൊണ്ട് കാനാൻകാർക്ക് സ്വന്തം ദേശവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു എന്ന് ഹാമിന്റെ പാപത്തിന്റെയും നോഹയുടെ ശാപത്തിന്റെയും തുടർന്നുള്ള അനുഗ്രഹത്തിന്റെയും വിവരണത്തിലൂടെ വ്യക്തമാക്കുന്നു. തങ്ങളുടെ മ്ലേച്ഛതകൾ നിമിത്തമാണ് കാനാൻകാർക്ക് ദേശം നഷ്ടപ്പെട്ടത് എന്ന വിശ്വാസം ബൈബിളിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. (ലേവ്യർ 18, 24-25).





26-ാം വാക്യത്തിൽ ''ഷേമിന്റെ കർത്താവായ ദൈവം'' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. സൃഷ്ടിയുടെ വിവരണത്തിൽ കണ്ട ''യാഹ്വേ - ഏലോഹിം'' എന്നപ്രയോഗം തന്നെയാണിത്. എന്നാൽ ''ഷേമിന്റെ'' എന്ന വിശേഷണം കൂട്ടിച്ചേർക്കുന്നതിലൂടെ ഷേമിന്റെ സന്തതികളാണ് സത്യദൈവമായ യാഹ് വേയെ ആരാധിക്കുന്നവർ എന്ന് സൂചിപ്പിക്കുന്നു. ഷേമിന്റെയും സന്തതികളുടെയും വിജയത്തിനു കാരണം ദൈവമായ കർത്താവിന്റെ അനുഗ്രഹമാണ് എന്ന് എടുത്തു കാട്ടുന്നു.

27-ാം വാക്യത്തിൽ യാഫെത്തിനു നല്കുന്ന അനുഗ്രഹവും ഇതുമായി സാമ്യമുള്ളതാണ്. ''ഷേമിന്റെ കൂടാരങ്ങളിൽ അവൻ പാർക്കും'' എന്നതിന് ഇരുവരും ഒരേ രാജ്യത്തു വസിക്കും എന്ന അർത്ഥമാണുള്ളത്. ഫിലിസ്ത്യരും ഇസ്രായേല്യരും ഒരുമിച്ച് കാനാൻ ദേശത്തു വാസമുറപ്പിച്ചിരുന്ന കാലത്തു രൂപം കൊണ്ടതാണ് ഈ അനുഗ്രഹത്തെക്കുറിച്ചുള്ള പരാമർശം എന്നു ചിലർ കരുതുന്നു. പക്ഷേ വംശാവലിപ്പട്ടികയിൽ ഫിലിസ്ത്യർ ഹാവിന്റെ സന്തതികളുടെ കൂട്ടത്തിലാണ് പെടുക (ഉൽപ. 10, 1). അതിനാൽ എന്താണ് ഈ അനുഗ്രഹത്തിന്റെ അർത്ഥം എന്നു കൃത്യമായി പറയുക സാധ്യമല്ല. എന്നാൽ ഒരു കാരംയ വ്യക്തമാണ്. ഷേം തനിച്ചായിരിക്കുകയില്ല തന്റെ കൂടാരത്തിൽ, അഥവാ വാഗ്ദത്ത ഭൂമിയിൽ വസിക്കുക. സാർവ്വത്രിക രക്ഷയെ സംബന്ധിച്ചുള്ള തികച്ചും വ്യംഗ്യമായ ീ സൂചന അബ്രാഹത്തിന്റെ വിളിയിൽ കൂടുതൽ സ്പഷ്ടമാകും.

നോഹയുടെ മരണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന 28-29 വാക്യങ്ങൾ പുരോഹിത രചനയുടെ ഭാഗമാണ്.

വിചിന്തനം : പിതൃപുത്ര ബന്ധമാണ് ഈ വിവരണത്തിലെ മുഖ്യ പ്രമേയം. പാപത്താൽ തകരുന്ന ബന്ധങ്ങളുടെ മറ്റൊരു ചിത്രം ഇവിടെ അവതരിപ്പിക്കുന്നു. പറുദീസായിലെ പാപത്തിന്റെ ഫലമായി ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തകർന്നു. തുടർന്ന് ഭാര്യാഭർതൃബന്ധത്തിനും കോട്ടം തട്ടി. സഹോദരങ്ങൾ തമ്മിലുള്ള ബന്ധം തകരുന്നതിന്റെ ചിത്രം കായേന്റെയും ആബേലിന്റെയും കഥയിലൂടെ വരച്ചു കാട്ടി. ഇവിടെ പിതൃപുത്രബന്ധത്തിലും തകർച്ച സംഭവിക്കുന്നു. പ്രളയത്തിനു ശേഷവും പാപവും തിന്മയും തുടരുന്നു. എന്നാൽ

അതോടൊപ്പം നന്മയും വളരുന്നു എന്ന് ഷേമിന്റെയും യാഫെത്തിന്റെയും പ്രവർത്തനം എടുത്തു കാട്ടുന്നു.

മനുഷ്യസമൂഹത്തിന്റെ നിലനില്പിന് അവശ്യം വേണ്ട ഗുണമാണ് മാതാപിതാക്കന്മാരോടുള്ള ബഹുമാനം. തലമുറകളുടെ തുടർച്ചയാണത്ര മാനവചരിത്രം. കടന്നുപോകുന്ന തലമുറയെ ആദരിക്കാത്തവർക്ക് അവർ കൈമാറി നല്കുന്ന പൈതൃകത്തിന് അവകാശമില്ല. മാതാപിതാക്കളെ അവഹേളിക്കുന്നവർ സ്വയം അവഹേളിതരാകും, ബഹുമാനിക്കുന്നവർ ബഹുമാനിതരും.

ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാരെ വേട്ടയാടിപ്പിടിച്ച് യൂറോപ്പിലെയും അമേരിക്കയിലെയും അടിമച്ചന്തകളിൽ ലേലം ചെയ്ത പാശ്ചാത്യ യൂറോപ്പിലെ വെള്ളക്കാർ തങ്ങളുടെ പ്രവർത്തനത്തിന് ഒരു ന്യായീകരണമെന്നോണം ഹാമിന്റെ മേലുള്ള ശാപവും യാഫെത്തിനു ലഭിച്ച അനുഗ്രഹവും എടുത്തു കാട്ടാറുണ്ടായിരുന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ നിലനിന്ന അവസ്ഥാവിശേഷത്തിന്റെ വിശദീകരണം എന്നല്ലാതെ മനുഷ്യരെ അടമയാക്കാൻ മറ്റു മനുഷ്യർക്കു അനുവാദം നല്കുന്നതല്ല ഈ ശാപവും അനുഗ്രഹവും.

## 2. ജനതകളുടെ ഉദ്ഭവം 10, 1–32

പ്രളയത്തിനു ശേഷം ദൈവം നോഹയ്ക്കു നൽകിയ അനുഗ്രഹം (ഉൽപ. 9, 1). എപ്രകാരം സാക്ഷാൽക്കരിക്കപ്പെട്ടു എന്നു വിശദമാക്കുന്നതാണ് പത്താം അധ്യായത്തിലെ വംശാവലിപ്പിട്ടിക. ഉപസംഹാരമായി നല്കിയിരക്കുന്ന "ഇവരിൽ നിന്നാണ് ജതലപ്രളയത്തിനു ശേഷം ജനതകൾ ഭൂമിയിലാകെ വ്യാപരിച്ചത്"(10, 32) എന്ന വിശദീകരണം ഈ പട്ടികയുടെ ലക്ഷ്യം വ്യക്തമാക്കുന്നു.

മധ്യധരണ്യാഴിക്കു ചുറ്റുമുള്ള പ്രദേശത്ത് പുരാതന കാലത്തു ജീവിച്ചിരുന്ന ജനതകളുടെ പേരു വിവരമാണ് ഈ പട്ടികയിലുള്ളത്. ജാതിയുടെയോ വർഗ്ഗത്തിന്റെയോ അല്ല, അധിവസിക്കുന്ന ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ പ്രത്യക്ഷപ്പെടുന്ന മിക്ക പേരുകളും വ്യക്തികളെ എന്നതിനെക്കാൾ നഗരത്തെയോ രാജ്യത്തെയോ സൂചിപ്പിക്കുന്നതാണ്. പല പേരുകളും തിരിച്ചറിയാൻ ബൈബിൾ പഠിതാക്കൾക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റ് അനേകം പേരുകൾ ആരെ സൂചിപ്പിക്കുന്നു എന്ന് ഇനിയും നിശ്ചയമില്ല.





മുഖ്യമായും പുരോഹിരതരചനയാണ് ഈ പട്ടിക. എന്നാൽ യാഹ്വിസ്റ്റ് രചനയുടെ ഭാഗങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശൈലീ വിത്യാസത്തിൽ നിന്ന് അവയെ വേർതിരിക്കാൻ കഴിയും.

### 10, 1 വംശാവലി (P)

നോഹയുടെ മൂന്നു പുത്രന്മാരുടെ പേരുകൾ ഇതിനകം പല തവണ കണ്ടു കഴിഞ്ഞതാണ്. "പേരു വിവരം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത് "വംശാവലി" എന്നർത്ഥമുള്ള "തൊളേദോത്ത്" (Toledot) എന്ന ഹാബ്രുപദമാണ്. ഈ പദം പട്ടികയുടെ അവസാനം (10, 32) വീണ്ടും ആവർത്തിക്കുന്നുണ്ട്. കുടുംബചരിത്രം എന്നാണ് ഇതു സംധാരണ വിവർത്തനം ചെയ്യപ്പെടുക. പട്ടികയുടെ ആരംഭത്തിലും അവസാനത്തിലും ഒരേപദം തന്നെ ആവർത്തിച്ചു കൊണ്ട് വംശാവലിയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു.

ഷേം, ഹാം, യാഫെത്ത് എന്ന ക്രമത്തിലാണ് നോഹയുടെ പുത്രന്മാരെക്കുറിച്ചു പരാമർശിക്കുന്നതെങ്കിലും വംശാവലി അവതരിപ്പിക്കുമ്പോൾ ഷേമിനു കൂടുതൽ പ്രാധാന്യം നല്കാനായി പട്ടികയുടെ അവസാനമാണ് അയാളുടെ പുത്രന്മാരെക്കുറിച്ചു പ്രതിപാദിക്കുന്നത്.

### 10, 2-8 യാഫെത്തിന്റെ പുത്രന്മാർ

യാഫെത്തിന്റെ പുത്രന്മാരും പൗത്രന്മാരുമായി പതിനാലുപേരുടെ പേരുകൾ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ആ പേരുകളെല്ലാം ജനതകളെയാണ് സൂചിപ്പിക്കുന്നത്. യാഫെത്ത് എന്ന പേര് ആരംയവംശത്തെ സചിപ്പിക്കുന്നതായി പൊതുവെ കരുതപ്പെടുന്നു. യാഫെത്തിന്റെ സന്തതികളായി ഈ പട്ടികയിൽ പ്രത്യക്ഷപ്പെടുന്നവർ മെസൊപ്പോട്ടാമിയായ്ക്കും മധ്യധരണ്യാഴിക്കും വടക്ക് വാസമുറപ്പിച്ചിരുന്ന ജനപദങ്ങളാണ്. ഗോമർ, മഗോഗ്, തൂബാൽ, മെഷെക്, തോഗർമ്മാ എന്നിവ സ്ഥലപ്പേരുകളായി എസെ 38, 1-6ൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മാദായ് – മേദിയ; യാവാൻ = ഗ്രീസ്; അഷ്ക്കെനാസ് = ഷീഥിയ; താർഷിഷ് = സ്പെയിനിന്ഡറെ തെക്കെ അറ്റത്തുള്ള

തർത്തേസോസ്; കിത്തിം = സൈപ്രസ്;ദോദാനീം = റോഡസ് ദ്വീപ് ഇത്രയും പേരുകളെക്കുറിച്ച് ബൈബിൾ പഠിതാക്കളുടെ ഇടയിൽ പൊതുവെ അഭിപ്രായ ഐക്യമുണ്ട്.

## 10, 6–20 ഹാമിന്റെ പുത്രൻമാർ (P & J)

മധ്യധരണ്യാഴിക്കു തെക്ക്, ആഫ്രിക്കയുടെ വടക്കും കാനാനിലുമായി വാസമുറപ്പിച്ചിരുന്ന ജനപദങ്ങളാണ് ഹാമിന്റെ സന്തതികൾ. പേരെടുത്തു പറയുന്ന നാലു പുത്രന്മാർ ബൈബിളിൽ സുപരിചിതരാണ്. കുഷ് എത്യോപ്യായെയും, മിസ്രായിം ഈജിപ്തിനെയും, ഫുത്ത് ലീബിയായെയും സൂചിപ്പിക്കുന്നു. ജോർദ്ദാൻ നദിക്കും മധ്യധരണ്യാഴിക്കും മധ്യേയുള്ള പ്രദേശമാണ് കാനാൻ എന്നറിയപ്പെടുന്നത്. കാനാൻകാർ സെമിറ്റിക്വംശജരാണെങ്കിലും കാനാൻദേശം പലപ്പോഴും ഈജിപ്തിന്റെ ആധിപത്യത്തിൽ കീഴിൽ ആയിരുന്നതിനാലാവാം ഈ പട്ടികയിൽ അവരെ ഹാമിന്റെ സന്തതികളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്നത്. കുഷിന്റെ പുത്രന്മാരായി പേരെടുത്തു പറയുന്നതെല്ലാം ചെങ്കടലിനു കിഴക്ക്, അറേബിയായിലുള്ള നഗരങ്ങളാണ്.

8–19 വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയുടെ ഭാഗമായി കരുതപ്പെടുന്നു.

നിമ്രോദ് 8–12 : നിമ് രോദിനെക്കുറിച്ചുള്ള വിവരണം വംശാവലിയുടെ ശൈലിയില്ല, കഥാരൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഭൂമിയിലെ ആദ്യത്തെ വീരപുരുഷനായി ചിത്രീകരിക്കപ്പെടുന്ന അയാൾ ഒരു സാമ്രാജ്യത്തിന്റെ സ്ഥാപകനായിരുന്നു. രാജാക്കന്മാരുടെ വിനോദമായിരുന്നു നായാട്ട്. പ്രജകളെ സംരക്ഷിക്കാനായി വന്യമൃഗങ്ങളെ കൊന്നൊടുക്കുക എന്നൊരു ലക്ഷ്യവും നായാട്ടിനുണ്ടായിരുന്നു. ''കർത്താവിന്റെ മുമ്പിൽ'' എന്ന വിശേഷണത്തിന് ഏറ്റം ശക്തനായ, അഥവാ ഏറ്റം ധീരനായ എന്ന അർത്ഥമാണുള്ളത്. നിമ്രോദ് ദൈവഭക്തനായിരുന്നു എന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല.

അനേകം പുരാതന നഗരങ്ങളുടെ സ്ഥാപകനായി ചിത്രീകരിച്ചിരിക്കുന്ന ഇയാൾ ആരാണെന്ന കാര്യത്തിൽ തകർക്കമുണ്ട്. അയാൾ സ്ഥാപിച്ചതായി പറയപ്പെടുന്ന നഗരങ്ങളെ അടിസ്ഥാനമാക്കി





ബി. സി. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അസീറിയൻ രാജാവായ തുക്കുൽത്തി നിനുർത്താ (Tukulti Ninurta I) ഒന്നാമനാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതെന്നു ചിലർ കരുതുന്നു. ഹാമിന്റെ സന്തതികളിൽ പെട്ട ആളാകയാൽ, യൂഫ്രട്ടീസ് നദി വരെ തന്റെ സാമ്രാജ്യം വ്യാപിപ്പിച്ച ഈജിപ്തിലെ ഫറവോ അമെൻ ഹോതെഫ് മൂന്നാമൻ (Amenhotef III 1411-1375) ആണ് ഇതെന്ന് മറ്റു ചിലർ കരുതുന്നു.

ഷീനാർദേശം ബാബിലോൺ രാജ്യത്തെയും ബാബേൽ ബാബിലോൺ നഗരത്തെയും സൂചിപ്പിക്കുന്നു. ഏറെക്ക് എന്നത് ബാബിലോണിൽ, യൂഫ്രട്ടീസ് നദീതീരത്തു സ്ഥിതി ചെയ്തിരുന്ന ഉരുക്ക് (Uruk) പട്ടണമാണ്. അഷൂർ അസ്സീറിയായും നിനെവേ അതിന്റെ തലസ്ഥാനവുമാണ്. ഇവയും പേരെടുത്തു പറയുന്ന മറ്റു നഗരങ്ങളും എല്ലാം ഒരാൾ തന്നെ സ്ഥാപിച്ചതല്ല. അതിനാൽ അനേകം വീരപുരുഷന്മാരുടെ ചെയ്തികൾ സംയോജിപ്പിച്ച് രൂപം കൊടുത്ത ഒരു ഇതിഹാസപുരുഷനായി നിമ്രോദിനെ കാണാനാണ് അധികം പേരും താല്പര്യപ്പെടുന്നത്. നോഹയുടെ ശപിക്കപ്പെട്ട മകനായ ഹാമിന്റെ സന്തതികളിൽ ഒരുവനാണ് നിമ്രോദ് എന്നതും ശ്രദ്ധേയമത്രെ.

13–14 വാക്യങ്ങളിലെ മിസ്രായീമിന്റെ മക്കളിൽ ലഹാബിം ലിബിയായും കഫ്ത്തോറിം ക്റേത്തെയും ആണെന്നു കരുതപ്പെടുന്നു. ബാക്കി പേരുകൾ ആരെ സൂചിപ്പിക്കുന്നു എന്നു വ്യക്തമല്ല. 15–19 വാക്യങ്ങളിൽ കാനാന്റെ സന്തതി പരമ്പരയായി അവതരിപ്പിക്കുന്നവർ കാനാൻ ദേശത്തു വസിച്ചിരുന്ന ജനതകളാണ്. 20-ാം വാക്യം യാഫെത്തിന്റെ വംശാവലിയുടെ ഉപസംഹാരമാണ്. ഇതു പുരോഹിത രചനയുടെ ഭാഗവുമാണ്.

## 21–31 ഷേമിന്റെ പുത്രൻമാർ (P & J)

ഈ പട്ടികയിൽ 22–23 വാക്യങ്ങൾ മാത്രേ P യുടേതായുള്ളൂ. മെസോപ്പൊട്ടാമിയായിലും അറേബിയായിലും വസിക്കുന്ന ജനതകളാണ് ഷേമിന്റെ സന്തതികൾ. ഇവർ സെമിറ്റിക് വംശജർ എന്ന് അറിയപ്പെടുന്നു. ഏലാം, അഷൂർ (അസീറിയാ), ആരാം (അരമായർ) എന്നിവർ ബൈബിളിൽ സുപരിചിതരാണ്.

21, 24–30 വാക്യങ്ങൾ J യുടേതാണ്. ഷേമിനെ ഏബെറിന്റെ

പൂർവ്വികനായി ചിത്രീകരിച്ചുകൊണ്ടാണ് പട്ടിക ആരംഭിക്കുന്നത്. ഏബെർ എന്ന പേരിൽ നിന്നാണഅ ഹെബ്രായർ എന്ന പേരുണ്ടായത്. 24-25 വാക്യങ്ങളിലെ പേരുകൾ എല്ലാം വ്യക്തികളെ സൂചിപ്പിക്കുന്നവയാണ്. അർപ്പക്ഷാദ്, ഷേലാഹ്, ഏബെർ എന്നിവർ 11, 10-15ൽ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. 26-30 വാക്യങ്ങളിലെ പേരുകളിൽ അധികപങ്കും സ്ഥലപ്പേരുകളാണ്.

**വിചിന്തനം :** ഈ പട്ടികയിലെ അനേകം പേരുകളെ കുറിച്ച് ഇനിയും വ്യക്തത കൈവന്നിട്ടില്ലെങ്കിലും ഇതുവഴി നല്കുന്ന സന്ദേശത്തിന്റെ കാര്യത്തിൽ സംശയമില്ല. സൃഷ്ടിയുടെ അവസരത്തിൽ നൽകിയതും (1, 28) പ്രളയത്തിനു ശേഷം ആവർത്തിച്ചതും (9, 1) ആയ അനുഗ്രഹം പൂർത്തിയായിരിക്കുന്നു. ജനതകൾ ഭൂമിയിൽ നിറയുകയെന്നത് ദൈവികപദ്ധതിയുടെ ഭാഗമാണ്.

അനേകം ജനതകളിൽ ഒന്നു മാത്രമായിട്ടാണ് ഹെബ്രായർ പ്രത്യക്ഷപ്പെടുന്നത്. എല്ലാ ജനതകളെയും ദൈവം കാത്തു പരിപാലിക്കുന്നു. ഇസ്രായേൽ ജനതയെ പ്രത്യേകമായി തിരഞ്ഞെടുത്തെങ്കിൽ അത് അവരുടെ എന്തെങ്കിലും മഹത്വമോ മേന്മയോ പരിഗണിച്ചല്ല, ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ഒന്നുകൊണ്ടുമാത്രമാണ്. തിരഞ്ഞെടുപ്പ് ഒരു പ്രത്യേക ദൗത്യം ഉൾക്കൊള്ളുന്നുണ്ട് എന്നു ക്രമേണ വ്യക്തമാകും.

ദൈവത്തിന്റെ മുമ്പിൽ എല്ലാ ജനതകളും തുല്യരാണ്. തങ്ങൾ മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവരാണെന്ന് അഹങ്കരിക്കാനോ ആരെയെങ്കിലും താഴ്ന്നവരായി പരിഗണിക്കാനോ ദൈവം ആരെയും അനുവദിക്കുന്നില്ല. എല്ലാ ജനതകൾക്കും വളർന്നു വികസിക്കാൻ ആവശ്യമായതെല്ലാം ദൈവം പ്രദാനം ചെയ്യുന്നു. ആവശ്യത്തിലധികം ഭൂമി കൈയടക്കി വച്ച് അനകരെ ഭൂരഹിതരാക്കുന്നത്, വ്യക്തികളായാലും രാഷ്ട്രങ്ങളായാലും ദൈവിക പദ്ധതിക്കു വിരുദ്ധമാണ്.

## 3. ശിഥിലീകരണം 11, 1-9 (J)

പുരോഹിത രചയിതാവ് പത്താം അധ്യായത്തിൽ വംശാവലിപ്പട്ടികയിലൂടെ അവതരിപ്പിച്ച അതേ കാര്യം യാഹ്വിസ്റ്റ് ഒരു കഥാരൂപത്തിൽ അവതരിപ്പിക്കുന്നു. ഒരേ മാതാപിതാക്കളിൽ നിന്നുദ്ഭ





വിച്ച മനുഷ്യർ എന്തുകൊണ്ട് പരസ്പരം മനസ്സിലാക്കാൻ കഴിയാത്തവിധം വ്യത്യസ്തമായ ഭാഷകൾ സംസാരിക്കുകയും പരസ്പരം കലഹിക്കുകയും ചിന്നിച്ചിതറിപ്പോവുകയും ചെയ്യുന്നു എന്നതിന്റെ വിശദീകരണമാണ് ബാബേൽ ഗോപുരത്തിന്റെ കഥയിലൂടെ നല്കുന്നത്.

പാപത്തിന്റെയും ശിക്ഷയുടെയും കഥയാണ് ബാബേലിന്റെ കഥ. യാഹ്വിസ്റ്റ് രചനയിൽ ആദിചരിത്രത്തിന്റെ ഉപസംഹാരമാണിത്. പറുദീസായിൽവച്ച് ദൈവത്തിൽ നിന്നകന്ന മനുഷ്യർ പരസ്പരം അകന്നു ചിതറിപ്പോകുന്നതിന്റെ ചിത്രമാണിവിടെ അവതരിപ്പിക്കുന്നത്. ഭാഷാവൈവിധ്യവും വിവിധ ദേശങ്ങളിലുള്ള വാസവും മനുഷ്യന് സ്വഭാവികവും നല്ലതുമായി 10-ാം അധ്യായത്തിൽ പുരോഹിതരചയിതാവ് ചിത്രീകരിച്ചു. ആ ചിത്രത്തിന്റെ മറുവശം അവതരിപ്പിക്കുന്ന യാഹ്വിസ്റ്റാകട്ടെ, ഇതിനെ ഒരു ശിക്ഷയായി കാണുന്നു.

മനുഷ്യവർഗ്ഗം മുഴുവൻ ഒരേ ഭാഷ സംസാരിച്ച്, ഒറ്റ സമൂഹമായി കഴിയുന്ന ചിത്രമാണ് ആമുഖമായി (11, 1) അവതരിപ്പിക്കുന്നത്. ഉപസംഹാരത്തിലാവട്ടെ (11, 9) അവർ പരസ്പരം മനസ്സിലാക്കാനാവാതെ ചിരഥിപ്പോകുന്നതായി ചിത്രീകരിക്കുന്നു. ഇവയ്ക്കു മധ്യേ മനുഷ്യന്റെ പ്രവൃത്തിയും (11, 2-4) അതിനോടുള്ള ദൈവത്തിന്റെ പ്രതികരണവും (11, 5-8) വിവരിക്കുന്നു.

**ആമുഖം 11, 1.** ഇതുവരെ പറഞ്ഞുവച്ചതുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിലാണ് വിവരണം ആരംഭിക്കുന്നത്. കിഴക്കുനിന്നും വന്നവർ ആരെന്നോ അവർ എവിടെ നിന്നു വന്നെന്നോ വ്യക്തമാക്കുന്നില്ല. വിവിധ ഭാഷകളുടെ ഉദ്ഭവത്തെക്കുറിച്ചു പ്രചാരത്തിലിരുന്ന ഒരു കഥ വി. ഗ്രന്ഥകാരൻ തന്റേതായ കാഴ്ച്ചപ്പാടിൽ പുനരാഖ്യാനം ചെയ്യുകയാണെന്നു പൊതുവെ കരുതപ്പെടുന്നു. ഷീനാർ ദേശം ബാബിലോണിനെയാണ് സൂചിപ്പിക്കുന്നത്.

**നഗരനിർമ്മാണം 11, 2-4** പലസ്തീനായിൽ കെട്ടിടനിർമ്മാണത്തിന്, കല്ലും കുമ്മായവുമാണ് ഉപയോഗിച്ചിരുന്നത്. മെസൊപ്പൊട്ടാമിയായിലാകട്ടെ ചുട്ടെടുത്ത ഇഷ്ടികയും കളിമണ്ണും ഉപയോഗിച്ചിരുന്നു. പട്ടണവും ഗോപുരവും നിർമ്മിക്കുന്നതിന് രണ്ടു ലക്ഷ്യ

ങ്ങളാണ് അവരെ പ്രേരിപ്പിക്കുന്നത്. 1. പ്രശസ്തി നില നിർത്തുക. 2. ചിതറിപ്പോകാതെ ഒരുമിച്ച് നില്ക്കുക. നഗരം ഐക്യത്തിനും ഗോപുരം പ്രശക്തിക്കും വേണ്ടിയാണ്.

ആകാശം മുട്ടുന്ന ഗോപുരം പണിയുന്നത് ദൈവതുല്യനാകാനുള്ള മനുഷ്യന്റെ ശ്രമത്തെയാണ് സൂചിപ്പിക്കുന്നത്. പ്രപഞ്ചഘടനയെക്കുറിച്ച് പ്രാചീനരുടെ ഇടയിൽ നിലവിലിരുന്നതും ഉൽപത്തിന്നാം അധ്യായത്തിൽ കണ്ടുതമായ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ ഇതു വ്യക്തമാകും. ഭൂമിക്കു മുകളിൽ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശത്തിനു മുകളിലാണ് ദൈവത്തിന്റെ ഭവനം. ആകാശം മുട്ടുന്ന ഗോപുരം പണിയുന്നവർ ദൈവത്തോടളം ഉയരാൻ ശ്രമിക്കുന്നു. ദൈവത്തെ നിഷേധിക്കുന്ന അഹങ്കാരത്തിന്റെ നഗ്നമായ പ്രകടനമാണിത്.

ബാബിലോണിനെക്കുറിച്ച് ഏശയ്യാ പാടിയ ഹാസ്യഗാനത്തിൽ ഇതു വ്യക്തമാക്കുന്നുണ്ട്.

"ഉഷസിന്റെ പുത്രനായ പ്രഭാത നക്ഷത്രമേ,
നീ എങ്ങനെ ആകാശത്തു നിന്നു വീണു!
ജനതകളെ കീഴടക്കിയിരുന്ന നിന്നെ
എങ്ങനെ തറയിൽ വെട്ടി വീഴ്ത്തി!
നീ തന്നത്താൻ പറഞ്ഞു:
സ്വർഗ്ഗത്തിലേക്കു ഞാൻ കയറും.
ഉന്നതങ്ങളിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി
എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും.
ഉത്തരദിക്കിന്റെ അതിർത്തിയിൽ,
സമാഗമപർവ്വതത്തിനു മുകളിൽ ഞാനിരിക്കും.
ഉന്നതമായ മേഘങ്ങൾക്കു മീതെ ഞാൻ കയറും.
ഞാൻ അതുയന്നതനെപ്പോലെയാകും.
എന്നാൽ, നീ പാതാളത്തിന്റെ ആഗാധത്തിലേക്കു
തള്ളിയിടപ്പെട്ടിരിക്കുന്നു" (ഏശ 14, 12-15)

ചിതറിപ്പോകാതിരിക്കാൻ വേണ്ടി നഗരം നിർമ്മിക്കുന്നവർ ഭൂമിയിൽ വീണ്ടും നിറയാൻ ദൈവം നല്കിയ കല്പനയെ ലംഘിക്കുന്നു എന്ന സൂചന വി. ഗ്രന്ഥകാരൻ നല്കുന്നുണ്ട്. ദൈവനിഷേധിയായ





മനുഷ്യന്റെ താൻപോരിമയെയും അഹങ്കാരത്തെയും വിളിച്ചറിയിക്കുന്ന ശാശ്വതസ്മാരകമായിട്ടാണ് വി. ഗ്രന്ഥകാരൻ വൻ നഗരങ്ങളെയും ഉന്നതഗോപുരങ്ങളെയും കാണുന്നത്.

മെസൊപ്പൊട്ടമിയായിൽ ക്ഷേത്രങ്ങളുടെ ഭാഗമായി ഉന്നതങ്ങളായ ഗോപുരങ്ങളുണ്ടായിരുന്നു. സുഗുറാത്ത് (Ziggurat) എന്ന പേരിലാണ് ഈ ഗോപുരങ്ങൾ അറിയപ്പെട്ടിരുന്നത്. ബാബിലോൺ നഗരത്തിലെ മർദൂക്ക് ദേവന്റെ ക്ഷേത്രത്തിന്റെ ഗോപുരത്തിന് ഏകദേശം മുന്നൂറടി ഉയരമുണ്ടായിരുന്നു. ഈ ഗോപുരത്തെ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം വി. ഗ്രന്ഥകാരൻ നഗരത്തിന്റെയും ഗോപുരത്തിന്റെയും കഥ രചിച്ചത്.

**ദൈവത്തിന്റെ പ്രതികരണം 11, 5-8:** യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ സ്വതസിദ്ധമായ ശൈലിയിൽ, തികച്ചും മാനുഷികമായ വിധത്തിലാണ് ദൈവത്തെക്കുറിച്ചു പരാമർശിക്കുന്നത്. "മനുഷ്യൻ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ ദൈവം ഇറങ്ങി വന്നു" എന്നു പറയുമ്പോൾ ദൈവദൃഷ്ടിയിൽ അവ എത്ര ചെറുതും നിസ്സാരവുമാണെന്ന് വ്യക്തമാക്കുന്നു (സങ്കീ 2, 4; 113, 6). മനുഷ്യന്റെ പ്രവൃത്തികളും ലക്ഷ്യങ്ങളും നേരിൽ കണ്ടു മനസ്സിലാക്കിയ ദൈവം തന്റെ കഴിവിനെയും സാധ്യതകളെയും അംഗീകരിക്കുന്നു. എന്നാൽ ഈ സാധ്യതകൾ നന്മയിലേക്കല്ല, നാശത്തിലേക്കായിരിക്കും നയിക്കുക.

സൃഷ്ടിയായ മനുഷ്യൻ പ്രകൃതിസഹജമായ തന്റെ പരിമിതികളെ മറികടന്ന്, ദൈവതുല്യനാകാൻ ശ്രമിക്കുന്നതിന്റെ ചിത്രീകരണം ആദ്യപാപത്തിൽ നാം കണ്ടു കഴിഞ്ഞു. ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിച്ച് അമർത്യനാകാതിരിക്കാൻ വേണ്ടി മനുഷ്യനെ പറുദീസായിൽ നിന്നു ബഹിഷ്ക്കരിച്ചതുപോലുള്ള ഒരു ശിക്ഷയാണ് ഇവിടെയും നല്കുന്നത്. "ചെയ്യാൻ ഒരുമ്പെടുക്കുന്നതൊന്നും അവർക്കിനി അസാധ്യമായിരിക്കുകയില്ല" എന്ന ആത്ഗതം മനുഷ്യർക്കു കൂടുതൽ തിന്മകൾ പ്രവർത്തിച്ച് സ്വന്തം നാശത്തിനു കാരണമാകാതിരിക്കാൻ വേണ്ടിയാണ് ദൈവം അവരെ ശിക്ഷിക്കുന്നത് എന്നു സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ ആത്മഗതത്തിലെ ബഹുവചനം ദൈവത്തിന്റെ ആലോചനയെ സൂചിപ്പിക്കുന്നതായി സൃഷ്ടിയുടെ ഒന്നാം വിവരണത്തിൽ നാം കണ്ടതാണ്. നഗരം കാണാൻ ഇറങ്ങിവന്ന ദൈവം

നഗരവും ഗോപുരവും നശിപ്പിക്കുകയല്ല, അവയുടെ നിർമ്മാണം പൂർത്തിയാക്കാൻ മനുഷ്യന് അസാധ്യമാക്കിത്തീർക്കുകയാണ് ചെയ്തത്. പരസ്പരം മനസ്സിലാക്കാൻ സാധിക്കാതെ വന്നവർ തങ്ങളുടെ പൊതുസംരംഭം ഉപേക്ഷിച്ച് നാനാദിക്കിലേക്കും ചിതറിപ്പോയി.

**ബാബേൽ 11, 9:** ബാബിലോൺ നഗരത്തെയാണ് ബാബേൽ എന്ന പേര് സൂചിപ്പിക്കുന്നത്. ദൈവം ഭാഷ ഭിന്നിപ്പിച്ചതുകൊണ്ട് നഗരത്തിന് ബാബേൽ എന്ന പേരുണ്ടായി എന്ന വിശദീകരണം മഹാനഗരമായ ബാബിലോണിനെ ശിഥിലീകരണത്തിന്റെ കേന്ദ്രമായി ചിത്രീകരിക്കുന്നു. ഐക്യം നിലനിർത്തി പ്രശസ്തി നേടാൻ ശ്രമിച്ചവർ ചിന്നിച്ചതറി പരസ്പരം അകന്നുപോകുന്നതിന്റെ ചിത്രത്തോടെയാണ് യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ ആദിചരിത്രം അവസാനിപ്പിക്കുന്നത്.

പാപത്തിന്റെയും ശിക്ഷയുടെയും മൂന്നു കഥകൾ ഇതിനു മുമ്പേ യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ അവതരിപ്പിച്ചു. അവിടെയെല്ലാം ദൈവം ശിക്ഷ ലഘൂകരിക്കുകയും സംരക്ഷണം വാഗ്ദാനം ചെയ്യുകയും ചെയ്തു. പറുദീസായിൽ നിന്നു പുറത്താക്കിയ ആദത്തിനും ഹവ്വായ്ക്കും ദൈവം തന്നെ ഉടയാട ഉണ്ടാക്കി കൊടുത്തു. കാണുന്നവരെല്ലാം കൊല്ലാതിരിക്കാൻ വേണ്ടി കായേന്റെ നെറ്റിയിൽ അടയാളം പതിച്ചു. ജലപ്രളയത്തിൽ നോഹയെയും കുടുംബത്തെയും രക്ഷിച്ചു. എന്നാൽ ഇവിടെ അപ്രകാരമുള്ള യാതൊരു സംരക്ഷണവും നല്കുന്നില്ല. സ്രഷ്ടാവ് തന്റെ സൃഷ്ടിയായ മനുഷ്യനെ ചിതറിത്തകർത്ത് നശിച്ചുപോകാൻ അനുവദിക്കുകയാണോ? സ്വന്തം ശക്തിയാൽ മാത്രം ഈ നാശത്തിൽ നിന്നു രക്ഷപ്പെടാൻ സാധിക്കാത്തവിധം മനുഷ്യൻ പാപത്തിന് അടമയായിത്തീർന്നിർകകുന്നു എന്നു വ്യക്തമാക്കുന്നതാണ് ഈ ചിത്രീകരണം. എന്നാൽ മണ്ണിൽ നിന്നു മെനഞ്ഞെടുത്ത്, തന്റെ ശ്വാസത്താൽ ജീവനുള്ളതാക്കിത്തീർത്ത മനുഷ്യനെ ദൈവം നാശത്തിനു കൈവിടുകയില്ല എന്ന് അബ്രാഹത്തിന്റെ വിളിയിലൂടെ ഉറപ്പു നല്കുന്നു. ചിതറിത്തകരുന്ന മനുഷ്യവർഗ്ഗത്തിൽ നിന്ന് ഒരു വ്യക്തിയെ പ്രത്യേകമായി തിരഞ്ഞെടുത്തതോടെ രക്ഷാചരിത്രം ആരംഭിക്കുകയായി. ആദിചരിത്രവും





രക്ഷാചരിത്രവും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് തേരായുടെ മകനായ അബ്രാഹം.

നഗരം നിർമ്മിച്ചവർ ദൈവത്തെ കൂടാതെ സ്വന്തം പ്രശക്തി നിലനിർത്താൻ ശ്രമിച്ചു പരാജയപ്പെട്ടു. എന്നാൽ ദൈവം തന്നെ അബ്രാഹത്തിന്റെ സന്തതികളിലൂടെ ലോകജനതകളെ മുഴുവൻ ഒന്നിപ്പിക്കും (ഉൽപ. 12, 2-3). ബാബേലിൽ നിന്ന് ചിതറിപ്പോയ മനുഷ്യസമൂഹത്തെ യേശുക്രിസ്തുവാണ് ഒരുമിച്ചു കൂട്ടുന്നത് (യോഹ. 11, 52). പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ് വിവിധ ഭാഷകൾ സംസാരിക്കുന്ന മനുഷ്യർക്ക് പരസ്പരം മനസ്സിലാകത്തക്കവിധം ഭാഷയുടെ ഭിന്നിപ്പു പരിഹരിക്കപ്പെട്ടത് (അപ്പ 2, 5-11).

**വിചിന്തനം** : അഹങ്കാരത്തിന്റെയും തന്മൂലമുണ്ടാകുന്ന നാശത്തിന്റെയും പ്രതീകമാണ് ബാബേൽഗോപുരം. നഗരവും ഗോപുരവും നിർമ്മിക്കാനുള്ള ശ്രമം തന്നെ വലിയൊരു സാമ്രാജ്യസ്ഥാപനത്തിനുള്ള ത്വരയെ പ്രകടമാക്കുന്നു. മനുഷ്യർ ഒത്തൊരുമിച്ചു നടത്തുന്ന ഈ ശ്രമം വലിയൊരു യുദ്ധത്തിനുള്ള സന്നാഹങ്ങൾ ഒരുക്കുന്നതാവാം. ഇപ്രകാരമുള്ള യുദ്ധസന്നാഹങ്ങളും സാമ്രാജ്യത്വമോഹങ്ങളും ചരിത്രത്തിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വന്തം പ്രശസ്തി മാത്രം തേടുന്നവർ കിടമത്സരത്തിനും കലഹങ്ങൾക്കും, യുദ്ധങ്ങൾക്കും, അവസാനം സമൂലനാശത്തിനും കാരണമാകുന്നു. ഏറ്റം വലിയവനാകാൻ ശ്രമിക്കുന്നവർക്ക് മറ്റുള്ളവരെ മനസ്സിലാക്കാനോ അംഗീകരിക്കാനോ സാധിക്കാതെ പോകുന്നു. വ്യക്തികളും കുടുംബങ്ങളും, രാഷ്ട്രങ്ങളും തമ്മിൽ ഉണ്ടാകുന്ന മിക്ക കലഹങ്ങളുടെയും അടിസ്ഥാന കാരണം ഈ അഹങ്കാരമല്ലേ?

ബാബേൽ നഗരവും ഗോപുരവും ഇന്നും വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മറ്റുള്ളവരെക്കാൾ വലിയവരാണ് തങ്ങൾ എന്നു കാണിക്കാൻ വേണ്ടി മണിമാളികകൾ നിർമ്മിക്കുന്നവർ മുതൽ ലോകം മുഴുവൻ അടക്കി ഭരിക്കാൻ ശ്രമിക്കുന്ന സാമ്രാജ്യശക്തികൾവരെ ബാബേൽ ഗോപുരത്തിന്റെ ഉദാഹരണങ്ങളാണ്. സ്വന്തം പ്രശസ്തിക്കുവേണ്ടി സ്രമിക്കുന്നവർ ആത്യന്തികമായി ദൈവത്തോടു തന്നെയാണ് മത്സരിക്കുന്നത്. അത്യുന്നതൻ ഒരുവൻ മാത്രമേയുള്ളൂ. അവനു തുല്യനാകാൻ ആർക്കും സാധിക്കുകയില്ല. അവൻ

നല്കുന്ന അംഗീകാരവും പ്രശസ്തിയും മാത്രമേ വിലപ്പെട്ടതായു ള്ളൂ.

ദൈവനിഷേധികളായ മനുഷ്യരെ ചിതറിക്കുന്നത് പാപത്തിന്റെ ഭാരം പേറുന്ന മനുഷ്യനെ മരിക്കാൻ അനുവദിക്കുന്നതിനു സമാന മായൊരു പ്രവൃത്തിയാണ്. പ്രത്യക്ഷത്തിൽ ഇതു ശിക്ഷയായി തോന്നാമെങ്കിലും മനുഷ്യനെ രക്ഷയിലേക്കു നയിക്കാൻ ദൈവം ഉപ യോഗിക്കുന്ന മാർഗ്ഗമാണിത്.

## 4. ഷേം മുതൽ അബ്രാഹം വരെ 11, 10-32 (P)

ആദിചരിത്രത്തിന്റെ അന്ത്യം കുറിക്കുന്ന ഈ വംശാവലി മുഖ്യ മായും പുരോഹിത രചനയുടെ ഭാഗമാണ്. 28-30 വാക്യങ്ങൾ യാഹ് വിസ്റ്റിന്റേതായി കരുതപ്പെടുന്നു. അഞ്ചാം അധ്യായത്തിൽ കണ്ട വംശാവലി പട്ടികയോട് ഇതിന് അടുത്ത ബന്ധവും സാമ്യവുമുണ്ട്. ആദാമിൽ തുടങ്ങിയ ആദ്യപട്ടിക നോഹയുടെ മൂന്നു മക്കളിൽ ചെന്ന വസാനിച്ചു. അവരിൽ ഒരാളായ ഷേമിൽ തുടങ്ങുന്ന ഈ പട്ടിക തേരാഹിന്റെ മൂന്നു മക്കളിൽ ചെന്നവസാനിക്കുന്നു. രണ്ടു പട്ടിക യിലും പത്തു തലമുറകൾ വീതമുണ്ട്. അവതരണരീതിയിലും രണ്ടു പട്ടികകൾ തമ്മിൽ സാമ്യമുണ്ട്. പൂർവ്വപിതാവിന്റെ പേര്, ആദ്യപു ത്രൻ ജനിക്കുമ്പോൾ പിതാവിന്റെ പ്രായം, അതിനുശേഷം പിതാവ് ജീവിച്ചിരുന്ന വർഷങ്ങൾ-ഇത്രയും കാര്യങ്ങൾ രണ്ടു പട്ടികയിലുമു ണ്ട്. പൂർവ്വപിതാവിന്റെ ആയുർദൈർഘ്യം മാത്രം രണ്ടാമത്തെ പട്ടി കയിൽ കാണുന്നില്ല.

പത്താം അധ്യായത്തിലെ വംശാവലിയിൽ നിന്ന് ഇതിനു വലിയ വ്യത്യാസമുണ്ട്. ലോകജനതകളുടെ ഉദ്ഭവത്തെ വിവരിക്കു കയായിരുന്നു പത്താം അധ്യായത്തിൽ ചെയ്തത്. ഇവിടെയാകട്ടെ തലമുറകളുടെ പിൻതുടർച്ചക്കു പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു പുത്രനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അബ്രാഹാമിന്റെ തിര ഞ്ഞെടുപ്പിൽ തുടങ്ങുന്ന രക്ഷാചരിത്രത്തിലേക്കു നയിക്കുന്നതാണ് ഈ വംശാവലി. ആദാം മുതൽ അബ്രാഹം വരെയുള്ള തലമുറക ളുടെ തുടർച്ച രണ്ടു വംശാവലി പട്ടികകളിലൂടെ അവതരിപ്പിച്ചുകൊണ്ട് ദൈവത്തിന്റെഎ അചഞ്ചലമായ സ്നേഹം മനുഷ്യന്റെ പാപത്തെക്കാൾ





ശക്തമാണെന്ന് വി. ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നു. ആദിചരി ത്രത്തെ രക്ഷാചരിത്രവുമായി ബന്ധിപ്പിക്കുന്നതാണ് ഈ വംശാവ ലി.

ഈ പട്ടികയിലുള്ള പിതാക്കന്മാരുടെ പ്രായം ആദ്യത്തേതി ലേതിനേക്കാൾ വളരെ കുറവാണെന്നു കാണാം. നോഹയുടെ മക നായ ഷേം 600 വർഷം ജീവിച്ചു. തേരായുടെ പിതാവായ നാഹോ റാകട്ടെ 148 വർഷം മാത്രമേ ജീവിച്ചുള്ളൂ. കാലം കഴിയുന്തോറും ആയുർദൈർഘ്യം കുറഞ്ഞു വരുന്നതായി ചിത്രീകരിക്കുന്നതിന്റെ കാരണം 5-ാം അധ്യായം വിശകലനം ചെയ്തപ്പോൾ നാം കണ്ടതാ ണ്. പിതാക്കന്മാരുടെ പ്രായം അക്ഷരാർത്ഥത്തിൽ എടുക്കുകയാ ണെങ്കിൽ 75-ാം വയസ്സിൽ അബ്രാഹം വിളിക്കപ്പെട്ടതിനു ശേഷം 35 വർഷം കൂടെ ഷേം ജീവിച്ചിരുന്നു എന്നു തോന്നും. എന്നാൽ വാച്യാർത്ഥത്തിലല്ല ഇതെടുക്കേണ്ടത് എന്നു നാം കണ്ടു കഴിഞ്ഞു.

അർപക്ഷാദ് മുതൽ നാഹോർ വരെയുള്ള പിതാക്കന്മാർക്ക് മക്കൾ ജനിക്കുന്ന പ്രായം 35നും 29നും മധ്യേയാണ്. നൂറു കഴിഞ്ഞ അബ്രാഹാമിനു പുത്രൻ ജനിച്ചത് ദൈവത്തിന്റെ അനുഗ്രഹത്താൽ ലഭിച്ച പ്രത്യേക ദാനമാണെന്ന് എടുത്തു കാണിക്കാൻ ഇതു സഹാ യിക്കുന്നു. ''നൂറു വയസു തികഞ്ഞവനു കുഞ്ഞു ജനിക്കുമോ?'' (ഉൽപ. 17, 17) എന്ന അബ്രാഹാമിന്റെ ചോദ്യത്തിൽ നിന്ന് ഇതു മന സ്സിലാക്കാം.

ഈ വംശാവലിയിൽ എടുത്തു പറയുന്ന പല പേരുകളും (സെരൂഗ്, നാഹോർ, തേരാഹ്, ഹാരാൻ) മെസൊപ്പോട്ടാമിയായുടെ വടക്കുപടിഞ്ഞാറ്, ഇന്നത്തെ ടർക്കിയിലും സിറിയായിലുമുള്ള ഗ്രാമ ങ്ങളാണ്. അധിവസിക്കുന്ന സ്ഥലത്തിന്റെ പേരിൽ വ്യക്തികൾ അറി യപ്പെടുക എന്നതു നമുക്കു പരിചിതമാണല്ലോ. ഇസ്രായേലിന്റെ തിരഞ്ഞെടുപ്പും രക്ഷാചരിത്രത്തിലുള്ള പ്രത്യേക സ്ഥാനവും എടുത്തു പറയുമ്പോഴും അവർക്കു മറ്റു ജനതകളുമായുള്ള ബന്ധം എടുത്തു കാണിക്കാൻ വി. ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നു ണ്ട്.

10-16 വാക്യങ്ങളിൽ ഷേം മുതൽ അബ്രാഹം വരെയുള്ള വംശാവലി പൂർത്തിയാകുന്നു. 27-ാം വാക്യത്തിൽ ''തേരാഹിന്റെ

പിൻമുറക്കാർ'' എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് വംശാവലി എന്നർത്ഥമുള്ള തൊളേദോത്ത് (Toledot) എന്ന ഹീബ്രു പദം തന്നെ യാണ്. ഒരു പുതിയ പട്ടിക ഇവിടെ ആരംഭിക്കുന്നു എന്ന സൂചന യാണ് ഇതിലൂടെ ലഭിക്കുന്നത്. ആദിചരിത്രത്തിൽ നിന്ന് പൂർവ്വപി താക്കന്മാരുടെ ചരിത്രത്തിലേക്കു കടക്കുന്നതിന്റെ സൂചനയാണിത്. തുടർന്നുള്ള വാക്യങ്ങൾ പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ ആമു ഖമാണ്.

28-30 വാക്യങ്ങൾ യാഹ്‌വിസ്റ്റ് രചനയുടെ ഭാഗമാണ്. ''ഹാരാൻ'' ജന്മനാടായ കൽദായരുടെ ഊറിൽ വച്ചു മരിച്ചു'' എന്നു പറയുന്നതിലൂടെ പൂർവ്വപിതാക്കന്മാരുടെ ജന്മദേശം ഏതാണെന്ന് വ്യക്തമാക്കുന്നു. ബാബിലോണിൽ (ഇന്നത്തെ ഇറാക്കിൽ) യൂഫ്രെ ട്ടീസ് നദീതീരത്തുണ്ടായിരുന്ന ഒരു പുരാതന നഗരമാണ് ഊർ.

തേരാഹിന്റെ ആദ്യപുത്രനായ അബ്രാം. അബ് (പിതാവ്), റാം (ഉന്നതൻ, മഹത്വമുള്ളവൻ) എന്ന രണ്ടു പദങ്ങൾ ചേർന്നതാണ് അബ്റാം എന്ന പേര്. ''ഉന്നതനായ പിതാവ്'' എന്നോ ''പിതാവ് ഉന്ന തൻ'' എന്നോ ആണ് ഈ പേരിന്റെ അർത്ഥം. എന്റെ പിതാവ് ഉന്ന തനാണ് എന്നർത്ഥമുള്ള ''അബിറാം'' എന്നതിന്റെ ഹ്രസ്വരൂപമാണ് അബ്രാം എന്നും കരുതുന്നവരുമുണ്ട്.

സാറായി എന്ന പേരിന് രാജകുമാരി എന്നാണ് അർത്ഥം. മിൽക്കായുടെ അർത്ഥം രാജ്ഞി എന്നും. ഈ രണ്ടു പേരുകളും സിൻ എന്ന പേരിൽ അറിയപ്പെട്ടരുന്ന ചന്ദ്രദേവനെ ആരാധിച്ചിരുന്ന വർ ഉപയോഗിച്ചിരുന്ന സ്ഥാനപ്പേരുകളാണ്. ഊറിൽ വസിച്ചിരുന്ന വർ ചന്ദ്രാരാധകരായിരുന്നു. തന്റെ സഹോദരനായ ഹാരാന്റെ മകൾ മിൽക്കായെ നാഹോർ വിവാഹം ചെയ്തത് അന്നത്തെ നാട്ടുനടപ്പനു സരിച്ചായിരുന്നു. ''സാറായി വന്ധ്യയായിരുന്നു. അവൾക്ക് മക്കളു ണ്ടായില്ല'' എന്ന പരാമർശം തുടർന്നു വരാൻ പോകുന്ന വാഗ്ദാന ത്തിന്റെ വിവരണത്തിലേക്ക് ഒരു സൂചന നല്കുന്നു.

31-32 വാക്യങ്ങൾ P യുടേതാണ്. ഇവിടെ വംശാവലിയിൽ നിന്ന് വിവരണത്തിലേക്ക് കടക്കുന്നു. അതൊരു യാത്രയുടെ വിവര ണമാണ്, ഒരു പുറപ്പാടിന്റെ ചരിത്രവും. ഊറിൽ നിന്നു യാത്രപുറ പ്പെട്ട തേരാഹ് ഹാരാനിൽ വാസമുറപ്പിച്ചു. മെസൊപ്പൊട്ടോമിയാ





യുടെ വടക്കുള്ള നഗരമായിരുന്ന ഹാരാൻ ഒരു പുരാതന വ്യാപാര കേന്ദ്രമായിരുന്നു. ഊറും ഹാരാനും തമ്മിൽ വ്യാപാരബന്ധങ്ങൾ നിലനിന്നു. ഹാരാനിൽ ഉള്ളവരും സിൻ എന്ന ചന്ദ്രദേവനെ ആരാ ധിക്കുന്നവരായിരുന്നു.

കാനാൻ ദേശം ലക്ഷ്യമാക്കി യാത്ര തിരിച്ച തേരാഹ് എന്തു കൊണ്ട് ഹാരാനിൽ വാസമുറപ്പിച്ചു എന്നു വ്യക്തമല്ല. അബ്രാം ലോത്ത്, സാറായി എന്നീ മൂന്നു പേരുകളും എടുത്തു പറയുന്നത് തുടർന്നു വരാൻ പോകുന്ന വിവരണത്തിലേക്കുള്ള സൂചനയാണ്. ഷേമിന്റെ വംശാവലിപ്പട്ടികയിൽ ഒരാളുടേയും ആയുർദൈർഘ്യം രേഖപ്പെടുത്താത്ത വിശുദ്ധ ഗ്രന്ഥകാരൻ തേരാഹിന്റെ പ്രായം എടുത്തു പറയന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. 70-ാം വയസ്സി ലാണ് തേരാഹിന് അബ്രാം ജനിച്ചത്. കർത്താവിന്റെ വിളികേട്ട് അബ്രാം ഹാരാനിൽ നിന്ന് യാത്ര തിരിക്കുന്നത് 75-ാം വയസ്സിലാണ്. അബ്രാം പുറപ്പെട്ടതിനുശേഷം തേരാഹ് 60 വർഷം കൂടി ജീവിച്ചിരു ന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ജീവിച്ചിരിക്കുന്ന പിതാവിനെ ഉപേക്ഷിച്ചാണ് അബ്രാം പുറപ്പെട്ടത് എന്ന സൂചന നല്കാൻ വേണ്ടി യായിരിക്കും തേരാഹിന്റെ പ്രായം എടുത്തു പറയുന്നത്. തേരാ ഹിന്റെ മരണത്തോടെ ആദിചരിത്രം അവസാനിച്ചു. രക്ഷാചരിത്ര ത്തിനുള്ള ഒരുക്കം പൂർത്തിയായി.

**വിചിന്തനം :** മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. അതു നാശത്തിലേക്കു നയി ക്കുന്നതല്ല, രക്ഷയിലേക്കു നയിക്കുന്ന പദ്ധതിയാണ് (ജറെ 29, 11). മനുഷ്യന്റെ പരാജയങ്ങളും പാപങ്ങളും ഈ പദ്ധതിയെ പരാജയപ്പെ ടുത്തുവാൻ ദൈവം അനുവദിക്കുന്നില്ല. സൃഷ്ടികർമ്മത്തിന്റെ ആരം ഭത്തിൽ വിഭാവനം ചെയ്തതും സൃഷ്ടികളെ അനുഗ്രഹിച്ചുകൊണ്ട് പ്രകടിപ്പിച്ചതുമായ ഈ പദ്ധതിയുടെ സാക്ഷാൽക്കാരമാണ് ഇടമുറി യാത്ത തലമുറകളുടെ പിൻതുടർച്ചയിലൂടെ വി. ഗ്രന്ഥകാരൻ അവ തരിപ്പിക്കുന്നത്.

ലോകജനതകളുടെ മധ്യത്തിൽ നിന്ന് ഒരു പ്രത്യേക വ്യക്തി യിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ട് മറ്റു ജനതകളെല്ലാം പുറ ന്തള്ളപ്പെട്ടുവെന്ന് അർത്ഥമാക്കുന്നില്ല. ഒരു വ്യക്തിയിലൂടെ മനുഷ്യ

വർഗ്ഗത്തെ മുഴുവൻ രക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഇതുവഴി ചെയ്യുന്നത്. അബ്രാഹം മുതൽ യേശുക്രിസ്തു വരെയുള്ള തലമുറകളുടെ പട്ടിക അവതരിപ്പിക്കുന്ന മത്തായിയുടെ സുവിശേഷവും, യേശുവിൽ തുടങ്ങി ആദാമിൽ ചെന്നു നില്ക്കുന്ന വംശാവലി രേഖപ്പെടുത്തിയിരിക്കുന്ന ലൂക്കായുടെ സുവിശേഷവും ഈ സത്യം ഊന്നിപ്പറയുന്നു.

### ചോദ്യങ്ങൾ

1. നോഹയുടെയും മൂന്നു പുത്രന്മാരുടെയും കഥയിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
2. ഹാം തെറ്റു ചെയ്തതിന് എന്തുകൊണ്ട് കാനാൻ ശപിക്കപ്പെടുന്നു?
3. ജനതകളുടെ ഉദ്ഭവം വിവരിക്കുന്ന വംശാവലിയുടെ ലക്ഷ്യമെന്ത്?
4. ദേശങ്ങളുടെയും നഗരങ്ങളുടെയും പേരുകൾ വേയക്തമകളുടെ പേരുകളായി അവതരിപ്പിക്കുന്നത് എന്തുകൊണ്ട്?
5. ബാബേലിന്റെ കഥയിലൂടെ അവതരിപ്പിക്കുന്ന പാപവും ശിക്ഷയും എന്ത്? ഇത് കായേന്റെ നാഗരികതയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
6. ലോകജനതകളിൽ നിന്ന് ഒരു പ്രത്യേക ജനതയിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്തിനു വേണ്ടി?
7. അബ്രാം, സാറായി, മിൽക്കാ എന്നീ പേരുകളുടെ അർത്ഥമെന്ത്?

### ചർച്ചയ്ക്ക്

1. മദ്യോൽപാദനവും മദ്യപാനവും കുടുംബജീവിതത്തെയും വ്യക്തിബന്ധങ്ങളെയും എപ്രകാരം ബാധിക്കുന്നു? നോഹയുടെയും പുത്രന്മാരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.
2. അഹങ്കാരികളെ ദൈവം ചിതറിക്കുന്നു. ബാബേൽ ഗോപുരത്തിന്റെ കഥയിലൂടെ വി. ഗ്രന്ഥം അവതരിപ്പിക്കുന്ന ഈ സത്യം ഇന്ന് എപ്രകാരമാണ് വ്യക്തികളുടെയും സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ജീവിതത്തിൽ പ്രസക്തമാകുന്നത്? ഉദാഹരണസഹിതം ചർച്ച ചെയ്യുക.

**പ്രാർത്ഥന :** അഹങ്കാരികളെ ശിക്ഷിക്കുകയും എളിയവരെ ഉയർത്തുകയും ചെയ്യുന്ന ദൈവത്തെ മറിയത്തിന്റെ സ്ത്രോത്രഗീതം (ലൂക്കാ 1, 46-55) ഉപയോഗിച്ച് സ്തുതിക്കുക.



# ഉപസംഹാരം

സകല ജനതകൾക്കും വേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയുടെ ചിത്രമാണ് ബൈബിൾ പ്രതിപാദിക്കുന്നത്. എന്നാൽ ബൈബിളിന്റെ ആദ്യഭാഗമായ പഴയ നിയമം ഒരു പ്രത്യേകജനതയുടെ ദൈവാനുഭവചരിത്രമായി പ്രത്യക്ഷപ്പെടുന്നു. വിശ്വാസികളുടെ പിതാവ് എന്ന പേരിൽ അറിയപ്പെടുന്ന അബ്രാഹത്തിന്റെ വിളിയോടെ തുടങ്ങുന്ന ഇസ്രായേൽ ചരിത്രത്തിനു മുമ്പുള്ള സുദീർഘമായ കാലഘട്ടത്തെ കുറിച്ചു പ്രതിപാദിക്കുന്ന ബൈബിൾ ഭാഗത്തെ ആദിചരിത്രം എന്നു വിളിക്കുന്നു. ഉൽപത്തി 1-11 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദി ചരിത്രം വിശദമായി ചർച്ച ചെയ്തു കഴിഞ്ഞു. ഇതുവരെ കണ്ട പ്രധാനപ്പെട്ട ആശയങ്ങൾ ചുരുക്കിപ്പറയാനാണ് ഈ ഉപസംഹാരത്തിൽ ശ്രമിക്കുന്നത്.

പ്രത്യക്ഷത്തിൽ വളരെ ലളിതമായി തോന്നുന്ന ആദി ചരിത്രത്തിന്റെ വിവരണം ദൈവത്തേയും പ്രപഞ്ചത്തേയും മനുഷ്യനേയും സംബന്ധിച്ച ആഗാധമായ സത്യങ്ങൾ വെളിപ്പെടുത്തുന്നു. ഒറ്റപ്പെട്ട വ്യക്തിക്ക് ഏതെങ്കിലും ഒരു പ്രത്യേക കാലയളവിൽ നല്കപ്പെട്ട വെളിപാടല്ല ഇത്. വിശ്വാസത്തിന്റെ അടിസ്ഥാനത്തെ സംബന്ധിച്ച് ഇസ്രായേൽ ജനത്തിന് നൂറ്റാണ്ടുകളിലൂടെ ലഭിച്ച ഉൾക്കാഴ്ചയാണ് ഈ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബി. സി. പത്താം നൂറ്റാണ്ടിൽ രചിക്കപ്പെട്ട യാഹ്‌വേ പാരമ്പര്യവും കൂട്ടി യോജിപ്പിച്ചതാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ആദിചരിത്ര വിവരണമെങ്കിലും, ആ പാരമ്പര്യങ്ങൾതന്നെ അവയ്ക്കു മുമ്പേ ലിഖിതവും വാചികവുമായി പ്രചാരത്തിലിരുന്ന പാരമ്പര്യങ്ങളെ ആസ്പദമാക്കിയാണ് എഴുതപ്പെട്ടത്. പൂർവ്വ പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും എന്നല്ല, ഇസ്രായേൽ ജനത്തിന്റഎ മുഴുവൻ ദൈവാനുഭവത്തിന്റെ സംഗ്രഹം ആദിചരിത്രത്തിൽ കാണാം. ഇസ്രായേൽ ജനത്തിന്റെ മാത്രമല്ല, മധ്യപൗരസ്ത്യ ദേശത്ത് ജീവിച്ചിരുന്ന പുരാതന ജനതകളുടെ ദൈവാനുഭവത്തിന്റെയും മതാത്മകചിന്തയുടെയും സ്വാധീനവും ഈ അദ്ധ്യായങ്ങളിൽ ദൃശ്യമാണ്.

പ്രൗഢഗംഭീരമായ കീർത്തനങ്ങളും ലളിതമായ വിവരണ ങ്ങളും ദീർഘമായ വംശാവലികളുമായി നമുക്കു ലഭിച്ചിരിക്കുന്ന ആദി ചരിത്രം സ്ഥലകാലങ്ങൾക്ക് അതീതവും സാർവ്വത്രിക സ്വഭാവമുള്ള തുമായ സത്യങ്ങൾ വെളിപ്പെടുത്തുന്നു. ആരാണ് ഈ ഞാൻ? ഞാൻ എവിടെനിന്നു വന്നു? ഈ പ്രപഞ്ചത്തിനു തന്നെ ആരംഭമുണ്ടോ? ഒരു ലക്ഷ്യമുണ്ടോ? വിവിധ ചാതികളും വർഗ്ഗങ്ങളും ഗോത്രങ്ങളും രാജ്യങ്ങളുമായി വ്യത്യസ്ത ഭാഷകൾ സംസാരിച്ച്, പരസ്പരം കല ഹിച്ചും ഭിന്നിച്ചും സ്നേഹിച്ചും യോജിച്ചും ജീവിക്കുന്ന മനുഷ്യർ തമ്മിലുള്ള ബന്ധമെന്ത്? മനുഷ്യന്റെ എല്ലാ പ്രയത്നങ്ങളും പ്രതീ ക്ഷകളും എന്തുകൊണ്ട് മരണത്തിൽ ചെന്ന് അവസാനിക്കുന്നു? എന്താണ് മനുഷ്യൻ അനുഭവിക്കുന്ന തിന്മകൾക്കെല്ലാം കാരണം? ജീവിതത്തിന്റെ അർത്ഥത്തേയും ലക്ഷ്യത്തേയും കുറിച്ച് മനുഷ്യമന സ്സിൽ എക്കാലവും ഉയരുന്ന ഇപ്രകാരമുള്ള നിരവധിയായ ചോദ്യ ങ്ങൾക്ക് ആദി ചരിത്രം ഉത്തരം നൽകുന്നുണ്ട്.

ആദിചരിത്രം വെളിപ്പെടുത്തുന്ന സുപ്രധാന സത്യങ്ങൾ ഇങ്ങനെ സമാഹരിക്കാം.

1. ആരംഭമില്ലാത്തവനും വചനത്താൽ സർവ്വും സൃഷ്ടിക്കു ന്നവനുമായ ദൈവം സർവ്വശക്തനാണ്. സൃഷ്ടപ്രപഞ്ചത്തിന് അതീ തനും, അതേസമയം സൃഷ്ടികളോട് അടുത്തു വസിക്കുന്നവനുമായ അവിടുന്ന് സൃഷ്ടിയുടെ നന്മയിൽ സന്തോഷിക്കുന്നു; മനുഷ്യന്റെ പാപത്തിൽ ദുഃഖിക്കുന്നു. സ്രഷ്ടാവും രക്ഷകനും പിതാവും വിധി യാളനുമാണ് ദൈവം. സൃഷ്ടിക്കുന്നവൻ തന്നെ ശിക്ഷിക്കുന്നു, ശിക്ഷിക്കുന്നവൻ തന്നെ രക്ഷിക്കുന്നു. ചിതറിക്കുന്നവൻ തന്നെ ഒരുമിച്ചു കൂട്ടുന്നു. മുറിവേൽപ്പിക്കുന്നവൻ തന്നെ സുഖപ്പെടുത്തു ന്നു.

2. പ്രപഞ്ചവും അവയിലുള്ള സമസ്തവും ദൈവം സൃഷിടി ച്ചതാണ്. സൃഷ്ടിക്കപ്പെടാത്തതായി യാതൊന്നുമിലവ്ല. ആകസ്മി കമായി യാതൊന്നും ഉദ്ഭവിക്കുന്നില്ല. ദൈവം സൃഷ്ടിച്ചതെല്ലാം നന്മയാണ്. ദൈവത്തിന്റെ തന്നെ നന്മ ഓരോ സൃഷ്ടിയുലം പ്രതി ഫലിക്കുന്നു.

3. വ്യക്തമായ ഒരു ലക്ഷ്യത്തോടെയാണ് ദൈവം പ്രപഞ്ചത്തെ





സൃഷ്ടിച്ചത്. ഏറ്റവും ചെറിയ പരമാണുവിനും ഏറ്റം വലിയ ആകാശഗോളത്തിനും ദൈവിക പദ്ധതിയിൽ സ്ഥാനമുണ്ട്. ഏറ്റം ലളതിമായ ഏകകോശ ജീവിക്കും ഏറ്റം സങ്കീർണ്ണ ജീവിയായ മനു ഷ്യനും അവരുടേതായ ദൗത്യവും ലക്ഷ്യവും ദൈവം നിശ്ചയിച്ചിട്ടു ണ്ട്.

4. പ്രപഞ്ചവും അതിലെ ജീവജാലങ്ങളും പൊടുന്നനേ ഒരു മിച്ചുണ്ടായതല്ല. ദൈവനിശ്ചിതമായ ക്രമപ്രകാരം പടിപടിയായിട്ടാണ് ഓരോന്നും സൃഷ്ടിക്കപ്പെട്ടത്. ദൃശ്യപ്രപഞ്ചത്തിലെ ഏറ്റം ഒടുവി ലത്തെ സൃഷ്ടിയാണ് മനുഷ്യൻ.

5. സൃഷ്ടിയുടെ മകുടവും പ്രപഞ്ചത്തിന്റെ അധിപനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിന്റെ മുഖച്ഛായ വഹിക്കുന്നു. ദൈവത്തേയും അവിടുത്തെ ഹിതത്തേയും അറിയാൻ കഴിയുന്ന സൃഷ്ടിയാണ് മനുഷ്യൻ. ദൈവത്തോടുള്ള ഈ പ്രത്യേകബന്ധ മാണ് മനുഷ്യമഹത്വത്തിന്റെ നിദാനം. അതേ സമയം മനുഷ്യൻ പ്രപ ഞ്ചത്തിന്റെ തന്നെ ഭാഗമാണ്. മണ്ണിൽ നിന്നെടുക്കപ്പെട്ടവനും ദൈശ്വാ സത്താൽ ജീവിക്കുന്നവനുമായ മനുഷ്യൻ പ്രപഞ്ചത്തിൽ ദൈവ ത്തിന്റഎ പ്രതിനിധിയായി വർത്തിക്കണം.

6. ദൈവ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സാമൂഹ്യ ജീവിയാണ്. പരസ്പരം സ്നേഹിച്ചും പങ്കുവെച്ചും പുതുജീവനു ജന്മം നൽകി വളർത്തിയും, ഒരു കുടുംബവും കൂട്ടായ്മയുമായി മനു ഷ്യൻ ജീവിക്കണം.

7. തങ്ങളുടെ നൈസർഗ്ഗിക വാസനയനുസരിച്ചു ജീവിക്കുന്ന ഇതര ജീവികളിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കാനും തീരുമാന മെടുക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യവും കഴിവുള്ളവനായി ട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ സ്വാതന്ത്ര്യം മനു ഷ്യമഹത്വത്തിന്റെ അടയാളമാണ്.

8. ദൈവഹിതത്തിനു സ്വയം വിധേയനാവുകയും അവിടുത്തെ പദ്ധതിയനുസരിച്ച് സ്വന്ത ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുന്നതിനു പകരം മനുഷ്യൻ ദൈവത്തോടു മറുതലിച്ച്, സ്വയം ദൈവമാകാൻ ശ്രമിച്ചു. ദൈവത്തെ ധിക്കരിക്കാനും നിഷേധിക്കാനുമുള്ള സ്വാത ന്ത്ര്യവും ദൈവം തന്നെയാണ് മനുഷ്യനു നൽകിയത്. എന്നാൽ

ദൈവനിഷേധം മനുഷ്യനെ ദൈവതുല്യനാക്കുകയല്ല, മറിച്ച് പാപത്തിനും തിന്മകൾക്കും അധീനനാക്കുകയാണ് ചെയ്തത്. മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടേയും അടിസ്ഥാന കാരണം സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ്.

9. ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യൻ പരസ്പരം അകലുന്നു. ദൈവത്തെ നിഷേധിക്കുന്നവൻ സഹോദരനെയും നിഷേധിക്കുന്നു. മനുഷ്യന്റെ അടിസ്ഥാന സ്വഭാവത്തെ വിവിധ വ്യക്തികളുടെ ചിത്രീകരണങ്ങളിലൂടെ ഇവിടെ അനാവരണം ചെയ്യുന്നു. ദൈവകൽപന ലംഘിച്ച ആദാമും, സഹോദരനെ വധിച്ച കായേനും, പ്രതികാരകീർത്തനമാലപിച്ച ലാമേക്കും, ദൈവനാമം വിളിച്ചപേക്ഷിച്ച ഏനോഷും, നീതിമാനായ നോഹയും, അഹങ്കാരികളായ ഗോപുരനിർമ്മാതാക്കളും മനുഷ്യസ്വഭാവത്തിന്റെ വിവിധ വശങ്ങളുടെ പ്രകാശനങ്ങളാണ്.

10. മനുഷ്യന്റെഎ പാപം മനുഷ്യനെത്തന്നെയാണ് ദ്രോഹിക്കുന്നത്. ഇത് ദൈവത്തെ വേദനിപ്പിക്കുന്നു. കാരണം പിതൃസഹജമായ വാൽസല്യത്തോടെ എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നവനാണ് ദൈവം. തെറ്റു ചെയ്യുന്ന മക്കളെ അവരുടെതന്നെ നന്മക്കുവേണ്ടി പിതാവ് ശിക്ഷിക്കുന്നുതപോലെ ദൈവം പാപിയെ ശിക്ഷിക്കുന്നു, പക്ഷേ നശിപ്പിക്കുന്നില്ല. ദൈവത്തിന്റെ ദുഃഖത്തേയും ക്രോധത്തേയും ശിക്ഷയേയും കുറിച്ച് വിവരിക്കുമ്പോൾ മാനുഷികമായ രീതിയിലാണ് വി. ഗ്രന്ഥകാരൻമാർ ദൈവത്തെക്കുറിച്ച് സംസാരിക്കുന്നത്.

11. തന്നെ ധിക്കരിച്ച് അകന്നു പോകുന്ന മനുഷ്യനെ ദൈവം കൈവിടുന്നില്ല. പാപത്തിന്റെ പേരിൽ ശിക്ഷിക്കുമ്പോഴും തന്റെ സ്നേഹവും പരിപാലനയും മനുഷ്യനിൽ നിന്ന് പിൻവലിയുന്നുമില്ല. പാപത്തിൽ നിന്നു മോചനവും തിന്മയുടെ മേൽ വിജയവും ദൈവം തന്നെ മനുഷ്യനു വാഗ്ദാനം ചെയ്തിട്ടുണ്ട്. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ നൽകിയ ഫലപുഷ്ടിയുടെ അനുഗ്രഹവും പിന്നീടു നൽകിയ വാഗ്ദാനങ്ങളും ദൈവം ഉടമ്പടികളഇലൂടെ ഉറപ്പിക്കുന്നു. മനുഷ്യൻ അവിശ്വസ്തത കാട്ടിയാലും ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരിക്കും. കാലത്തിന്റെ തികവിൽ ദൈവം മനുഷ്യനായി അവതരിച്ചുകൊണ്ടാണ് ഈ വാഗ്ദാനങ്ങൾ പൂർത്തിയാക്കിയത്.





12. പാപത്താൽ കലുഷിതവും മരണത്താൽ മുദ്രിതവുമാണ് മനുഷ്യപ്രകൃതിയെങ്കിലും മനുഷ്യന് തന്റെ ബുദ്ധിയും ശക്തിയുമുപയോഗിച്ച് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. മനുഷ്യർ ഭൂമിയിൽ നിറയുന്നതും പ്രപഞ്ചരഹസ്യങ്ങൾ അറിഞ്ഞ് പ്രപഞ്ചശക്തികളെ ഉപയോഗപ്രദമാക്കുന്നതും ദൈവം നൽകിയ അനുഗ്രഹത്തിന്റെ തന്നെ ഫലമാണ്. ഈ നേട്ടങ്ങളും വിജയങ്ങളും അവനെ കൂടുതൽ അഹങ്കാരത്തിലേക്കും അക്രമത്തിലേക്കും നയിക്കുന്നു. സ്വന്തം ശക്തിയിലാശ്രയിച്ച്, സ്വന്തം മഹത്വം ലക്ഷ്യംവെച്ച് മുന്നേറുന്ന മനുഷ്യൻ നാശത്തിലേക്കാണ് നീങ്ങുന്നത്. ദൈവം നിരന്തരമായി നയിക്കുന്നില്ലെങ്കിൽ മനുഷ്യന് നിലനിൽപും രക്ഷയും അസാദ്ധ്യമത്രെ.

13. ആദിചരിത്രത്തിൽ വിവരിക്കുന്ന സംഭവങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടവയാണ്; മാത്രമല്ല അവ രക്ഷാചരിത്രത്തിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്നു. പറുദീസയിലെ പാപവും ശിക്ഷയും വാഗ്ദാനവും യേശുവിലൂടെ ലഭ്യമാകുന്ന രക്ഷയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബാബേൽ ഗോപുരത്തിലാരംഭിച്ച ശിഥിലീകരണം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ് പരിഹരിക്കപ്പെട്ടത്.

# അനുബന്ധം

## ഉദ്ഭവപാപം

മനുഷ്യജീവതത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ തിന്മ പ്രത്യക്ഷപ്പെടുന്നു എന്നത് സാർവ്വത്രികമായ ഒരു അനുഭവമാണ്. വിശപ്പും ദാഹവും രോഗവും മരണവും തുടങ്ങിയ ശാരീരികയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒരു മനുഷ്യനും ഒഴിവാക്കപ്പെടുന്നില്ല. വെറുപ്പും വിദ്വേഷവും അക്രമവും ചൂഷണവും എല്ലാ മനുഷ്യ സമൂഹങ്ങളിലും എക്കാലത്തും നിലനില്ക്കുന്നു. നന്മ ചെയ്യാൻ ആഗ്രഹിക്കുമ്പോഴും അതിനു കടകവിരുദ്ധമായ ഏതോ ആന്തരിക ശക്തി മനുഷ്യനെ തിന്മയിലേക്കു വലിച്ചിഴയ്ക്കുന്നതായി അനുഭവപ്പെടുന്നു. എവിടെയാണ് തിന്മയുടെ ഉദ്ഭവം? എന്തുകൊണ്ട് എല്ലാ മനുഷ്യരിലും തിന്മയിലേക്കുള്ള ചായ്‌വ് പ്രകടമാകുന്നു?

നന്മയുടെയും തിന്മയുടെയും സ്രഷ്ടാക്കളായി രണ്ടു ദൈവങ്ങളുണ്ട് എന്ന കാഴ്ചപ്പാട് ചില പുരാതനമതങ്ങളിൽ നിലവിലിരുന്നു. എന്നാൽ ഏകദൈവവിശ്വാസികൾക്ക് ഈ പരിഹാരം സ്വീകാര്യമല്ല. സ്രഷ്ടാവ് ഒരുവൻ മാത്രമേയുള്ളു, ദൈവം. അവിടുന്ന് സൃഷ്ടിച്ചതെല്ലാം നന്മ മാത്രമാണെന്ന് ബൈബിൾ അസന്ദിഗ്ദ്ധമായി പഠിപ്പിക്കുന്നു. ഈ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ, മനുഷ്യൻ അനുഭവിക്കുന്ന തിന്മകൾക്ക് കത്തോലിക്കാസഭ നല്കുന്ന വിശദീകരണമാണ് ഉത്ഭവപാപത്തെക്കുറിച്ചുള്ള പഠനം.

ഉൽപത്തി 3-ാം അധ്യായത്തിൽ വിവരിക്കുന്ന ആദിമാതാപിതാക്കന്മാരുടെ പാപത്തിലാണ് ഉദ്ഭവപാപത്തെക്കുറിച്ചുള്ള പഠനം വേരൂന്നി നില്ക്കുന്നത്. പറുദീസായിലെ പാപം മൂലം ദൈവികജീവൻ നഷ്ടപ്പെടുത്തുകയും ദൈവത്തിന്റെ അപ്രീതിക്കു പാത്രമാവുകയും ചെയ്ത ആദിമാതാപിതാക്കന്മാരിൽ നിന്നു ജനിച്ച സകല മനുഷ്യരും അവരുടെ പാപത്തിൽ പങ്കാളികളായിത്തീരുന്നു എന്നതാണ് ഈ പഠനത്തിന്റെ രത്നച്ചുരുക്കം. മനുഷ്യനായി ജനിക്കുന്നതിലൂടെ ഈ പാപത്തിൽ പങ്കു പറ്റുന്നതിനാൽ ഇതിനെ ജന്മപാപം അഥവാ





ഉദ്ഭവപാപം എന്നു വിളിക്കുന്നു. വി. പൗലോസ് ഇതിനെക്കുറിച്ച് റോമാ 5, 12-21ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. "ഒരു മനുഷ്യൻ മൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു" (റോമാര 5, 12) എന്ന പ്രസ്താവനയിൽ ഉദ്ഭവപാപത്തെക്കുറിച്ചുള്ള സംക്ഷിപ്തമായ പഠനം കാണാം.

### പരമ്പരാഗതമായ പഠനം

ആദത്തിന്റെ പാപത്തിൽ ജനനം വഴി സകല മനുഷ്യരും പങ്കുചേരുന്നതിനെ കുറിച്ച് സഭാപിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ 1547 ജൂൺ 17-ാം തിയതി ത്രെന്തോസ് സൂനഹദോസിന്റെ അഞ്ചാം സമ്മേളനം ഉദ്ഭവ പാപത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പഠനം വ്യക്തമായി അവതരിപ്പിച്ചു. ഇത് ഇപ്രകാരം സംഗ്രഹിക്കാം.

1. പറുദീസായിൽവച്ച് കല്പന ലംഘിച്ചതിനാൽ ആദിപിതാവായ ആദാം വിശുദ്ധിയും ദൈവീക ജീവനും നഷ്ടപ്പെട്ട്, ദൈവകോപത്തിനു പാത്രമായി. അയാൾ സാത്താന്റെ ആധിപത്യത്തിൽ കീഴിലാവുകയും മരണത്തിനിരയാവുകയും ചെയ്തു.
2. ആദത്തിന്റെ പാപം ജനനം വഴി എല്ലാ മനുഷ്യരിലേക്കും വ്യാപിക്കുന്നു. തന്മൂലം മനുഷ്യവർഗ്ഗം മുഴുവനും വിശുദ്ധിയും ദൈവിക ജീവനും നഷ്ടപ്പെട്ട് മരണത്തിനു വിധേയരായിരിക്കുന്നു.
3. മനുഷ്യന് സ്വന്തം ശക്തിയാൽ ഈ പാപത്തിൽ നിന്നു മോചനം നേടാൻ സാധിക്കുകയില്ല. യേശുക്രിസ്തുവിനുമാത്രമേ മനുഷ്യനെ പാപത്തിൽ നിന്നു മോചിപ്പിക്കാൻ കഴിയൂ.
4. മുതിർന്നവരും ശിശുക്കളും ഒരുപോലെ മാമ്മോദീസാവഴി, യേശുക്രിസ്തുവിന്റെ യോഗ്യതകളാൽ, ഉത്ഭവപാപത്തിൽനിന്നും വ്യകർത്തഗതപാപങ്ങളിൽ നിന്നും മോചനം പ്രാപിക്കുന്നു.
5. ഉദ്ഭവപാപത്തെ കുറിച്ചുള്ള ഈ പഠനങ്ങളിൽ പരിശുദ്ധകന്യകാമറിയത്തെ ഉൾപ്പെടുത്താൻ സൂനഹദോസ് ആഗ്രഹിക്കുന്നില്ല.

### പുതിയ ആഭിമുഖ്യങ്ങൾ

ദൈവം നേരിട്ടു സൃഷ്ടിച്ച ആദാം-ഹവ്വാ എന്ന ഒരു ജോഡി മാതാപിതാക്കന്മാരിൽ നിന്നാണ് സകലമനുഷ്യരും ജനിച്ചത് എന്ന്

പരമ്പരാഗതമായി വിശ്വസിച്ചുപോന്നു. ഇതിനെ "ഏകോൽപത്തിവാദം" (monogenism) എന്നു വിളിക്കുന്നു. എന്നാൽ ജീവന്റെ പരിണാമപ്രക്രിയയിൽ ഭൂമിയുടെ പല ഭാഗങ്ങളിൽ മനുഷ്യർ പ്രത്യക്ഷപ്പെട്ടിരിക്കാമെന്നും അങ്ങനെ ഒന്നിലധികം ജോഡി മാതാപിതാക്കളിൽ നിന്ന് മനുഷ്യർ ജനിച്ചിരിക്കാം എന്നും വിശ്വസിക്കുന്ന ശാസ്ത്രകാരന്മാർ ഇന്നു ധാരാളമുണ്ട്. ഈ സിദ്ധാന്തത്തെ "ബഹുൽപത്തിവാദം" (Polygenism) എന്നു വിളിക്കുന്നു. രണ്ടാമത്തെ സിദ്ധാന്തം അംഗീകരിക്കുകയാണെങ്കിൽ ഉദ്ഭവപാപത്തെ കുറിച്ചുള്ള സഭയുടെ വിശ്വാസം എപ്രകാരമാണ് അംഗീകരിക്കാൻ കഴിയുക എന്ന കാര്യത്തിൽ വലിയ സംശയങ്ങൾ സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ പുതിയ പഠനങ്ങൾ നടത്തണമെന്ന് പന്ത്രണ്ടാം പീയൂസ്, പോൾ ആറാമൻ എന്നീ മാർപ്പാപ്പമാർ ആവശ്യപ്പെടുകയുണ്ടായി.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി ബൈബിൾ വിജ്ഞാനീയത്തിലൂടെ ലഭ്യമായ പുതിയ അറിവുകൾ ഉദ്ഭവപാപത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിന് പുതിയ മാനങ്ങൾ നല്കാൻ പര്യാപ്തമാണ്. ഉൽപത്തി പുസ്തകത്തിലെ സൃഷ്ടിയുടെയും പതനത്തിന്റെയും വിവരണം ഒരു ചരിത്രരേഖയായി കരുതേണ്ടതില്ല എന്ന് വ്യക്തമായിക്കഴിഞ്ഞു. ഏഴാം ദിവസത്തെ വിശ്രമത്തിനും സാബത്താചരണത്തിനും പ്രാധാന്യം നല്കാൻ വേണ്ടിയാണ് ആറുദിവസത്തിന്റെ ചട്ടക്കൂട്ടിൽ സൃഷ്ടിയുടെ ഒന്നാം വിവരണം ഒതുക്കിയിരിക്കുന്നത് എന്നു നാം കണ്ടു കഴിഞ്ഞു. മനുഷ്യസൃഷ്ടി, പറുദീസാ, പ്രലോഭനം, പാപം, പറുദീസാനഷ്ടം എന്നിവയെല്ലാം ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ മനുഷ്യപ്രകൃതിയെയും മനുഷ്യന്റെ ഇന്നത്തെ അവസ്ഥയുടെ കാരണങ്ങളെയും കുറിച്ചുള്ള വിശ്വാസപ്രഖ്യാപനങ്ങളാണെന്നും നാം കണ്ടു.

തങ്ങൾ അനുഭവിക്കുന്ന സകലദുരിതങ്ങളുടെയും കാരണം ദൈവവുമായുള്ള ഉടമ്പടി ലംഘിച്ച്, അന്യദൈവങ്ങളുടെ പിന്നാലെ പോയതാണെന്ന എന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസം പഴയനിയമത്തിലുടനീളം നിറഞ്ഞു നില്ക്കുന്നുണ്ട്. ഈ കാഴ്ചപ്പാടിലാണ് മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചുള്ള ദൈവികവെളിപാട് രേഖപ്പെടുത്തിയിരിക്കുന്നത്. ആദിപാപത്തിന്റെ വെളിച്ചത്തിൽ ആനുകാലിക





യാഥാർത്ഥ്യങ്ങളെ വിശദീകരിക്കുന്നതായി തോന്നാമെങ്കിലും മറിച്ചാണു സംഭവിക്കുക. മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചുള്ള ആനുകാലിക അനുഭവത്തിൽ നിന്ന് അതിന്റെ ഉറവിടങ്ങളിലേക്കു പിന്നോക്കം പോവുകയാണ് സൃഷ്ടിയുടെയും പതനത്തിന്റെയും വിവരണത്തിൽ ചെയ്യുന്നത്.

പൊതുവായ ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ മനുഷ്യന്റെ പാപവസ്ഥയെ കുറിച്ചുള്ള ബൈബിളിന്റെ പഠനവും സഭയുടെ വിശ്വാസപ്രഖ്യാപനങ്ങളും കൂടുതൽ അർത്ഥവത്തും ആധുനിക മനുഷ്യനു സുഗ്രാഹ്യവുമായ വിധത്തിൽ വ്യാഖ്യാനിക്കാൻ കഴിയും. ഈ മേഖലയിൽ ഇനിയും കൂടുതൽ വെളിച്ചം ലഭിക്കേണ്ടതുണ്ട് എന്ന് സമ്മതിച്ചു കൊണ്ടുതന്നെ, പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചില നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉദ്ഭവ പാപം എന്ന പ്രയോഗം ബൈബിളിലില്ല. വി. ആഗസ്തീനോസാണ് ആദ്യമായി അതുപയോഗിച്ചത്. പഴയ നിയമത്തിൽ, സൃഷ്ടിയുടെ വിവരണമൊഴിച്ചാൽ, ആദാമിന്റെ പാപത്തെക്കുറിച്ച് ഒന്നുംതന്നെ പറയുന്നില്ല. അതേസമയം മനുഷ്യന്റെ പാപവസ്ഥയെക്കുറിച്ചു ധാരാളം പരാമർശങ്ങളുണ്ട്. പുതിയനിയമത്തിൽ വി. പൗലോസ് മാത്രമാണ് ആദത്തിന്റെ പാപത്തെക്കുറിച്ചു പരാമർശിക്കുന്നത്. അതു ആദിപാപത്തെ വിശദീകരിക്കാൻ വേണ്ടിയല്ല, യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ കൈവന്ന രക്ഷയെക്കുറിച്ചു പ്രതിപാദിക്കാൻ വേണ്ടിയാണ്.

2. ആദിപാപമോ ഉദ്ഭവപാപമോ അല്ല, യേശുക്രിസ്തുവിലൂടെ ലഭ്യമായ രക്ഷയാണ് ക്രിസ്തീയവിശ്വാസത്തിന്റെ കേന്ദ്രം. എല്ലാ മനുഷ്യർക്കും രക്ഷ ആവശ്യമാണെന്നും യേശുക്രിസ്തുമാത്രമാണ് മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷകൻ എന്നുമുള്ള വിശ്വാസം മറ്റെല്ലാറ്റിനും അടിസ്ഥാനമായി നില്കുന്നു. മനുഷ്യവർഗ്ഗത്തിന് രക്ഷയും രക്ഷകനും ആവശ്യമായി വന്ന സാഹചര്യം വിശദീകരിക്കാൻ വേണ്ടി മാത്രമാണ് ആദാമിന്റെ പാപത്തിലേക്കു ശ്രദ്ധ തിരിക്കുന്നത്.

3. ആദിപാപത്തിനു മുമ്പുള്ള മനുഷ്യന്റെ അവസ്ഥയെ വിവേചനാശക്തിയും തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യവും കൈവരുന്നതിനു മുമ്പുള്ള ശിശുവിന്റെ അവസ്ഥയോടു താരതമ്യം ചെയ്യാവുന്നതാ

ണ്. അനന്തമായ സാധ്യതകൾ ഉൾക്കൊള്ളുന്നതായിരുന്നു ഈ അവസ്ഥ. എന്നാൽ സ്വാതന്ത്ര്യം ഉപയോഗിച്ച മനുഷ്യൻ തിരഞ്ഞെടുത്തത് ദൈവഹിതത്തിനുപരി സ്വന്തംഹിതം അനുസരിക്കാനായിരുന്നു. അതുവഴി സംഭവിച്ചത് ശിഥിലീകരണവും അന്യവത്ക്കരണവുമാണ്. മനുഷ്യൻ ദൈവത്തിൽ നിന്നകന്നു. തദ്ഫലമായി സഹജീവികളിൽ നിന്നകന്ന് ഏകനും ഏകാകിയുമായി. മനുഷ്യന്റെ വ്യക്തിത്വത്തിൽത്തന്നെ പിളർപ്പുണ്ടായി. ദൈവത്തിൽ നിന്നും സഹജീവികളിൽ നിന്നും തന്നിൽനിന്നു തന്നെയുമുണ്ടായ ഈ അന്യവൽക്കരണമാണ് മനുഷ്യൻ അനുഭവിക്കുന്ന തിന്മകളുടെയെല്ലാം കാരണം.

4. മനുഷ്യജീവിതത്തിന്റെ സകലതലങ്ങളേയും സ്പർശിക്കുന്ന ഈ അന്യവൽക്കരണമാണ് ദൈവീകജീവന്റെയും വിശുദ്ധിയുടെയും പ്രസാദവരത്തിന്റെയും അഭാവം എന്നു വിളിക്കുന്നത്. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കാനോ, തന്നെപ്പോലെ തന്നെ തന്റെ അയല്ക്കാരനെ സ്നേഹിക്കാനോ മനുഷ്യനു കഴിയാതെ വരുന്നു. മനുഷ്യൻ വ്യക്തിപരവും വർഗ്ഗപരവുമായ സ്വാർത്ഥതയുടെ തടവറയിൽനിന്നു മോചനം നേടാനാവാതെ കഴിയുന്ന ഈ പാപാവസ്ഥയെയാണ് ഉത്ഭവപാപം എന്നു വിശേഷിപ്പിക്കുന്നത്.

5. സ്വന്തമായി ഒരു പാപവും ചെയ്യുന്നതിനു മുമ്പേ, മനുഷ്യൻ ഒരു തടവറയിലാകുന്നു. മനുഷ്യപ്രകൃതിയുടെ തന്നെ സവിശേഷതയായി തീർന്നിരിക്കു്ന ഈ പാപവസ്ഥയിലേക്കാണ് ഓരോ മനുഷ്യവ്യക്തിയും പിറന്നു വീഴുന്നത്. പാപത്തിനധീനമായ ഈ മനുഷ്യപ്രകൃതിയെ സ്വന്തമായി സ്വീകരിച്ചുകൊണ്ട് ദൈവപുത്രനായ യേശുക്രിസ്തു അതിനെ തന്റെ ദൈവികസ്വഭാവത്തോടു യോജിപ്പിച്ചു. പാപമില്ലാത്തവൻ നമുക്കുവേണ്ടി പാപിമായിത്തീരുകയും (2 കോറി 5, 21) കുരിശുമരണത്തിലൂടെ പിതാവിനു സ്വയം സമർപ്പിച്ചുകൊണ്ട് മനുഷ്യപ്രകൃതിക്കു തന്നെ പാപമോചനം നല്കുകയും ചെയ്തു. അങ്ങനെ സ്വഭാവേനപാപികളും, ദൈവത്തിൽ നിന്നകന്ന് മരണത്തിന്റെ മേഖലയിലും സാത്താന്റെ അധീനതയിലും ആയി കഴിഞ്ഞിരുന്ന മനുഷ്യവർഗ്ഗത്തിന് ദൈവമക്കളാകാനുള്ള അവകാശം അവിടുന്ന് നേടിയെടുത്തു. മനുഷ്യരക്ഷയെ സംബന്ധിച്ച ഈ സത്യമാണ് ഉദ്ഭവപാപത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ബൈബിളും സഭാപാരമ്പര്യവും ഉന്നം വയ്ക്കുന്നത്.





6. ഈ കാഴ്ചപ്പാടിൽ, ഏകോൽപത്തിവാദമോ ബഹുൽപത്തിവാദമോ ഏതു സ്വീകരിച്ചാലും, ഉത്ഭവപാപത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ വിശ്വാസത്തിനു കോട്ടം തട്ടുന്നില്ല. "ആദം" ഏകവ്യക്തിയാകാം; അഥവാ ആദ്യമനുഷ്യസമൂഹമാകാം. മനുഷ്യൻ എന്നാണ് "ആദാം" എന്ന വാക്കിന്റെ അർത്ഥം. തിരഞ്ഞെടുക്കാൻ കഴിവുണ്ടായ അവസരത്തിൽ മനുഷ്യൻ സ്വാർത്ഥം തിരഞ്ഞെടുത്തു. അതോടെ മനുഷ്യന്റെ പരിണാമപ്രക്രിയ ഒരു പ്രത്യേക ദിശയിലേക്കു തിരിഞ്ഞു. മനുഷ്യരെല്ലാം, അവർ ഒരു ജോഡി മാതാപിതാക്കന്മാരിൽ നിന്നോ പല ജോഡിയിൽ നിന്നോ ജനിച്ചവരാകട്ടെ, ഈ മനുഷ്യപ്രകൃതിയിലാണ് പങ്കു ചേരുന്നത്.

7. ആദിപാപം ഉണ്ടാകാതിരുന്നെങ്കിൽ മനുഷ്യപ്രകൃതി എപ്രകാരമായിരുന്നു എന്ന് നമുക്ക് അറിയില്ല. പ്രപഞ്ചത്തെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയിൽ മനുഷ്യന്റെ പാപവും അതിൽ നിന്നുള്ള ദൈവത്തിന്റെ പദ്ധതിയിൽ മനുഷ്യന്റെ പാപവും അതിൽ നിന്നുള്ള രക്ഷയും ഉൾചേർന്നിരിക്കുന്നു. "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും" (കൊളോ, 1, 15) ആയ യേശുക്രിസ്തുവിന്റെ പൂർണ്ണതയിലേക്കു വളരാൻ വേണ്ടിയാണ് (എഫേ 4, 15) ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്.

8. ഇന്നു മനുഷ്യനായി ജനിക്കുന്ന ഓരോ വ്യക്തിയും ആദിപാപത്തിൽ മാത്രമല്ല, ആദ്യ മനു,്യൻ മുതൽ ഇന്നുവരെയുള്ള സകല മനുഷ്യരും ചെയ്തു കൂട്ടിയ പാപത്തിന്റെ മുഴുവൻ ഭാരത്തിൻ കീഴിലാണ് പിറന്നു വീഴുന്നത്. ഓരോരുത്തരും തന്റെ വ്യക്തിപരമായ പാപവും ഇതിനോടു ചേർക്കുന്നു. ഇങ്ങനെ വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന പാപത്തെ 'ലോകത്തിന്റെ പാപം' എന്നു വിളിക്കുന്നു. "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1, 29) എന്നു യേശുവിനെ വിശേഷിപ്പിക്കുമ്പോൾ ആദിപാപവും ആദിമുതലേയുള്ള സകലപാപവും നീക്കി രക്ഷ നല്കുന്നവനാണ് അവൻ എന്ന പ്രഖ്യാപിക്കുന്നു.

9. പാപവും തിന്മയും മരണവും മാത്രമല്ല, നന്മയും ജീവനും ഇവിടെ വളർന്നു വികസിച്ചു കൊണ്ടിരിക്കുന്നു. ആദിപാപത്തിൽ

നിന്ന് മാമ്മോദീസായിലൂടെ മോചനം ലഭിച്ചാലും തിന്മയിലേക്കുള്ള ചായ്‌വും ദുർവാസനകളും മനുഷ്യനിൽ നിലനില്ക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം മറക്കാനാവില്ല. എന്നാൽ യേശുവിന്റഎ മരണവും ഉത്ഥാനവും വഴി നല്കപ്പെട്ട പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയത്തിൽ വസിക്കുന്നതിനാൽ ഈ പ്രവണതകളുടെമേൽ വിജയം വരിക്കാൻ കഴിയും; പ്രലോഭനങ്ങളെ വിശുദ്ധിയിലും ദൈവിക ജീവനിലും വളരാനുള്ള അവസരങ്ങളായി മാറ്റാൻ സാധിക്കും.



## തലശ്ശേരി രൂപത വചനപ്രഘോഷണ സമിതിയുടെ പ്രസിദ്ധീകരണങ്ങൾ

| | |
|---|---|
| 1. വിശ്വാസത്തിന്റെ വേരുകൾ | ക. 25.00 |
| 2. വെളിപാടു പുസ്തകം - ഒരു വ്യാഖ്യാനം | ക. 30.00 |
| 3. പഞ്ചഗ്രന്ഥം - ഒരാമുഖം | ക. 6.00 |
| 4. മനസ്സും വ്യക്തിത്വ വളർച്ചയും | ക. 12.00 |
| 5. വിമോചന ദൈവശാസ്ത്രം - വത്തിക്കാർ രേഖ II | ക. 7.00 |

ബൈബിൾ കുടുംബപ്രാർത്ഥനയിൽ

ആരാധനാവത്സരത്തിന്റെ ചൈതന്യത്തിൽ കുടുംബപ്രാർത്ഥനയോടനുബന്ധിച്ച് ബൈബിൾ വായിക്കാൻ ഒരു സഹായി. പ്രത്യേക അവസരങ്ങൽക്കായുള്ള ബൈബിൾ ശുശ്രൂഷകൾ - പ്രാർത്ഥനാ മാതൃകകൾ.

കുട്ടികളുടെ ബൈബിൾ

പടങ്ങൾക്കും നിറം കൊടുത്തും പാട്ടുപാടിയും കഥ പറഞ്ഞും ബൈബിൾ പഠിക്കാൻ കൊച്ചു കുട്ടികൾക്കൊരു സഹായി.

ബൈബിൾ ചിത്രകഥകൾ

സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ
മലയാളത്തിലും ഇംഗ്ലീഷിലും

| | |
|---|---|
| 36 പേജുവീതമുള്ള 50 പുസ്തകങ്ങൾ - ഒറ്റപ്രതിക്ക് | ക. 2.00 |
| അധ്യാപകസഹായി - പഴയനിയമം | ക. 4.00 |
| പുതിയ നിയമം - മൂന്നു പുസ്തകങ്ങൾ - ഒറ്റ പ്രതിക്ക് | ക. 5.00 |
| സ്ത്രീ - (മാതാവിനെക്കുറിച്ച്) ചിത്രകഥ 100 പേജ് | ക. 7.00 |
| ബൈബിൾ തീർത്ഥാടനം | |
| 1-2 ആദി ചരിത്രം | ക. 20.00 |
| 3-4 പൂർവ്വ പിതാക്കന്മാർ | ക. 20.00 |
| 5-6 പുറപ്പാട് | ക. 10.00 |
| 7. ലേവ്യർ | ക. 10.00 |